# മുഹമ്മദ് നബി(സ)

ഹാറൂൻ യഹ്‌യാ

# മുഹമ്മദ് നബി(സ)

ഹാറൂൻ യഹ്‌യാ

## താളുകൾ മറിക്കുമ്പോൾ


രചയിതാവിനെ കുറിച്ച്
പ്രവേശകം
1. പ്രവാചക(സ)ന്റെ സ്വഭാവം ഖുർആനിൽ
2. പ്രബോധനരീതികൾ
3. ബാഹ്യരൂപം
4. മാതൃകാ ജീവിതം
5. ഭാവിയെപ്പറ്റി
പരിസമാപ്തി
കുറിപ്പുകൾ

## ഗ്രന്ഥകാരനെ കുറിച്ച്

'ഹാറൂൻ യഹ്യാ' എന്ന തൂലികാ നാമത്തിലെഴുതിക്കൊണ്ടിരിക്കുന്ന അദ്നാൻ ഒക്താർ, 1956 – ൽ, അങ്കാറയിൽ ജനിച്ചു. സ്വദേശത്ത് വച്ച് പ്രാഥമിക – സെക്കണ്ട്രി വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം, ഇസ്തംബൂളിലെ മൈമർ സിനാൻ സർവകലാശാലയിൽ ഫൈൻ ആർട്സും, ഇസ്തംബൂൾ സർവകലാശാലയിൽ തത്ത്വശാസ്ത്രവും പഠിച്ചു. 1980 –കൾ മുതൽ, രാഷ്ട്രീയം, ശാസ്ത്രം, വിശ്വാസ സംബന്ധ വിഷയങ്ങൾ എന്നിവയെ അധികരിച്ച് നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. പരിണാമവാദികൾക്കുള്ള മറുപടികൾ, അവരുടെ ദുർബ്ബല വാദഗതികൾ, ഡാർവിനിസത്തിന്നും, ഫാഷിസം, കമ്യൂണിസം പോലുള്ള രക്താഭിഷിക്ത ചിന്താഗതികൾക്കും തമ്മിലുള്ള ദുരൂഹ ബന്ധങ്ങൾ എന്നിവ അനാവരണം ചെയ്യുന്ന കൃതികളുടെ പേരിൽ ഹാറൂൻ യഹ്യാ പ്രശസ്തനാണ്.

40,000 ചിത്രങ്ങളടക്കം, 55,000 പേജുകളിലായി പരന്നു കിടക്കുന്ന ഹാറൂൻ യഹ്യാ കൃതികൾ, 63 ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

'ഹാറൂൻ' (ആരോൻ), 'യഹ്യാ' (യോഹന്നാൻ) എന്നീ നാമങ്ങളുടെ സമ്മിശ്രമാണ് അദ്ദേഹത്തിന്റെ തൂലികാ നാമം. സ്വജനതയുടെ വിശ്വാസ നിരാസത്തിന്റെ പേരിൽ പൊരുതിയ, രണ്ടു പ്രമുഖ പ്രവാചകന്മാരുടെ സ്മരണ നിലനിറുത്തുകയാണ് ഇത് വഴി അദ്ദേഹം ചെയ്യുന്നത്. കവർ പേജിലെ 'പ്രവാചക മുദ്ര', ഉള്ളടക്കം സംബന്ധമായ ഒരു സൂചകമത്രെ. ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ, നിർമ്മത സിദ്ധാന്തങ്ങളെ ഖണ്ഡിക്കുകയും അവസാന വാക്ക് നൽകുകയുമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. അങ്ങനെ, മതവിരുദ്ധമായ ആക്ഷേപങ്ങളെ, പൂർണമായും നിശ്ശബ്ദമാക്കിക്കൊണ്ട്, പരമജ്ഞാനവും ധാർമ്മികോൽകൃഷ്ഠ്യവും നേടിയ അന്ത്യപ്രവാചകന്റെ 'മുദ്ര' അവസാന വാക്കാക്കുകയാണ് ലക്ഷ്യം.

ഖുർആനിക സന്ദേശ പ്രചാരണം, ദൈവാസ്തിക്യം, ദൈവേകത്വം, പരലോകം തുടങ്ങിയ അടിസ്ഥാന വിശ്വാസ സംബന്ധമായ കാര്യങ്ങളെ കുറിച്ച് വിചിന്തനം നടത്താൻ വായനക്കാരെ പ്രോത്സാഹിപ്പിക്കുക, നിർമ്മത സിദ്ധാന്തങ്ങളുടെ ദുർബ്ബലാടിസ്ഥാനങ്ങളെയും വികട ചിന്താഗതികളെയും തുറന്നു കാട്ടുക എന്നതാണ്, ഹാറൂൻ യഹ്യാ കൃതികളുടെ ധർമ്മം.

നിരവധി രാജ്യങ്ങളിലായി, അതിവിപുലമായൊരു വായനാവൃത്തമാണ് ഹാറൂൻ യഹ്യക്കുള്ളത്. ഇന്ത്യ മുതൽ അമേരിക്ക വരെ, ഇംഗ്ലണ്ട് മുതൽ ഇന്തോനേഷ്യ വരെ, പോളണ്ട് മുതൽ ബോസ്നിയ വരെ, സ്പെയ്ൻ മുതൽ ബ്രസീൽ വരെ, മലേഷ്യ മുതൽ ഇറ്റലി വരെ, ഫ്രാൻസ് മുതൽ ബൾഗേറിയയും റഷ്യയും വരെ, അവ വ്യാപിച്ചു കിടക്കുന്നു. ചില കൃതികൾ, ഇംഗ്ലീഷ്, ഫ്രഞ്ച്, ടർക്കിഷ്, സ്പാനിഷ്, ഇറ്റാലിയൻ, പോർത്തുഗീസ്, ഉർദു, അറബി, അൽബേനിയൻ, ചൈനീസ്, സ്വാഹിലി, ഹൗസ, ദി

വേഹി (മാലി ദ്വീപ് സംസാര ഭാഷ), റഷ്യൻ, സെർബോ ക്രോട്ട് (ബോസ്നിയൻ), പോളിഷ്, മലായ്, ഉയ്ഗുർ ടർക്കിഷ്, ഇന്തോനേഷ്യൻ, ബംഗാളി, ദാനിഷ്, സ്വീഡിഷ് ഭാഷകളിൽ ലഭ്യമാണ്.

ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വലിയ തോതിൽ പ്രശംസിക്കപ്പെടുന്ന ഈ കൃതികൾ, വിശ്വാസ വീണ്ടെടുപ്പിന്നും, വിശ്വാസത്തിൽ അഗാധ അന്തർദർശനം നേടുന്നതിന്നും ധാരാളമാളുകൾക്ക് സഹായമായി വർത്തിച്ചിട്ടുണ്ട്. അവയിലെ ജ്ഞാനം, സത്യസന്ധത, ക്ഷിപ്രഗ്രാഹ്യ ശൈലി എന്നിവ വായനക്കാരിൽ നേരിട്ടു സ്വാധീനം ചെലുത്തുന്നതാണ്. ഈ പുസ്തകങ്ങളെ കാര്യമായെടുക്കുന്നവരെ സംബന്ധിച്ചിടത്തോളം, നിരീശ്വരവാദം, മറ്റു വികടന ചിന്താഗതികൾ, ഭൗതിക തത്വശാസ്ത്രങ്ങൾ, എന്നിവയുടെ വക്താക്കളായി നിലകൊള്ളാൻ, മേലാൽ അവർക്കാവുകയില്ല. കാരണം, ധൃത സ്വാധീനം, ഖണ്ഡിതമായ തെളിവുകൾ, ഖണ്ഡിക്കാൻ കഴിയായ്മ എന്നിവ ഇവയുടെ സവിശേഷതകളത്രെ. ഇനിയും, അവർ പൂർവസ്ഥിതിയിൽ നിലകൊള്ളുകുന്നുവെങ്കിൽ, അത് കേവലം മർക്കടമുഷ്ടി മാത്രമായിരിക്കും. കാരണം, ഈ ചിന്താഗതികളുടെ അടിത്തറ തന്നെ, ഈ കൃതികൾ തകർത്തു കഴിഞ്ഞതാണ്. ഇവ കാരണം, സമകാലീന നിഷേധ പ്രസ്ഥാനങ്ങളെല്ലാം തന്നെ, ചിന്താപരമായി പരാജയപ്പെട്ടിരിക്കുകയാണ്.

ഖുർആനികജ്ഞാനത്തിന്റെയും സുഗ്രാഹ്യതയുടെയും ഫലമാണിത്. ദൈവിക മാർഗദർശനമന്വേഷിക്കുന്നതിന്ന്, മാനവരാശിക്കൊരു സഹായമായിരിക്കുക എന്നതാണ്, ഗ്രന്ഥകർത്താവിന്റെ വിനീതമായ ലക്ഷ്യം. ഇവയുടെ പ്രസിദ്ധീകരണത്തിൽ യാതൊരു ഭൗതിക താൽപര്യവും അദ്ദേഹത്തിന്നില്ല.

ഈ കൃതികൾ വായിക്കാൻ പ്രചോദനമേകിക്കൊണ്ട്, വായനക്കാരുടെ മനസ്സും ഹൃദയവും തുറക്കാനും, അവരെ ഏറ്റവും അർപ്പണ ബോധമുള്ള ദൈവദാസന്മാരാക്കി മാറ്റുന്നതിന്ന് മാർദർശനം ചെയ്യാനും ശ്രമിക്കുന്നവർ, അമൂല്യമായൊരു സേവനമാണ് ചെയ്യുന്നത്.

ഇതിന്നിടയിൽ, ജനമനസ്സുകളിൽ ആശങ്ക ജനിപ്പിക്കാനും, ചിന്താപരമായ സംഭ്രമത്തിലേക്ക് നയിക്കാനും സഹായകമായ മറ്റു കൃതികൾ പ്രചരിപ്പിക്കുന്നത്, സമയവും ശക്തിയും പാഴാക്കുകയായിരിക്കും. സംശയ നിവാരണത്തിന്നുതകുന്ന ശക്തവും കൃത്യവുമായ കഴിവ് അവക്കില്ലെന്ന് മുൻ അനുഭവങ്ങളിൽ നിന്ന് വ്യക്തമാണ്. ജനങ്ങളെ വിശ്വാസരാഹിത്യത്തിൽ നിന്നും രക്ഷപ്പെടുത്തുക എന്നതിനേക്കാൾ ഗ്രന്ഥകാരന്റെ സാഹിത്യപരമായ കഴിവുകളിൽ ഊന്നൽ നൽകുക ലക്ഷ്യമാക്കിയ കൃതികളെ സംബന്ധിച്ചിടത്തോളം, ഇത്തരം മഹത്തായൊരു സ്വാധീനം ചെലുത്താൻ കഴിയുകയില്ല. അവിശ്വാസത്തെ പരാജയപ്പെടുത്തി ഖുർആനിക മൂല്യങ്ങൾ പ്രചരിപ്പിക്കുകയാണ് ഹാറൂൻ യഹ്‌യാ കൃതികളുടെ ഏക ലക്ഷ്യമെന്ന് നിഷ്പ്രയാസം വ്യക്തമാകും. ഈ സേവനത്തിന്റെ വിജയവും പ്രഭാവവും, വായനക്കാരുടെ ദൃഢവിശ്വാസത്തിൽ പ്രകടമാണ്.

ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്: തുടർന്നു കൊണ്ടിരിക്കുന്ന ക്രൂരത, സംഘർഷം, ഭൂരിഭാഗം ആളുകളും അനുഭവിച്ചു കൊണ്ടിരിക്കുന്ന പരീക്ഷണങ്ങൾ, എന്നിവയുടെ, പ്രധാന ഹേതു, അവിശ്വാസ തത്വശാസ്ത്രങ്ങളുടെ ആധിക്യമാണ്. സൃഷ്ടി കർമ്മത്തിലെ അത്ഭുതങ്ങളും ഖുർആനിക ധർമമങ്ങളും പ്രചരിപ്പിക്കുകയും, അങ്ങനെ, തദാനുസാരം ജീവിക്കാനവർക്ക് കഴിയുകയും വഴി, അവിശ്വാസാദർശങ്ങൾ പരാജയപ്പെടുക മാത്രമാണ്, ഇതിനൊരു അന്ത്യം കുറിക്കാനുള്ള മാർഗ്ഗം.

അക്രമത്തന്റെയും അഴിമതിയുടെയും സംഘർഷത്തിന്റെയും ചുഴിയിലേക്ക് നയിക്കുന്ന ആധുനിക ലോകാവസ്ഥ കണക്കിലെടുക്കുമ്പോൾ, ഈ സേവനം വളരെ വേഗത്തിലും ഫലപ്രദമായും ചെയ്യേണ്ടതുണ്ടെന്നത് വ്യക്തമാണ്. അല്ലാത്ത പക്ഷം, വൈകിപ്പോകും.

തദ്വിഷയകായി, ഹാറൂൻ യഹ്‌യാ കൃതികൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. ദൈവേച്ഛയാൽ, ഖുർആനിന്റെ വാഗ്ദാനങ്ങളായ സമാധാനവും നീതിയും സന്തോഷവും നേടിയെടുക്കാൻ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മനുഷ്യർക്ക് ഇവ വഴി സാധിക്കും.

## പ്രവേശകം

അൽ അഹ്സാബ് 40 ാം സൂക്തത്തിൽ പറയുന്നത് പോലെ, മാനവരാശിക്ക് നിയുക്തനായ അവസാന പ്രവാചകനാണ് മുഹമ്മദ് നബി(സ). അല്ലാഹുവിന്റെ അവസാന വെളിപാടിൽ പറഞ്ഞ ഉദാത്ത സ്വഭാവത്തിന്റെ ജീവിക്കുന്ന ഉദാഹരണമായിരുന്നു പ്രവാചകൻ(സ). അല്ലാഹുവിന്റെ മിത്രവും അവന്റെ സാമീപ്യത്താൽ പ്രോത്സാഹിതനുമായിരുന്ന അവിടുന്ന്, അവന്റെ പ്രതിനിധിയും മഹാനും വിശ്വാസികളുടെ മിത്രവുമായിരുന്നു.

'നാം നിനക്ക് ഭാരിച്ച വചനം അവതരിപ്പിക്കാൻ പോകുന്നു'(അൽ മുസ്സമ്മിൽ:5)വെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. തദടിസ്ഥാനത്തിൽ, അന്ത്യപ്രവാചകനിൽ കനത്ത ഒരു ഉത്തരവാദിത്തമാണ് അല്ലാഹു ചുമത്തിയത്. സുശക്തമായ ദൈവികവിശ്വാസം കാരണം, ജനങ്ങളെ ദൈവിക മാർഗമായ ഇസ്ലാമിലേക്ക് പ്രബോധനം ചെയ്തും, അത് വിവരിച്ചു കൊടുത്തും, ആ ഉത്തരവാദിത്തം പരമാവധി അവിടുന്ന് നിർവഹിക്കുകയും ചെയ്തു.

പ്രവാചകനെ നാം ഒരിക്കലും കണ്ടിട്ടില്ലെന്നത് ശരി തന്നെ. എന്നാൽ, ഖുർആനിലൂടെയും ഹദീസിലുടെയും, അവിടുത്തെ മാതൃകാപരമായ സ്വഭാവവും, പ്രസ്താവനകളും നമുക്ക് കഴിവതും മനസ്സിലാക്കാൻ കഴിയും. പരലോകത്തിൽ അവിടുത്തെ സാമീപ്യം നേടാൻ നമുക്ക് ശ്രമിക്കാൻ കഴിയും. ഇന്ന് ജനങ്ങൾ, പ്രത്യേകിച്ച് ചെറുപ്പക്കാർ, പല വ്യക്തിത്വങ്ങളെയും മാതൃകാ പുരുഷരായി സ്വീകരിക്കുന്നു. അവരുടെ പെരുമാറ്റവും സംസാരവും വസ്ത്രധാരണയും അനുകരിച്ചു അവരോട് സമാനരാകാൻ ശ്രമിക്കുന്നു. എന്നാൽ, ഈ ആളുകൾ തന്നെ, യഥാർത്ഥ ധാർമ്മികതയും സമീപനവും നഷ്ടപ്പെട്ടവരാണ്. അതിനാൽ തന്നെ, ജനങ്ങളെ സത്യത്തിലേക്കും ഉത്തമ ധർമ്മത്തിലേക്കും സ്വഭാവത്തിലേക്കും നയിക്കുക, ഗൗരവതരമായൊരു ഉത്തരവാദിത്തമാണ്. പ്രവാചകനായ മുഹമ്മദി(സ)ന്റെ സ്വഭാവങ്ങളും ധാർമ്മികതയും അനുകരിക്കാൻ ഓരോ മുസ്ലിമും ബാധ്യസ്തനാണ്. ഈ വസ്തുത ഒരു സൂക്തത്തിൽ അല്ലാഹു ഉറപ്പിച്ചു പറയുന്നുണ്ട്:

'വാസ്തവത്തിൽ നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ വിശിഷ്ടമായ മാതൃകയുണ്ടായിരുന്നു; അല്ലാഹുവിലും അന്ത്യദിനത്തിലും പ്രതീക്ഷ പുലർത്തുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്'(അൽ അഹസാബ്: 21)

മുഹമ്മദ് നബി(സ)യെ പോലെത്തന്നെ, ഇതരപ്രവാചകന്മാരും മനുഷ്യർക്ക് മാതൃകയാണ്. അവർ ദൈവപ്രീതിയാർജ്ജിച്ചവരാണ്. ഒരു സൂക്തത്തിൽ അല്ലാഹു പറയുന്നു:

'പൂർവജനങ്ങളുടെ ഈ കഥകളിൽ, ബുദ്ധിയും വിവേകവുമുള്ളവർക്ക് പാഠമുണ്ട്. ഖുർആനിൽ ഈ പറഞ്ഞുകൊണ്ടിരിക്കുന്നതൊന്നും കെട്ടിച്ചമച്ച വൃത്താന്തങ്ങളല്ല. പ്രത്യുത അതിനുമുമ്പ് അവതീർണമായിട്ടുള്ള വേദപ്രമാണങ്ങളെയെല്ലാം സത്യപ്പെടുത്തുന്നതും സകല സംഗതികളുടെയും വിശദീകരണവും സത്യവിശ്വാസം കൈക്കൊണ്ട ജനത്തിനുള്ള സന്മാർഗവും ദൈവകാരുണ്യവുമാകുന്നു.'(യൂസുഫ്: 111)

പ്രവാചകന്റെ ഇത്തരം നിരവധി സ്വഭാവങ്ങൾ പരിചയപ്പെടുത്തുകയും, ഇത്തരം സ്വഭാവങ്ങൾ സ്വീകരിക്കുക വഴി, ഒരു സമൂഹത്തിന്ന് ലഭിക്കാവുന്ന ഉദാത്ത ലക്ഷണങ്ങളും ഗുണങ്ങളും പ്രദർശിപ്പിക്കുകയും അങ്ങനെ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയുമാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. തിരുമേനി(സ) പറയുകയുണ്ടായി:

'തീർച്ചയായും, നിങ്ങൾക്കിടയിൽ ദൈവിക ഗ്രന്ഥവും പ്രവാചക ചര്യയും വിട്ടുകൊണ്ടാണ് ഞാൻ പോകുന്നത്. അത് മുറുകെ പിടിക്കുന്ന പക്ഷം, നിങ്ങൾ വഴിപിഴക്കുകയില്ല.'[1]

ഖുർആനും സുന്നത്തുമാണ്, മുസ്ലിമിന്റെ യഥാർത്ഥ വഴികാട്ടികൾ. അവിടുന്ന് ആഹ്വാനം ചെയ്ത സ്വഭാവങ്ങളുടെ മാതൃകയായിരുന്നു അവിടുന്ന്. 'സദ്സ്വഭാവത്തിന്റെ പൂർത്തീകരണത്തിന്നു വേണ്ടിയാണ് ഞാൻ നിയുക്തനായിരിക്കുന്നതെ'[2]ന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. അവിടുന്നു പറയുകയാണ്:'എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണ, സദ്സ്വഭാവമില്ലാത്തവൻ സ്വർഗപ്രവേശനം നേടുകയില്ല.'[3]

പ്രവാചക മാതൃക പിന്തുടരുന്ന മുസ്ലിംകൾ, തങ്ങളുടെ ധാർമ്മികതയിലും സ്വഭാവത്തിലും മികച്ചവരായിരിക്കണം. അതിലേക്ക് ജനങ്ങളെ പ്രബോധനം നടത്തുകയും വേണം.

# 1. പ്രവാചകന്റെ(സ) സ്വഭാവം ഖുർആനിൽ

ഏറ്റവും മികച്ച സ്വഭാവത്തിന്റെ ഉടമായായിരുന്നു നബി(സ)യെന്ന് ഖുർആൻ പറയുന്നു:

'നൂൻ. പേനയാണ, അവർ എഴുതിക്കൊണ്ടിരിക്കുന്നതുമാണ! റബ്ബിന്റെ അനുഗ്രഹത്താൽ നീ ഒരിക്കലും ഭ്രാന്തനല്ല. നിശ്ചയം, ഒരിക്കലും തീരാത്ത പ്രതിഫലമാണ് നിനക്കുള്ളത്. നിസ്സംശയം, നീ മഹത്തായ സ്വഭാവങ്ങളുള്ളവനാകുന്നു. അടുത്ത ഭാവിയിൽ നീ കാണാൻ പോകുന്നു, അവരും കാണാൻ പോകുന്നു-നിങ്ങളിലാരാണ് ഭ്രാന്തു പിടിച്ചവരെന്ന്. തന്റെ മാർഗത്തിൽനിന്ന് വ്യതിചലിച്ചവരെ നിന്റെ റബ്ബിന് നന്നായറിയാം. സന്മാർഗം പ്രാപിച്ചവരെയും ഏറ്റം അറിയുന്നവൻ അവനാകുന്നു.'( അൽ ഖലം: 1-7)

പ്രവാചകൻ(സ) തന്റെ മാർഗത്തിൽ അക്ഷീണം പ്രവർത്തിക്കുന്നവരും, ആകർഷണീയ സ്വഭാവമുള്ളവരും ദൈവിക മാർഗത്തിൽ നിന്നും ഒരിക്കലും വ്യതിചലിക്കാത്തവരും ആയിരുന്നെന്ന് ഈ സൂക്തം വെളിപ്പെടുത്തുന്നു.

'നിങ്ങളിൽ ഏറ്റവും മികച്ച സ്വഭാവമുള്ളവനാണ്, നിങ്ങളിൽ ഏറ്റവും ഉത്തമനെന്ന്'[4] ഒരു തിരുവചനം വെളിപ്പെടുത്തുന്നു. അപ്പോൾ, യഥാർത്ഥവിശ്വാസത്തിന്റെ ഒരു സുപ്രധാന ഘടകമാണത്. അതിനാൽ തന്നെ, അതിൽ ഏറ്റവും മികച്ചത് അറിയുകയും അനുഷ്ടിക്കുകയും ചെയ്യുക സുപ്രധാനമായൊരു മതകർത്തവ്യമത്രെ.

നബി(സ) ശുപാർശ ചെയ്ത കുറെ സ്വഭാവങ്ങളാണിവിടെ ചർച്ച ചെയ്യുന്നത്.

*അറിയിക്കപ്പെട്ടത് മാത്രം അനുഷ്ഠിക്കുക*

മറ്റുള്ളവർ എന്തു പറയുന്നുവെന്ന് നോക്കാതെ, അല്ലാഹു അറിയിക്കുകയും നിർദ്ദേശിക്കുകയും ചെയ്തവ മാത്രം അനുഷ്ഠിക്കുകയെന്നത്, നബി(സ)യെ കുറിച്ച് ഇടക്കിടെ ഖുർആൻ പ്രസ്താവിക്കുന്ന ഒരു സുപ്രധാന ഗുണമത്രെ. മറ്റു മതങ്ങളിലെ പ്രധാനികളും അംഗങ്ങളും തങ്ങൾക്ക് പ്രയോജനകരമായ നിയമങ്ങൾ സ്ഥാപിക്കാൻ അവിടുത്തോട് ആവശ്യപ്പെട്ടിരുന്നു. എണ്ണത്തിൽ ധാരാളമുണ്ടായിരുന്ന ഇക്കൂട്ടരാകട്ടെ ശക്തരുമായിരുന്നു. പക്ഷെ, ഖുർആനും ദൈവിക കൽപനകളും മുറുകെ പിടിക്കുന്നതിൽ കണിശത പാലിക്കുകയായിരുന്നു അവിടുന്ന് ചെയ്തത്. ഒരു സൂക്തത്തിൽ അല്ലാഹു പറയുന്നു:

'നമ്മുടെ സുവ്യക്തമായ സൂക്തങ്ങൾ ഓതിക്കൊടുക്കുമ്പോൾ, നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവരായ ജനം പറയുന്നു: 'ഇതിനു പകരം മറ്റൊരു ഖുർആൻ കൊണ്ടുവരിക. അല്ലെങ്കിൽ ഇതിൽ ചില ഭേദഗതികൾ ചെയ്യുക.' പ്രവാചകൻ അവരോടു പറയുക: 'എന്റെ വകയായി അതിൽ എന്തെങ്കിലും മാറ്റത്തിരുത്തലുകൾ വരുത്താനാവില്ല. ഞാൻ എനിക്കു ലഭിക്കുന്ന ദിവ്യബോധനങ്ങളെ പിൻപറ്റുക മാത്രം ചെയ്യുന്നു. എന്റെ നാഥനോട് ധിക്കാരം ചെയ്യുകയാണെങ്കിൽ, അതിഭയാനകമായ ഒരു നാളിലെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.' പറയുക: 'അല്ലാഹു ഇച്ഛിച്ചിരുന്നുവെങ്കിൽ ഈ ഖുർആൻ ഞാൻ നിങ്ങൾക്ക് ഓതിത്തരുമായിരുന്നില്ല. ഇതിനെ സംബന്ധിച്ച് നിങ്ങളെ അറിയിക്കുകയുമില്ലായിരുന്നു. ഇതിനുമുമ്പ് കുറെ കൊല്ലങ്ങൾ ഞാൻ നിങ്ങൾക്കിടയിൽ കഴിച്ചുകൂട്ടിയിട്ടുണ്ടല്ലോ. നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ലേ?'(യൂനുസ്: 15-16)

നിരവധി സൂക്തങ്ങളിൽ, തന്റെ ജനതയുടെ സ്വഭാവത്തെ കുറിച്ച് നബി(സ)യെ അല്ലാഹു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. താഴെ സൂക്തം ഉദാഹരണം:

'പ്രവാചകാ, നാം ഇതാ ഈ ഗ്രന്ഥം സത്യത്തോടെ നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അത്, വേദത്തിൽനിന്ന് അതിന്റെ മുമ്പിൽ അവശേഷിച്ചിട്ടുള്ളതിനെ ശരിവെയ്ക്കുന്നതാകുന്നു. അതിനെ സസൂക്ഷ്മം കാത്തുസൂക്ഷിക്കുന്നതുമാകുന്നു. അതിനാൽ, നീ ദൈവം അവതരിപ്പിച്ചുതന്ന നിയമത്തിൻപടി ജനത്തിന്റെ കാര്യങ്ങളിൽ വിധി നടത്തുക. നിനക്ക് അവതരിച്ചുകിട്ടിയ സത്യത്തിൽനിന്നു

പുറംതിരിയുന്നവരുടെ മോഹങ്ങളെ പിൻപറ്റാതിരിക്കുകയും ചെയ്യുക-നാം നിങ്ങളി(മനുഷ്യരി)ൽ എല്ലാവർക്കും ശരീഅത്തും കർമമാർഗവും നിശ്ചയിച്ചിട്ടുണ്ട്. അല്ലാഹു ഇഛിച്ചിരുന്നുവെങ്കിൽ നിങ്ങളെ എല്ലാവരെയും ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ ഇങ്ങനെ ചെയ്തത് നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങളെ പരീക്ഷിക്കുന്നതിന്നായിട്ടത്രെ. അതിനാൽ നിങ്ങൾ നന്മകളിൽ പരസ്പരം മത്സരിച്ചു മുന്നേറുവിൻ. അവസാനം നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്കു മടങ്ങേണ്ടവരാകുന്നു. നിങ്ങൾ ഭിന്നിച്ചുകൊണ്ടിരുന്ന കാര്യങ്ങളുടെ യാഥാർഥ്യം അപ്പോൾ അവൻ നിങ്ങൾക്കു വിവരിച്ചുതരും. പ്രവാചകാ, അല്ലാഹു അവതരിപ്പിച്ച നിയമങ്ങളനുസരിച്ച് അവരുടെ വ്യവഹാരങ്ങളിൽ വിധികൽപിക്കുക. അവരുടെ ഇഛകളെ പിൻപറ്റാതിരിക്കുക. ഇക്കൂട്ടർ നിന്നെ കുഴപ്പത്തിലകപ്പെടുത്തി, അല്ലാഹു അവതരിപ്പിച്ചുതന്നിട്ടുള്ള മാർഗദർശനത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നതിനെ സൂക്ഷിക്കുക. ഇനി പിന്തിരിഞ്ഞുപോവുകയാണെങ്കിൽ നീ അറിഞ്ഞിരിക്കുക: അവരുടെ ചില പാപങ്ങളുടെ ഫലമായി അല്ലാഹു അവരെ ആപത്തിലകപ്പെടുത്താൻതന്നെ തീരുമാനിച്ചിരിക്കുന്നു. ഈ ജനത്തിലധികവും കടുത്ത അധർമകാരികളാണ് എന്നതത്രേ സത്യം.' (അൽ മാഇദ: 48, 49)

അല്ലാഹു തനിക്ക് അവതരിപ്പിച്ചു തന്നത് മാത്രമേ അനുഷ്ഠിക്കാവൂ എന്ന് ജനങ്ങളോട് അവിടുന്നു ആവർത്തിച്ചു താക്കീത് ചെയ്തിട്ടുണ്ട്. ഈ അത്യുത്തമ സ്വഭാവത്തെ ഖുർആനിൽ ഇങ്ങനെ വായിക്കാം:

'പ്രവാചകൻ, അവരോടു പറയുക: 'എന്റെ പക്കൽ അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോടു പറയുന്നില്ല. ഞാൻ അതിഭൗതിക കാര്യങ്ങൾ അറിയുന്നുമില്ല. ഞാനൊരു മലക്കാണെന്നും നിങ്ങളോടു പറയുന്നില്ല. എനിക്കവതരിച്ചുകൊണ്ടിരിക്കുന്ന ദിവ്യബോധനത്തെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്.' എന്നിട്ട് അവരോടു ചോദിക്കുക: 'അന്ധരും കാഴ്ചയുള്ളവരും തുല്യരാവുക സാധ്യമാണോ? നിങ്ങൾ ചിന്തിക്കുന്നില്ലേ?''(അൽ അൻആം: 50)

ദൈവിക മാർഗത്തിലെ, ആ ദൃഢബോധത്തോടൊപ്പം, ആകർഷണീയ സ്വഭാവത്തിലാണ് യഥാർത്ഥ മതം നിലകൊള്ളുന്നതെന്ന് അവിടുന്ന് പറഞ്ഞിരുന്നു. മഹാഭൂരിപക്ഷം വരുന്ന ജനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ്, തിരുമേനി(സ)യുടെ ഉന്നത സ്വഭാവങ്ങൾ മനസ്സിലാക്കാൻ നമുക്ക് സാധിക്കുക. ആഗ്രഹങ്ങൾ, അത്യാർത്തി, വികാരം എന്നിവയാൽ നശിച്ചു കൊണ്ടിരിക്കുകയാണല്ലോ ഭൂരിപക്ഷം ജനവും അന്നും ഇന്നും. ഭൂരിഭാഗവും മതത്തിൽ വിശ്വസിക്കുന്നുവെന്നത് ശരി തന്നെ. പക്ഷെ, ഈ ഒഴിയാബാധകളെ മറികടക്കാൻ അവർക്കാവുകയില്ല. അതിനാൽ, മതപരമായബാധ്യതകളിലേക്ക് വരുമ്പോൾ ഒഴികഴിവുകളുണ്ടാക്കുകയാണവർ ചെയ്യുന്നത്. ഉദാഹരണമായി, തങ്ങളുടെ ഇണകളെയും ബന്ധുക്കളെയും സ്നേഹിതരെയും അവഗണിച്ചു കൊണ്ട്, ചില ബാധ്യതകൾ നിർവഹിക്കുന്നതിൽ അവർ പരാജയപ്പെടുന്നു. അല്ലെങ്കിൽ, മതത്തിൽ വർജ്ജ്യമായ സ്വഭാവങ്ങൾ വർജ്ജിക്കാനവർക്ക് കഴിയുകയില്ല. ഇങ്ങനെ, സ്വാർത്ഥ താൽപര്യങ്ങൾക്കനുസരിച്ച് മതം വ്യാഖ്യാനിക്കുന്നു, തങ്ങൾക്ക് യോജിക്കുന്ന നിയമങ്ങൾ സ്വീകരിക്കുന്നു, അല്ലാത്തവ തള്ളിക്കളയുന്നു.

എന്നാൽ, ഇവരാഗ്രഹിക്കുന്ന ഇളവുകളൊന്നും പ്രവാചകൻ(സ) ഉണ്ടാക്കിയില്ല. അല്ലാഹു അവതരിപ്പിച്ചതിൽ നിന്നും യാതൊരു ഭേദഗതിയും കൂടാതെ, അവിടുന്ന് ഖുർആൻ ജനങ്ങൾക്കെത്തിച്ചു കൊടുക്കുകയായിരുന്നു. ആരുടെ താൽപര്യങ്ങളും പരിഗണിക്കാതെ, ഇങ്ങനെ ചെയ്തത്, ദൈവഭയം കൊണ്ടു മാത്രമായിരുന്നു. ഈ ദൈവഭയത്തെ ഖുർആൻ വിവരിക്കുന്നു:

'നക്ഷത്രമാണ; അത് അസ്തമിക്കുമ്പോൾ. നിങ്ങളുടെ സ്നേഹിതൻ വഴിതെറ്റിയിട്ടില്ല, പിഴച്ചിട്ടുമില്ല. അദ്ദേഹം സ്വേച്ഛാനുസൃതം പറയുകയല്ല. ഇതാവട്ടെ അദ്ദേഹത്തിനു ലഭിക്കുന്ന ദിവ്യബോധനം തന്നെയാകുന്നു. അദ്ദേഹത്തെ അത് പഠിപ്പിച്ചത് പ്രബലമായ കഴിവുകളുടയവനത്രെ. അതിശക്തിമാൻ.'(അന്നജ്മ്: 1-6)

'നന്നായറിഞ്ഞിരിക്കുവിൻ, നിങ്ങൾക്കിടയിൽ അല്ലാഹുവിന്റെ ദൂതനുണ്ട്. പല സംഗതികളിലും അദ്ദേഹം നിങ്ങളുടെ വാക്ക് സ്വീകരിക്കുകയാണെങ്കിൽ നിങ്ങൾ തന്നെയാണ് കഷ്ടത്തിലാവുക. പക്ഷേ, അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തോടിണക്കമരുളി. അതു നിങ്ങളുടെ മനസ്സുകൾക്കലങ്കാരമാക്കിത്തന്നു. സത്യനിഷേധത്തോടും പാപകൃത്യങ്ങളോടും ധിക്കാരത്തോടും നിങ്ങൾക്കു വെറുപ്പുളവാക്കി. ഇങ്ങനെയുള്ള ജനമാകുന്നു, അല്ലാഹുവിന്റെ അനുഗ്രഹത്താലും ഔദാര്യത്താലും സൻമാർഗം പ്രാപിച്ചവർ. അല്ലാഹു സർവജ്ഞനും യുക്തിമാനുമല്ലോ.' (അൽ ഹുജ്റാത്ത്: 7)

തന്റെ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്നത് അവിടുത്തെ ദൈവാർപ്പണമാണ്. പലായന വേളയിൽ, ഗുഹയിൽ ഒളിച്ചിരിക്കവെ, കൂട്ടുകാരനോട് അവിടുന്ന് പറഞ്ഞ വാക്കുകൾ ഉദാഹരണം. ഖുർആൻ പറയുന്നു:

'നിങ്ങൾ പ്രവാചകനെ സഹായിക്കുന്നില്ലെങ്കിൽ സാരമില്ല, സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കിയ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടിലൊരാൾ മാത്രമായിരുന്നപ്പോൾ, അവർ ഇരുവരും ആ ഗുഹയിലായിരുന്നപ്പോൾ, അദ്ദേഹം തന്റെ സഖാവിനോടു, 'വ്യസനിക്കാതിരിക്കുക; അല്ലാഹു നമ്മോടൊപ്പമുണ്ട്' എന്നു പറഞ്ഞപ്പോൾ. ആ സന്ദർഭത്തിൽ അല്ലാഹു അവങ്കൽനിന്നുള്ള മനഃസമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുത്തു. നിങ്ങൾക്കു ദൃഷ്ടിഗോചരമല്ലാത്ത ഒരു സൈന്യത്താൽ അദ്ദേഹത്തെ സഹായിച്ചു. നിഷേധികളുടെ വചനത്തെ അവൻ താഴ്ത്തിക്കളഞ്ഞു. അല്ലാഹുവിന്റെ വചനം തന്നെയാണ് അത്യുന്നതം. അല്ലാഹു അജയ്യനും യുക്തിമാനുമല്ലോ.'(അത്തൗബ: 40)

അല്ലാഹു സൃഷ്ടിച്ച ഏത് കാര്യത്തിലും സൗന്ദര്യവും നന്മയുമുണ്ടെന്ന് മനസ്സിലാക്കിയിരുന്ന നബി(സ), എപ്പോഴും അല്ലാഹുവിൽ അർപ്പിക്കുകയായിരുന്നു. തന്റെ ജനതയോട് അവിടുന്ന് പറഞ്ഞതായി ഖുർആൻ ഉദ്ദരിക്കുന്ന വാക്കുകൾ ഈ അർപ്പണത്തിന്റെ ഉദാഹരണമത്രെ:

'നിങ്ങൾക്കു നേട്ടമുണ്ടാകുമ്പോൾ അവർ ദുഃഖിക്കുന്നു. നിങ്ങൾക്ക് ആപത്തുണ്ടാവുമ്പോഴോ, 'നന്നായി, സ്വന്തം കാര്യം ഞങ്ങൾ നേരത്തെത്തന്നെ നേടിയെടുത്തിരുന്നു' എന്നു പറഞ്ഞുകൊണ്ട് അവർ ആഹ്ലാദത്തോടെ പിന്തിരിഞ്ഞുപോവുകയും ചെയ്യുന്നു. അവരോടു പറയുക: 'അല്ലാഹു വിധിച്ചതല്ലാതെ ഒന്നുംതന്നെ ഞങ്ങൾക്കു സംഭവിക്കുന്നതല്ല. അല്ലാഹു മാത്രമാകുന്നു ഞങ്ങളുടെ രക്ഷകൻ. വിശ്വാസികൾ അവനിൽമാത്രം ഭരമേൽപിച്ചുകൊള്ളട്ടെ.'(അത്തൗബ: 50, 51)

'എല്ലാ കാര്യങ്ങളും നിയതിയനുസരിച്ചായിരിക്കും സംഭവിക്കുക, കഴിവും കഴിവുകേടും പോലും'[5] എന്ന് അവിടുന്ന് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി.

'നിങ്ങൾ വല്ലതും ചോദിക്കുന്നുവെങ്കിൽ അല്ലാഹുവോട് ചോദിക്കുക, സഹായം തേടുന്നുവെങ്കിൽ അല്ലാഹുവോട് തേടുക, ജനങ്ങളൊന്നിച്ച്, നിങ്ങൾക്കൊരു ഗുണം ചെയ്യണമെന്ന് തീരുമാനിച്ചാൽ, നിങ്ങൾക്ക് രേഖപ്പെടുത്തപ്പെട്ട ഗുണമേ അവർക്ക് ചെയ്യാനാവുകയുള്ളൂ. അവരെല്ലാം കൂടി നിങ്ങൾക്കൊരു തിന്മ ചെയ്യണമെന്നുദ്ദേശിച്ചാൽ, അല്ലാഹു നിങ്ങൾക്ക് രേഖപ്പെടുത്തിയ തിന്മ മാത്രമേ അവർക്ക് ചെയ്യാനാവുകുള്ളൂ. പേന ഉയർത്തപ്പെട്ടു കഴിഞ്ഞു, താളുകൾ ഉണങ്ങുകയും ചെയ്തു.'[6]

തിരു ചര്യയനുസരിച്ച് നടക്കുന്ന ഏതൊരു വിശ്വാസിയും, ഇതേ അർപ്പണത്തോടെ, എല്ലാ വിപത്തിനെയും നേരിടുകയും എല്ലാ കാര്യങ്ങളിലും സൗന്ദര്യവും നന്മയുമുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യേണ്ടതുണ്ട്.  അല്ലാഹുവിനെ ഏറ്റവും ഭയപ്പെട്ടിരുന്ന പ്രവാചകൻ(സ) പോലും, വലിയ വിഷമതകളും ക്ലേശങ്ങളും വഴി പരിക്ഷീണനായിരുന്നുവെന്ന വസ്തുത വിസ്മരിച്ചു കൂടാ.

താൻ സംബോധന ചെയ്തിരുന്ന സമൂഹത്തിൽ, പലതരം വിഷമതകൾ സൃഷ്ടിക്കാൻ സന്നദ്ധരായിരുന്നവരുമുണ്ടായിരുന്നു. കാപട്യത്തോടെ, അദ്ദേഹത്തിന്നെതിരെ ഗൂഢാലോചനകൾ ആസൂത്രണം ചെയ്യാൻ ശ്രമിച്ചവരുണ്ടായിരുന്നു. വിഗ്രഹാരാധകരാകട്ടെ, തങ്ങളുടെ പൂർവിക മതം വിട്ടൊഴിയാൻ സന്നദ്ധരായിരുന്നില്ല. മറ്റു ചിലരാകട്ടെ, തങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ അദ്ദേഹത്തോടാവശ്യപ്പെടുകയായിരുന്നു. നബി(സ)യെ വധിക്കാനും ബന്ധനസ്തനാക്കാനും നാടു കടത്താനും അവർ ശ്രമിച്ചു.  അങ്ങനെ, എല്ലാതരം വിഷമതകളും അവിടുത്തെ പാതയിൽ അവർ സൃഷ്ടിച്ചു.

എന്നാൽ, അവിശ്വാസികളോട് സഹനമവലംബിച്ച്, ദൈവികമതം ജനങ്ങൾക്കെത്തിച്ചു കൊടുക്കുകയും അപകടത്തിൽ നിന്നും അവരെ രക്ഷിക്കുകയുമായിരുന്നു അദ്ദേഹം. അല്ലാഹുവിലുള്ള സുദൃഢവിശ്വാസവും ഭയഭക്തിയും അർപ്പണ മനോഭാവവുമായിരുന്നു, ഈ മനോദാർഢ്യതയുടെയും വിജയത്തിന്റെയും ധീരതയുടെയും സ്രോതസ്സ്. ഗുഹയിൽ വെച്ച് അവിടുന്ന് പറഞ്ഞത് പോലെ, ദൈവം എപ്പോഴും തന്നോടൊപ്പമുണ്ടെന്നും, എല്ലാ അവസ്ഥകളും ദൈവിക നിയോഗമാണെന്നും അവിടുന്ന് എപ്പോഴും മനസ്സിലാക്കിയിരുന്നു. എല്ലാം ദൈവത്തിൽ നിന്നാണെന്നും, ഉണ്ടാകാവുന്നതിൽ വെച്ച് ഏ

റ്റവും ഉത്തമ ഫലങ്ങളായിരിക്കും അവയെന്നും അവിടുന്ന് വിശ്വസിച്ചു. താഴെ ഹദീസ്, അദ്ദേഹത്തിന്റെ അർപ്പണമനോഭാവത്തിന്റെ ഒരു ഉദാഹരണമാണ്:

'വിശ്വാസിയടെ കാര്യം അത്ഭുതമാണ്! അവന്റെ കാര്യങ്ങൾ മുഴുവൻ അവന്ന് അനുഗ്രഹമായിരിക്കും. വിശ്വാസിയല്ലാത്ത ആർക്കും ഇതുണ്ടാവുകയില്ല. സന്തോഷമുണ്ടാകുമ്പോൾ, അവൻ നന്ദി ചെയ്യുന്നു. അതയാൾക്ക് നന്മയായി തീരുന്നു. ദുഖമെത്തിയാൽ സഹനമവലംബിക്കുന്നു. അതുമയാൾക്ക് നന്മയായി തീരുന്നു.'[7]

ഫലം അല്ലാഹുവിൽ നിന്നാണെന്ന് അറിയാമായിരുന്നിട്ടും അവിടുന്ന് കഠിനാദ്ധ്വാനം നടത്തിയിരുന്നു. അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ ആശ്രയിക്കുകയും ചെയ്തിരുന്നു. തദ്ഫലമായി, അല്ലാഹു അദ്ദേഹത്തിന്ന് ശക്തിയും വിജയവും പ്രദാനം ചെയ്യുകയായിരുന്നു.

പ്രശ്നങ്ങളുണ്ടാക്കുന്നവരോട് സഹനമവലംബിക്കാനുള്ള ദൈവിക നിർദ്ദേശം ജീവിതത്തിലുടനീളം അവിടുന്ന് പാലിച്ചിരുന്നു. താഴെ സൂക്തം നോക്കുക:

'വായകൊണ്ട് അവർ പറയും: 'ഞങ്ങൾ അനുസരണമുള്ളവരാകുന്നു.' നിന്റെ സാന്നിധ്യത്തിൽനിന്നു പിരിഞ്ഞുപോയാലോ, അവരിലൊരു പറ്റം രാവുകളിൽ ഒത്തുകൂടി നിനക്കെതിരിൽ ഗൂഢാലോചന നടത്തുന്നു. അവരുടെ ഗൂഢാലോചനകളൊക്കെയും അല്ലാഹു രേഖപ്പെടുത്തുന്നുണ്ട്. നീ അവരെ അവഗണിച്ചേക്കുക. അല്ലാഹുവിൽ ഭരമേൽപിക്കുക. ഭരമേൽപിക്കാൻ അല്ലാഹു തന്നെ തികച്ചും മതിയായവനാകുന്നു.' (അന്നിസാഅ്: 81)

മറ്റൊരിക്കൽ, തിരുമേനി(സ)യോട്  അല്ലാഹു നിർദ്ദേശിക്കുകയാണ്:

'ഇനി നിന്നോടവർ തർക്കിക്കുന്നുവെങ്കിൽ പറയുക: 'ഞാനും എന്റെ അനുയായികളും ദൈവസമക്ഷം സർവം സമർപ്പിച്ചിരിക്കുന്നു.' എന്നിട്ട് വേദക്കാരോടും വേദക്കാരല്ലാത്തവരോടും ചോദിക്കുക: 'നിങ്ങളും അവനോട് അനുസരണവും അടിമത്തവും സ്വീകരിച്ചുവോ?' സ്വീകരിച്ചുവെങ്കിൽ അവർ സന്മാർഗം പ്രാപിച്ചു. പുറംതിരിഞ്ഞുകളയുന്നുവെങ്കിലോ, അപ്പോൾ അവർക്കു സന്ദേശമെത്തിച്ചുകൊടുപ്പാൻ മാത്രമേ നിനക്കു ബാധ്യതയുള്ളൂ. ശേഷം, അല്ലാഹുതന്നെ അവന്റെ അടിമകളുടെ കാര്യങ്ങൾ നിരീക്ഷിക്കുന്നവനത്രെ.'(ആലു ഇമ്രാൻ: 20)

അർപ്പണം പ്രകടിപ്പിച്ചവരെ കാത്തിരിക്കുന്ന പ്രതിഫലത്തെ കുറിച്ച് നബി(സ) പറയുന്നു:

'നിങ്ങൾ അല്ലാഹുവിൽ മുറപ്രകാരം ഭരമേൽപ്പിക്കുന്നുവെങ്കിൽ, പക്ഷികൾക്കെന്ന പോലെ, നിങ്ങൾക്കവൻ ആഹാരം നൽകും. ഒട്ടിയ വയറുമായി രാവിലെ പുറപ്പെടുന്ന അവ, നിറഞ്ഞ വയറുമായാണല്ലോ വൈകുന്നേരം തിരിച്ചു വരുന്നത്.'[8]

പ്രവാചകന്റെ(സ) വാക്കും പ്രവർത്തികളുമാണല്ലോ, വിശ്വാസികൾക്ക് ഏറ്റവും നല്ല മാതൃക. അതിനാൽ തന്നെ, എന്തെങ്കിലും വിഷമതകളോ, അപ്രിയ സ്ഥിതി വിശേഷമോ നേരിടുമ്പോൾ, ഖുർആനിക വാക്യങ്ങളെ കുറിച്ച് ചിന്തിക്കുകയും, എല്ലാം സൃഷ്ടിച്ചത് അല്ലാഹുവാണെന്ന് കരുതുകയും ഇത് തന്റെ നിയതിയാണെന്ന് അംഗീകരിച്ചു കൊണ്ട്, പ്രവാചകന്റെ അർപ്പണം കൈകൊള്ളുകയും ചെയ്യാൻ, എല്ലാ വിശ്വാസികളും ബാധ്യസ്തരാണ്.

*ലക്ഷ്യം ദൈവപ്രീതി മാത്രം*

ജീവിതം മുഴുവൻ ദൈവപ്രീതിയിലും ദൈവഭക്തിയിലും കഴിയുക, കർത്തവ്യങ്ങളിൽ ദൈവകാരുണ്യവും ദയയും മാത്രം ലക്ഷ്യമാക്കുക എന്നിവ, ഇസ്ലാമിന്റെ അടിസ്ഥാന മഹത്വങ്ങളിലൊന്നത്രെ. അല്ലാഹു വിശ്വാസികളോട് പറയുന്നു:

'പറയുക: 'എന്റെ നമസ്കാരവും ആരാധനാകർമങ്ങളഖിലവും എന്റെ ജീവിതവും മരണവും എല്ലാം സർവലോക നാഥനായ അല്ലാഹുവിനു വേണ്ടിയാകുന്നു.'(അൽ അൻആം: 162)

അല്ലാഹുവിന്നു വേണ്ടി മാത്രമേ മുസ്ലിംകൾ ജീവിതം നയിക്കാവൂവെന്നാണ് താഴെ സൂക്തം സൂചിപ്പി

ക്കുന്നത്:

'പശ്ചാത്തപിക്കുകയും കർമരീതികൾ സംസ്കരിക്കുകയും ദൈവികപാശം മുറുകെപ്പിടിക്കുകയും അല്ലാഹുവിനെ നിഷ്കളങ്കമായി അനുസരിക്കുകയും ചെയ്തവരൊഴിച്ച്. അവരോ സത്യവിശ്വാസിക ളോടൊപ്പമാകുന്നു. നിശ്ചയം, അല്ലാഹു സത്യവിശ്വാസികൾക്കു മഹത്തായ പ്രതിഫലം നൽകുന്നു ണ്ട്.'(അന്നിസാഅ്: 146)

അല്ലാഹുവിന്നു വേണ്ടി വ്രതമനുഷ്ഠിക്കുന്നവൻ, അല്ലാഹുവല്ലാതെ മറ്റ് ആരാധ്യനില്ലെന്ന് മനസ്സിലാക്കി, അവന്റെ പ്രീതിക്ക് വേണ്ടി മാത്രം ജീവിക്കുകയും പ്രസ്തുത വിശ്വാസം ഒരിക്കലും കൈവെടിയാതിരി ക്കുകയും ചെയ്യുന്നവൻ, സാക്ഷാൽ വിശ്വാസം തന്നനിലുണ്ടെന്ന് പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്. നബി(സ)യും മറ്റു പ്രവാചകന്മാരുമാണ് ഇത്തരം സത്യവിശ്വാസികളുടെ ഉത്തമ മാതൃക. വൈയക്തിക മോ, ഭൗതികമോ ആയ യാതൊരു ചിന്തയും കൂടാതെ, ദൈവപ്രീതിയും ദൈവിക കാരുണ്യവും സ്വർ ഗവും മാത്രമായിരുന്നു അവരുടെ അദ്ധ്വാനം കൊണ്ടവർ ലക്ഷ്യമാക്കിയിരുന്നത്.

'പ്രവാചകൻ ഇവരോടു പറയുക: 'ഈ ദൗത്യത്തിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫ ലവും ചോദിക്കുന്നില്ല. ഞാൻ പുറംപൂച്ചുകാരിൽ പെട്ടവനുമല്ല.' (സ്വാദ്: 86)

'അവരോട് പറയുക: 'ഞാൻ നിങ്ങളോട് വല്ല പ്രതിഫലവും ചോദിച്ചിട്ടുണ്ടെങ്കിൽ അത് നിങ്ങളുടെ നന്മയാകുന്നു. എനിക്കുള്ള പ്രതിഫലമോ, അല്ലാഹുവിങ്കലാകുന്നു.' (സബഅ്: 47)

*വിഷമ ഘട്ടങ്ങളിൽ സഹനം*

തന്റെ ദൗത്യകാലത്ത്, പലതരത്തിലുള്ള വിഷമതകളും തിരുമേനി(സ) അനുഭവിച്ചിരുന്നു. തന്റെ ജന തയിലെ നിഷേധികളും ബഹുദൈവാരാധകരും അവിടുത്തെ വളരെ നിന്ദിച്ചിരുന്നു. കങ്കെട്ടുകാരനെ ന്നോ, ഭ്രാന്തനെന്നോ വിളിച്ചിരുന്നു. മറ്റുള്ളവർ വധിക്കാൻ ചട്ടം കെട്ടിയിരുന്നു. ഇതെല്ലാമായിട്ടും, എല്ലാതരം പശ്ചാത്തലത്തിലും സംസ്കാരത്തിലും പെട്ടവരെ ഖുർആൻ പഠിപ്പിക്കുകയായിരുന്നു അവി ടുന്ന്. അങ്ങനെ, എല്ലാ സദ്സ്വഭാവങ്ങളും അവർക്ക് പഠിപ്പിക്കുകയായിരുന്നു.

ചിലയാളുകൾക്ക് സദ്സ്വഭാവങ്ങളെക്കുറിച്ച് യാതൊരു ധാരണയുമുണ്ടായിരുന്നില്ലെന്ന് ഖുർആൻ പറ യുന്നുണ്ട്. അതിനാൽ തന്നെ, ഉന്നത സ്വഭാവങ്ങളുള്ള ചിലർ തങ്ങൾക്ക് ഭീഷണിയായി തീരുമെന്ന് അ വർ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ, അല്ലാഹുവോട് സഹായം തേടിക്കൊണ്ടും, വിശ്വാസികളോട് സഹനവും അർപ്പണവും പ്രോത്സാഹിപ്പിച്ചു കൊണ്ടും, മഹത്തായ സഹനമവലംബി ക്കുകയായിരുന്നു പ്രവാചകൻ(സ).

അവിശ്വാസികളുടെ വാക്കുകളെ അവഗണിച്ചു കൊണ്ട്, സഹനം കൈകൊള്ളാൻ, ഖുർആനിൽ പലത വണ പ്രവാചകനോട് അല്ലാഹു ഉപദേശിച്ചിട്ടുണ്ട്:

'അതിനാൽ പ്രവാചകാ, ഈ ജനത്തിന്റെ ജൽപനങ്ങൾ ക്ഷമിക്കുക. തന്റെ റബ്ബിന്റെ സ്തുതി പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുക; ഉദയത്തിനു മുമ്പും അസ്തമയത്തിനു മുമ്പും.'(ഖാഫ്: 39)

'ഈ ജനം പ്രവാചകനെക്കുറിച്ചു പറഞ്ഞുകൊണ്ടിരിക്കുതൊന്നും നിന്നെ ദുഃഖിപ്പിക്കേണ്ടതില്ല. പ്രതാപമത്രയും അല്ലാഹുവിന്റെ മാത്രം അധീനത്തിലാകുന്നു. അവൻ എല്ലാം കേൾക്കുന്നവനും അറി യുന്നവനുമല്ലോ.' (യൂനുസ്: 65)

'ഈ ജനം നിന്നെക്കുറിച്ച് പറയുന്ന വർത്തമാനങ്ങളിൽ നിനക്ക് മനഃക്ലേശമുള്ളതായി നാം അറിയുന്നു ണ്ട്.'(അൽ ഹിജ്ർ: 97)

'ആകയാൽ, പ്രവാചകാ, ദിവ്യബോധനം വഴി നിനക്കു ലഭിക്കുന്ന സന്ദേശങ്ങളിൽ യാതൊന്നും (വിശദീകരിക്കാതെ) വിട്ടുകളയേണ്ടതില്ല. 'ഇയാൾക്ക് ഒരു ഖജനാവ് ഇറങ്ങിവരാത്തതെന്ത്?' എന്നോ 'ഇയാളോടൊപ്പം ഒരു മലക്ക് വരാത്തതെന്ത്?' എന്നോ അവർ പറയുന്നതിൽ മനംമുട്ടേണ്ടതുമില്ല. നീ കേവലം ഒരു മുന്നറിയിപ്പുകാരനാകുന്നു. ശേഷം കാര്യങ്ങൾക്കെല്ലാം ഉത്തരവാദപ്പെട്ടവൻ അല്ലാഹുവത്രെ.'(ഹൂദ്: 12)

തങ്ങളുടെ വിഷമസന്ധികളിലെല്ലാം തിരുമേനി(സ)യെ മാതൃകയായി സ്വീകരിക്കാൻ വിശ്വാസികൾ ബാധ്യസ്തരാണ്. നിസ്സാര കാര്യങ്ങളിൽ പോലും നൈരാശ്യം കൊള്ളുക, ചെറിയ എതിർപ്പുകൾ പോലും സഹിക്കാൻ കഴിയാതാവുക, ബിസനസ്സ് കാര്യങ്ങൾ ശരിയാംവണ്ണം നടത്താതിരിക്കുക തുടങ്ങിയ സ്വഭാവങ്ങൾ, അല്ലാഹുവിന്റെ ഗ്രന്ഥത്തിനോടോ, തിരുമേനി(സ)യുടെ വാക്കുകളോടോ, പ്രവർത്തികളോടോ പൊരുത്തപ്പെടാത്തതാണെന്ന് മനസ്സിലാക്കണം. വിശ്വാസികളെപ്പോഴും സഹനം കൈകൊള്ളണം, അല്ലാഹുവിനെ സഹായിയായി സ്വീകരിക്കണം, അവനോട് കൃതജ്ഞത കാണിക്കണം, നബി(സയുടെ ഉന്നത സ്വഭാവങ്ങൾ സ്വീകരിക്കണം, അല്ലാഹുവിന്റെ കാരുണ്യവും ദയയും സ്വർഗവും ആഗ്രഹിക്കുകയും വേണം.

*ആർദ്രചിത്തൻ*

നാം മുമ്പ് പറഞ്ഞത് പോലെ, വിവധ സ്വഭാവവും ആശയയവുമുള്ളവർ തിരുമേനി(സ)ക്ക് ചുറ്റുമുണ്ടായിരുന്നു. എന്നാൽ, ജീവിതകാലം മുഴുവൻ, അവരുടെ അബദ്ധങ്ങളെയും പരാജയങ്ങളെയും കുറിച്ച് മുന്നറിയിപ്പ് നൽകിയും, വൃത്തി മുതൽ വിശ്വാസം വരെ സകല കാര്യങ്ങളും പഠിപ്പിക്കാൻ ശ്രമിച്ചു കൊണ്ടും അവരോരോരുത്തരുടെയും കാര്യങ്ങളിൽ അവിടുന്ന് താൽപര്യമെടുത്തിരുന്നു. ആർദ്രതയുടേയും സ്നേഹ സമ്പന്നതയുടേയും സഹതാപത്തിന്റേതും സഹനത്തിന്റേതുമായ ഈ നിലപാട്, നിരവധിയാളുകളെ ഇസ്ലാമിൽ ഉത്സുകരാക്കിയിട്ടുണ്ട്. പ്രവാചകനോട് ഒരവാച്യ സ്നേഹം വികസിപ്പിക്കുന്നതിന്ന് മാധ്യമമാവുകയും ചെയ്തു. ഈ നിലപാടിനെ കുറിച്ച് ഖുർആൻ പറയുന്നു:

'(പ്രവാചകാ) നീ വളരെ സൗമ്യശീലനായത് അല്ലാഹുവിങ്കൽനിന്നുള്ള മഹത്തായ അനുഗ്രഹമാകുന്നു. നീ കഠിന ഹൃദയനായ പരുഷസ്വഭാവിയായിരുന്നുവെങ്കിൽ നിന്റെ ചുറ്റുനിന്നും അവരെല്ലാം പിരിഞ്ഞുപോയതുതന്നെ. അവരുടെ തെറ്റുകൾ പൊറുക്കുക. അവരുടെ പാപമുക്തിക്കായി പ്രാർഥിക്കുക....' (ആലു ഇമ്രാൻ: 159)

മറ്റൊരു സൂക്തത്തിൽ ഇങ്ങനെ പറയുന്നു:

'പ്രവാചകാ, ഈ ജനം പറഞ്ഞുകൊണ്ടിരിക്കുന്ന സംഗതികൾ നാം നല്ലവണ്ണം അറിയുന്നുണ്ട്. അവരെ നിർബന്ധിച്ചു വിശ്വസിപ്പിക്കുക നിന്റെ ദൗത്യമല്ല. എന്റെ താക്കീതിനെ ഭയപ്പെടുന്നവരെ നീ ഈ ഖുർആൻകൊണ്ട് ഉപദേശിക്കുക.'(ഖാഫ്: 45)

ചുറ്റു പാടുള്ളവരോട് മതം സ്വീകരിക്കാൻ സമ്മർദ്ദം ചെലുത്തുകയോ, അവരിൽ പലതരം വ്യവസ്ഥകൾ അടിച്ചേൽപിക്കുകയോ ചെയ്യാതെ, ഏറ്റവും നല്ല രീതിയിൽ അവരോട് സംസാരിക്കുകയായിരുന്നു പ്രവാചകൻ എപ്പോഴും ചെയ്തിരുന്നത്.

വിശ്വാസി സമൂഹത്തെ അവിടുന്ന് എപ്പോഴും പിന്തുണക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. അതിനാൽ തന്നെ, 'നിങ്ങളുടെ ചങ്ങാതി' എന്നായിരുന്നു അവിടുന്ന് പലപ്പോഴും വിവരിക്കപ്പെട്ടത്. (സബഅ്: 46; അന്നജ്മ്: 2; അത്തക്‌വീർ: 22) നബി(സ)യുടെ ഈ ആന്തരിക വിശുദ്ധി മനസ്സിലാക്കിയ ഓരോ വിശ്വാസിയും, മറ്റുള്ളവരേക്കാൾ, തങ്ങളോടാണ് നബി(സ)ക്ക് കൂടുതൽ അടുപ്പമെന്ന് ധരിക്കുകയും വിനയാന്വിതരായി തീരുകയും ചെയ്തിരുന്നു. ഒരു സൂക്തത്തിൽ അല്ലാഹു പറയുന്നു:

'നിസ്സംശയം, പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വന്തം ശരീരത്തെക്കാൾ പ്രധാനമാകുന്നു. പ്രവാചകപത്നിമാരോ, അവരുടെ മാതാക്കളുമാകുന്നു.'(അൽ അഹ്സാബ്: 6)

ചുറ്റുമുള്ളവരോടുള്ള പ്രവാചകന്റെ പെരുമാറ്റത്തെ കുറിച്ച ഹദീസുകളുടെ പൊരുൾ, ഇമാം ഗസ്സാലി ഇങ്ങനെ സംഗ്രഹിക്കുന്നു:

'.. തങ്ങളെ നബി(സ) വളരെ ആദരിച്ചിരുന്നുവെന്നായിരുന്നു ഓരോരുത്തരും വിചാരിച്ചിരുന്നത്. എല്ലാവർക്കും അവിടുത്തെ മുഖം കാണാൻ കഴിഞ്ഞിരുന്നു.

'.. സഹാബികളോരോരുത്തരെയും ആദരവോടെ, ഓമനപ്പേരിലായിരുന്നു അവിടുന്ന് വിളിച്ചിരുന്നത്. ഓമനപ്പേരില്ലാത്തവർക്ക് അവിടുന്ന് തന്നെ ഓമനപ്പേര് നൽകുകയും ചെയ്തിരുന്നു.

‘.... വളരെ സ്നേഹത്തോടും കരുണയോടുമായിരുന്നു അവിടുന്ന് ജനങ്ങളോട് പെരുമാറിയിരുന്നത്.

‘തിരുസദസ്സിൽ ഉറക്കെ സംസാരിക്കാൻ ആർക്കും കഴിഞ്ഞിരുന്നില്ല.’[9]

ചുറ്റുള്ളവരെ ഇസ്ലാമിലേക്ക് തിരിക്കുകയും ഉത്സുകരാക്കുകയും ചെയ്ത മഹത്തായ ഈ സ്വഭാവങ്ങൾ സ്വീകരിക്കാൻ ഓരോ വിശ്വാസിയും ബാധ്യസ്ഥരാണ്.

*അനുകരണീയ നീതി*

അല്ലാഹു വിശ്വാസികളോട് പറയുന്നു:

‘അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ നീതി നടത്തുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരും ആയിരിക്കുവിൻ -നിങ്ങളുടെ നീതിനിഷ്ഠയുടെയും സത്യസാക്ഷ്യത്തിന്റെയും ഫലം നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുമിത്രാദികൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനാവട്ടെ, ദരിദ്രനാവട്ടെ, അല്ലാഹുവാകുന്നു നിങ്ങളിലേറെ അവരുടെ ഗുണകാംക്ഷിയായിട്ടുള്ളവൻ. അതിനാൽ സ്വേഛകളെ പിൻപറ്റി നീതിയിൽനിന്നകന്നു പോകാതിരിക്കുവിൻ.’(അന്നിസാഅ്: 135)

മുസ്ലിംകൾക്ക് നൽകിയ നിയമങ്ങൾ, മറ്റു മത-ഭാഷാ-വർണ- വർഗക്കാരോടുള്ള പെരുമാറ്റം, സമ്പന്നരോടും പാവങ്ങളോടുമുള്ള വിവേചനരഹിതമായ നിലപാട്, എന്നിവയാൽ, അല്ലാഹുവിന്റെ ദൂതൻ, മാനവരാശിയുടെ ഒന്നടങ്കം മാതൃകാ പുരുഷനായിരിക്കുന്നു.

ഒരു സൂക്തത്തിൽ, നബി(സ)യോട് അല്ലാഹു പറയുകയാണ്:

‘ഇവർ കള്ളം കേൾക്കുവരും നിഷിദ്ധമുതൽ തിന്നുന്നവരുമാകുന്നു. ഇവർ (തങ്ങളുടെ തർക്കങ്ങളുമായി) നിന്നെ സമീപിച്ചാൽ, വേണമെങ്കിൽ അവർക്കിടയിൽ തീരുമാനമുണ്ടാക്കിക്കൊടുക്കാം, അല്ലെങ്കിൽ അവരെ അവഗണിക്കാം. രണ്ടിനും  നിനക്ക് സ്വാതന്ത്ര്യമുണ്ട്. അവരെ അവഗണിച്ചാലും നിനക്കൊരു ദോഷവും ചെയ്യാൻ അവർക്കാവില്ല. നീ വിധിപറയുകയാണെങ്കിൽ നീതിപൂർവം വിധിപറയുക. നിശ്ചയം, അല്ലാഹു നീതിമാന്മാരെ സ്നേഹിക്കുന്നു.’ (അൽ മാഇദ: 42)

വളരെ വിഷമം സൃഷ്ടിക്കുന്നവരോടു പോലും ദൈവികാജ്ഞ നടപ്പാക്കുകയായിരുന്നു അവിടുന്ന്. നീതി നടപ്പാക്കുന്ന കാര്യത്തിൽ, യാതൊരു ഇളവും ഒരിക്കലും സ്വീകരിച്ചിരുന്നില്ല. ‘എന്റെ നാഥൻ നീതിയും ന്യായവും അനുശാസിച്ചിരിക്കുന്നു..’(അൽ അഅ്റാഫ്: 29) എന്ന പ്രസ്താവത്തിലൂടെ എല്ലാ കാലത്തേക്കും അദ്ദേഹം മാതൃകയാവുകയായിരുന്നു.

അവിടുത്തെ നീതിയെ സാക്ഷീകരിക്കുന്ന സംഭവങ്ങൾ നിരവധിയാണ്. ഭിന്ന മത- ഭാഷാ- വർഗ- ഗോത്രങ്ങൾ ഒന്നിച്ചു ജീവിച്ചിരുന്ന ഒരന്തരീക്ഷത്തിലായിരുന്നു അദ്ദേഹം ജീവിച്ചത്. സമാധാനത്തോടും സുരക്ഷയോടും കഴിയുക വളരെ പ്രയാസകരമായിരുന്ന സമൂഹങ്ങൾ! കലഹപ്രിയരെ അതിൽ നിന്ന് തടയുക വളരെ പ്രയാസമായിരുന്നു. ഒരു വിഭാഗത്തിന്റെ ചെറിയൊരു വാക്കോ, പ്രവർത്തിയോ മറുവിഭാഗത്തെ അക്രമാസക്തരാക്കിയിരുന്നു.

എന്നിട്ടും, മുസ്ലിംകൾക്കെന്ന പോലെ, മറ്റു സമൂഹങ്ങൾക്കും, തിരുമേനി(സ) സമാധാനത്തിന്റെയും സുരക്ഷയുടെയും സ്രോതസ്സായിരുന്നു. അദ്ദേഹത്തിന്റെ കാലത്തെ ക്രിസ്ത്യാനികളോടും ജൂതരോടും വിഗ്രഹാരാധകരോടുമെല്ലാം സമാനരീതിയിലായിരുന്നു അവിടുന്ന് പെരുമാറിയിരുന്നത്. ‘ദീൻ കാര്യത്തിൽ ഒരുവിധ ബലപ്രയോഗവുമില്ല. സന്മാർഗം മിഥ്യാ ധാരണകളിൽനിന്ന് വേർതിരിഞ്ഞ് വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു....’(അൽ ബഖറ: 256) എന്ന സൂക്തം മുറുകെ പിടിക്കുകയായിരുന്നു അദ്ദേഹം. എല്ലാവർക്കും സത്യമതം എത്തിച്ചു കൊടുത്തു. പക്ഷെ, അത് സ്വീകരിക്കാനുള്ള തീരുമാനം അവർക്ക് വിടുകയായിരുന്നു.

ഇതര മതസ്തരോട് കൈകൊള്ളേണ്ട നീതിയെ കുറിച്ച് മറ്റൊരു സൂക്തത്തിൽ പറയുന്നു:

‘അതിനാൽ പ്രവാചകൻ ഈ ദീനിലേക്ക് പ്രബോധനം ചെയ്യുക. നീ അനുശാസിക്കപ്പെട്ടിട്ടുള്ളതുപോ

ലെ, ഇതിൽ സ്ഥൈര്യത്തോടെ നിലകൊള്ളുക. ഈ ജനത്തിന്റെ ഇച്ഛകളെ പിന്തുടരാതിരിക്കുക. ഇവരോട് പ്രഖ്യാപിക്കുക: അല്ലാഹു അവതരിപ്പിച്ച ഏതു വേദത്തിലും ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപാലിക്കേണമെന്ന് ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.'(അശ്ശൂറാ: 15)

ഭിന്ന മതക്കാർക്കിടയിലെ അദ്ദേഹത്തിന്റെ നീതിപാലനം അവർക്കിടയിൽ രജ്ഞിപ്പുണ്ടാക്കിയിട്ടുണ്ട്. വർഗത്തിലല്ല, പ്രത്യുത, ഭയഭക്തിയിലാണ് മേന്മ നിലകൊള്ളുന്നതെന്ന് പല പ്രഭാഷണങ്ങളിലും, വിടവാങ്ങൽ പ്രഭാഷണത്തിൽ പോലും, അവിടുന്ന് പ്രസ്താവിച്ചിട്ടുണ്ട്. കാരണം, അല്ലാഹു പറയുന്നതിങ്ങനെയാണ്:

'അല്ലയോ മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നുമത്രെ നാം നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ നിങ്ങളെ സമുദായങ്ങളും ഗോത്രങ്ങളുമാക്കി; പരസ്പരം തിരിച്ചറിയേണ്ടതിന്ന്. നിങ്ങളിൽ ഏറ്റം ദൈവഭക്തിയുള്ളവരാകുന്നു, അല്ലാഹുവിങ്കൽ ഏറ്റം ഔന്നത്യമുള്ളവർ. നിശ്ചയം, അല്ലാഹു എല്ലാം അറിയുന്നവനും തികഞ്ഞ ബോധമുള്ളവനുമാകുന്നു.'(അൽ ഹുജ്റാത്: 13)

തദ്വിഷയകമായ രണ്ടു ഹദീസുകൾ ഇങ്ങനെ:

'നിങ്ങൾ ആദാമിന്റെ മക്കൾ. ആദാമാകട്ടെ മണ്ണിൽ നിന്നും. പൂർവികരെ കുറിച്ച അഹങ്കാരം ആളുകൾ കൈയൊഴിക്കട്ടെ.'[10]

'നിങ്ങളുടെ ഈ വംശപാരമ്പര്യങ്ങളൊന്നും ആരോടെങ്കിലും വിരോധം കാണിക്കുന്നതിന്ന് ഹേതുവല്ല. നിങ്ങളെല്ലാം ആദാമിന്റെ മക്കളാണ്. മതത്തിന്റെയും തഖ്‌വയുടെയും പേരിലല്ലാതെ, ആർക്കും മറ്റൊരാളേക്കാൾ മേന്മയില്ല.'[11]

വിടവാങ്ങൽ പ്രഭാഷണത്തിൽ അവിടുന്ന് പറഞ്ഞു:

'അറബിക്ക് അനറബിയേക്കാളോ, അനറബിക്ക് അറബിയേക്കാളോ യാതൊരു മേന്മയുമില്ല. വെളുത്തവന്ന് കറുത്തവേക്കാളോ, കറുത്തവന്ന് വെളുത്തവനേക്കാളുമോ യാതൊരു മേന്മയുമില്ല. ഭക്തിയുടെ കാര്യത്തിലല്ലാതെ. നിങ്ങളിൽ ഏറ്റവും ഭക്തിയുള്ളവനാണ് നിങ്ങളിൽ ഏറ്റവും മഹത്വമുള്ളവൻ.'[12]

അറേബ്യൻ ഉപദ്വീപിന്റെ തെക്ക് ഭാഗത്തുള്ള നെജ്രാൻ ക്രിസ്ത്യാനികളുമായുണ്ടാക്കിയ കരാർ, പ്രവാചക നീതിയുടെ ഏറ്റവും വലിയ ഉദാഹരണമാണ്. 'നെജ്രാനിലെയും പരിസരങ്ങളിലെയും ജനങ്ങളുടെ ജീവൻ, മതം, സ്വത്ത്, ഭൂമി, കാലികൾ, അവരിൽ ഹാജറുള്ളവരും ഇല്ലാത്തവരും, അവരുടെ ദൂതന്മാർ, ആരാധനാലയങ്ങൾ എന്നിവയെല്ലാം അല്ലാഹുവിന്റെ സംരക്ഷണയിലും പ്രവാചകന്റെ രക്ഷാകർതൃത്വത്തിലുമായിരിക്കു'[13]മെന്നായിരുന്നു, കരാറിലെ ഒരു വകുപ്പ്.

മക്കയിൽ നിന്നുള്ള മുസ്ലിം കുടിയേറ്റക്കാരും മദീനാ മുസ്ലംകളും മദീനാ ജൂതന്മാരും ഒപ്പു വെച്ച മദീനാ കരാർ, നീതിയുടെ മറ്റൊരു ഉദാഹരണമാണ്. ഭിന്ന വിശ്വാസികൾക്കിടയിൽ നീതി സ്ഥാപിക്കുകയും അവരുടെ താൽപര്യങ്ങൾക്ക് സംരക്ഷണം ഉറപ്പു നൽകുകയും ചെയ്ത ഈ ഭരണഘടനയുടെ ഒരു ഫലമെന്നോണം, ദീർഘകാലം നിലനിന്നു പോരുകയായിരുന്ന ശത്രുതക്ക് അന്ത്യം കുറിക്കപ്പെടുകയുണ്ടായി. വിശ്വാസ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെട്ടുവെന്നത്, അതിലെ ശ്രദ്ധേയമായൊരു വശമായിരുന്നു. പ്രസ്തുത വകുപ്പ് ഇങ്ങനെയായിരുന്നു:

'ബനൂ ഔഫ് ഗോത്രക്കാരായ ജൂതന്മാർ മുസ്ലിംകൾക്കൊപ്പമുള്ള ഒരു ജനതയാണ്. ജൂതന്മാർക്ക് അവരുടെ മതം! മുസ്ലിംകൾക്ക് അവരുടെ മതവും!'[14]

കരാറിലെ 16 ാം വകുപ്പ് ഇങ്ങനെയായിരുന്നു:

'നമ്മെ അനുധാവനം ചെയ്യുന്ന ജൂതന്മാർക്ക് നമ്മിലൊരാളുടെത് പോലുള്ള അവകാശത്തിന്നും സഹായത്തിന്നും അർഹരായിരിക്കും. അയാളോട് അനീതി കാണിക്കുകയോ, അയാളുടെ ശത്രുവിനെ സഹായിക്കുകയോ ഇല്ല.'[15]

പ്രവാചകന്റെ സഹാബികൾ അവിടുത്തെ മരണ ശേഷം പോലും, ഈ വകുപ്പിനോട് സത്യസന്ധത കാണിച്ചിരുന്നു. ബെർബെറികൾ, ബുദ്ധമതക്കാർ, ബ്രാഹ്മണർ, മറ്റു മതസ്ഥർ എന്നിവരുടെ കാര്യ

ത്തിൽ പോലും, അവർ ഇത് പ്രായോഗികമാക്കിയിരുന്നു.

ഇസ്ലാമിന്റെ സുവർണ്ണ കാലഘട്ടം, സമാധാനത്തിന്റെയും സുരക്ഷയുടെയും യുഗമായി തീരാനുള്ള ഒരു പ്രധാന ഹേതു, ഖുർആനിക സ്വഭാവത്തിന്റെ പ്രതിഫലനമായിരുന്ന ഈ പ്രവാചക നീതിയായിരുന്നു.

പ്രവാചക നീതി, അമുസ്ലിംകളിൽ ആത്മവിശ്വാസമുണർത്തിയിരുന്നു. വിഗ്രഹാരാധകരടക്കമുള്ള പല വിഭാഗങ്ങളും അവിടുത്തെ സംരക്ഷണം തേടിയിരുന്നു. വിഗ്രഹാരാധകരുടെ അപേക്ഷയും, അവരോട് സ്വീകരിക്കേണ്ട നിലപാടും താഴെ സൂക്തത്തിൽ വ്യക്തമാക്കുന്നു:

'ബഹുദൈവവിശ്വാസികളിലൊരുവൻ നിന്നോട് അഭയംതേടി വന്നാൽ ദൈവികവചനം കേൾക്കാൻ അവന് അഭയം നൽകേണ്ടതാകുന്നു. പിന്നീടവനെ സുരക്ഷിതസ്ഥാനത്ത് എത്തിച്ചുകൊടുക്കുക. അവർ അറിവില്ലാത്ത ജനമായതിനാലാണ് ഈ വിധം പ്രവർത്തിക്കേണ്ടത്.(കരാർ ലംഘകരായ) ഈ ബഹുദൈവവിശ്വാസികൾക്ക് അല്ലാഹുവിനോടും അവന്റെ ദൂതനോടും വല്ല കരാറും നിലനിൽക്കുന്നതെങ്ങനെ? -മസ്ജിദുൽ ഹറാമിന്നടുത്തുവെച്ച് നിങ്ങളുമായി കരാറുചെയ്തവരോടൊഴിച്ച്. അവർ നിങ്ങളോടു നേരാംവണ്ണം വർത്തിക്കുമ്പോൾ നിങ്ങൾ അവരോടും നേരാംവണ്ണം വർത്തിക്കുവിൻ. എന്തുകൊണ്ടെന്നാൽ അല്ലാഹു സൂക്ഷ്മതയുള്ളവരെ സ്നേഹിക്കുന്നു.'(അത്തൗബ: 6, 7)

ഖർആനിക സ്വഭാവം കൈകൊള്ളുക, പ്രവാചകനെ സ്നേഹിക്കുക, നീതിയുടെ മാർഗ്ഗത്തിൽ നിന്ന് അണുവളവ് വ്യതിചലിക്കാതിരിക്കുക, ഭിന്ന മത-ഭാഷാ- വർഗങ്ങൾക്കിടയിൽ വിവേചനം കൽപിക്കാതിരിക്കുക എന്നിവയാണ്, ആഗോള തലത്തിൽ നടന്നു കൊണ്ടിരിക്കുന്ന യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കും ഏക പരിഹാരം.

നബി(സ)യെ അനുസരിക്കുന്നത് അല്ലാഹുവിന്നുള്ള അനുസരണം

താൻ നിയോഗിച്ച പ്രവാചകന്മാരെ അനുസരിക്കണമെന്ന് അല്ലാഹു ഓരോരുത്തരോടും ആവശ്യപ്പെടുന്നു. ദൈവിക നിർദ്ദേശങ്ങൾ പാലിക്കുന്ന, അവന്റെ വഹ്യുകൾ എത്തിച്ചു കൊടുക്കുന്ന, വാചാ കർമണാ അല്ലാഹുവിനെ പ്രീതിപ്പെടുത്തുന്ന, മനുഷ്യമാതൃകകളെ പ്രതിനിധാനം ചെയ്യുന്ന അനുഗ്രഹീതരായിരുന്നു ഈ ദൂതന്മാർ. മുഴുജീവിതത്തിലും തന്റെ ദൂതന്മാരെ അനുസരിക്കുന്നവർ രക്ഷിക്കപ്പെടുമെന്ന് അല്ലാഹു ഖുർആനിൽ പറയുന്നുണ്ട്. അതിനാൽ തന്നെ, നബി(സ0യെ അനുസരിക്കുക വളരെ സുപ്രധാനമായൊരു ബാധ്യതയാണ്. ഈ അനുസരണത്തിന്റെ പ്രാധാന്യം അല്ലാഹു ഇങ്ങനെ വ്യക്തമാക്കുന്നു:

'അല്ലാഹുവിന്റെ കൽപന പ്രകാരം അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ ഒറ്റ പ്രവാചകനെയും നാം അയച്ചിട്ടില്ല. തങ്ങളോടുതന്നെ അധർമം പ്രവർത്തിച്ചപ്പോൾ, അവർ നിന്നെ സമീപിക്കുകയും, അല്ലാഹുവിനോട് മാപ്പിരക്കുകയും, ദൈവദൂതനും അവർക്കു വേണ്ടി മാപ്പിരക്കുകയും ചെയ്യുക എന്ന നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ അല്ലാഹുവിനെ തീർച്ചയായും മാപ്പരുളുന്നവനും ദയാപരനുമായി കണ്ടെത്തുമായിരുന്നു.'(അന്നിസാഅ്: 64)

'അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹഭാജനമായവരുടെകൂടെ, അഥവാ പ്രവാചകന്മാരുടെയും സത്യവാന്മാരുടെയും രക്തസാക്ഷികളുടെയും സച്ചരിതരുടെയും കൂടെയാകുന്നു. എത്ര ഉൽകൃഷ്ടരായ സഖാക്കൾ! ഇതാകുന്നു അല്ലാഹുവിങ്കൽനിന്നു ലഭിക്കുന്ന യഥാർഥ അനുഗ്രഹം. യാഥാർഥ്യം ഗ്രഹിക്കുന്നതിന് മതിയായവൻ അല്ലാഹുതന്നെ.'(അന്നിസാഅ്: 69)

തന്റെ ദൂതന്മാരെ അനുസരിക്കുന്നവൻ, യഥാർത്ഥത്തിൽ, അല്ലാഹുവിനെയാണ് അനുസരിക്കുന്നതെന്ന് നിരവധി സൂക്തങ്ങളിൽ അല്ലാഹു പ്രസാതാവിച്ചിട്ടുണ്ട്. എന്നാൽ അവരോട് സമരം ചെയ്യുന്നവർ, യഥാർത്ഥത്തിൽ, തന്നോടാണ് സമരം ചെയ്യുന്നതെന്നും അല്ലാഹു പറയുന്നു. ചില വാക്യങ്ങൾ:

'ദൈവദൂതനെ അനുസരിക്കുന്നവൻ അല്ലാഹുവിനെ അനുസരിച്ചു. വല്ലവരും പിന്തിരിഞ്ഞുപോയാലോ, നാം നിന്നെ അവരുടെ കാവൽക്കാരനായിട്ടൊന്നും നിയോഗിച്ചിട്ടില്ല.'(അന്നിസാഅ്: 80)

'പ്രവാചകാ, നിന്നോട് ഉടമ്പടി ചെയ്തവർ, വാസ്തവത്തിൽ ഉടമ്പടി ചെയ്തത് അല്ലാഹുവുമായിട്ടാ

കുന്നു. അവരുടെ കരത്തിന് മീതെ അല്ലാഹുവിന്റെ കരമുണ്ടായിരുന്നു. ഇനി വല്ലവനും ആ ഉടമ്പടി ലംഘിക്കുന്നുവെങ്കിൽ അതിന്റെ വിപത്ത് ലംഘിച്ചവനുതന്നെയായിരിക്കും. അല്ലാഹുവിനോട് ചെയ്ത ഉടമ്പടി പാലിക്കുന്നവന് അടുത്ത ഭാവിയിൽ അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നുണ്ട്.'(അൽ ഫത്ഹ്: 10)

അനുസരണത്തിന്റെ പ്രാധാന്യം നബി(സ) ഊന്നിപ്പറയുന്നു:

'എന്നെ അനുസരിക്കുന്നവൻ അല്ലാഹുവിനെ അനുസരിച്ചു. എന്നെ ധിക്കരിച്ചവൻ അല്ലാഹുവെ ധിക്കരിച്ചപ. ഞാൻ നിയോഗിച്ച ഭരണാധികാരിയെ അനുസരിച്ചവൻ എന്നെ അനുസരിച്ചു. അയാളെ ധിക്കരിച്ചവൻ എന്നെ ധിക്കരിച്ചു.'[16]

വിശ്വാസികളുടെ വഴികാട്ടിയും സംരക്ഷകനുമായാണ് ഖുർആൻ പ്രവാചകനെ(സ) വിവരിച്ചിരിക്കുന്നത്. അതിനാൽ, ഏത് കാര്യങ്ങളിലും മുസ്ലിംകൾ പ്രാമാണീകരിക്കുന്നത് അദ്ദേഹത്തെയായിരിക്കും. ഏത് കാര്യത്തിലേർപ്പെടുന്നതിന്നു മുമ്പും അവിടുത്തെ അഭിപ്രായവും അനുമതിയും തേടുന്നു. തങ്ങൾക്കിടയിൽ ഭിന്നാഭിപ്രായമുള്ള കാര്യങ്ങളിൽ, സ്വയം പരിഹരിക്കാൻ കഴിയുന്നവയിൽ പോലും, അല്ലെങ്കിൽ, സമൂഹത്തിന്റെ സുരക്ഷ, ആരോഗ്യം, സമ്പത്ത് എന്നിവ സംബന്ധമായ വിവരങ്ങൾ ലഭിക്കുമ്പോൾ, ഉടനെ പ്രവാചകന്റെ മുമ്പിൽ പ്രശ്നമവതരിപ്പിക്കുന്നു. അവിടുന്നു ശുപാർശ ചെയ്യുന്ന ഉപദേശങ്ങളും പരിഹാരങ്ങളും അനുസരിക്കുകയും ചെയ്യുന്നു.

ഖുർആനിൽ അല്ലാഹു നിർദ്ദേശിച്ച സ്വഭാവത്തിന്റെ ഏറ്റവും സുപ്രധാനമായൊരു വശമാണിത്. ഉദാഹരണമായി, എല്ലാ വൃത്താന്തങ്ങളും പ്രവാചകന്നോ, അവിടുത്തെ പ്രതിനിധാനം ചെയ്യുന്നവർക്കോ വിടണമെന്ന് അല്ലാഹു കൽപിക്കുന്നുണ്ട്:

'ഈയാളുകൾക്ക് സമാധാനത്തിന്റെയോ ഭീതിയുടെയോ ഒരു വാർത്ത കിട്ടിയാൽ അവരതു കൊട്ടിഘോഷിക്കുന്നു. എന്നാൽ അത് ദൈവദൂതന്നും സമൂഹത്തിലെ ഉത്തരവാദപ്പെട്ടവർക്കും എത്തിച്ചുകൊടുത്തിരുന്നുവെങ്കിൽ, സത്യാവസ്ഥ ഗ്രഹിക്കുവാൻ കഴിവുള്ളവർ കാര്യം മനസ്സിലാക്കുമായിരുന്നു. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹവും കാരുണ്യവുമില്ലായിരുന്നുവെങ്കിൽ, (നിങ്ങളുടെ ദൗർബല്യങ്ങൾ മൂലം) അൽപം ചിലരൊഴിച്ച് നിങ്ങളെല്ലാം പിശാചിന്റെ പിന്നാലെ പോകുമായിരുന്നു.'(അന്നിസാഅ്: 83)

വളരെ പ്രയോജനപ്രദവും ബുദ്ധി പൂർവകവുമായൊരു ആജ്ഞ. അവിടുത്തെ ഓരോ നിയമവും കൽപനയും അല്ലാഹു ഉത്തരവാദപ്പെട്ടതാണെന്നതാണ് കാരണം. മാത്രമല്ല, വിശ്വാസി സമൂഹത്തിൽ ഏറ്റവും ബുദ്ധിമതിയും സമർത്ഥനുമായിരുന്നുവല്ലോ അവിടുന്ന്. ആളുകൾ സാധാരണ ഉപദേശമാരായുക, ഏറ്റവും ബുദ്ധിമതിയും വിശ്വസ്തനുമായ ആളോടായിരിക്കുമല്ലോ.

മാത്രമല്ല, എല്ലാ വൃത്താന്തങ്ങളും ഒരു വ്യക്തിയിൽ കേന്ദ്രീകൃതമാകുന്നത്, ബൗദ്ധികവും കൂടുതൽ മെച്ചപ്പെട്ടതുമായ ഫലങ്ങളുളവാക്കുകയും ചെയ്യും. കാരണം, സംഭവങ്ങളുടെ എല്ലാ വശവും ആ വ്യക്തിക്ക് അറിയുമല്ലോ. മറ്റൊരു വാക്യത്തിൽ, തങ്ങൾക്കിടയിൽ, വല്ല പ്രശ്നത്തിലും ഭിന്നിപ്പുണ്ടാകുന്ന പക്ഷം, നബി(സ)യെ വിധികർത്താവായി സ്വീകരിക്കാൻ, വിശ്വാസികളോട് അല്ലാഹു കൽപിക്കുന്നു. അവിടുന്ന് പ്രസ്താവിക്കുന്ന നിയമങ്ങൾ, യാതൊരു മാറ്റവും കൂടാതെ, പൂർണ്ണ ഹൃദയത്തോടെ സ്വീകരിക്കുക വളരെ പ്രധാനമാണ്. ഈ തീരുമാനം, ഏതെങ്കിലും വ്യക്തിയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെങ്കിൽ പോലും, സത്യവിശ്വാസികൾ യാതൊരു സങ്കോചവും കൂടാതെ, അത് സ്വീകരിക്കുന്നതാണ്. അനുസരണയിലെ സുപ്രധാനമായ ഈ വശം ഖുർആൻ വിവരിക്കുന്നു:

'അല്ല! മുഹമ്മദേ, നിന്റെ നാഥനാണ, അവർക്കിടയിലുള്ള തർക്കങ്ങളിൽ നിന്നെ വിധികർത്താവായി സ്വീകരിക്കുകയും എന്നിട്ട് നീ നൽകുന്ന വിധിതീർപ്പുകളിൽ മനഃപ്രയാസം തോന്നാതെ പൂർണമായി സമ്മതിക്കുകയും ചെയ്യുംവരെ അവർ വിശ്വാസികളാവുകയില്ലതന്നെ.'(അന്നിസാഅ്: 65)

എന്നാൽ, ഈ വസ്തുത മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ട ചിലയാളുകൾ, തങ്ങളുടെ കാര്യങ്ങൾ തിരുമേനി(സ)യെ അറിയിക്കാൻ വിസമ്മതിക്കുകയും അങ്ങനെ കലഹത്തിന്ന് ഹേതുവായി തീരുകയും ചെയ്തു. ഇത്തരക്കാരെ കുറിച്ചു ഖുർആൻ പറയുന്നു:

'അക്കൂട്ടരിൽ പ്രവാചകനെ വാക്കുകൾകൊണ്ട് ദ്രോഹിക്കുന്ന ചിലരുമുണ്ട്. അവർ പറയുന്നു: 'ഇയാൾ

വീണ്ടുവിചാരമില്ലാതെ ആരെന്തു പറഞ്ഞാലും കേൾക്കുന്ന ഒരു കാതാണ്.' പറയുക: 'അദ്ദേഹം നിങ്ങ ളുടെ ഗുണത്തിനു വേണ്ടിയാണ് അങ്ങനെയായിട്ടുള്ളത്. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു, സത്യവിശ്വാസികളിൽ വിശ്വാസമർപ്പിക്കുന്നു. നിങ്ങളിൽ വിശ്വാസികളായവർക്കു മഹത്തായ കാരുണ്യ വുമാകുന്നു അദ്ദേഹം.' അല്ലാഹുവിന്റെ ദൂതനെ ദ്രോഹിക്കുന്നവരുണ്ടല്ലോ, അവർക്കു വേദനയേറിയ ശിക്ഷയാണുള്ളത്.'(അത്തൗബ: 61)

തങ്ങൾക്കറിയാവുന്നവ പ്രയോജനകരമായ ലക്ഷ്യങ്ങൾക്കോ, മാനുഷിക നന്മക്കോ, സുരക്ഷക്കോ വിനിയോഗിക്കാൻ ഉപയോഗപ്പെടുത്താൻ ഇക്കൂട്ടർക്ക് കഴിയുകയില്ല. പ്രത്യുത, കിംവദന്തി, കലഹം, ശ ത്രുത, ഗൂഡാലോചന എന്നീ കാര്യങ്ങൾക്കായിരിക്കും അവർ അത് ഉപയോഗിക്കുക. എന്നാൽ, സമാ ധാനം, സുരക്ഷ എന്നിവക്കും, മുസ്ലിംകളുടെയും തന്റെ സംരക്ഷണത്തിൻ കീഴിലുള്ള മറ്റു വിഭാഗങ്ങളു ടെയും ആരോഗ്യത്തിന്നും പ്രതിരോധത്തിന്നുമായിരുന്നു, തനിക്ക് ലഭിച്ച വിവരങ്ങൾ മുഴുവൻ പ്രവാച കൻ വിനിയോഗിച്ചത്. വിശ്വാസ ദൗർബ്ബല്യമുള്ളവരെ തിരിച്ചറിഞ്ഞു, അവരിൽ വിശ്വാസ ശാക്തീകര ണമുണ്ടാക്കാനുള്ള നടപടികൾ അവിടുന്ന് സ്വീകരിച്ചു. വിശ്വാസം ദുർബ്ബലമാക്കുകയോ, ആത്മവീര്യം നശിപ്പിക്കുകയോ ചെയ്തേക്കാവുന്ന ഏതിനേയും അദ്ദേഹം തടഞ്ഞു. നന്മയും തൃപ്തികരമായ ഫല ങ്ങളുമുളവാക്കുന്ന നടപടികൾ അവിടുന്ന് സ്വീകരിച്ചു. അത് കൊണ്ടാണ് 'നന്മയുടെ ചെവി' എന്ന് ഒരു വാക്യത്തിൽ അല്ലാഹു അദ്ദേഹത്തെ വിശേഷിപ്പിച്ചത്. നബി(സ)യുടെ വാക്കുകളും തീർപ്പുകളും നില പാടുകളുമെല്ലാം, വിശ്വാസികളെയെന്ന പോലെ, മനുഷ്യവംശത്തെ തന്നെ, നന്മയിലേക്കും അനുകൂല ഫലങ്ങളിലേക്കും നയിക്കുന്നവയത്രെ.

*മുന്നറിയിപ്പുകളും അനുസ്മരണവും*

ഖുർആൻ പറയുന്നത് പോലെ, ജനങ്ങളെ മതത്തിലേക്ക് ക്ഷണിച്ചു കൊണ്ടും സത്യപാതയിലേക്ക് മാർ ഗ്ഗ ദർശനം നൽകിക്കൊണ്ടുമാണ് തിരുമേനി(സ) തന്റെ ജീവിതം മുഴുവൻ ചെലവൊഴിച്ചത്. ജനങ്ങളെ എങ്ങനെ അഭിമുഖീകരിക്കണമെന്ന് അദ്ദേഹത്തോട് അല്ലാഹു നിർദ്ദേശിക്കുന്നു:

'നീ അവരോടു തീർത്തുപറഞ്ഞേക്കുക: 'എന്റെ മാർഗം ഇതാകുന്നു. തികഞ്ഞ ഉൾക്കാഴ്ചയോടെ ഞാനും എന്നെ അനുഗമിച്ചവരും നിങ്ങളെ അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുന്നു. അല്ലാഹു പരിശുദ്ധനാ കുന്നു. ബഹുദൈവാരാധകരുമായി എനിക്ക് യാതൊരു ബന്ധവുമില്ല.' (യൂസുഫ്: 108)

ജനങ്ങളെ മുന്നറിയിപ്പ് നൽകുമ്പോഴും ഖുർആനും യഥാർത്ഥ സ്വഭാവവും പഠിപ്പിക്കുമ്പോഴും, പ്രവാച കൻ(സ) നിരവധി പ്രയാസങ്ങളെ അഭിമുഖീകരിച്ചിരുന്നതായി ഖുർആൻ പറയുന്നുണ്ട്. അസൂയ, വെ റുപ്പ്, ശത്രുത എന്നിവ കാരണം, ജനങ്ങൾ അദ്ദേഹത്തിന്റെ ജീവിതം ദുഷ്കരമാക്കുകയായിരുന്നു. ചി ലർ മന്ദഗതിയിലായിരുന്നു അവിടുത്തെ വാക്കുകൾ മനസ്സിലാക്കിയിരുന്നത്. അതിനാൽ അവർ കാലു കൾ പിൻവലിക്കുകയായിരുന്നു. മറ്റു ചിലരാകട്ടെ, വിശ്വാസം അഭിനയിക്കുകയായിരുന്നു. എന്നാൽ ഇ തെല്ലാം അവഗണിച്ചു കൊണ്ട്, ദൃഢനിശ്ചയത്തോടെ തുടർന്നും, അവരെ പഠിപ്പിക്കുകയായിരുന്നു പ്ര വാചകൻ ചെയ്തത്. ഇത്തരക്കാരുടെ സമീപനങ്ങളെ കുറിച്ച് അല്ലാഹു പറയുന്നു:

'നിങ്ങൾ അക്കൂട്ടരെ സ്നേഹിക്കുന്നു. അവരോ, നിങ്ങളെ സ്നേഹിക്കുന്നില്ല. നിങ്ങളാവട്ടെ സകല വേ ദങ്ങളിലും വിശ്വസിക്കുന്നുമുണ്ട്. നിങ്ങളെ കണ്ടുമുട്ടുമ്പോൾ അവർ പറയുന്നു: '(നിങ്ങളുടെ ദൈവദൂത നിലും വേദത്തിലും) ഞങ്ങളും വിശ്വസിച്ചിരിക്കുന്നു.' പിരിഞ്ഞുപോയിക്കഴിഞ്ഞാലോ, നിങ്ങളോടുള്ള വിദ്വേഷത്താൽ അവർ വിരലുകൾ കടിക്കുകയായി. അവരോടു പറയുക: 'നിങ്ങളുടെ ദേഷ്യത്തിൽ സ്വയം നീറി മരിച്ചുകൊള്ളുക. ഹൃദയങ്ങളിൽ മറഞ്ഞിരിക്കുന്ന രഹസ്യങ്ങളൊക്കെ അല്ലാഹു സുവ്യ ക്തമായി അറിയുന്നുണ്ട്.'(ആലു ഇംറാൻ: 119)

തന്നെ എതിർത്തവരുടെ മുമ്പിൽ പ്രവാചകൻ കാണിച്ച ദൃഢനിശ്ചയം മറ്റൊരു സൂക്തം ചർച്ച ചെ യ്യുന്നു:

'പ്രവാചകാ, നാം നേരത്തെ വേദം നൽകിയിട്ടുള്ളവർ, നിനക്ക് അവതരിച്ച ഈ വേദത്തിൽ സന്തുഷ്ട രാകുന്നു. വിവിധ വിഭാഗങ്ങളിൽ ചിലർ അതിലെ ചില കാര്യങ്ങൾ അംഗീകരിക്കാത്തവരായുമുണ്ട്. നീ വ്യക്തമായി പറഞ്ഞുകൊടുക്കുക: 'ഞാൻ അല്ലാഹുവിനുമാത്രം അടിമപ്പെടാൻ കൽപിക്കപ്പെട്ടിരിക്കുന്ന ു. മറ്റുള്ളവരെ അവന്റെ പങ്കാളികളാക്കുന്നതിൽനിന്ന് വിലക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ ഞാൻ അവങ്കലേക്കുമാത്രം ക്ഷണിക്കുന്നു. അവങ്കലേക്കുതന്നെയാകുന്നു എന്റെ മടക്കം.'(അർറഅദ്:

36)

അവിശ്വാസികൾ വിശ്വാസം കണ്ടെത്തുകയും തന്നോടും മതത്തോടുമുള്ള വെറുപ്പ് കൈയൊഴിക്കുകയും ചെയ്യുമെന്ന പ്രതീക്ഷയിൽ, തിരുമേനി(സ) അവരോട്, ആകർഷകമായ രീതിയിൽ, മുന്നറിയിപ്പ് നൽകിക്കൊണ്ടേയിരുന്നു. അവർ പ്രകടിപ്പിച്ച സമീപനത്തെ കുറിച്ച് ഖുർആൻ പറയുന്നു:

'നിനക്കവതരിപ്പിക്കപ്പെട്ടതും നിനക്കു മുമ്പവതരിപ്പിക്കപ്പെട്ടതുമായ വേദങ്ങളിൽ വിശ്വസിച്ചിരിക്കുന്നുവെന്നു വാദിക്കുന്നവരെ കണ്ടില്ലയോ? പക്ഷേ, ഇടപാടുകളിൽ തീർപ്പുകൽപിക്കുന്നതിന് അവർ ത്വാഗൂത്തിനെ അവലംബിക്കുവാനാഗ്രഹിക്കുന്നു. അവരോ, ത്വാഗൂത്തിനെ നിഷേധിക്കുവാൻ അനുശാസിക്കപ്പെട്ടവരാകുന്നു. സാത്താൻ അവരെ വ്യതിചലിപ്പിച്ച് സന്മാർഗത്തിൽനിന്ന് ബഹുദൂരം അകറ്റുവാൻ ശ്രമിക്കയാകുന്നു. അല്ലാഹുവിങ്കൽ നിന്നവതരിച്ച വേദത്തിലേക്കും ദൈവദൂതനിലേക്കും വരുവിൻ എന്ന് അവരോട് പറയപ്പെട്ടാലോ, ആ കപടന്മാർ നിന്നിൽനിന്നു തികച്ചും പിന്തിരിയുന്നതായി കാണാം.'(അന്നിസാഅ്: 60, 61)

ഇങ്ങനെ, ദ്വിമുഖ സ്വഭാവം കാണിച്ചിട്ടും, അവർക്ക് മനസ്സിലാകുന്ന രീതിയിൽ അവരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തദ്വിഷയകമായ ഒരു സൂക്തം ഇങ്ങനെ വായിക്കാം:

'എന്നാൽ അവരുടെ മനസ്സുകളിലുള്ളതെന്തെന്ന് അല്ലാഹു അറിയുന്നുണ്ട്. അവരെ വെറുതെ വിട്ടേക്കുക. അവരെ ഉൽബോധിപ്പിക്കുക. അവരുടെ ഹൃദയങ്ങളിൽ തറക്കുംവിധം സദുപദേശം ചെയ്യുക.'(അന്നിസാഅ്: 63)

ഇത്തരക്കാരെ ഉപദേശിക്കുകയും, അവരുടെ അബദ്ധങ്ങൾ കാണിച്ചു കൊടുക്കുകയും, ഋജുപാതയിലേക്ക് ക്ഷണിക്കുകയും വളരെ ഭാരിച്ച ഉത്തരവാദിത്തമാണെന്നത് തീർച്ചയാണ്. എന്നാൽ, അല്ലാഹുവിൽ വിശ്വാസമർപ്പിക്കുകയും, വിശ്വാസം അവന്റെ സമ്മാനമാണെന്നു മനസ്സിലാക്കുകയും, അവനെ മാത്രം ഭയപ്പെടുകയും ചെയ്ത പവാചകനെ പോലുള്ളവർക്ക്, അല്ലാഹു പിന്തുണയും സഹായവും നൽകുകയായിരുന്നു.

മാർഗ്ഗഭ്യംശനം സംഭവിച്ചവരെ സത്യപാതയിലേക്ക് തിരിച്ചു കൊണ്ടു വരാനും, വിശുദ്ധീകരിക്കാനും, വിശുദ്ധവചനങ്ങൾ പഠിപ്പിക്കാനും, അല്ലാഹു ദൂതന്മാരെ നിയോഗിച്ചതായി, ഖുർആനിലെ പല സൂക്തങ്ങളിലും കാണാം. നാം മുകളിൽ കണ്ടത് പോലെ, അല്ലാഹു തന്നെ ചുമതലപ്പെടുത്തിയ ആ ഉത്തരവാദിത്തം, സഹനത്തോടും, സ്ഥൈര്യത്തോടും, ദൃഢനിശ്ചയത്തോടും, ജീവിതകാലം മുഴുവൻ പ്രവാചകൻ കാത്തു സൂക്ഷിക്കുകയായിരുന്നു. വേർപാടിന്നു മുമ്പ് നടത്തിയ ഹ്രസ്വമായ പ്രഭാഷണത്തിൽ പോലും, അവിടുന്ന് മുസ്ലിംകളെ പഠിപ്പിക്കുകയും ആജ്ഞാപിക്കുകയുമായിരുന്നു.

നിരവധി സൂക്തങ്ങളിൽ, ഈ വസ്തുത അല്ലാഹു വെളിപ്പെടുത്തുന്നുണ്ട്:

'എവ്വിധമെന്നാൽ, നിങ്ങൾക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ ഓതിത്തരികയും നിങ്ങളെ സംസ്കരിക്കുകയും വേദജ്ഞാനവും തത്വജ്ഞാനവും പഠിപ്പിക്കുകയും നിങ്ങൾക്കറിയാത്ത പലകാര്യങ്ങളും അറിയിക്കുകയും ചെയ്യുന്ന ഒരു പ്രവാചകനെ നിങ്ങളിൽനിന്നുതന്നെ നാം നിയോഗിച്ചതുപോലെ.' (അൽ ബഖറ: 251)

'തങ്ങളിൽനിന്നുതന്നെ അവർക്ക് ഒരു പ്രവാചകനെ നിയോഗിച്ചയക്കുക വഴി അല്ലാഹു വിശ്വാസികൾക്ക് മഹത്തായ ഔദാര്യം ചെയ്തിരിക്കുന്നു. അദ്ദേഹം അവർക്ക് അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു, അവരുടെ ജീവിതം സംസ്കരിക്കുന്നു. അവരെ വേദവും തത്വജ്ഞാനവും പഠിപ്പിക്കുന്നു. ഇതിനു മുമ്പാകെട്ട ഇതേ ജനം സ്പഷ്ടമായ ദുർമാർഗത്തിലായിരുന്നു.' (ആലു ഇംറാൻ: 164)

'നിരക്ഷരന്മാർക്കിടയിൽ അവരിൽനിന്നുതന്നെ ഒരു ദൈവദൂതനെ നിയോഗിച്ചത് അവനാകുന്നു. അദ്ദേഹം അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു, അവരുടെ ജീവിതത്തെ സംസ്കരിക്കുന്നു. വേദവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുന്നു. അവർ, ഇതിനു മുമ്പ് തികഞ്ഞ ദുർമാർഗത്തിലായിരുന്നുവല്ലോ' (അൽ ജുംഅ: 2)

നബി(സ)യുടെ ഉപദേശത്തെയും, മുന്നറിയിപ്പിനെയും 'സജീവരാക്കുന്നതിലേക്കുള്ള വിളി'യായാണ് ഒരു സൂക്തത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്(അൽ അൻഫാൽ: 24)

അത് കൊണ്ടത്രെ, ഈ ഉപദേശങ്ങളും ഉത്ബോധനങ്ങളും അതുല്യങ്ങളാകുന്നത്. ഇഹത്തിലും പരത്തിലും മോക്ഷദായകങ്ങളത്രെ ഈ മുന്നറിയിപ്പുകൾ. പാപം, ക്രൂരത, നൈരാശ്യം, ദുരിതം എന്നിവയിൽ നിന്നും മനുഷ്യരെ മുക്തമാക്കുന്നവയായിരുന്നു ഈ ഉത്ബോധനങ്ങൾ. യഥാർത്ഥ വിശ്വാസി, സ്വയം വഴങ്ങുകയും വിശ്വസിക്കുകയും ചെയ്യേണ്ട, ദൈവപ്രോക്തവും ദൈവോത്തരവാദിത്തമുള്ളതുമായ ഉപദേശങ്ങൾ!

വിശ്വാസികൾക്ക് അല്ലാഹു നൽകിയ വിശിഷ്ടോപദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് നമുക്ക് ലഭിച്ച തിരുവചനങ്ങൾ. സഹാബി വര്യനായ മുആദിന്ന് അവിടുന്ന് നൽകിയ ഉപദേശം ഉദാഹരണമാണ്:

'ഓ, മുആദ്, ഞാൻ താങ്കളെ ഉപദേശിക്കട്ടെ: അല്ലാഹുവെ ഭയപ്പെടുക, സത്യം പറയുക, വാഗ്ദാനം പാലിക്കുക, സൂക്ഷിപ്പു മുതലുകൾ തിരിച്ചേൽപിക്കുക, വിശ്വാസ വഞ്ചന ചെയ്യാതിരിക്കുക, അയൽവാസിയെ സംരക്ഷിക്കുക, അനാഥകളോട് ദയ കാണിക്കുക, വിനയത്തോടെ സംസാരിക്കുക, സമാധാനം വ്യാപിപ്പിക്കുക, സുദൃഢവിശ്വാസം കൈകൊള്ളുക, ഖുർആനിനെ കുറിച്ച് വിവരമാർജ്ജിക്കുക, പരലോകം ഇഷ്ടപ്പെടുക, കണക്ക് ബോധിപ്പിക്കണമെന്ന ഭയമുണ്ടായിരിക്കുക.'

'ഓ മുആദ്, ഞാൻ താങ്കളോട് നിരോധിക്കുകയാണ്: സത്യസന്ധനോട് നുണ പറയരുത്, ഒരു കുറ്റത്തെയും പിന്തുടരരുത്, നീതിമാനായ ന്യായാധിപനെ ധിക്കരിക്കരുത്, നാട്ടിൽ കുഴപ്പമുണ്ടാക്കരുത്.

'ഓ മുആദ്, ഞാൻ താങ്കൾക്ക് നിർദ്ദേശം നൽകാം: ഓരോ കല്ലും മരവും കുന്നും വിട്ടുകടക്കുമ്പോൾ അല്ലാഹുവിനെ ഭയപ്പെടുക, വല്ല പാപവും ചെയ്തു പോയാൽ പശ്ചാതപിക്കുക, രഹസ്യമായി ചെയ്ത കുറ്റത്തിന്ന് രഹസ്യമായും, പരസ്യമായ കുറ്റത്തിന്ന് പരസ്യമായും പശ്ചാത്തപിക്കുക..'[17]

മുസ്ലിംകളെയും, തന്റെ പ്രിയപ്പെട്ടവരെയും, തിരുമേനി(സ) വിദ്യയഭ്യസിപ്പിച്ചതും സദ്സ്വഭാവത്തിലേക്ക് ക്ഷണിച്ചതും ഈ രീതിയിലായിരുന്നു.

*നിരന്തരമായ ദൈവസ്തുതി*

'അവന്റെ അത്യുന്നതമായ മഹത്വത്തെ വാഴ്ത്തിക്കൊണ്ടിരിക്കുക'(അൽ ഇസ്രാഅ്: 111) എന്ന ഖുർആനിക നിർദ്ദേശ പ്രകാരം, തിരുമേനി(സ), ഒരു കാര്യം വിശദീകരിക്കുകയോ, വിശ്വാസികളെ ഉപദേശിക്കുകയോ, പ്രസംഗിക്കുകയോ, പ്രാർത്ഥിക്കുകയോ ചെയ്യുമ്പോഴെല്ലാം, അല്ലാഹുവിനെ, അവന്റെ ഏറ്റവും മഹത്തും സുന്ദരവുമായ നാമങ്ങളോടെ അനുസ്മരിക്കുമായിരുന്നു. അവന്റെ ശക്തിയെയും മഹത്വത്തെയും വാഴ്ത്തുമായിരുന്നു. ജനങ്ങളെ എങ്ങനെ അഭിമുഖീകരിക്കണമെന്ന് നിരവധി സൂക്തങ്ങളിലൂടെ ഖുർആൻ വ്യക്തമാക്കുന്നുണ്ട്:

'പറയുക: 'സമസ്താധികാരങ്ങളുടെയും ഉടയവനായ അല്ലാഹുവേ, നീ ഇഛിക്കുന്നവർക്ക് ആധിപത്യം നൽകുന്നു. നീ ഇഛിക്കുവരിൽനിന്ന് അത് നീക്കിക്കളയുന്നു. നീ ഇഛിക്കുന്നവർക്കു പ്രതാപമേകുന്നു. നീ ഇഛിക്കുന്നവരെ നിന്ദിതരാക്കുന്നു. സൗഭാഗ്യങ്ങളഖിലം നിന്റെ ഹസ്തത്തിലത്രെ. നിസ്സംശയം, നീ സകല കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു. നീ രാവിനെ പകലിനോടു ചേർക്കുന്നു; പകലിനെ രാവിനോടും. നിർജീവമായതിൽനിന്നു ജീവനുള്ളതിനെ ഉളവാക്കുന്നു; ജീവനുള്ളതിൽനിന്ന് നിർജീവമായതിനെയും ഉളവാക്കുന്നു. അവനിഛിക്കുന്നവർക്ക് അളവറ്റ വിഭവങ്ങൾ നൽകുന്നു... പ്രവാചകൻ, ജനങ്ങളെ അറിയിച്ചുകൊള്ളുക: 'നിങ്ങളുടെ ഹൃദയങ്ങളിലുള്ളതെന്തോ, അത്-നിങ്ങൾ വെളിപ്പെടുത്തിയാലും ഒളിച്ചുവച്ചാലും-അല്ലാഹു അറിയുന്നുണ്ട്. വാനലോകങ്ങളിലും ഭൂമിയിലുമുള്ളതൊന്നും അവന്റെ ജ്ഞാനത്തിനതീതമല്ല. അവന്റെ കഴിവ് സകലത്തേയും വലയം ചെയ്തതല്ലോ.' (ആലു ഇംറാൻ: 26, 27, 29)

'വിധിത്തീർപ്പിന്റെ സമസ്താധികാരങ്ങളും അല്ലാഹുവിനു മാത്രമാകുന്നു. അവനാകുന്നു യഥാർഥ സംഗതി വിവരിക്കുന്നത്. തീരുമാനമെടുക്കുന്നവരിൽ അതിസമർഥനായവനും അവൻതന്നെ.(അൽ അൻആം: 57)

'പറയുക: 'അല്ലയോ മനുഷ്യരേ, ഞാൻ നിങ്ങളെല്ലാവരിലേക്കും, ആകാശഭൂമികളുടെ ആധിപത്യത്തിനുടയവനായ ദൈവത്തിന്റെ ദൂതനാകുന്നു. അവനല്ലാതെ ദൈവമേതുമില്ല. ജീവിപ്പിക്കുന്നവനും മരിപ്പി

ക്കുന്നവനും അവൻ മാത്രമാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുവിൻ; അവൻ നിയോഗിച്ച നിരക്ഷരനായ പ്രവാചകനിലും. അദ്ദേഹമോ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്നു. അദ്ദേഹത്തെ പിന്തുടരുവിൻ, നിങ്ങൾ സന്മാർഗം പ്രാപിച്ചേക്കാം.'(അൽ അഅ്റാഫ്: 158)

'പ്രവാചകൻ പറയുക: സമുദ്രം എന്റെ റബ്ബിന്റെ വചനങ്ങൾ എഴുതുന്നതിനുള്ള മഷിയാവുകയാണെങ്കിൽ, എന്റെ റബ്ബിന്റെ വചനങ്ങൾ തീരുംമുമ്പ് അത് വറ്റിപ്പോകും. എല്ല, അത്രയും തന്നെ മഷി വേറെയും കൊണ്ടുവന്നാലും മതിയാവുകയില്ല.'(അൽ കഹ്ഫ്: 109)

'പ്രവാചകൻ പറഞ്ഞുകൊടുക്കുക: അവൻ അല്ലാഹുവാകുന്നു. ഏകൻ. അല്ലാഹു ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാകുന്നു. അവന് സന്തതിയേതുമില്ല. അവൻ ആരുടെയും സന്താനവുമല്ല. അവന് തുല്യനായി ആരുമില്ല.' (അൽ ഇഖ്ലാസ്: 1-4)

ഒരു മുസ്ലിമിനെ ഉപദേശിക്കുമ്പോൾ, പ്രവാചകൻ ആദ്യമായി ചെയ്യുക അല്ലാഹുവിന്റെ മഹത്വം അനുസ്മരിപ്പിക്കുകയായിരിക്കും. അത് ഇങ്ങനെ:

'അല്ലാഹു അല്ലാതെ, മറ്റാരാധ്യനില്ല. അവന്ന് പങ്കാളികളില്ല. എല്ലാ സ്തുതിയും എല്ലാ അധികാരങ്ങളും അവന്നുള്ളതാണ്. എല്ലാ കാര്യങ്ങളിലും അവന്ന് അധികാരമുണ്ട്. സ്തുതി അല്ലാഹുവിന്നുള്ളതാണ്. മഹത്വവും അവന്നുള്ളത് തന്നെ. അല്ലാഹു അല്ലാതെ മറ്റാരാധ്യനില്ല. അല്ലാഹുവാണ് ഏറ്റവും മഹാൻ. അവന്നല്ലാതെ മറ്റാർക്കും അധികാരവും ശക്തിയുമില്ല.'[18]

പ്രവാചകന്റെ സമീപനത്തെയും സ്വഭാവത്തെയും ഭക്തിയെയും മാതൃകയായി സ്വീകരിക്കുന്ന, ഖുർആനും സുന്നത്തുമനുസരിച്ച് ജീവിക്കുന്ന, ഓരോരുത്തരും, ജനങ്ങളെ അല്ലാഹുവിന്റെ ശക്തിയും മഹത്വവും അനുസ്മരിപ്പിക്കുന്ന, അവർ അല്ലാഹുവിനെ സ്നേഹിക്കാനും ഭയപ്പെടാനും ഹേതുവായി തീരുന്ന, സംസാര രീതി പ്രയോഗിക്കേണ്ടതാണ്. താൻ സംസാരിക്കുമ്പോഴൊക്കെയും, താൻ അല്ലാഹുവിനെ അനുസ്മരിക്കുന്നുവെന്നും എപ്പോഴും അവനിലേക്ക് തിരിയുന്നുവെന്നും, വ്യക്തമാക്കേണ്ടതാണ്.

അല്ലാഹുവിനെ സ്നേഹിക്കാനും തന്നെ സ്നേഹിക്കാനും നബി(സ) എപ്പോഴും ഉപദേശിച്ചിരുന്നു. അവിടുത്തോടുള്ള സ്നേഹം അല്ലാഹുവോടുള്ള സ്നേഹമാണല്ലോ. 'നിങ്ങൾക്ക് ആഹാരം നൽകിയതിന്റെ പേരിൽ അല്ലാഹുവെ സ്നേഹിക്കുക, അല്ലാഹു എന്നെ സ്നേഹിക്കുന്നതിനാൽ നിങ്ങളും എന്നെ സ്നേഹിക്കുക'[19] എന്ന് പ്രവാചകൻ(സ) പറഞ്ഞിട്ടുണ്ട്.

*സുവിശേഷകൻ*

അൽ അഹ്സാബ്: 45 പ്രകാരം, സുവിഷേഷകനും മുന്നറിയിപ്പുകാരനുമായാണ്, നബി(സ)യെ അല്ലാഹു വിവരിച്ചിരിക്കുന്നത്. സുകൃതം ചെയ്തവരെ ഈ ലോകത്ത് കാത്തിരിക്കുന്ന നല്ല ഭാവിയെയും, പരലോകത്തിലെ നൈതികമായ സ്വർഗീയ ജീവിതത്തെയും കുറിച്ചു അവിടുന്ന് സുവാർത്തയറിയിച്ചിരുന്നത് പോലെത്തന്നെ, നരകത്തിൽ അനുഭവിക്കാനിരിക്കുന്ന വിഷമങ്ങളെ കുറിച്ച മുന്നറിയപ്പും നൽകിയിരുന്നു. പ്രവാചകന്റെ ഈ സവിശേഷതകളെ കുറിച്ച് ഖുർആൻ പറയുന്നതിങ്ങനെ:

'നാം നിന്നെ സത്യജ്ഞാനത്തോടുകൂടി സുവിശേഷകനും മുറിയിപ്പുകാരനുമായി അയച്ചിരിക്കുന്നു (എന്നതിനെക്കാൾ വലിയ ദൃഷ്ടാന്തമെന്തുണ്ട്?). അതിനാൽ നരകത്തിന് അവകാശികളായിക്കഴിഞ്ഞവരെ സംബന്ധിച്ചിടത്തോളം, താങ്കൾ അവരുടെ ഉത്തരവാദിത്വപ്പെട്ടവനോ മറുപടി പറയാൻ ബാധ്യസ്ഥനോ അല്ലതന്നെ.'(അൽ ബഖറ: 119)

'ഈ ഖുർആനെ നാം സത്യത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്നു. സത്യത്തോടുകൂടിത്തന്നെയാണത് അവതരിച്ചിരിക്കുന്നത്. പ്രവാചകാ, (ഇതിൽ വിശ്വസിക്കുന്നവർക്ക്) ശുഭവാർത്തയും (വിശ്വസിക്കാത്തവർക്ക്) മുന്നറിയിപ്പും നൽകുക എന്നതല്ലാതെ മറ്റൊരു കാര്യത്തിനും നാം നിന്നെ നിയോഗിച്ചിട്ടില്ല.' (അൽ ഇസ്രാഅ്: 105)

'ഇത് സർവലോകത്തിന്റെയും റബ്ബ് അവതരിപ്പിച്ച സന്ദേശമാകുന്നു. അതുമായി വിശ്വസ്തനായ ആത്മാവ് നിന്റെ ഹൃദയത്തിന്മേലിറങ്ങി-നീ (ദൈവത്തിന്റെ സൃഷ്ടികൾക്ക് ദൈവത്തിങ്കൽനിന്നുള്ള)

താക്കീത് നൽകുന്ന ആളുകളുടെ ഗണത്തിൽ ഉൾപ്പെടേണ്ടതിന്.' (അശ്ശുഅറാഅ്: 192–194)

'(പ്രവാചകാ,) മനുഷ്യർക്കൊന്നടങ്കം സുവിശേഷകനും മുറിയിപ്പുകാരനുമായിട്ടുതയൊകുന്നു നാം നിന്നെ നിയോഗിച്ചിട്ടുള്ളത്. പക്ഷേ, അധികജനവും അറിയുന്നില്ല.' (സബഅ്: 28)

പ്രവാചക മാതൃക സ്വീകരിക്കുന്നവർ, അവിടുത്തെ പോലെത്തന്നെ, ജനങ്ങൾക്ക് സുവിശേഷവും മുന്നറിയിപ്പും നൽകാൻ ബാധ്യസ്തരാണ്. അത്തരക്കാരുടെ പെരുമാറ്റം എങ്ങനെയായിരിക്കണമന്ന് തിരുമേനി(സ) തന്നെ വിവരിച്ചിരിക്കുന്നു:

'ആളുകൾക്ക് കാര്യങ്ങൾ സുതാര്യമാക്കുക, പ്രയാസമാക്കരുത്. (സുവിശേഷങ്ങൾ വഴി) അവരെ സമാധാനിപ്പിക്കുക, ആട്ടിപ്പായിക്കരുത്.'[20]

സുവാർത്തകൾ ആളുകളുടെ ഔൽസുക്യവും ആത്മവീര്യവും വർദ്ധിപ്പിക്കും. ദൈവമാർഗത്തിലെ പ്രവർത്തനങ്ങളിൽ കൂടുതൽ ദൃഢനിശ്ചയവും ഭദ്രതയുമുണ്ടാക്കുന്നതിന്ന് പ്രചോദനമാകും. സ്വർഗം ലഭിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടുള്ള പ്രവർത്തനം, വിരസമായോ, സ്വഭാവമായോ, ബാധ്യതയായോ ചെയ്യുന്നവരുടേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കണമെന്നത് തീർച്ച. 'സത്യവിശ്വാസികളെ സമരത്തിന്നു പ്രേരിപ്പിച്ചു കൊണ്ടിരിക്കണം'(അന്നിസാഅ്: 84) എന്ന് പ്രവാചകനോട് അല്ലാഹു നിർദ്ദേശിച്ചത് അത് കൊണ്ടത്രെ.

മറ്റൊരു സൂക്തത്തിൽ അല്ലാഹു പറയുന്നു:

'(നിന്നിൽ) വിശ്വസിച്ചവരെ സുവാർത്തയറിയിച്ചുകൊള്ളുക; എന്തെന്നാൽ അവർക്ക് അല്ലാഹുവിങ്കൽ നിന്ന് മഹത്തായ അനുഗ്രഹമുണ്ട്.'(അൽ അഹ്സാബ്: 47)

എന്നാൽ, സുതാര്യ കാര്യങ്ങളെ പ്രയാസകരമാക്കി വിശ്വാസികളെ നിരുത്സാഹപ്പെടുത്തുക, അല്ലാഹു ഖുർആനിൽ അവതരിപ്പിച്ച മംഗള കാര്യങ്ങളെയും സുവാർത്തകളെയും വിസ്മരിച്ചു കൊണ്ട് വിശ്വാസികളെ നൈരാശ്യത്തിലേക്ക് നയിക്കുക തുടങ്ങിയ കാര്യങ്ങൾ മുസ്ലിംകൾക്ക് ചേർന്നതല്ല. വിശ്വാസികൾക്ക് അല്ലാഹു വാഗ്ദാനം നൽകിയ നല്ല കാര്യങ്ങളെ അനുസ്മരിച്ച് അവരെ പുനരുജ്ജീവിപ്പിക്കുകയാണ്, ഖുർആനിനോടും പ്രവാചക സ്വഭാവത്തോടും പൊരുത്തപ്പെടുന്നത്. ഇത്തരം കാര്യങ്ങളിലൊന്നാണ് അല്ലാഹുവിന്റെ പാപമോചന വാർത്ത. ഖുർആൻ പറയുന്നു:

'(പ്രവാചകൻ) പറഞ്ഞുകൊടുക്കുക: സ്വന്തം ആത്മാക്കളോട് അക്രമം പ്രവർത്തിച്ചവരായ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശരാവരുത്. നിശ്ചയം, അല്ലാഹു സകല പാപങ്ങൾക്കും മാപ്പേകുന്നവനത്രെ. അവൻ ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ.' (അസ്സുമർ: 53)

'നമ്മുടെ സൂക്തങ്ങളിൽ വിശ്വാസമുള്ളവർ നിന്നെ സമീപിക്കുമ്പോൾ അവരോടു പറയുക: 'നിങ്ങൾക്കു സമാധാനം! നിങ്ങളുടെ നാഥൻ കാരുണ്യം തന്റെ സ്ഥായിയായ സ്വഭാവമായി സ്വീകരിച്ചിരിക്കുന്നു. നിങ്ങളിലൊരുവൻ അജ്ഞതയാൽ ഒരു തിന്മ പ്രവർത്തിച്ചുപോവുകയും എന്നിട്ട് അതിനുശേഷം പശ്ചാത്തപിക്കുകയും സ്വയം സംസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ അവൻ മാപ്പുകൊടുക്കുകയും കരുണയോടെ വർത്തിക്കുകയും ചെയ്യുമെന്നത് (അവന്റെ ഈ കാരുണ്യവും ഔദാര്യവും തന്നെയാകുന്നു).' (അൽ അൻആം: 54)

സ്വർഗത്തെ കുറിച്ച സുവാർത്തയാണ് മറ്റൊന്ന്. അല്ലാഹു പറയുകയാണ്:

'പറയുക: 'ഇതിനെക്കാൾ ഉത്തമമായതെന്തെന്നു ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? ഭക്തിയുടെ പാത സ്വീകരിക്കുന്നവർക്ക് അവരുടെ നാഥങ്കൽ ആരാമങ്ങളുണ്ട്. അതിനു കീഴെ ആറുകളൊഴുകിക്കൊണ്ടിരിക്കും. അവർക്കവിടെ ശാശ്വതജീവിതം ലഭിക്കുന്നതാകുന്നു. പരിശുദ്ധകളായ തരുണികൾ അവർക്കു സഹധർമിണിമാരായിട്ടുണ്ടായിരിക്കും. അവർ അല്ലാഹുവിന്റെ പ്രീതിയാൽ ധന്യരാകും. അല്ലാഹു അവന്റെ ദാസന്മാരുടെ നടപടികളെ ആഴത്തിൽ വീക്ഷിക്കുന്നവനല്ലോ.'(ആലു ഇംറാൻ: 15)

*സാധാരണ മനുഷ്യൻ*

അവിശ്വാസികളുടെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നായിരുന്നു അവരുടെ അഹങ്കാരം. ദൈവദൂതനോടുള്ള ധിക്കാരത്തിലേക്കും, ഒഴിവുകഴിവുകളെ ആശ്രയിക്കുന്നതിലേക്കും അവരെ നയിച്ചത് അതായിരുന്നു. പ്രവാചകന്മാർ അമാനുഷരായിരുന്നെങ്കിൽ മാത്രമേ തങ്ങൾ അനുസരിക്കുകയുള്ളുവെന്ന വാദം, ഇത്തരം ഒരു ഒഴിവുകഴിവത്രെ. എന്നാൽ, താനൊരു മനുഷ്യനാണെന്നും, കേവലമൊരു ദൈവദാസനാണെന്നും, മറ്റു പ്രതീക്ഷകളെല്ലാം അടിസ്ഥാനരഹിതമാണെന്നും, അവർ അല്ലാഹുവിലേക്ക് തിരിയണമെന്നും, അവരെ അവിടുന്ന് അനുസ്മരിപ്പിക്കുകയായിരുന്നു. അല്ലാഹു പ്രവാചകനോട് പറയുകയാണ്:

'പ്രവാചകൻ പറയുക: 'ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ  തന്നെയാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നുവെന്ന് എനിക്ക് ദിവ്യബോധനം ലഭിക്കുന്നുണ്ട്. അതിനാൽ തന്റെ റബ്ബിനെ കണ്ടുമുട്ടുമെന്നു പ്രതീക്ഷിക്കുന്നവൻ സൽക്കർമങ്ങളാചരിച്ചുകൊള്ളട്ടെ. ഇബാദത്തിൽ ആരെയും തന്റെ റബ്ബിന്റെ പങ്കാളിയാക്കാതിരിക്കുകയും ചെയ്യട്ടെ.' (അൽ കഹ്ഫ്: 110)

'അവരോടു പറയുക: 'ഭൂമിയിൽ ശാന്തരായി ചരിക്കുന്ന മലക്കുകളാണുള്ളതെങ്കിൽ, തീർച്ചയായും നാം ആകാശത്തുനിന്ന് മലക്കിനെത്തന്നെ അവർക്ക് ദൈവദൂതനായി അയക്കുമായിരുന്നു.' പ്രവാചകൻ, അവരോടു പറഞ്ഞുകൊള്ളുക: 'എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു തന്നെ മതി. അവൻ തന്റെ ദാസന്മാരെക്കുറിച്ച് തികഞ്ഞ ജ്ഞാനമുള്ളവനും എല്ലാം കണ്ടുകൊണ്ടിരിക്കുന്നവനുമല്ലോ.' (അൽ ഇസ്രാഅ്: 95, 96)

മുസ്ലിമായിരിക്കാനും അല്ലാഹുവിനെ അനുസരിക്കാനും താനും ആജ്ഞാപിക്കപ്പെട്ടിരിക്കുന്നുവെന്നും, അവിശ്വാസികളോട് മുന്നറിയിപ്പ് നൽകാൻ താൻ ഉത്തരവാദിത്തപ്പെട്ടിരിക്കുന്നുവെന്നും, എന്നാൽ, അവരുടെ തെരഞ്ഞെടുപ്പുകൾക്ക് താൻ ബാധ്യസ്ഥനായിരിക്കില്ലെന്നും, പ്രവാചകൻ(സ), തന്റെ ജനതയോട് പറഞ്ഞിട്ടുണ്ട്. ഈ വസ്തുത ഖുർആൻ രേഖപ്പെടുത്തുന്നു:

'(പ്രവാചകൻ, അവരോട് പറയുക:) ഞാൻ ആജ്ഞാപിക്കപ്പെട്ടിട്ടുള്ളത് ഇതുമാത്രമാകുന്നു: ഈ പട്ടണത്തിന്റെ റബ്ബിന് ഇബാദത്ത് ചെയ്യുക. ഇതിനെ പവിത്രമാക്കിയവന്. സകല വസ്തുക്കളുടെയും ഉടമയാണവൻ. മുസ്ലിമായിരിക്കണമെന്നും ഈ ഖുർആൻ ഓതിക്കേൾപ്പിക്കണമെും ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. വല്ലവനും സന്മാർഗം സ്വീകരിക്കുന്നുവെങ്കിൽ അത് സ്വന്തം ഗുണത്തിനുവേണ്ടി തന്നെയാകുന്നു. വല്ലവനും ദുർമാർഗിയാകുന്നുവെങ്കിലോ, അവനോട് പറഞ്ഞേക്കുക: 'ഞാനൊരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു.' അവരോട് പറയുക: 'അല്ലാഹുവിന് മാത്രമാകുന്നു സർവസ്തുതിയും. അടുത്തുതന്നെ അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണിച്ചുതരും. അപ്പോൾ നിങ്ങൾ അത് അറിയുകയും ചെയ്യും. നിന്റെ റബ്ബ് നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കർമങ്ങളെക്കുറിച്ച് ബോധമില്ലാത്തവനല്ല തന്നെ.'(അന്നംല്: 91– 93)

*ആശ്വാസകൻ*

വിശ്വാസികളുടെ ഭാരങ്ങൾ ഒഴിവാക്കി കൊടുത്തിരുന്നുവെന്നതും,  ദുർഗ്രാഹ്യ കാര്യങ്ങളിൽ മാർഗ്ഗദർശനം നൽകിയിരുന്നുവെന്നതും നബി(സ)യുടെ മറ്റൊരു ഗുണമായിരുന്നു. നിയമങ്ങൾ അടിച്ചേൽപിച്ചു, സ്വന്തം ജീവിതം പ്രയാസകരമാക്കിത്തീർക്കുകയും, അങ്ങനെ, തങ്ങൾ പ്രശ്നങ്ങൾ പരിഹരിച്ചിരിക്കുന്നുവെന്ന് തെറ്റിദ്ധരിക്കുകയും ചെയ്യുക മനുഷ്യരുടെ ഒരു പ്രവണതയാണ്. കാലങ്ങളോളമായി, മതവൈകൃതത്തിന്ന് ഒരു ഹേതുവായി തീരുകയായിരുന്നു ഈ പ്രവണത. നിരവധി സമൂഹങ്ങൾ, മതത്തിലില്ലാത്ത നിയമങ്ങൾ സങ്കൽപിക്കുകയും, അവ പാലിക്കുക ഭക്തിക്ക് അനിവാര്യമെന്ന് സ്വന്തത്തെയും മറ്റുള്ളവരെയും വിശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങൾ സ്വയം അടിച്ചേൽപിച്ച ഇത്തരം ഭാരങ്ങൾ ഇറക്കിവെക്കുകയായിരുന്നു നബി(സ)യുടെ ഒരു സുപ്രധാന ഗുണം. തദ്വിഷയകമായി ഖുർആൻ പറയുന്നു:

'തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിക്കാണുന്ന നിരക്ഷരനായ പ്രവാചകദൂതനെ പിന്തുടരുന്നവരാരോ, (അവരാകുന്നു ഇന്ന് ഈ അനുഗ്രഹത്തിന് അർഹരായിട്ടുള്ളവർ). അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു. തിന്മ വിലക്കുന്നു. അവർക്കായി ശുദ്ധ വസ്തുക്കൾ അനുവദിച്ചുകൊടുക്കു. അശുദ്ധ വസ്തുക്കളെ നിരോധിക്കുകയും ചെയ്യുന്നു. അവരെ ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങൾ ഇറക്കിവയ്ക്കുന്നു. അവരെ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്നു. അതിനാൽ അദ്ദേഹത്തെ വിശ്വസിക്കുകയും ബലപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവത

രിച്ച വെളിച്ചത്തെ പിന്തുടരുകയും ചെയ്യുന്നവർ മാത്രമാകുന്നു വിജയം പ്രാപിക്കുന്നവർ.'(അൽ അഅ്റാഫ്: 157)

ജനങ്ങൾ സ്വയം അടിച്ചേൽപിച്ച പ്രയാസങ്ങളാണ്, ഈ സൂക്തത്തിലെ 'ഭാരങ്ങളും' 'ചങ്ങലകളും.' പ്രവാചകനെന്ന പോലെ, സത്യപ്രബോധനം നടത്തിയും, അധാർമ്മികതകളെ കുറിച്ച് മുന്നറിയിപ്പ് നൽകിയും, ആളുകളിൽ നിന്ന് ഭാരങ്ങൾ ഇറക്കിവെക്കുന്നരും, ജനങ്ങൾക്ക് മാതൃകയാണ്.

ദൈവാംഗീകാരം മാത്രം ലക്ഷ്യമാക്കുന്ന സ്വഭാവമായിരുന്നു, ഉജ്ജ്വലമായ മറ്റൊരു പ്രവാചക മാതൃക. അവിടുന്ന് അല്ലാഹുവെ മാത്രം ഭയപ്പെട്ടു. സത്യമാർഗത്തിൽ നിന്ന് ഒരിക്കലും വ്യതിചലിച്ചില്ല. ജനങ്ങളുടെ ചാപല്യങ്ങൾക്കോ, താൽപര്യങ്ങൾക്കോ, ഒരിക്കലും വഴങ്ങിയില്ല. ഖുർആനിന്റെ ഈ ധാർമ്മിക വശം, ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരാശ്വാസ സ്രോതസ്സായിരുന്നു. മറ്റുള്ളവരെ പ്രീതിപ്പെടുത്താനും, മറ്റുള്ളവരാൽ സ്നേഹിക്കപ്പെടാനും, അല്ലാഹുവിന്റെയും മറ്റുള്ളവരുടെയും പ്രീതി നേടാനും, അവരുടെ സ്തുതിയാർജ്ജിക്കാനുമുള്ള ശ്രമങ്ങളെല്ലാം തന്നെ, തന്റെ പ്രവർത്തനങ്ങൾക്ക് വിഘാതമായി തീരുകയായിരിക്കും. മറ്റൊരു പ്രകാരേണ ഇഷ്ടപ്പെടുന്നതിനാൽ, സത്യസന്ധമായി ചിന്തിക്കാനോ, പെരുമാറാനോ, ഇക്കൂട്ടർക്കാവില്ല. എല്ലാവരെയും ഒന്നിച്ച് തൃപ്തിപ്പെടുത്താനിവർക്ക് കഴിയുകയില്ലല്ലോ. അവർ പ്രതീക്ഷിക്കുന്ന സ്തുയിയാർജ്ജിക്കുന്നതിൽ, ഇവർ പരാജയമായിരിക്കും. ചെറിയൊരു അബദ്ധം പിണയുമ്പോഴേക്കും അവർ പരിഭ്രാന്തരായി തീരുന്നു. തങ്ങൾ ഉദ്ദേശിക്കുന്നവരെ, പൂർണമായി സംതൃപ്തരാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മനസ്സിലാക്കുമ്പോൾ, അവരുടെ വിശ്വാസവും ആദരവും തങ്ങൾക്ക് നഷ്ടപ്പെട്ടതായി ഇവർ ഭയപ്പെടുന്നു.

മറിച്ച്, ദൈവപ്രീതിയും ദൈവഭയവും മാത്രം മുമ്പിൽ വെച്ചു പ്രവർത്തിക്കുന്ന മുസ്ലിംകളെ സംബന്ധിച്ചിടത്തോളം, ഇഹത്തിലും പരത്തിലും ഹാനികരമായ യാതൊരു ഭാരവും അവരെ അലട്ടുകയില്ല. ജനങ്ങളുടെ ഇഷ്ടമോ, അനിഷ്ടമോ, ഒന്നും തന്നെ, അവരെ തൊന്തരവാക്കുകയില്ല. അതിനാൽ തന്നെ, അവരെപ്പോഴും ശാന്തരായിരിക്കും. തങ്ങൾ ചെയ്യുന്ന ഏതൊരബദ്ധത്തിന്നും പടച്ചവനോട് മത്രമേ കണക്ക് ബോധിപ്പിക്കേണ്ടതുള്ളുവെന്നും, അവനോട് മാത്രമേ മാപ്പപേക്ഷിക്കേണ്ടതുള്ളുവെന്നും, അറിയാവുന്നതിനാൽ, മനക്ലേശമോ, ഉൽകണ്ഠയോ അവരെ പിടികൂടുന്നില്ല.

വിശ്വാസ വിശുദ്ധിയോടെ ജീവിക്കാൻ, സ്വന്തം വാക്കുകളിലൂടെയും സ്വഭാവങ്ങളിലൂടെയും, പ്രവാചകൻ(സ) വിശ്വാസികളെ പഠിപ്പിക്കുകയായിരുനന്നു. തദ്വാരാ, 'അന്യരെ പ്രീതിപ്പെടുത്തുക' എന്ന 'ഭാരം' മനുഷ്യരിൽ നിന്നൊന്നടങ്കം അദ്ദേഹം ഇറക്കി വെക്കുകയായിരുന്നു.

വിശ്വാസ ശുദ്ധിയുള്ളവർ, അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നവരെ പോലെയായിരിക്കില്ലെന്ന് ഖുർആൻ പറയുന്നു:

'അല്ലാഹു ഇതാ ഒരുദാഹരണം പറയുന്നു: ഒരു മനുഷ്യൻ; ദുഷ്ടന്മാരും, അവനെ താന്താങ്ങളിലേക്ക് പിടിച്ചുവലിക്കുന്നവരുമായ അനേകം യജമാനന്മാർ അവന്റെ ഉടമസ്ഥതയിൽ പങ്കാളികളാണ്. മറ്റൊരാളോ, ഒരേയൊരു യജമാനന്റെ ദാസൻ. ഈ രണ്ടുപേരുടെയും അവസ്ഥ ഒരുപോലെയാകുമോ? - അൽഹംദുലില്ലാഹ്, പക്ഷേ, അധികജനവും അറിയുന്നില്ല.'(അസ്സുമർ: 29)

വിഗ്രഹാരാധന മാത്രമായിരുന്നില്ല വിശ്വാസികളുടെ ചുമലിൽ നിന്ന് പ്രവാചകൻ(സ) ഇറക്കിവെച്ച ഭാരം. തങ്ങളുടെ ജീവിതത്തിൽ പ്രയാസം സൃഷ്ടിച്ചിരുന്ന സകല ഭാരങ്ങളിൽ നിന്നും അവിടുന്ന് അവരെ മോചിപ്പിച്ചു. സകല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തി. തിരുചര്യയനുസരിച്ച് ജീവിതം നയിക്കുന്നവർക്ക് ആശ്വാസവും സമാധാനവും ലഭിക്കുന്നത് ഇത് കൊണ്ടത്രെ. തദ്വിഷയകമായ ചില ഹദീസുകൾ കാണുക:

'മുആദിനെയും അബൂമൂസയെയും യമനിലേക്കയക്കുമ്പോൾ നബി(സ) പറഞ്ഞു:' ജനങ്ങളോട് സുതാര്യമായി പെരുമാറുക, അവർക്ക് ഞെരുക്കമുണ്ടാക്കരുത്. അവരെ സുവിശേഷങ്ങൾ അറിയിക്കുക. അവരെ വിമുഖരാക്കരുത്. പരസ്പരം സ്നേഹിക്കുക. ഭിന്നിക്കരുത്.'[21]

'രണ്ടു കാര്യങ്ങളിൽ ഒന്നിനെ തെരഞ്ഞെടുക്കാൻ പ്രവാചകന്ന് അവസരമുണ്ടായാൽ, അവയിൽ ഏറ്റവും എളുപ്പമായതേ അവിടുന്ന് തെരഞ്ഞെടുക്കുമായിരുന്നുള്ളു. അത് പാപമാകാതിരിക്കുമ്പോൾ. പാപമാണെങ്കിൽ അതിൽ നിന്ന് ഏറ്റവും അകന്നു നിൽക്കുന്നവൻ അദ്ദേഹമായിരുന്നു.'[22]

*പരിഗണനയും അനുകമ്പയും*

തന്റെ ഇഷ്ടജനങ്ങൾ, ബന്ധുക്കൾ, ചുറ്റുപാടുള്ളവർ എന്നിവരുടെ, ശാരീരികവും ആത്മീയവുമായ പ്രശ്നങ്ങളിൽ നബി(സ) പ്രത്യേക താൽപര്യമെടുത്തിരുന്നു. അവരുടെ ആരോഗ്യം, സുരക്ഷ, സന്തോഷം എന്നിവ ഉറപ്പു വരുത്തുന്നതിന്നുള്ള എല്ലാ നടപടികളും അവിടുന്ന് സ്വീകരിച്ചിരുന്നു. അവരോട് അങ്ങേയറ്റത്തെ ആർദ്രത കാണിച്ച പ്രവാചകൻ(സ), ദൈവഭക്തി പ്രോത്സാഹിപ്പിച്ചു കൊണ്ട്, പരലോകത്തിലെ അവരുടെ ഭാഗധേയത്തെ കുറിച്ച് എപ്പോഴും അവരെ ബോധവരാക്കിയിരുന്നു. സകലർക്കും മാതൃകയായ പ്രവാചകന്റെ സവിശേഷ ലക്ഷണങ്ങൾ ഖുർആൻ വിവരിക്കുന്നു:

'നിങ്ങൾക്കിടയിൽ നിങ്ങളിൽനിന്നുതന്നെ ഒരു ദൈവദൂതൻ ഇതാ ആഗതനായിരിക്കുന്നു. നിങ്ങൾ വിഷമിക്കുന്നത് അദ്ദേഹത്തിനു അസഹ്യമാണ്. നിങ്ങളുടെ വിജയത്തിൽ അതീവ തൽപരനാണദ്ദേഹം. സത്യവിശ്വാസികളോട് അലിവും കാരുണ്യവുമുള്ളവനാകുന്നു' (അത്തൗബ: 128)

'വിശ്വാസികളിൽ നിന്നെ പിൻപറ്റുന്നവരോട് സൗമ്യമായി വർത്തിക്കുക.'(അശ്ശുഅറാഅ്: 215)

പ്രവാചകനെ മാതൃകയായി സ്വീകരിച്ച സഹാബികൾ, ഖുർആൻ വിവരിച്ച ഈ ഗുണങ്ങൾ സ്വായത്തമാക്കിയിരുന്നു. ഇതരർക്ക് വേണ്ടിയുള്ള അവരുടെ ത്യാഗത്തെ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു:

'(ആ സമ്പത്ത്) സ്വന്തം വീടുകളിൽനിന്നും സ്വത്തുക്കളിൽനിന്നും പുറംതള്ളപ്പെട്ട പാവങ്ങളായ പലായകർക്കും ഉള്ളതാകുന്നു. അവരോ അല്ലാഹുവിന്റെ ഔദാര്യവും പ്രീതിയും കാംക്ഷിക്കുന്നു, അല്ലാഹുവിനെയും അവന്റെ ദൂതനെയും പിന്തുണക്കാൻ സന്നദ്ധരായി നിലകൊള്ളുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യസന്ധരായ ജനം. മുഹാജിറുകൾ എത്തുന്നതിനു മുമ്പേ സത്യവിശ്വാസികളായിക്കൊണ്ട് മദീനയിൽ താമസിച്ചിരുന്നവർക്ക് (കൂടിയുള്ളതത്രെ ഈ സമ്പത്ത്). അവരോ, തങ്ങളിലേക്ക് പലായനം ചെയ്തെത്തിയവരെ സ്നേഹിക്കുന്നു. മുഹാജിറുകൾക്ക് ലഭിച്ചതിൽ യാതൊരാഗ്രഹവും അവരുടെ മനസ്സിൽ തോന്നുന്നില്ല. തങ്ങൾക്കുതന്നെ ആവശ്യമുള്ളപ്പോൾ പോലും അവർ മറ്റുള്ളവരുടെ ആവശ്യത്തിന് മുൻഗണന നൽകുന്നു. സ്വമനസ്സിന്റെ സങ്കുചിതത്വത്തിൽനിന്ന് ആര് മുക്തരാകുന്നുവോ അവരത്രെ വിജയം വരിക്കുന്നവർ.'(അൽ ഹശ്ർ: 9)

ഖുർആനിക സൂക്തങ്ങൾ മുറുകെ പിടിച്ചിരുന്നവരായിരുന്നു പ്രവാചകൻ(സ) പഠിപ്പിച്ച വിശ്വാസികൾ. യുദ്ധത്തിലെ ശത്രുക്കളോട് പോലും അനുകമ്പ പൂർവം പെരുമാറിയിരുന്നു അവർ. ഇതേ കുറിച്ചും ഖുർആൻ പറയുന്നു:

'ഇവർ ദൈവസ്നേഹത്താൽ, അഗതികൾക്കും അനാഥർക്കും ബന്ധിതർക്കും അന്നം നൽകുന്നു. (അവരോട് പറയുന്നു:) 'അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാകുന്നു ഞങ്ങൾ നിങ്ങളെ ഊട്ടുന്നത്. നിങ്ങളിൽനിന്ന് പ്രതിഫലമോ നന്ദിപ്രകടനമോ ഞങ്ങൾ കാംക്ഷിക്കുന്നില്ല. ഞങ്ങൾ, ഞങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ഘോരവിപത്ത് പരന്ന ആ ദിനത്തെ ഭയപ്പെടുന്നു.'(അൽ ഇൻസാൻ: 8-10)

കരുണ കാണിക്കാൻ പ്രവാചകൻ(സ) ഓർമ്മിപ്പിക്കുന്നു:

'കരുണ കാണിക്കുന്നവരോട്, കരുണാവാരിധിയായദൈവം കരുണ കാണിക്കും. ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക, ആകാശത്തുള്ളവർ നിന്നോട് കരുണ കാണിക്കും.'[23]

'കരുണ കാണിക്കാത്തവർക്ക് കരുണ ലഭിക്കുകയില്ല.'[24]

'എന്റെ ആത്മാവ് ആരുടെ വശമാണോ അവനാണ് സത്യം, വിശ്വാസിയാകുന്നത് വരെ, നീ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നത് വരെ, നീ വിശ്വാസിയാകുന്നതല്ല. പരസ്പര സ്നേഹ ദായകമായ ഒരനുഷ്ഠാനത്തെ കുറിച്ച് നിങ്ങൾ എന്നോട് അന്വേഷിക്കുന്നുവോ? നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക.'[25]

*വിശ്വാസികൾക്ക് വേണ്ടി പ്രാർത്ഥന*

വിശ്വാസികളോടുള്ള സ്നേഹവും പരിഗണനയും കാരണം, അവരുടെ പാപമോചനത്തിന്നായി അവിടുന്ന് പ്രാർത്ഥിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തോട് പറയുന്നു:

‘അല്ലയോ പ്രവാചകാ, വിശ്വാസികളായ സ്ത്രീകൾ നിന്റെയടുക്കൽ വന്ന്, അവർ യാതൊന്നിനെയും അല്ലാഹുവിന്റെ പങ്കാളിയാക്കുകയില്ലെന്നും മോഷ്ടിക്കുകയില്ലെന്നും വ്യഭിചരിക്കുകയില്ലെന്നും മക്കളെ കൊല്ലുകയില്ലെന്നും അവരുടെ കൈകാലുകൾക്കിടയിൽ ഒരു തരത്തിലുള്ള കള്ളവും കെട്ടിച്ചമക്കുകയില്ലെന്നും യാതൊരു സൽക്കാര്യത്തിലും നിനക്കെതിര് പ്രവർത്തിക്കുകയില്ലെന്നും പ്രതിജ്ഞ ചെയ്താൽ അവരുടെ പ്രതിജ്ഞ സ്വീകരിച്ചുകൊള്ളുക. അവർക്കു വേണ്ടി പാപമോചനം തേടുക. നിശ്ചയം, അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു.’ (അൽ മുംതഹിന: 12)

‘അതിനാൽ പ്രവാചകൻ നന്നായി അറിഞ്ഞുകൊള്ളുക: അല്ലാഹു അല്ലാതെ ആരും ഇബാദത്തിനർഹനല്ല. നിന്റെ തെറ്റുകൾക്ക് മാപ്പ് തേടുക; വിശ്വാസികളായ സ്ത്രീപുരുഷന്മാർക്കുവേണ്ടിയും. അല്ലാഹു നിങ്ങളുടെ പ്രയത്നങ്ങൾ അറിയുന്നു; നിങ്ങളുടെ പാർപ്പിടത്തെക്കുറിച്ചും അറിയുന്നു.’ (മുഹമ്മദ്: 19)

‘അതിനാൽ അവർ ഒരാവശ്യത്തിനുവേണ്ടി സമ്മതം ചോദിച്ചാൽ നീ ഉദ്ദേശിക്കുവർക്കു സമ്മതം നൽകിക്കൊള്ളുക. അത്തരം ആളുകൾക്കുവേണ്ടി അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുക. നിശ്ചയം, അല്ലാഹു ഏറെ മാപ്പരുളുന്നവനും ദയാപരനുമല്ലോ.’(അന്നൂർ: 62)

വിശ്വാസികൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ മറ്റൊരു സൂക്തത്തിൽ, നബി(സ)യോട് അല്ലാഹു കൽപിക്കുന്നു:

‘അവർക്കു കാരുണ്യം ലഭിക്കാൻവേണ്ടി പ്രാർഥിക്കുകയും വേണം. നിന്റെ പ്രാർഥന അവർക്ക് മനശ്ശാന്തി നൽകുന്നതാകുന്നു.’(അത്തൗബ: 103)

ഈ സൂക്തത്തിൽ പറഞ്ഞത് പോലെ, നബി(സ)യുടെ പ്രാർത്ഥന വിശ്വാസികളിൽ സമാധാനവും ശാന്തിയും കൈവരുത്തുകയുണ്ടായി. എന്നാൽ, സമാധാനവും ശാന്തിയും കൈവരുത്താൻ അല്ലാഹുവിന്നേ കഴിയുകയുള്ളുവെന്നും, വിശ്വാസികളുടെ സംരക്ഷകനും രക്ഷിതാവുമായി അവൻ നിയോഗിച്ച പ്രവാചകന്റെ പ്രാർത്ഥനയെ, അവരുടെ ആശ്വാസത്തിന്നും സുതാര്യതക്കും നിമിത്തമാക്കുകയായിരുന്നുവെന്നും വിസ്മരിക്കാവതല്ല. വിശ്വാസികളോടുള്ള അല്ലാഹുവിന്റെ സ്നേഹവും അനുകമ്പയും, അവർക്കുള്ള സംരക്ഷണവും കാരുണ്യവുമെല്ലാം, അവിടുത്തെ ജീവിതത്തിൽ, വ്യക്തമായി പ്രതിനിധാനം ചെയ്യപ്പെട്ടിരിക്കുന്നു.

പ്രാർത്ഥന ഒരു സുപ്രധാന കാര്യമാണെന്ന്, താഴെ ഹദീസ് അനുസ്മരിപ്പിക്കുന്നു:

‘നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, ‘അല്ലാഹുവെ, നീ ഇച്ഛിക്കുന്നുവെങ്കിൽ പൊറുത്തു തരിക’ എന്ന് പറയരുത്. നിങ്ങളുടെ ആവശ്യത്തിൽ ഉറച്ചു നിൽക്കുക. അവനെ നിർബന്ധിതനാക്കുന്ന ഒന്നുമില്ലല്ലോ.’[26]

*ധർമ്മങ്ങളിലൂടെ വിശുദ്ധി*

‘അവരുടെ സമ്പത്തിൽ നിന്നും ധർമ്മം വസൂൽ ചെയ്ത് അവരെ ശുദ്ധീകരിക്കുക’ (അത്തൗബ: 103) എന്ന് അല്ലാഹു പ്രവാചകനോട് കല്പിക്കുന്നുണ്ട്. വിശ്വാസികളിൽ നിന്ന് അവിടുന്ന് വസൂൽ ചെയത ധർമ്മങ്ങൾ വഴി, അവിടുന്ന് അവരെ ശുദ്ധീകരിക്കുകയായിരുന്നുവെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. വാചാ കർമ്മണാ ദൈവിക പാത അനുധാവനം ചെയ്യുന്ന ദൈവിക ദൂതരാണല്ലോ പ്രവാചകൻ(സ). ബഹുദൈവാരാധകരുടെ തെറ്റുകളിൽ വീണുപോകാതെ, സദാ അല്ലാഹുവിൽ മുഴുകുന്നുവെന്നതാണ്, അവിടുത്തെ അത്യുന്നത സ്വഭാവഗുണങ്ങളുടെ സ്രോതസ്സ്. ദൈവികാജ്ഞകൾ മുഴുവൻ പാലിക്കുകയാൽ, അതുല്യ സ്വഭാവഗുണങ്ങൾ സ്വായത്തമാക്കി, അവിടുന്ന് ലോകത്തിന്നെന്നടങ്കം മാതൃകയാവുകയായിരുന്നു.

സകല വിശ്വാസികൾക്കും, മാർഗ്ഗദർശനമായി തീരേണ്ട ഒരു വസ്തുതയത്രെ ഇത്. അല്ലാഹുവിന്റെ വെളിപാടായ ഖുർആനും, തിരുമേനി(സ) പഠിപ്പിച്ച ധർമ്മങ്ങളും മുറുകെ പിടിച്ചു കൊണ്ട്, ലോകത്തിന്നു മാതൃകയാകേണ്ടവരാണവർ.

*കൂടിയാലോചന*

അല്ലാഹു പറയുന്നു: 'അവരുടെ തെറ്റുകൾ പൊറുക്കുക. അവരുടെ പാപമുക്തിക്കായി പ്രാർഥിക്കുക. കാര്യങ്ങളിൽ, അവരോടും കൂടിയാലോചിക്കുക. എന്നിട്ട് തീരുമാനമെടുത്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. അല്ലാഹുവോ അവനെ ഭരമേൽപിച്ചു പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു.' (ആലു ഇംറാൻ: 159)

ഈ ആജ്ഞപ്രകാരം, അവിടുന്ന് വിശ്വാസികളുമായി കൂടിയാലോചിക്കുകയും അവരുടെ അഭിപ്രായങ്ങളാരായുകയും ചെയ്തിരുന്നു. അങ്ങനെ ഒരു തീരുമാനത്തിലെത്തിച്ചേർന്നാൽ, അത് അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, സകല പ്രശ്നങ്ങളുടെയും തീരുമാനം, അല്ലാഹു മുൻകൂട്ടി തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്. ചർച്ചയിലൂടെ തീരുമാനത്തിലെത്തുക വിശ്വാസികളുടെ ധർമ്മമാണ്. തദാനുസാരം, പ്രവാചകൻ(സ) സഹാബികളുമായി കൂടിയാലോചിക്കുകയും ഫലം അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും, അപ്പോൾ, ഏറ്റവും നല്ല ഫലങ്ങൾ അല്ലാഹു ഉളവാക്കുകയും ചെയ്തിരുന്നു.

സദ്ഫലങ്ങളുണ്ടാകാൻ ഉപയുക്തമായ ഒരു നിമിത്തമാണ് കൂടിയാലോചന. മറ്റൊരാളുമായി കൂടിയാലോചന നടത്തുന്നയാളിൽ വിനയം എന്ന മികച്ച സ്വഭാവം സംജാതമാകുമല്ലോ. വിശ്വാസികളിൽ വെച്ചേറ്റവും ബുദ്ധിയും ഉൾക്കാഴ്ചയുമുള്ള ആളായിരുന്നുവല്ലോ പ്രവാചകൻ(സ). എന്നിട്ടും മറ്റുള്ളവരുമായി ചർച്ച നടത്തുകയും അഭിപ്രായമാരായുകയും ചെയ്യുന്നു. ഇത് അദ്ദേഹത്തെ എത്രമാത്രം വിനയാന്വിതനാക്കുകയാണ്!

മറ്റുള്ളവരേക്കാൾ തങ്ങൾക്കറിയാമെന്ന നിലപാട് കൈയൊഴിച്ച്, എല്ലാ കാര്യങ്ങളിലും വിനയാന്വിതരാവുകയാണ് വിശ്വാസികളുടെ സ്വഭാവം. ഈ പ്രവാചക സ്വഭാവം സ്വീകരിക്കുക വഴി, അവർ അവിടുത്തോട് സാദൃശ്യം നേടുന്നു. വിശ്വാസികളോട് വിനയവും സ്നേഹവും പ്രദർശിപ്പിക്കുക വഴി, അല്ലാഹുവിന്റെയും വിശ്വാസികളുടെയും പ്രീതിയാണയാൾക്ക് ലഭിക്കുന്നത്. സ്വന്തം ബുദ്ധിശക്തിയെ കുറിച്ച അഹന്ത, അയാൾ കൈയൊഴിക്കുകയും ചെയ്യുന്നു. 'എല്ലാ അറിവാളന്മാർക്കും മീതെ ഒരു സർവജ്ഞനുണ്ടെ'ന്ന് (യൂസുഫ്: 76) ഖുർആൻ പറയുന്നു. സ്വന്തം ബുദ്ധിയെ മാത്രം ആശ്രയിക്കാതെ, മറ്റുള്ളവരുടെ ബുദ്ധിയും ആശയങ്ങളും അനുഭവങ്ങളും ഉപയോഗപ്പെടുത്തിയാലേ നല്ല ഫലമുളവായകുകയുള്ളുവെന്നാണിതിനർത്ഥം. അതെ, ഒരു മനസ്സിന്റെ സ്ഥാനത്ത് പല മനസ്സുകൾ! വിശ്വാസികൾ പരസ്പരം കൂടിയാലോചന നടത്തണമെന്ന് നബി(സ) ഉപദേശിക്കുന്നു:

'ദൈവ പ്രീതി തേടുകയും പരസ്പരം കൂടിയാലോചന നടത്തുകയും ചെയ്യുന്നവർക്ക്, തങ്ങളുടെ കാര്യങ്ങളിൽ ഏറ്റവും മികച്ചതിലേക്ക് മാർഗ്ഗദർശനം ലഭിക്കും.'[27]

അല്ലാഹു ഖുർആനിൽ കാണിച്ച മാർഗ്ഗങ്ങളും പ്രവാചക സ്വഭാവങ്ങളുമാണ് ഏറ്റവും മംഗളവും ഉത്തമവുമായത്. മറ്റുള്ളവരുമായുള്ള കൂടിയാലോചന ഈ ഇനത്തിൽ പെട്ടതാണ്. അതിനാൽ തന്നെ, ദൈവികാജ്ഞകളും, പ്രവാചക സ്വഭാവങ്ങളും മനസ്സിലാക്കുകയും സദ്സ്വഭാവങ്ങൾ കൈകൊള്ളുകയും ചെയ്യുക, കർത്തവ്യ നിർവഹണം മെച്ചപ്പെടുത്തുന്നതിന്ന് അനിവാര്യമാണ്.

*യശസ്സും ബഹുമതിയും*

അല്ലാഹു പറയുന്നു: 'നാം നിന്റെ യശസ്സ് ഉയർത്തിയിരിക്കുന്നു.' (അൽ ഇൻശിറാഹ് : 4)

മുകളിൽ പറഞ്ഞ സൂക്തം പറയുന്നത് പോലെ, ജീവിത കാലത്തും മരണത്തിന്നു ശേഷം 1400 വർഷത്തിലധികം കഴിഞ്ഞിട്ടും, മുഹമ്മദ് നബി(സ) അംഗീകരിക്കപ്പെടുന്നു. 1400 വർങ്ങളോളമായി, ബില്യൻ കണക്കിലാളുകൾ അവിടുത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു പോരുന്നു. അവിടുത്തെ കണ്ടിട്ടില്ലെങ്കിലും അവർ അങ്ങേയറ്റം സ്നേഹിക്കുന്നു; അദ്ദേഹത്തോടൊപ്പം സ്വർഗ്ഗത്തിൽ നൈതികത ലഭിക്കാനായി പ്രാർത്ഥിക്കുന്നു.

മറ്റു സൂക്തങ്ങളിൽ 'മഹാനായ'ദൂതനായാണ് നബി(സ) വിവരിക്കപ്പെടുന്നത്:

'യഥാർഥത്തിൽ ഇത് ഒരു മഹാനായ ദൂതന്റെ വചനമാകുന്നു. അതിശക്തൻ, സിംഹാസനമുടയവന്റെ സന്നിധിയിൽ ഉന്നതസ്ഥാനീയൻ. അവിടെ അവന്റെ ആജ്ഞ അനുസരിക്കപ്പെടുന്നു. വിശ്വസ്തനുമാകുന്നു. (ഹേ, മക്കാവാസികളേ) നിങ്ങളുടെ സഖാവ് ഭ്രാന്തനല്ല.'(അത്തക്‌വീർ : 19-22)

'ഇത് മഹാനായ ദൈവദൂതന്റെ വചനമാകുന്നു.'(അൽ ഹാഖ്വ :40)

നൂഹ്, ഇൽയാസ്, മൂസ, ഹാറൂൻ തുടങ്ങി നിരവധി പ്രവാചകന്മാരെ ഖുർആൻ ആദരണീയരായി വിവരിക്കുന്നു. ജീവിതം മുഴുവൻ പ്രശസ്തിക്കും ആദരവിന്നും വേണ്ടി കഠിനാദ്ധ്വാനം നടത്തുന്ന എത്രയോ ആളുകളുണ്ട്. പക്ഷെ, അവസാനം അതവർക്ക് നഷ്ടപ്പെടുകയായിരിക്കും.

യഥാർത്ഥത്തിൽ, ഖുർആനിക സ്വഭാവമനുസരിച്ച് ജീവിച്ചാൽ മാത്രമേ, , ഒരാൾക്ക് ദൈവിക ദൃഷ്ടിയിൽ യശസ്സും ആദരവും ലഭിക്കുകയുള്ളുവെന്നാണ് ഖുർആൻ പറയുന്നത്:

'..സത്യമെങ്ങാനും അവരുടെ മോഹങ്ങളെ പിന്തുടർന്നിരുന്നുവെങ്കിൽ വാനലോകങ്ങളുടെയും ഭൂമിയുടെയും അവയിലെ മുഴുവൻ നിവാസികളുടെയും സംവിധാനം തീർച്ചയായും താറുമാറായിപ്പോകുമായിരുന്നു-അല്ല പ്രത്യുത, നാം അവരുടെ തന്നെ ഉദ്ബോധനം അവർക്ക് എത്തിച്ചതാണ്. അവരോ, സ്വന്തം ഉദ്ബോധനത്തെ അവഗണിച്ചുകൊണ്ടിരിക്കുന്നു.' (അൽ മുഅ്മിനൂൻ: 71)

*ദാക്ഷിണ്യവും ഉപചാരശീലവും*

പ്രവാചകനോടൊന്നിച്ചുണ്ടായിരുന്നവരിൽ പലരും, അത്രമാത്രം സംസ്കാരമോ ഉപചാരശീലമോ ഉള്ളവരായിരുന്നില്ല. തങ്ങൾ എത്രമാത്രം ചിന്താ ശൂന്യരാണെന്നും, തങ്ങളുടെ സ്വഭാവം മറ്റുള്ളവരെ എത്ര മാത്രം അതൃപ്തരാക്കുമെന്നും മലസ്സിലാക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. പല ഖുർആൻ സൂക്തങ്ങളിൽ നിന്നും ഈ വസ്തുത നമുക്ക് മനസ്സിലാക്കാൻ കഴിയും. വീടിന്റെ പിൻ വശത്തിലൂടെ മാത്രം പ്രവേശിക്കുന്നവർ, തിരുമേനി(സ) ഭക്ഷണം കഴിച്ചു കൊണ്ടിരിക്കെ, അവിടുത്തെ വീട്ടിൽ പ്രവേശിക്കുകയോ, ദീർഘ നേരം സംസാരിച്ചു അവിടുത്തെ സമയം നഷ്ടപ്പെടുത്തുകയോ ചെയ്യുന്നവർ, ഇങ്ങനെ പലരെ കുറിച്ചും ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ, വളരെ ചിന്തയും സംസ്കാരവും, ദാക്ഷിണ്യവും സഹനവുമുള്ള പ്രവാചകൻ(സ), വളരെ അനുകമ്പയോടെയായിരുന്നു അവരോട് പെരുമാറിയിരുന്നത്. അതോടൊപ്പം, മറ്റുള്ളവരിൽ അതൃപ്തിയുണ്ടാക്കുന്ന ഇത്തരം പെരുമാറ്റങ്ങളെ കുറിച്ച് അവിടുന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. അങ്ങനെ, സഹനത്തോടും അശ്രാന്ത പരിശ്രമത്തോടും അവരെ പഠിപ്പിച്ചു കൊണ്ട്, അവരുടെ അനുകമ്പ നേടുകയും, വിശ്വാസികൾക്കൊരു ഉത്തമ മാതൃകയാക്കുകയുമായിരുന്നു അവിടുന്ന്.

അളവറ്റ സ്നേഹത്തിന്റെയും അനുകമ്പയുടെയും ഉടമയായ അല്ലാഹു, ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിക്കുകയും പിന്തുണക്കുകയുമായിരുന്നു. അല്ലാഹു പറയുന്നു:

'അല്ലയോ വിശ്വാസികളേ, പ്രവാചകന്റെ ഭവനങ്ങളിൽ അനുവാദമില്ലാതെ പ്രവേശിക്കരുത്. അവിടെ ആഹാരം പാകമാകുന്നത് നോക്കിയിരിക്കുകയുമരുത്. എന്നാൽ ഭക്ഷണത്തിന് ക്ഷണിക്കപ്പെട്ടാൽ തീർച്ചയായും നിങ്ങൾ ചെന്നുകൊള്ളുക. ഭക്ഷണം കഴിഞ്ഞാൽ പിരിഞ്ഞുപോകണം. അവിടെ വെടിപറഞ്ഞിരിക്കരുത്. നിങ്ങളുടെ ഈ ഏർപ്പാട് തീർച്ചയായും പ്രവാചകന് ശല്യമാകുന്നുണ്ട്. അദ്ദേഹം ലജ്ജമൂലം ഒന്നും പറയുന്നില്ല. അല്ലാഹുവോ, സത്യം പറയുന്നതിൽ ഒട്ടും ലജ്ജിക്കുന്നില്ല.'(അൽ അഹ്സാബ് : 53)

അവിടുത്തെ ദാക്ഷിണ്യത്തിന്റെയും അനുകമ്പയുടേയുമായ നിരവധി ഉദാഹരണങ്ങൾ, സഹാബിമാരുടെ വിവരണങ്ങളിൽ നിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. ദൈവദൂതനും, നാട്ടിന്റെ ഭരണാധിപനുമായിരുന്ന നബി(സ)ക്ക്, നാട്ടു പ്രമുഖരും ഗോത്ര മേധാവികളും മുതൽ, പാവങ്ങൾ, അഗതികളായ സ്ത്രീകൾ, അനാഥകൾ തുടങ്ങി, ജീവിതത്തിന്റെ നാനാ തുറകളിലുമുള്ള ആളുകളുമായി നിരന്തരം ബന്ധപ്പെടേണ്ടതുണ്ടായിരുന്നു. എന്നാൽ, സാമൂഹ്യ പദവികൾ, ജീവിത രീതികൾ, സമ്പ്രദായങ്ങൾ എന്നിവയിൽ വ്യത്യസ്തത പുലർത്തിയിരുന്ന ആളുകളുമായി, അവിടുന്ന് ആശയ വിനിമയം നടത്തുവാനും, അവരുടെ ഹൃദയം കവരാനും അദ്ദേഹത്തിന്നു കഴിഞ്ഞിരുന്നു. ആകർഷക പെരുമാറ്റവും സഹനവുമായിരുന്നു അവിടുന്ന് പ്രദർശിപ്പിച്ചിരുന്നത്.

മുഹമ്മദ് നബി(സ), വളരെ ദയാലുവും, ആക്ഷേപരഹിതനും, സൗഹാർദ്ദ പൂർണ്ണനും, ചിന്താശീലനു മായിരുന്നുവെന്ന്, അനുഭവസ്തരുടെ വിവരണങ്ങളിൽ നിന്ന് മനസ്സിലാകും. വളരെ മികച്ചതും യുക്ത വുമായ രീതിയിലായിരുന്നു അദ്ദേഹം, മര്യാദയും നിയമങ്ങളും പ്രാവർത്തികമാക്കിയത്.

'അവിടുത്തെ സ്വഭാവം ഖുർആനായിരുന്നു'[28]വെന്നു പറഞ്ഞുകൊണ്ടാണ് ആയിശ(റ) പ്രവാചക ന്റെ(സ) സ്വഭാവം വിവരിച്ചത്. പ്രവാചക ഭവനത്തിൽ വളരുകയും, ദീർഘകാലം നബി(സ)യെ സേവി ക്കുകയും ചെയ്ത അനസ് ബ്നു മാലികിന്റെ വിവരണം ഇങ്ങനെ:

'ഒരാളുമായി ഹസ്തദാനം നടത്തുമ്പോൾ, അയാൾ കൈവലിക്കുന്നത് വരെ അവിടുന്ന് കൈ വലിച്ചിരു ന്നില്ല; മറ്റെയാൾ മുഖം തിരിക്കുന്നത് വരെ, അവിടുന്ന് മുഖം തിരിച്ചിരുന്നില്ല.'[29]

നബി(സ) 'ആസിയ' (അനുസരണയില്ലാത്തവൾ) എന്ന പേര് മാറ്റി, നീ 'ജമീല'(സുന്ദരി)യാണെന്ന്[30] വിളിച്ചതായി ഇബ്നു ഉമർ നിവേദനം ചെയ്യുന്നു.

ഒരാൾ അവിടത്തോട് സംസാരിക്കുമ്പോൾ, അയാളുടെ സംസാരം തീരുന്നത് വരെ അവിടുന്ന് സശ്ര ദ്ധം ശ്രവിച്ചിരുന്നു.[31]

അനസ് ബിൻ മാലിക് പറയുന്നു:

'പത്തു വർഷത്തെ എന്റെ സേവനകാലത്ത്, തിരുമേനി(സ) ഒരിക്കലും 'ഛെ!' എന്ന് എന്നോട് പറഞ്ഞി ട്ടില്ല. ഞാൻ എന്തെങ്കിലും ചെയ്താൽ, അതെന്തിന്നു ചെയതുവെന്ന് അവിടുന്ന് ചോദിച്ചിട്ടില്ല. ഏതെ ങ്കിലും ജോലി ചെയ്യാതിരുന്നാൽ, എന്നു കൊണ്ട് ചെയ്തില്ല എന്ന് ചോദിച്ചിട്ടില്ല.'[32]

തന്റെ ജീവിതകാലത്ത് ആയിരക്കണക്കിലാളുകളെ പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. യാതൊന്നും അറിയാ ത്തവർ, അദ്ദേഹം മുഖേന അത്യുത്തമരും സദ്സ്വഭാവികളും ചിന്താശീലരും അർപ്പണ ബോധമുള്ളവ രുമായി മാറിയിട്ടുണ്ട്. മരണ ശേഷം പോലും, വാക്കുകളിലൂടെയും സമീപനങ്ങളിലൂടെയും സ്വഭാവങ്ങ ളിലൂടെയും അദ്ദേഹം പഠിപ്പിക്കുകയായിരുന്നു. അതെ, മഹാനായ വഴികാട്ടിയും അദ്ധ്യാപകനുമായിരു ന്നു അവിടുന്ന്.

*ദൈവിക സുരക്ഷ*

നബി(സ)യുടെയും സകല വിശ്വാസികളുടേയും സഹായിയും സംരക്ഷകനും അല്ലാഹുവാണ്. എ പ്പോഴും അല്ലാഹു അദ്ദേഹത്തെ സഹായിച്ചിരുന്നു. പ്രയാസങ്ങൾ സുതാര്യമാക്കി കൊടുത്തിരുന്നു. ശാ രീരികവും ആത്മീയവുമായ ശാക്തീകരണം നൽകിയിരുന്നു. മറ്റു ഭക്തരായ വിശ്വാസികൾക്ക് പിന്തുണ നൽകിയിരുന്നു. ശത്രുക്കളുടെ ഗ്രഹണശക്തി ദുർബ്ബലപ്പെടുത്തുകയും ഗൂഢാലോചനകൾ പരാജയപ്പെ ടുത്തുകയും ചെയ്തിരുന്നു. അങ്ങനെ, പ്രവാചകനെ പീഢിപ്പിക്കുന്നത് തടഞ്ഞിരുന്നു. പ്രവാചകന്റെ സഹായിയായി അല്ലാഹു സ്വയം വിശേഷിപ്പിക്കുന്നു:

'നിങ്ങൾ പ്രവാചകനെ സഹായിക്കുന്നില്ലെങ്കിൽ സാരമില്ല, സത്യനിഷേധികൾ അദ്ദേഹത്തെ പുറ ത്താക്കിയ സന്ദർഭത്തിൽ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്.'(അത്തൗബ : 40)

അത് കൊണ്ടായിരുന്നു അദ്ദേഹത്തിന്നു ലഭിച്ച സഹായങ്ങളൊന്നും ആരോടുമുള്ള കപ്പാടായി തീരാ തിരുന്നത്. സഹായിച്ച ആ വ്യക്തി അവിടെ ഇല്ലെങ്കിൽ, മറ്റൊരു വ്യക്തിയേയോ, മലക്കിനെയോ ഉപ യോഗിച്ചു  അല്ലാഹു അദ്ദേഹത്തെ സഹായിക്കുമായിരുന്നു.

മറ്റൊരു സൂക്തത്തിൽ, തന്റെ മതം നിർഭയം ജനങ്ങൾക്കെത്തിച്ചു കൊടുക്കാൻ നബി(സ)യോട് അല്ലാ ഹു കൽപിക്കുകയും, അദ്ദേഹത്തെ പരിരക്ഷിക്കുമെന്ന് വാഗ്ദാനം നടത്തുകയും ചെയ്യുന്നു:

'അല്ലയോ ദൈവദൂതാ, നിന്റെ നാഥങ്കൽനിന്ന് അവതരിച്ചുകിട്ടിയത് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക. അപ്രകാരം ചെയ്തില്ലെങ്കിൽ നീ ദൈവദൂതന്റെ ചുമതല നിറവേറ്റാത്തവനായിത്തീർന്നു. ജനത്തിന്റെ ദ്രോഹങ്ങളിൽനിന്നു നിന്നെ അല്ലാഹു രക്ഷിക്കുന്നതാകുന്നു. അല്ലാഹു സത്യനിഷേധികൾക്ക് (നിന ക്കെതിരായി) ഒരിക്കലും വിജയം കാണിച്ചുകൊടുക്കുകയില്ല.'(അൽ മാഇദ : 67)

പക്ഷെ, ഇതൊന്നും മനസ്സിലാക്കാൻ കഴിയാത്ത ശത്രുക്കളാകട്ടെ, നബി(സ)യെ പരാജയപ്പെടുത്താനും ദുർബ്ബലമാക്കാനും തങ്ങൾക്ക് കഴിയുമെന്ന് തെറ്റിദ്ധരിക്കുകയും, അങ്ങനെ, നിരവധി ഗൂഢാലോചനകൾ നടത്തുകയുമായിരുന്നു. അവിടുന്ന് ദൈവസുരക്ഷയിലാണെന്ന് ഇവർക്കറിയില്ലായിരുന്നു. എന്നാൽ, അവരുടെ സകല ആസൂത്രണങ്ങളും അല്ലാഹു തകർക്കുകയായിരുന്നു. ഇത്തരമാളുകളെ കുറിച്ച് ഖുർആൻ സൂചിപ്പിക്കുന്നത് ഇങ്ങനെ:

'നിന്നെ തടവിലാക്കുകയോ വധിച്ചുകളയുകയോ നാടുകടത്തുകയോ ചെയ്യുതിനുവേണ്ടി സത്യവിരോധികൾ തന്ത്രങ്ങളാവിഷ്കരിച്ചുകൊണ്ടിരുന്ന സന്ദർഭവും അനുസ്മരണീയമാകുന്നു. അവർ സ്വന്തം തന്ത്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. അല്ലാഹുവോ അവന്റെ തന്ത്രങ്ങളും പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്ത്രം പ്രവർത്തിക്കുന്നവരിൽ ഏറ്റവും സമർഥൻ അല്ലാഹുവത്രെ.'(അൽ അൻഫാൽ : 30)

നബി(സ)യെ ഉപദ്രവിക്കാൻ ആർക്കും കഴിയുകയില്ലെന്നും, താനാണ് അദ്ദേഹത്തിന്റെ സംരക്ഷകനെന്നും, ജിബ്രീലും ഭക്തരായ വിശ്വാസികളും അദ്ദേഹത്തിന്റെ സ്നേഹിതരും സഹായികളുമാണെന്നും, മറ്റൊരു സൂക്തത്തിൽ അല്ലാഹു പറയുന്നു:

'നിങ്ങളിരുവരും പശ്ചാത്തപിക്കുകയാണെങ്കിൽ (അത് നിങ്ങൾക്ക് ഗുണകരമാകുന്നു) നിങ്ങളുടെ മനസ്സുകൾ നേർവഴിയിൽനിന്ന് തെന്നിപ്പോയിട്ടുണ്ട്. നിങ്ങൾ പ്രവാചകനെതിരെ സംഘടിക്കുകയാണെങ്കിൽ, അറിഞ്ഞിരിക്കുക, അല്ലാഹുവാണ് അദ്ദേഹത്തിന്റെ രക്ഷകൻ. പിന്നെ ജിബ്രീലും സച്ചരിതരായ വിശ്വാസികളെല്ലാവരും, മലക്കുകളൊക്കെയും അദ്ദേഹത്തിന്റെ സഹായികളാകുന്നു.'(അത്തഹ്‌രീം : 4)

പ്രവാചക(സ)ന്ന് അല്ലാഹു നൽകിയ സഹായവും അനുഗ്രഹവും ഖുർആൻ വിവരിക്കുന്നതിങ്ങനെ:

'(പ്രവാചകാ) നിന്റെ നാഥൻ ഒരിക്കലും നിന്നെ വെടിഞ്ഞിട്ടില്ല; നിന്നോട് അതൃപ്തനായിട്ടുമില്ല. പോയകാലത്തേക്കാൾ നിനക്ക് ഗുണകരം വരുംകാലംതന്നെയാകുന്നു. നിനക്ക് തൃപ്തിയാകും വണ്ണം നാഥൻ അടുത്തുതന്നെ നിനക്ക് തരുന്നുണ്ട്. ഒരനാഥനായി അവൻ നിന്നെ കണ്ടിട്ടില്ലയോ; അപ്പോൾ നിനക്കഭയമേകിയില്ലയോ? വഴിയറിയാത്തവനായും അവൻ നിന്നെ കണ്ടു. അപ്പോൾ നേർവഴി കാണിച്ചുതന്നു. പ്രാരാബ്ധക്കാരനായും കണ്ടു. അപ്പോൾ നിനക്ക് സമ്പത്തരുളി. (അദ്ദുഹാ: 3-8)

പ്രയാസകരമായ അവസ്ഥകളിലടക്കം, തന്റെ എല്ലാ കാര്യങ്ങളിലും, അല്ലാഹു തന്നെ സഹായിക്കുന്നുണ്ടെന്നു മനസ്സിലാക്കിയിരുന്ന പ്രവാചകൻ(സ), ഒരിക്കലും നിരാശപ്പെടാതെ, പൂർണ്ണമായി അല്ലാഹുവിലർപ്പിക്കുകയായിരുന്നു. അല്ലാഹു നമ്മോടൊപ്പമുണ്ടെന്നും അവൻ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടെന്നും, സഹാബികളെ അവിടുന്നു ബോധ്യപ്പെടുത്തി അവരെ കൂടി ഉത്സാഹിപ്പിച്ചിരുന്നു.

അതിനാൽ തന്നെ, ദൈവകാരുണ്യത്തെയും സഹായത്തെയും കുറിച്ച് നിരാശപ്പെടാതിരിക്കുക, പ്രവാചകചര്യ സ്വീകരിക്കുന്നവരെ സംബന്ധിച്ചിടത്തോളം, അനിവാര്യമാണ്. ദൈവ കാരുണ്യവും അനുകമ്പയും സ്വർഗ്ഗവും പ്രതീക്ഷിക്കുന്നിടത്തോളം, ദൈവം തങ്ങളോടൊപ്പമുണ്ടായിരിക്കുമെന്ന് അവർ അറിയേണ്ടതാണ്. സത്യവിശ്വാസികളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം ഇങ്ങനെ:

'അല്ലാഹുവിനെ സഹായിക്കുന്നവരെ അവൻ സഹായിക്കുകതന്നെ ചെയ്യും. അല്ലാഹു അതിശക്തനും പ്രതാപിയുമല്ലോ.' (അൽ ഹജ്ജ്: 40)

*ശുദ്ധിക്ക് നൽകിയ പ്രാധാന്യം*

ഹൃദയത്തിന്റെയും സ്വഭാവത്തിന്റെയുമെന്ന പോലെ, ശരീരം, വസ്ത്രം, ഭക്ഷണം എന്നിവയുടെയും വൃത്തിയിൽ മുസ്ലിംകൾ പ്രസിദ്ധരത്രെ. അവന്റെ മുടി, കൈകൾ, മുഖം, ശരീരം എന്നിവ വൃത്തിയുള്ളവയായിരിക്കണം. വസ്ത്രം വൃത്തിയുള്ളതായിരിക്കണം. വെടിപ്പും ശ്രദ്ധയുമുള്ളതായിരിക്കണം. ജോലി സ്ഥലവും താമസ സ്ഥലവും, വൃത്തിയുള്ളതും ക്രമീകൃതവും സുഗന്ധമുള്ളതും ആശ്വാസപ്രദവുമായിരിക്കണം. ഇതിന്റെയെല്ലാം ഉത്തമ മാതൃക പ്രവാചകൻ തന്നെ. അല്ലാഹു പറയുന്നു:

'ഹേ, പുതച്ചുമൂടിക്കിടക്കുന്നവനേ, എഴുന്നേൽക്കൂ. മുന്നറിയിപ്പു നൽകൂ. നിന്റെ നാഥന്റെ മഹത്വം

വിളംബരം ചെയ്യൂ. നിന്റെ വസ്ത്രങ്ങൾ ശുചിയാക്കിവെക്കൂ. അഴുക്കുകളിൽനിന്ന് അകന്നുനിൽക്കൂ.'(അൽ മുദ്ദസ്സിർ: 1-5)

ശുദ്ധമായ ഭക്ഷണം കഴിക്കാൻ സത്യവിശ്വാസികളെ ആഹ്വാനം ചെയ്യുന്ന അല്ലാഹു, ശുദ്ധമായ ആഹാരം അനുവദനീയമാണെന്ന് പറയാൻ പ്രവാചകനോട് കൽപിക്കുകയും ചെയ്യുന്നു:

'അല്ലയോ ദൈവദൂതന്മാരേ, നല്ല സാധനങ്ങൾ ആഹരിക്കുവിൻ. നല്ല കാര്യങ്ങൾ പ്രവർത്തിക്കുവിൻ.'(അൽ മുഅ്മിനൂൻ : 51)

'തങ്ങൾക്ക് അനുവദനീയമായതെന്താണെന്ന് ജനം നിന്നോട് ചോദിക്കുന്നുവല്ലോ. പറയുക: 'നല്ല വസ്തുക്കളെല്ലാം അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നൽകിയ അറിവു പ്രകാരം നിങ്ങൾ പരിശീലിപ്പിച്ച വേട്ടമൃഗങ്ങൾ നിങ്ങൾക്കുവേണ്ടി പിടിച്ചുതരുന്നതും ഭക്ഷിക്കാവുന്നതാകുന്നു. എന്നാൽ അതിന്മേൽ നിങ്ങൾ ദൈവനാമം ഉരുവിടേണ്ടതുണ്ട്. അല്ലാഹുവിന്റെ നിയമങ്ങൾ ലംഘിക്കുന്നതിനെ ഭയപ്പെടുവിൻ. അല്ലാഹു അതിവേഗം വിചാരണ ചെയ്യുന്നവനാകുന്നു.'(അൽ മാഇദ: 4)

വൃത്തിയുള്ളവരായിരിക്കാൻ വിശ്വാസികളോട് തിരുമേനി(സ) ഉപദേശിക്കുന്നു:

'നിശ്ചയം, ഇസ്ലാം വൃത്തിയാണ്. അതിനാൽ വൃത്തിയുള്ളവരായിരിക്കുക. കാരണം, വൃത്തിഹീനൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.'[33]

*പ്രാർത്ഥനകൾ*

തിരുമേനി(സ) രാത്രി എഴുനേറ്റു പ്രാർത്ഥിച്ചിരുന്നതായി ഖുർആൻ രേഖപ്പെടുത്തുന്നുണ്ട്:

'അല്ലാഹുവിന്റെ ദാസൻ അവനോട് പ്രാർഥിക്കുന്നതിനായി എഴുന്നേറ്റുനിന്നപ്പോൾ ജനം അദ്ദേഹത്തിന്റെ മേൽ ചാടിവീഴാനൊരുമ്പെട്ടിരിക്കുന്നു. പ്രവാചകൻ പറയുക: ഞാൻ എന്റെ റബ്ബിനോട് പ്രാർഥിക്കുന്നു; ആരെയും അവന്റെ പങ്കാളിയാക്കുന്നില്ല.'(അൽ ജിന്ന് : 19-20)

നബി(സ)യുടെ പ്രാർത്ഥനയെ കുറിച്ച് നിവധി സൂക്തങ്ങൾ പറയുന്നുണ്ട്. അല്ലാഹുവിന്റെ ഗുണങ്ങൾ അനുസ്മരിച്ചു കൊണ്ട്, അവിടുന്ന് അല്ലാഹുവിനെ വാഴ്ത്തിയിരുന്നു. പ്രാർത്ഥനയെ കുറിച്ച ഒരു സൂക്തം ഇങ്ങനെ വായിക്കാം:

'പറയുക: 'സമസ്താധികാരങ്ങളുടെയും ഉടയവനായ അല്ലാഹുവേ, നീ ഇഛിക്കുന്നവർക്ക് ആധിപത്യം നൽകുന്നു. നീ ഇഛിക്കുന്നവരിൽനിന്ന് അത് നീക്കിക്കളയുന്നു. നീ ഇഛിക്കുന്നവർക്കു പ്രതാപമേകുന്നു. നീ ഇഛിക്കുന്നവരെ നിന്ദിതരാക്കുന്നു. സൗഭാഗ്യങ്ങളഖിലം നിന്റെ ഹസ്തത്തിലത്രെ. നിസ്സംശയം, നീ സകല കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു.'(ആലു ഇംറാൻ : 26)

മറ്റു പ്രവാചകന്മാരെ പോലെത്തന്നെ, ശത്രുക്കളിൽ നിന്ന് നിരവധി ഭീഷണികൾ അവിടുന്ന് നേരിട്ടിരുന്നു. അവയോടെല്ലാം സഹനത്തോടും സ്ഥൈര്യത്തോടും കൂടിയായിരുന്നു അവിടുന്ന് പ്രതികരിച്ചത്. പൈശാചിക ദുർബോധനങ്ങളിൽ നിന്നും മാനസികാക്രമണങ്ങളിൽ നിന്നും സുരക്ഷക്കായി ദൈവിക സഹായം തേടാൻ അവിടുന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു:

'പ്രാർഥിക്കുക: 'നാഥാ! ചെകുത്താന്റെ പ്രലോഭനങ്ങളിൽനിന്ന് ഞാൻ നിന്നിൽ ശരണം തേടുന്നു. എന്റെ നാഥാ! അവൻ എന്നെ സമീപിക്കുന്നതിൽനിന്നുകൂടി ഞാൻ നിന്നിൽ ശരണം തേടുന്നു.'(അൽ മുഅ്മിനൂൻ : 98)

അല്ലാഹുവോട് മാപ്പും കരുണയും തേടാനും അവിടുന്ന് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു:

'പ്രവാചകൻ പറയുക: എന്റെ റബ്ബേ! മാപ്പരുളേണമേ! കരുണയേകേണമേ! കരുണ ചെയ്യുന്നവരിൽ ഏറ്റം ഉൽകൃഷ്ടനാണല്ലോ നീ!'(അൽ മുഅ്മിനൂൻ : 118)

ഏറ്റവും നല്ല സ്വഭാവത്തിന്നും പെരുമാറ്റത്തിന്നും അവിടുന്ന് പ്രാർത്ഥിച്ചിരുന്നതായി ഹദീസിൽ നിന്നും

മനസ്സിലാക്കാം. ഒരു പ്രാർത്ഥന ഇങ്ങനെ:

‘അല്ലാഹുവെ, എന്റെ ശരീരപ്രകൃതിയും സ്വഭാവവും നന്നാക്കേണമേ! അല്ലാഹുവേ, ദുസ്സ്വഭാവത്തിൽ നിന്നും എന്നെ രക്ഷിക്കേണമേ!’[34]

വിശ്വാസികളുടെ ഏറ്റവും സുപ്രധാനമായൊരു ബാധ്യതയാണ് പ്രാർത്ഥനയെന്ന് അൽ ഫുർഖാൻ : 77- ൽ പറയുന്നു. ദൈവേച്ഛയുടെ അഭാവത്തിൽ, ചെറിയൊരു ശക്തി പോലും പ്രായോഗികമായിരിക്കില്ലെന്ന് മനുഷ്യൻ മനസ്സിലാക്കേണ്ടതുണ്ട്. ഭയത്തോടും ആഗ്രഹത്തോടും, എല്ലാ കാര്യങ്ങളിലും, അവനിലേക്ക് തിരിയണം. എല്ലാ കാര്യങ്ങൾക്കും അവനോട് പ്രാർത്ഥിക്കണം. മറ്റുള്ള എല്ലാ പ്രവാചകന്മാരുടെയുമെന്ന പോലെ, മുഹമ്മദ് നബി(സ)യുടെ പ്രാർത്ഥനയിലും വിശ്വാസികൾക്ക് ഉത്തമ മാതൃകയുണ്ട്. തങ്ങളുടെ ഏക സ്നേഹിതനും സഹായിയുമായി അല്ലാഹുവിനെ മാത്രം കണ്ടിരുന്ന അവർ, അവന്റെ സുന്ദര നാമങ്ങളാൽ അവനെ വാഴ്ത്തിയിരുന്നു. പ്രാർത്ഥനക്ക് സമയം, അവർ പ്രശ്നമാക്കിയിരുന്നില്ല. ആവശ്യം നേരിടുമ്പോഴെല്ലാം അല്ലാഹുവിലേക്ക് തിരിയുകായായിരുന്നു അവരെന്നാണ്, അവരുടെ പ്രാർത്ഥനകളിൽ നിന്നും മനസ്സിലാകുക.

## 2. പ്രബോധന രീതികൾ

'അതിനാൽ പ്രവാചകൻ ഈ ദീനിലേക്ക് പ്രബോധനം ചെയ്യുക. നീ അനുശാസിക്കപ്പെട്ടിട്ടുള്ളതുപോലെ, ഇതിൽ സ്ഥൈര്യത്തോടെ നിലകൊള്ളുക.'(അശ്ശൂറാ: 15) എന്ന സൂക്തത്തിൽ വ്യക്തമാക്കുന്നത് പോലെ, മാനവരാശിക്ക് മുന്നറിയിപ്പ് നൽകാൻ ചുമതലപ്പെട്ട അവസാന പ്രവാചകനാണ് മുഹമ്മദ് നബി(സ). മറ്റു ദൈവദൂതന്മാരെ പോലെ തന്നെ, അല്ലാഹുവിൽ വിശ്വസിക്കാനും, പരലോകത്തിന്നു വേണ്ടി ജീവിക്കാനും, സദ്സ്വഭാവമനുഷ്ഠിക്കാനും വേണ്ടി, നബി(സ) ജനങ്ങളെ സത്യപാതയിലേക്ക് ക്ഷണിച്ചു. അവിടുന്ന് ഉപയോഗിച്ച രീതികളും വിശദീകരണ മാർഗങ്ങളും ശൈലികളുമെല്ലാം, എല്ലാ മുസ്ലിംകൾക്കും മാതൃകയായി നിലകൊള്ളുന്നു. പ്രബോധന വേളയിൽ, ഈ സ്വഭാവവും പെരുമാറ്റവും ആവശ്യമാണ്.

മാനവരാശിക്ക് മുന്നറിയിപ്പ് നൽകാനാണ് താൻ ആഗതനായതെന്ന് പറയാൻ അദ്ദേഹം ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു:

നീ അവരോടു തീർത്തുപറഞ്ഞേക്കുക: 'എന്റെ മാർഗം ഇതാകുന്നു. തികഞ്ഞ ഉൾക്കാഴ്ചയോടെ ഞാനും എന്നെ അനുഗമിച്ചവരും നിങ്ങളെ അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുന്നു. അല്ലാഹു പരിശുദ്ധനാകുന്നു. ബഹുദൈവാരാധകരുമായി എനിക്ക് യാതൊരു ബന്ധവുമില്ല.'(യൂസുഫ്: 108)

ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ അവിടുന്ന് പരമാവധി ശ്രമിച്ചിട്ടുണ്ടെന്ന് മറ്റൊരു സൂക്തത്തിൽ പറയുന്നു:

'അവരോടു ചോദിക്കുക: 'ആരുടെ സാക്ഷ്യമാണ് ഏറ്റവും മഹത്തായിട്ടുള്ളത്?' പറയുക: 'എനിക്കും നിങ്ങൾക്കുമിടയിൽ അല്ലാഹു സാക്ഷിയാകുന്നു. നിങ്ങൾക്കും ഇതു ലഭിക്കുന്നവർക്കൊക്കെയും ഞാൻ മുന്നറിയിപ്പു നൽകുന്നതിനുവേണ്ടി, ദിവ്യസന്ദേശം വഴി ഈ ഖുർആൻ എന്നിലേക്ക് അയക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ കൂടെ വേറെയും ദൈവങ്ങളുണ്ടെന്ന് യഥാർഥത്തിൽ നിങ്ങൾക്ക് സാക്ഷ്യപ്പെടുത്താൻ കഴിയുമോ?' പറയുക: 'എനിക്കൊരിക്കലും അവ്വിധം സാക്ഷ്യപ്പെടുത്താൻ നിവൃത്തിയില്ല. ദൈവം ഒരേയൊരുവൻ മാത്രമാകുന്നു. നിങ്ങളകപ്പെട്ടിട്ടുള്ള ബഹുദൈവവിശ്വാസത്തിൽനിന്ന് തികച്ചും മുക്തനാകുന്നു ഞാൻ.'(അൽ അൻആം : 19)

ഖുർആനിക സന്ദേശം എത്തിക്കുക വഴി, വിഗ്രഹാരാധകർ തങ്ങളുടെ പൂർവികരിൽ നിന്ന് പൈതൃകമായി സ്വീകരിച്ചു പോന്ന ഭ്രംശിത മതങ്ങളെ അവിടുന്നു നിശ്ശേഷം ഇല്ലായ്മ ചെയ്യുകയായിരുന്നു. അതിനാൽ തന്നെ നിരവധി എതിർപ്പുകളെ അദ്ദേഹത്തിന്നു നേരിടേണ്ടി വരികയും ചെയ്തു. എന്നാൽ, അവരുടെ ഈ പീഢനങ്ങളും ശത്രുതയുമൊന്നും ശ്രദ്ധിക്കാതെ, അല്ലാഹുവിന്റെ ആജ്ഞ പാലിക്കുകയായിരുന്നു. അല്ലാഹു നബി(സ)യോടാജ്ഞാപിക്കുന്നു:

'അതിനാൽ പ്രവാചകൻ, ആജ്ഞാപിക്കപ്പെടുന്നതെന്തോ, അതു പരസ്യമായി ഉദ്ഘോഷിച്ചുകൊള്ളുക. ബഹുദൈവാരാധകരെ ഒട്ടും സാരമാക്കേണ്ടതില്ല. നിനക്കുവേണ്ടി ഈ പരിഹാസക്കാരെ കൈകാര്യം ചെയ്യാൻ മതിയായവനാകുന്നു നാം.'(അൽ ഹിജ്ർ : 94-95)

നബി(സ) ചെയ്തത് പോലെ, അംഗീകാര നഷ്ടമോ, എതിർപ്പോ വകവെക്കാതെ, ആധുനിക മുസ്ലിംകളും ഖുർആനിൻറെ നീതിശാസ്ത്രം വിശദീകരിച്ചു കൊടുക്കേണ്ടതാണ്. 'എന്റെ വാക്കുകൾ ജനങ്ങൾക്കെത്തിച്ചു കൊടുക്കുക, ഒരു വാക്കാണെങ്കിൽ പോലും'[35] എന്ന് പ്രവാചകൻ മുസ്ലിംകളോടാഹ്വാനം ചെയ്യുന്നു.

*അനന്തമായ ദൈവിക കഴിവുകൾ*

ജനങ്ങൾ ദൈവിക കഴിവുകളെ വാഴ്ത്താനും, അവനോടുള്ള ഭക്തിയാൽ മഹത്തായ സ്വഭാവം സ്വീകരിക്കാനും വേണ്ടി, ദൈവിക ശക്തിയെയും, സൃഷ്ടി കർമത്തിലെ ഉജ്ജ്വല തെളിവുകളെയും കുറിച്ച്, അവിടുന്ന് ജനങ്ങളോട് പറഞ്ഞു കൊണ്ടേയിരുന്നു. തദ്വാരാ, അല്ലാഹുവിനെ സ്നേഹിക്കാനും ഭയപ്പെടാനുമുള്ള മാധ്യമമായി തീരുകയായിരുന്നു അവിടുന്ന്. എങ്ങനെ സംസാരിക്കണമെന്ന് അല്ലാഹു അദ്ദേഹത്തോട് നിർദ്ദേശിക്കുന്നു:

'പ്രവാചകാ, ഇവരോട് ചോദിക്കുക: 'വല്ലപ്പോഴും ചിന്തിച്ചുനോക്കിയിട്ടുണ്ടോ; അല്ലാഹു പുനരുത്ഥാന നാൾവരെ രാവിനെ സ്ഥിരമാക്കി നിർത്തുകയാണെങ്കിൽ, അല്ലാഹുവല്ലാതെ നിങ്ങൾക്ക് വെളിച്ചം തരാൻ മറ്റേത് ദൈവമാണുള്ളത്? നിങ്ങൾ കേൾക്കുന്നില്ലയോ?' (അൽ ഖസ്വസ്വ് : 71-72)

പരലോക വിശ്വസമില്ലാത്തവരോടും അല്ലാഹുവിന്റെ സൃഷ്ടി കർമത്തിലെ തെളിവുകൾ അവിടുന്ന് പറഞ്ഞിരുന്നു. അവയെ സൃഷ്ടിക്കാൻ കഴിഞ്ഞ അല്ലാഹുവിന്ന്, പരലോകത്തിൽ അവയെ പുനരുജ്ജീവിപ്പിക്കാനും കഴിയുമെന്ന് അവിടുന്ന് വിശദീകരിച്ചു. താഴെ സൂക്തം കണുക:

'അവരോട് പറയുക: ഭൂമിയിൽ സഞ്ചരിച്ചു നിരീക്ഷിക്കുക, എങ്ങനെയാണവൻ സൃഷ്ടി തുടങ്ങിയിട്ടുള്ളതെന്ന്. പിന്നീടല്ലാഹു മറ്റൊരിക്കൽകൂടി ജീവിതം നൽകും. നിശ്ചയം, അല്ലാഹു സകല സംഗതികൾക്കും കഴിവുറ്റവനല്ലോ.' (അൽ അൻകബൂത്ത് : 20)

അവർ ആരോപിക്കുന്ന പങ്കുകാരുടെ ആവശ്യം അല്ലാഹുവിന്നില്ലെന്നും, അവയിൽ നിന്നെല്ലാം പരിശുദ്ധനാണവനെന്നും അല്ലാഹു പറയുന്നു:

'പറയുക: 'ഞാൻ അല്ലാഹുവിനെ വെടിഞ്ഞ് മറ്റാരെയെങ്കിലും രക്ഷകനായി വരിക്കുകയോ; ആകാശഭൂമികളുടെ സ്രഷ്ടാവും സകലരുടെയും അന്നദാതാവും ആരോടും അന്നം സ്വീകരിക്കാത്തവനുമായ ദൈവത്തെ വെടിഞ്ഞ്?' പറയുക: 'അവന്റെ മുമ്പിൽ അനുസരണത്തിന്റെ ശിരസ്സു നമിക്കുന്ന ഒന്നാമനായിരിക്കാൻ ആജ്ഞാപിക്കപ്പെട്ടവനാകുന്നു ഞാൻ.' (ഇപ്രകാരം താക്കീതു നൽകപ്പെടുകയും ചെയ്തിരിക്കുന്നു: ആരെങ്കിലും ബഹുദൈവത്വം അംഗീകരിക്കുന്നുവെങ്കിൽ അംഗീകരിച്ചുകൊള്ളട്ടെ.) നീ ഒരു കാരണവശാലും ബഹുദൈവവിശ്വാസികളിൽ പെട്ടുപോകരുത്. പറയുക: 'എന്റെ നാഥനെ ധിക്കരിക്കുകയാണെങ്കിൽ ഒരു മഹാ (ഭയങ്കര) നാളിൽ ശിക്ഷയനുഭവിക്കേണ്ടിവരുമെന്ന് ഞാൻ ഭയപ്പെടുന്നു.' (അൽ അൻആം : 14-15)

അല്ലാഹുവിന്റെ ഏകത്വവും അവൻ എല്ലാറ്റിന്റെയും നാഥനാണെന്ന വസ്തുതയും വിശദീകരിക്കേണ്ടതെങ്ങനെയെന്ന് പ്രവാചകന്ന് അല്ലാഹു പറഞ്ഞു കൊടുത്തിട്ടുണ്ട്:

'അവരോട് ചോദിക്കുക: 'ആകാശഭൂമികളുടെ നാഥൻ ആരാകുന്നു?' പറയുക: 'അല്ലാഹു.' ചോദിക്കുക: 'യാഥാർഥ്യം ഇതായിരിക്കെ, തങ്ങൾക്കുതന്നെ ഗുണമോ ദോഷമോ വരുത്താനധികാരമില്ലാത്തവരെ നിങ്ങൾ രക്ഷാധികാരികളായി സ്വീകരിക്കുന്നതെന്ത്?' ചോദിക്കുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? പ്രകാശവും അന്ധകാരങ്ങളും തുല്യമാകുമോ? അതല്ലെങ്കിൽ, അല്ലാഹുവിനെപ്പോലെ അവരുടെ സാങ്കൽപിക സഹദൈവങ്ങൾ വല്ലതും സൃഷ്ടിക്കുകയും അങ്ങനെ സൃഷ്ടിയുടെ കാര്യത്തിൽ അവർ ആശയക്കുഴപ്പത്തിലകപ്പെടുകയും ചെയ്തതാണോ? പറയുക: 'സകല വസ്തുക്കളുടെയും സ്രഷ്ടാവ് അല്ലാഹു മാത്രമാകുന്നു. അവൻ ഏകനും സർവത്തെയും അടക്കിവാഴുന്നവനുമാകുന്നു.' (അൽറഅദ്: 16)

ദൈവാസ്തിക്യം അറിയുമെങ്കിലും, അവന്റെ അനന്തമായ കഴുവുകൾ പരിഗണിക്കാത്തതിനാൽ, അവന്റെ ആസ്തിക്യത്തെ വാഴ്ത്താനോ, ശക്തിയംഗീകരിക്കാനോ കഴിയാത്ത ഒരു സമൂഹമായിരുന്നു പ്രവാചകൻറേത്. എന്നിട്ട് അവിടുന്ന് അവർക്ക് മുന്നറിയിപ്പ് നൽകുകയായിരുന്നു. തദ്വിഷയകമായ ചില സൂക്തങ്ങൾ:

'അവരോടു പറയുക: 'ഈ ഭൂമിയും അതിലുള്ളതൊക്കെയും ആരുടേതാണെന്ന് നിങ്ങൾക്കറിയുമെങ്കിൽ പറയുവിൻ.' തീർച്ചയായും അവർ പറയും, 'അല്ലാഹുവിന്റേത്. 'ചോദിക്കുക: 'പിന്നെ എന്തുകൊണ്ട് നിങ്ങൾ ബോധവാന്മാരാകുന്നില്ല?' അവരോട് ചോദിക്കുക: 'സപ്തവാനങ്ങളുടെയും മഹദ് സിംഹാസനത്തിന്റെയും നാഥനാര്?' തീർച്ചയായും അവർ പറയും: 'അല്ലാഹു.' പറയുക: 'എങ്കിൽ നിങ്ങൾ ഭയപ്പെടാത്തതെന്ത്?' അവരോട് പറയുക: 'സകല വസ്തുക്കളിലും പരമാധികാരമുള്ളവനും, അഭയം നൽകുന്നവനും, തനിക്കെതിരിൽ അഭയം നൽകാൻ കെൽപുള്ളവരാരുമില്ലാത്തവനും ആ

രെന്ന് നിങ്ങള്‍ക്കറിയാമെങ്കില്‍ പറയുവിന്‍.' തീര്‍ച്ചയായും അവര്‍ പറയും: 'ഈ ഗുണങ്ങള്‍ അല്ലാഹുവിന് മാത്രമുള്ളതാകുന്നു.' പറയുക: 'എങ്കില്‍ നിങ്ങള്‍ വഞ്ചിക്കപ്പെടുന്നതെങ്ങനെ?' (അല്‍ മുഅ്മിനൂന്‍ : 84-89)

*ദൈവിക മാര്‍ഗം മാത്രം സത്യം*

ചിലയാളുകള്‍ തികച്ചും അബദ്ധ ജടിലവും അന്ധവിശ്വാസങ്ങള്‍ നിറഞ്ഞതും ഹാനികരമായ ആശയങ്ങളും രീതികളും നിറഞ്ഞതുമായ മാര്‍ഗങ്ങള്‍ സ്വയം തെരഞ്ഞെടുക്കുകയായിരുന്നു. ഇഹവും പരവും നഷ്ടപ്പെടുത്താന്‍ മാത്രമേ ഇവ ഉപകരിക്കുകയുള്ളു. ജനങ്ങളെ അത്യുന്നതവും സുന്ദരവുമായ ദൈവിക പാതയിലേക്ക് ക്ഷണിക്കുവാനും, അവരുടെ ഇഹപര മോചനങ്ങള്‍ക്ക് മാധ്യമമായി വര്‍ത്തിക്കാനും, അവിടുന്ന് എപ്പോഴും ശ്രമിച്ചിരുന്നു. താഴെ സൂക്തം കണുക:

'പ്രവാചകന്‍, അവരോടു ചോദിക്കുക: 'അല്ലാഹുവിനെ വെടിഞ്ഞ്, ഞങ്ങള്‍ക്ക് ഗുണമോ ദോഷമോ ചെയ്യാന്‍ കഴിവില്ലാത്തവരെ ഞങ്ങള്‍ പ്രാര്‍ഥിക്കുകയോ? അല്ലാഹു ഞങ്ങള്‍ക്കു സന്മാര്‍ഗം കാട്ടിക്കഴിഞ്ഞിരിക്കെ, ഇനി ഞങ്ങള്‍ പിന്നോട്ടു പോവുകയോ? ഞങ്ങള്‍, മരുഭൂമിയില്‍ പിശാചിനാല്‍ വഴിതെറ്റിക്കപ്പെട്ട് പരിഭ്രാന്തനായി അലയുന്നവനെപ്പോലെയാവുകയോ? അവന്നാകട്ടെ, 'ഇങ്ങോട്ടു വരൂ, ശരിയായ വഴിയിതാ' എന്നു വിളിച്ചുപറയുന്ന കൂട്ടുകാരുണ്ടായിരുന്നു.' പറയുക: 'യഥാര്‍ഥത്തില്‍ സാധുവായ മാര്‍ഗദര്‍ശനം അല്ലാഹുവിന്റെ മാര്‍ഗദര്‍ശനം മാത്രമാകുന്നു. പ്രപഞ്ചനാഥന്റെ മുമ്പില്‍ അനുസരണത്തിന്റെ ശിരസ്സു നമിക്കുവാന്‍ ഞങ്ങള്‍ കല്‍പിക്കപ്പെട്ടിട്ടുണ്ട്.'(അല്‍ അന്‍ആം : 71)

അല്ലാഹുവിന്റെയും റസൂലിന്റെയും പാതയാണ് യഥാര്‍ത്ഥ പാതയെന്ന് റസൂല്‍(സ) പറയുന്നു:

'അല്ലാഹുവിന്റെ വചനമാണ് ഉത്തമ വചനം, പ്രവാചകന്റെ മാര്‍ഗദര്‍ശനമാണ് ഉത്തമ മാര്‍ഗദര്‍ശനം.'[36]

*വിഗ്രഹാരാധനയെ കുറിച്ച് മുന്നറിയിപ്പ്*

നബി(സ) മുന്നറിയിപ്പ് നല്‍കിയതില്‍ ഏറ്റവും പ്രധാനം, അല്ലാഹുവില്‍ പങ്കാളികളെ ആരോപിക്കുന്നതിനെ- ശിര്‍ക്ക്- കുറിച്ചായിരുന്നു. അല്ലാഹു ഏകനാണെന്നും, അവനല്ലാത്ത മറ്റാര്‍ക്കും യാതൊരു കഴിവുമില്ലെന്നും, നബി(സ) അവരോട് പറയുകയും വിഗ്രഹാരാധനയെ കുറിച്ച് മുന്നറിയിപ്പ് നല്‍കുകയും ചെയ്തിരുന്നു. നിരവധി സൂക്തങ്ങളിലൂടെ, അവിടുന്ന് ഇതിനാഹ്വാനം ചെയ്യപ്പെട്ടിട്ടുണ്ട്:

'നീ അവരോടു തീര്‍ത്തുപറഞ്ഞേക്കുക: 'എന്റെ മാര്‍ഗം ഇതാകുന്നു. തികഞ്ഞ ഉള്‍ക്കാഴ്ചയോടെ ഞാനും എന്നെ അനുഗമിച്ചവരും നിങ്ങളെ അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുന്നു. അല്ലാഹു പരിശുദ്ധനാകുന്നു. ബഹുദൈവാരാധകരുമായി എനിക്ക് യാതൊരു ബന്ധവുമില്ല.' (യൂസുഫ്: 108)

'പ്രവാചകന്‍ പറയുക: ഞാന്‍ എന്റെ റബ്ബിനോട് പ്രാര്‍ഥിക്കുന്നു; ആരെയും അവന്റെ പങ്കാളിയാക്കുന്നില്ല. പറയുക: നിങ്ങള്‍ക്ക് എന്തെങ്കിലും ഗുണമോ ദോഷമോ വരുത്താന്‍ എനിക്ക് കഴിവില്ല. പറയുക: എന്നെ അല്ലാഹുവിന്റെ പിടിത്തത്തില്‍നിന്ന് രക്ഷിക്കാന്‍ ആര്‍ക്കുമാവില്ല. അവനല്ലാതെ മറ്റൊരഭയസ്ഥാനവും ഞാന്‍ കാണുന്നില്ല.' (ജിന്ന്: 20-22)

'(പ്രവാചകന്‍) ഇവരോട് പറയുക: വിധേയത്വം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട്, അവന് ഇബാദത്ത് ചെയ്യാനാണ് ഞാന്‍ ആജ്ഞാപിക്കപ്പെട്ടിട്ടുള്ളത്. ഒന്നാമനായി ഞാന്‍ തന്നെ മുസ്‌ലിമായിരിക്കാന്‍ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. പറയുക: നാഥനെ ധിക്കരിക്കുകയാണെങ്കില്‍ ഒരു ഭയങ്കര നാളിന്റെ ശിക്ഷയെ ഞാന്‍ ഭയപ്പെടേണ്ടതുണ്ട്. പ്രഖ്യാപിച്ചുകൊള്ളുക: ഞാന്‍ വിധേയത്വം സമ്പൂര്‍ണമായും അല്ലാഹുവിനാക്കിക്കൊണ്ട്, അവനു മാത്രം ഇബാദത്ത് ചെയ്യുന്നതാകുന്നു. നിങ്ങള്‍ അവനെക്കൂടാതെ ഇഷ്ടമുള്ളവര്‍ക്കൊക്കെ ഇബാദത്ത് ചെയ്തുകൊള്ളുക. തങ്ങളെയും തങ്ങളുടെ ബന്ധുമിത്രാദികളെയും മഹാ നഷ്ടത്തിലകപ്പെടുത്തിയവര്‍ ഉയിര്‍ത്തെഴുന്നേല്‍പുനാളില്‍ യഥാര്‍ഥത്തില്‍ പാപ്പരായവരത്രെ.' (അസ്സുമര്‍: 11-15)

'സൃഷ്ടി ആരംഭിക്കുന്നതും പിന്നീടത് ആവര്‍ത്തിക്കുന്നതും ആരാകുന്നു? വിണ്ണില്‍ നിന്നും മണ്ണില്‍ നിന്നും നിങ്ങള്‍ക്ക് അന്നം തരുന്നതാരാകുന്നു? അല്ലാഹുവിനോടൊപ്പം മറ്റേതെങ്കിലും ദൈവത്തിന് (ഈ സംഗതികളില്‍) പങ്കുണ്ടോ? പറയുക: 'നിങ്ങള്‍ സത്യവാന്മാരെങ്കില്‍ തെളിവ് ഹാജരാക്കുവിന്‍.'

(അന്നംല്: 64)

ദൈവേകത്വം അനുസ്മരിപ്പിച്ച പ്രവാചകൻ(സ), അല്ലാഹുവിൽ ആരോപിക്കപ്പെടുന്ന പങ്കാളികൾക്കൊന്നും തന്നെ, യാതൊന്നും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ലെന്നും, ഉപകാരമോ, ഉപദ്രവമോ ചെയ്യാനുള്ള കഴിവ് അവർക്കില്ലെന്നും അവരോട് പറഞ്ഞിട്ടുണ്ട്. തദ്വിഷയകമായ ചില സൂക്തങ്ങളിതാ:

'അവരോടു പറയുക: അല്ലാഹുവിനെക്കൂടാതെ (കാര്യങ്ങൾ നിവർത്തിക്കുന്നവരായി) നിങ്ങൾ കരുതുന്നവരെ പ്രാർഥിച്ചുനോക്കുവിൻ. ഒരു ക്ലേശത്തെയും നിങ്ങളിൽനിന്നു തട്ടിക്കളയുവാൻ അവർക്കു സാധിക്കുകയില്ല; മാറ്റിക്കളയാനും സാധിക്കുകയില്ല.' (ബനൂ ഇസ്രായീൽ: 56)

'പ്രവാചകൻ അവരോട് പറയുക: അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങളീ പ്രാർഥിച്ചുകൊണ്ടിരിക്കുന്നതെന്തൊക്കെയാണെന്ന് സ്വന്തം കണ്ണുതുറന്നൊന്ന് നോക്കിയിട്ടുണ്ടോ? എനിക്കൊന്നു കാട്ടിത്തരുവിൻ, ഭൂമിയിൽ എന്താണവർ സൃഷ്ടിച്ചിട്ടുള്ളത്. അതല്ല, ആകാശത്തിന്റെ സൃഷ്ടിയിലും പരിപാലനത്തിലും അവർക്കു വല്ല പങ്കുമുണ്ടെന്നാണോ? ഇതിനുമുമ്പവതരിച്ച വല്ല വേദമോ ജ്ഞാനപൈതൃകമോ (ഈ വിശ്വാസങ്ങൾക്ക് തെളിവായി) നിങ്ങളുടെ പക്കലുണ്ടെങ്കിൽ അതിങ്ങ് കൊണ്ടുവരുവിൻ-നിങ്ങൾ സത്യവാൻമാരാണെങ്കിൽ.' (അൽ അഹ്കാഫ്: 4)

'(പ്രവാചകൻ ഈ ബഹുദൈവവിശ്വാസികളോട്) പറയുക: അല്ലാഹുവിനെ കൂടാതുള്ള ദൈവങ്ങളെന്നു നിങ്ങൾ ധരിച്ചുവെച്ചിട്ടുള്ള ആരാധ്യന്മാരോട് പ്രാർഥിച്ചുനോക്കുവിൻ. അവർ വാനലോകത്ത് ഒരണുതുല്യ വസ്തുവിന്റെ പോലും ഉടമസ്ഥരല്ല. ഭൂമിയിലും അല്ല. അവർക്ക് ആകാശഭൂമികളുടെ ഉടമസ്ഥതയിൽ പങ്കില്ല. അവരിലാരും അല്ലാഹുവിന്റെ സഹായിയുമല്ല.' (സബഅ്: 22)

'(പ്രവാചകൻ) ഇവരോട് പറയുക: നിങ്ങൾ അല്ലാഹുവിനെ വെടിഞ്ഞ്, നിങ്ങളുടെ പങ്കാളികളായിക്കരുതി പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളെ വല്ലപ്പോഴും കണ്ടിട്ടുണ്ടോ? എനിക്കൊന്നു കാണിച്ചുതരിക: ഭൂമിയിൽ എന്താണവർ സൃഷ്ടിച്ചിട്ടുള്ളത്? അതല്ലെങ്കിൽ വാനലോകങ്ങളിൽ അവർക്കെന്തു പങ്കാണുള്ളത്? (ഇതു പറയാൻ സാധിക്കുന്നില്ലെങ്കിൽ അവരോട് ചോദിക്കുക:) നാം അവർക്ക് വല്ല തിട്ടൂരവും എഴുതിക്കൊടുത്തിട്ട്, അതിൽനിന്നുള്ള വ്യക്തമായ പ്രമാണമനുസരിച്ചാണോ (അവർ ഈ ബഹുദൈവത്വമംഗീകരിച്ചത്?) അല്ല, ഈ ധിക്കാരികൾ പരസ്പരം വാഗ്ദാനം ചെയ്തുകൊണ്ടിരിക്കുന്നത് കേവലം വഞ്ചനകളാകുന്നു.' (അൽ ഫാത്വിർ: 40)

ഭൂരിഭാഗവും അല്ലാഹുവിൽ വിശ്വസിച്ചിരുന്നുവെങ്കിലും, അവന്റെ മഹത്വവും ശക്തിയും വാഴ്ത്താനും, അവനാണ് തങ്ങളുടെ ഏകമിത്രവും സഹായിയുമെന്ന് മനസ്സിലാക്കാനും അവർക്ക് കഴിഞ്ഞിരുന്നില്ല. മാത്രമല്ല, അല്ലാഹു അല്ലാത്തവർ തങ്ങളെ സഹായിക്കുമെന്ന തെറ്റായ വിശ്വാസവും അവർ വെച്ചു പുലർത്തിയിരുന്നു. പ്രവാചകൻ(സ) ഈ വസ്തുതകൾ അവർക്ക് മനസ്സിലാക്കി കൊടുക്കുകയും വിഗ്രഹാരാധനയിൽ നിന്നും അവരെ മോചിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. താഴെ സൂക്തങ്ങൾ ശ്രദ്ധിക്കുക:

'ഈ ജനത്തോട് ആകാശഭൂമികളെ സൃഷ്ടിച്ചതാരാണെന്ന് ചോദിച്ചാൽ, അവർ പറയും: 'അല്ലാഹു.' അവരോട് ചോദിക്കുക: 'യാഥാർഥ്യമിതാണെങ്കിൽ നിങ്ങൾക്കെന്തു തോന്നുന്നു; അല്ലാഹു എനിക്കൊരു ദുരിതമേൽക്കണമെന്നിച്ഛിച്ചാൽ, അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന ഈ ദേവികൾ എനിക്കേർപ്പെട്ട ദുരിതം നീക്കിക്കളയുമോ? അല്ലെങ്കിൽ അല്ലാഹു എനിക്കൊരു അനുഗ്രഹമിച്ഛിച്ചാൽ ആ അനുഗ്രഹത്തെ തടയുവാൻ അവർക്കാകുമോ?' ജനത്തോട് പറഞ്ഞേക്കുക, എന്തെന്നാൽ എനിക്ക് അല്ലാഹു തന്നെ എത്രയും മതിയായവനാകുന്നു. ഭരമേൽപിക്കുന്നവർ അവനിൽതന്നെ ഭരമേൽപിക്കുന്നു.'(അസ്സുമർ: 38)

'അവരോട് ചോദിക്കുക: 'നിങ്ങളെ അല്ലാഹുവിൽനിന്ന് രക്ഷിക്കാൻ കഴിയുന്നവരാരുണ്ട്- അവൻ നിങ്ങൾക്ക് ദോഷം വരുത്താനുദ്ദേശിച്ചാൽ? അവന്റെ കാരുണ്യത്തെ തടയാൻ കഴിയുന്നവരാരുണ്ട്- അവൻ നിങ്ങളോട് കരുണ ചെയ്യാനുദ്ദേശിച്ചാൽ?' അല്ലാഹുവിനെതിരിൽ ഈ ജനം യാതൊരു രക്ഷകനെയും സഹായിയെയും കണ്ടെത്തുന്നതല്ല.' (അൽ അഹ്സാബ്: 17)

അല്ലാഹുവാണ് മനുഷ്യന്റെ സ്രഷ്ടാവ്. അവന്റെ ഏക സഹായിയും സ്നേഹിതനും അവൻ തന്നെ. പക്ഷെ, ദൈവഭയമില്ലാത്ത ജനത അത് സ്വീകരിക്കാൻ വിസമ്മതിക്കുന്നു. തങ്ങളുടെ നിസ്സഹായത വെളിപ്പെടുന്ന എന്തെങ്കിലും വിപത്തുകൾ ബാധിക്കുമ്പോൾ മാത്രമെ, അവർ ഈ വസ്തുത മനസ്സിലാക്കു

കയുള്ളു. ആപൽ ഘട്ടങ്ങളിൽ അല്ലാഹു മാത്രമേ സഹായത്തിനുണ്ടാവുകയുള്ളുവെന്ന് നബി(സ) അവരെ അനുസ്മരിപ്പിച്ചിട്ടുണ്ട്. അതിന്ന് അദ്ദേഹം ചുമതലപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. ഖുർആൻ പറയുന്നു:

'അവരോടു പറയുക: 'അൽപം ചിന്തിച്ചിട്ടു പറയുവിൻ, നിങ്ങളിൽ അല്ലാഹുവിങ്കൽനിന്നുള്ള വല്ല വിപത്തും ഭവിക്കുകയോ അല്ലെങ്കിൽ അന്ത്യനാൾ വന്നെത്തുകയോ ചെയ്യുകയാണെങ്കിൽ, ആ സന്ദർഭത്തിൽ നിങ്ങൾ അല്ലാഹുവല്ലാത്ത മറ്റാരെയെങ്കിലും വിളിച്ചു പ്രാർഥിക്കുമോ? പറയുവിൻ-നിങ്ങൾ സത്യവാന്മാരെങ്കിൽ. അന്നേരം നിങ്ങൾ അല്ലാഹുവിനെ മാത്രമേ വിളിക്കൂ. അപ്പോൾ അവനിഛിക്കുന്നുവെങ്കിൽ നിങ്ങളിൽനിന്ന് ആ വിപത്തിനെ നീക്കിക്കളയുന്നു. ഇത്തരം സന്ദർഭങ്ങളിൽ ദിവ്യത്വത്തിൽ പങ്കാളികളെന്ന് നിങ്ങൾ വാദിക്കുന്നവരെയെല്ലാം നിങ്ങൾതന്നെ മറക്കുകയും ചെയ്യുന്നു.' (അൽ അൻആം: 40-41)

എന്നാൽ, വിശ്വാസികളെ സംബന്ധിച്ചിടത്തോളം, തങ്ങളെ സഹായിക്കാനും തങ്ങളുടെ ഭാരങ്ങൾ ഇറക്കിവെക്കാനും അല്ലാഹുവിന്നു മാത്രമേ കഴിയുകയുള്ളുവെന്ന് മനസ്സിലാക്കാൻ, ഇത്തരം വിഷമതകളൊന്നും ബാധിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അല്ലാഹു പറയുന്നു:

'പ്രവാചകാ, അവരോടു ചോദിക്കുക: 'മരുഭൂമിയുടെയും മഹാസമുദ്രത്തിന്റെയും അന്ധകാരങ്ങളിൽ ആരാണ് നിങ്ങളെ അപായങ്ങളിൽനിന്നു രക്ഷിക്കുന്നത്? (ആപൽസന്ധികളിൽ) നിങ്ങൾ വിറപൂണ്ടും സ്വകാര്യമായും പ്രാർഥിക്കുന്നത് ആരോടാകുന്നു? 'ഈ അപകടത്തിൽനിന്നു രക്ഷപ്പെടുത്തിയാൽ ഞങ്ങൾ തീർച്ചയായും നന്ദിയുള്ളവരായിരിക്കുമെന്ന് ആരോടാണ് നിങ്ങൾ അപേക്ഷിക്കാറുള്ളത്?' പറയുക: 'അല്ലാഹുവാകുന്നു അതിൽനിന്നും മറ്റു സകല ക്ലേശങ്ങളിൽനിന്നും നിങ്ങളെ രക്ഷിക്കുന്നത്. എന്നിട്ടും നിങ്ങൾ അപരന്മാരെ അവന്റെ പങ്കുകാരായി ആരോപിക്കുന്നു.'(അൽ അൻആം: 63-64)

'നിന്നെ സൃഷ്ടിച്ച അല്ലാഹുവിൽ പങ്കുകാരെ ആരോപിക്കുന്നതാണ് ഏറ്റവും കഠിനമായ കുറ്റ'[37]മെന്ന്, പ്രവാചകൻ വിശ്വാസികളോടും മുന്നറിയിപ്പു നൽകുകയുണ്ടായിട്ടുണ്ട്.

'അല്ലാഹുവിൽ പങ്കാളികളെ ആരോപിക്കാതിരിക്കുന്നത് വിശ്വാസത്തിന്റെ തെളിവും അനിവാര്യ വ്യവസ്ഥയുമാണെ'ന്നും മറ്റൊരിടത്ത് നബി(സ) പറയുന്നു:

'പങ്കാളികളെ ആരോപിക്കാതെ, അല്ലാഹുവിനെ കണ്ടു മുട്ടുന്നവർ സ്വർഗത്തിൽ പ്രവേശിക്കുമെന്ന്'[38] അവിടുന്ന് പറഞ്ഞിട്ടുണ്ട്.

വിഗ്രഹാരാധന എത്രമാത്രം ഗുപ്തമാണെന്നും അവിടുന്ന് ഊന്നി പറഞ്ഞിട്ടുണ്ട്:

'ദജ്ജാലിന്റെ അപകടത്തേക്കാൾ, നിങ്ങൾക്ക് ഞാൻ ഭയപ്പെടുന്ന ഒന്നിനെ കുറിച്ച് ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? ഗുപ്തമായ വിഗ്രഹാരാധനയത്രെ അത്. ഒരാൾ നമസ്കരിക്കാൻ നിൽക്കുന്നു. അത് ഭംഗിയായി നിർവഹിക്കുന്നു. കാരണം, ആളുകൾ തന്നെ ശ്രദ്ധിച്ചു കൊണ്ട് നിൽക്കുന്നത് അയാൾ കണ്ടിട്ടുണ്ട്.'[39]

'ഇരുണ്ട രാത്രിയിൽ, മിനുസമുള്ള കല്ലിന്മേലിലൂടെ അരിച്ചു പോകുന്ന ഉറുമ്പുകളേക്കാൾ ഗുപ്തമായി, വിഗ്രഹാരാധന നിങ്ങളിൽ ഒളിഞ്ഞു കിടപ്പുണ്ട്.'[40]

*അദൃശ്യം അറിയുന്നവൻ അല്ലാഹു മാത്രം*

മനുഷ്യന്ന് അറിയാനും കാണാനും കഴിയാത്ത ഗുപ്ത കാര്യങ്ങൾക്കാണ് 'ഗൈബ്'(അദൃശ്യം) എന്ന പദം ഖുർആൻ പ്രയോഗിച്ചിരിക്കുന്നത്. ഉദാഹരണമായി, ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങൾ നമുക്ക് അജ്ഞാതമാണല്ലോ. എന്നാൽ, വ്യക്തിയുടെയും രാജ്യത്തിന്റെയും മറ്റെല്ലാറ്റിന്റെയും ഭാവി അല്ലാഹുവിന്നറിയാം. അദൃശ്യജ്ഞാനം അല്ലാഹുവിന്നു മാത്രമാണെന്ന് വിവരിച്ചു കൊടുക്കാൻ പ്രവാചകന്മാർ ആജ്ഞാപിക്കപ്പെട്ടത് ഇത് കൊണ്ടത്രെ:

'നീ പറയുക: 'അവരുടെ ഗുഹാവാസകാലം അല്ലാഹുവിനു മാത്രമേ അറിയൂ. ആകാശഭൂമികളുടെ രഹസ്യങ്ങളൊക്കെയും അറിയുന്നത് അവൻ മാത്രമാകുന്നു. അവൻ എത്ര നന്നായി കാണുന്നവൻ, എത്ര

നന്നായി കേൾക്കുന്നവൻ! (ഭൂമിയിലും ആകാശത്തുമുള്ള സൃഷ്ടികൾക്ക്) അവനല്ലാതെ മറ്റൊരു രക്ഷാധികാരിയുമില്ല. അവൻ, തന്റെ ആധിപത്യത്തിൽ ആരെയും പങ്കാളിയാക്കുന്നുമില്ല.' (അൽ കഹ്ഫ്': 26)

'അവരോട് പറയുക: 'അല്ലാഹുവല്ലാതെ ആരുംതന്നെ വാനലോകങ്ങളിലും ഭൂമിയിലും അതിഭൗതിക കാര്യങ്ങൾ അറിയുന്നില്ല. (നിങ്ങളുടെ ആരാധ്യരാണെങ്കിൽ) എപ്പോഴാണ് തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നുപോലും അറിയാത്തവരാകുന്നു.' (അന്നംല്: 65)

'നീ പറയുക: 'എന്റെ റബ്ബ് (എന്നിലേക്ക്) സത്യം വിക്ഷേപിക്കുന്നു. അവൻ അദൃശ്യ യാഥാർഥ്യങ്ങളൊക്കെയും അറിയുന്നവനാകുന്നു.' (സബഅ് : 48)

അദൃശ്യജ്ഞാനത്തെ കുറിച്ചു ചോദിക്കപ്പെട്ടപ്പോഴെല്ലാം അവിടുന്നു പറഞ്ഞത് ഇങ്ങനെയായിരുന്നു:

'എനിക്കറിയില്ല, ഞാൻ ഒരു ദാസൻ മാത്രം. അല്ലാഹു അറിയിച്ചു തരുന്നത് മാത്രമേ എനിക്കറിയുകയുള്ളു. അവൻ വെളിപ്പെടുത്തി തരാത്തത് എനിക്കറിയുകയില്ല.'(Abdul-Rahman al-Jami, Nafahat al-Uns, translated into Turkish by Abdulkadir Akcicek, Istanbul, 1981, p. 325)

എന്നാൽ, താൻ ഇഷ്ടപ്പെടുന്ന ദാസന്മാർക്ക് അദൃശ്യജ്ഞാനം നൽകുന്നതാണെന്ന് അല്ലാഹു പറയുന്നുണ്ട്. ഒരു സൂക്തത്തിൽ അല്ലാഹു പറയുന്നു:

'അതിഭൗതിക കാര്യങ്ങൾ അറിയുന്നവൻ അവനാകുന്നു. അവന്റെ രഹസ്യങ്ങൾ ആർക്കും വെളിപ്പെടുത്തുന്നില്ല -(അതിഭൗതികജ്ഞാനം നൽകുന്നതിന്) അവൻ ഇഷ്ടപ്പെട്ട ദൂതനൊഴിച്ച്.'(അൽ ജിന്ന്: 26)

അദൃശ്യവൃത്താന്തങ്ങൾ പ്രവാചകന്ന് നൽകിയതായി മറ്റൊരു സൂക്തത്തിൽ പറയുന്നു:

'പ്രവാചകാ, ഇവ മറഞ്ഞ വാർത്തകളാകുന്നു. ദിവ്യബോധനത്തിലൂടെ നാം അത് നിനക്ക് അറിയിച്ചുതരുന്നു. മർയമിന്റെ രക്ഷാധികാരം ആർ ഏറ്റെടുക്കേണമെന്ന് നിശ്ചയിക്കാൻ, ക്ഷേത്രപരികർമികൾ അവരുടെ നാരായങ്ങൾ എറിഞ്ഞപ്പോൾ നീ അവിടെ ഉണ്ടായിരുന്നില്ലല്ലോ. അവർ തർക്കിച്ചുകൊണ്ടിരുന്നപ്പോഴും നീ ഉണ്ടായിരുന്നില്ല.'(ആലു ഇംറാൻ: 44)

ഭാവിയിൽ നടക്കാനിരിക്കുന്ന പല കാര്യങ്ങളും അല്ലാഹു പ്രവാചകന്ന് അറിയിച്ചു കൊടുക്കുകയും, അവിടുന്ന് പറഞ്ഞ രീതിയിൽ തന്നെ അവ സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

*ഗൂഢഭാഷണം പോലും അവനറിയും*

കുറ്റകൃത്യങ്ങളോ, കിംവദന്തികളോ നടത്തുന്നവർ. അതാരും അറിയുകയില്ലെന്നാണല്ലോ കരുതുന്നത്. എന്നാൽ, വ്യക്തിയുടെ വിചാരവികാരങ്ങളും മറ്റുള്ളവരുമായുള്ള കുശുകുശുക്കലുമെന്ന് മാത്രമല്ല, ആകാശഭൂമികളിലുള്ള സകലതും അല്ലാഹുവിന്നറിയാം. വ്യക്തിയുടെ സകല പ്രവർത്തനങ്ങളും നന്നായി അറിയുന്ന അവന്റെ മുമ്പിൽ, തന്റെ വിചാരവികാരങ്ങൾക്കും രഹസ്യങ്ങൾക്കുമെല്ലാം, പരലോകത്ത് വെച്ച് അവൻ കണക്ക് ബോധിപ്പിക്കേണ്ടി വരും. ഒരു പക്ഷെ, അതെല്ലാം അയാൾ മറന്നു പോയിട്ടുണ്ടായിരിക്കാമെങ്കിലും, വിസ്മൃതമായ അവയെല്ലാം, പരലോകത്ത് അയാളുടെ മുമ്പിൽ വെക്കപ്പെടുന്നതാണ്.

തങ്ങൾ കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്ന വസ്തുത പ്രവാചകൻ(സ) അവർക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തദ്വിഷയകമായ ചില സൂക്തങ്ങൾ കാണുക:

'പ്രവാചകൻ, ജനങ്ങളെ അറിയിച്ചുകൊള്ളുക: 'നിങ്ങളുടെ ഹൃദയങ്ങളിലുള്ളതെന്തോ, അത്-നിങ്ങൾ വെളിപ്പെടുത്തിയാലും ഒളിച്ചുവച്ചാലും-അല്ലാഹു അറിയുന്നുണ്ട്. വാനലോകങ്ങളിലും ഭൂമിയിലുമുള്ളതൊന്നും അവന്റെ ജ്ഞാനത്തിനതീതമല്ല. അവന്റെ കഴിവ് സകലത്തേയും വലയം ചെയ്തതല്ലോ.'(ആലു ഇംറാൻ : 29)

'പ്രവാചകൻ, അവരോടു പറഞ്ഞുകൊള്ളുക: 'എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു

തന്നെ മതി. അവൻ തന്റെ ദാസന്മാരെക്കുറിച്ച് തികഞ്ഞ ജ്ഞാനമുള്ളവനും എല്ലാം കണ്ടുകൊണ്ടിരിക്കുന്നവനുമല്ലോ.'(അൽ ഇസ്രാഅ് : 96)

'അവർ പിന്തിരിയുകയാണെങ്കിൽ പറഞ്ഞുകൊള്ളുക: 'ഞാൻ പരസ്യമായി നിങ്ങളെ അറിയിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങൾ വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സംഗതി ആസന്നമോ വിദൂരമോ എന്നു ഞാൻ അറിയുന്നില്ല. ഉച്ചത്തിൽ പറയുന്നതും രഹസ്യമായി പറയുന്നതുമായ വർത്തമാനങ്ങളൊക്കെയും അല്ലാഹു അറിയുന്നുണ്ട്.'(അൽ അമ്പിയാഅ്: 109-110)

'(വിശ്വാസമവകാശപ്പെടുന്ന) ഇവരോട് പ്രവാചകൻ പറയുക: 'നിങ്ങൾ അല്ലാഹുവിനെ നിങ്ങളുടെ ദീൻ പഠിപ്പിക്കുകയാണോ? അല്ലാഹുവോ, വാന-ഭുവനങ്ങളിലുള്ളതൊക്കെയും അറിയുന്നു. അവൻ സകല സംഗതികളിലും സൂക്ഷ്മജ്ഞനാകുന്നു.'(അൽ ഹുജ്റാത്ത്: 16)

*ഖുർആൻ: മനുഷ്യർക്കു വേണ്ടിയുള്ള ദൈവിക ഗ്രന്ഥം*

ഖുർആൻ ദൈവിക ഗ്രന്ഥമാണെന്ന വസ്തുത നിഷേധിക്കുന്നവർ പ്രവാചകന്റെ കാലത്തും പിന്നീടും ഉണ്ടായിട്ടുണ്ട്. അത് മുഹമ്മദ് നബി(സ)യുടെ രചനയാണെന്നു പോലും പറയുന്നവരുണ്ട്. എന്നാൽ, അത് മനുഷ്യന്റെ രചനയല്ലെന്നും, പ്രത്യുത ദൈവിക വചനവും ധാരാളം അമാനുഷികതകളടങ്ങിയതുമാണെന്ന വസ്തുത വളരെ വ്യക്തമാണ്. ഒരു മനുഷ്യന്നും സങ്കൽപിക്കാൻ കഴിയാത്ത അത്യുന്നത ജ്ഞാനമാണത്. ഈ വസ്തുത പ്രവാചകൻ(സ) മനുഷ്യരെ അറിയിച്ചിട്ടുമുണ്ട്. ചില സൂക്തങ്ങൾ കാണുക:

'പ്രവാചകൻ, അവരോടു പറയുക: 'വാനലോകങ്ങളുടെയും ഭൂലോകത്തിന്റെയും പൊരുളറിയുന്നവനാണ് അത് അവതരിപ്പിച്ചിട്ടുള്ളത്. തീർച്ചയായും അവൻ ഏറെ മാപ്പരുളുന്നവനും കൃപാനിധിയുമാകുന്നു.'(അൽ ഫുർഖാൻ : 6)

'പ്രവാചകൻ അവരോട് ചോദിക്കുക: നിങ്ങളൊരിക്കലും ചിന്തിച്ചിട്ടില്ലയോ? എന്തെന്നാൽ, ഈ ഖുർആൻ യഥാർഥത്തിൽ ദൈവത്തിങ്കൽ നിന്നുതന്നെയുള്ളതാണ്; എന്നിട്ട് നിങ്ങളിതിനെ നിഷേധിച്ചുകൊണ്ടിരിക്കുന്നു. എങ്കിൽ ഇതിനെ എതിർക്കുന്നതിൽ ബഹുദൂരം പോയിക്കഴിഞ്ഞവനേക്കാൾ വഴിപിഴച്ച മനുഷ്യനാരാണുണ്ടാവുക?'(ഫുസ്സിലത്ത്: 52)

ഖുർആനിലെ അമാനുഷികതകളെ കുറിച്ചോ, അതിലെ ജ്ഞാനം ദൈവികമാണെന്നതിനെ കുറിച്ചോ ബോധമില്ലാത്തവരാണ്, അത് മനുഷ്യനിർമ്മിതമാണെന്ന് പറയുന്നത്. ഒരാളുടെ കാര്യമിരിക്കട്ടെ, ലോകജനതയും ജിന്നുകളും ഒന്നടങ്കം ശ്രമിച്ചാൽ പോലും, എഴുതാൻ കഴിയാത്ത ഒന്നാണ് ഖുർആൻ. ഖുർആൻ പറയുന്നു:

'അവരോടു പറയുക: 'ഈ ഖുർആൻ പോലൊന്നു കൊണ്ടുവരാൻ മനുഷ്യരും ജിന്നുകളും ഒത്തൊരുമിച്ചു പ്രവർത്തിച്ചാലും സാധിക്കയില്ല -അവരൊക്കെയും പരസ്പരം സഹായിച്ചാലും ശരി.'(അൽ ഇസ്രാഅ്: 88)

'ഇതു പ്രവാചകൻ സ്വയം ചമച്ചതാണെന്ന് ഈ ജനം പറയുന്നുവോ? പറയുക: 'നിങ്ങൾ ഈ ആരോപണത്തിൽ സത്യസന്ധരാണെങ്കിൽ ഇതുപോലൊരധ്യായം രചിച്ചുകൊണ്ടുവരിക. അല്ലാഹു ഒഴികെ നിങ്ങൾക്ക് ആരെയെല്ലാം വിളിക്കാൻ കഴിയുമോ, അവരെയെല്ലാം സഹായത്തിനു വിളിച്ചുകൊള്ളുക.'(യൂനുസ്: 38)

തദ്വിഷയകമായ ഒരു ഹദീസ് കാണുക:

'സത്യം ആകാശത്ത് നിന്നും അവരോഹണം നടത്തി, വിശ്വാസികളുടെ ഹൃദയങ്ങളുടെ അസ്തിവാരത്തിന്മേൽ കുടികൊണ്ടു. അനന്തരം ഖുർആൻ അവതീർണ്ണമായി. ആളുകൾ ഖുർആൻ പാരായണം ചെയ്തു. (അതിൽ നിന്ന് പഠിക്കുകയും ചെയ്തു.) തിരു ചര്യയിൽ നിന്നും അത് പഠിച്ചു. ഖുർആനും തിരുചര്യയും, വിശ്വാസികളുടെ സത്യസന്ധതക്ക് ശാക്തീകരണം നൽകുകയും ചെയ്തു.'[41]

*ഖുർആൻ: മുന്നറിയിപ്പും സുവാർത്തയും*

ഖുർആൻ ജനങ്ങളെ സത്യമാർഗ്ഗത്തിലേക്ക് നയിച്ചുവെന്ന് പ്രവാചകൻ(സ) പറയുന്നു. അതിനെ വഴി കാട്ടിയായി സ്വീകരിക്കാൻ അവരെ ഉപദേശിക്കുകയും ചെയ്യുന്നു. ചില സൂക്തങ്ങൾ കാണുക:

'അവരോടു പറയുക: 'അതു കണിശമായും പരിശുദ്ധാത്മാവ് എന്റെ റബ്ബിങ്കൽ നിന്ന് പലപ്പോഴായി ഇറക്കിയിട്ടുള്ളതാകുന്നു -വിശ്വാസം കൈക്കൊണ്ടവരുടെ വിശ്വാസം ദൃഢീകരിക്കുന്നതിനും അനുസരണമുള്ളവർക്ക് ജീവിത കാര്യങ്ങളിൽ നേരായ വഴി കാണിച്ചുകൊ ടുക്കുന്നതിനും അവരെ വിജയസൗഭാഗ്യങ്ങളുടെ സുവാർത്തയറിയിക്കുന്നതിനും വേണ്ടി.'(അന്നഹ്ല്: 102)

'പറയുക: 'ഞാൻ വഴിപിഴച്ചുവെങ്കിൽ, എന്റെ വഴികേടിന്റെ ദോഷം എനിക്കുതന്നെ. ഞാൻ സന്മാർഗത്തിലാണെങ്കിലോ, അത് എന്റെ റബ്ബ് എനിക്ക് നൽകിയ ദിവ്യസന്ദേശത്താലത്രെ. അവൻ ഒക്കെയും കേൾക്കുന്നവനും വളരെ സമീപസ്ഥനുമാകുന്നു.'(സബഅ്: 50)

ഖുർആൻ പഠനത്തിന്ന് പ്രവാചകൻ വലിയ പ്രാധാന്യം കൽപിച്ചത് ഇത് കൊണ്ടത്രെ:

'ജ്ഞാനമാർജ്ജിക്കുക, അത് ആളുകൾക്ക് പകർന്നു കൊടുക്കുക. ഖുർആൻ പഠിക്കുക, പഠിപ്പിക്കുക. കാരണം, ഇഹലോകം പിരിയാൻ പോകുന്ന ആളാണ് ഞാൻ.'[42]

*ആരും ഇതരന്റെ പാപഭാരം ചുമക്കുകയില്ല*

ഒരാളുടെ പാപം മറ്റൊരാളുടെ മേൽ ചുമത്താൻ കഴിയുമെന്നായിരുന്നു ജാഹിലീ സമൂഹങ്ങളുടെ വിശ്വാസം. ഉദാഹരണമായി, നിർബന്ധമായ ഒരു കടമ ചെയ്യുന്നയാളോട് ഒരു സുഹൃത്ത് വന്നു പറയാറുണ്ടായിരുന്നു: അത് ചെയ്യാത്തതിന്നുള്ള കുറ്റം ഞാൻ ചുമന്ന് കൊള്ളാം.' ഇവിടെ, കർത്തവ്യം ചെയ്യാത്ത കുറ്റം അയാൾക്കും, അതിന്നു തടസ്സം നിന്ന കുറ്റം സുഹൃത്തിന്നുമായിരിക്കും. അതെ, ഒരാളുടെ കുറ്റം ഇറക്കിവെക്കാൻ മറ്റൊരാൾക്ക് കഴിയുകയില്ല. വിധിനാളിൽ, തങ്ങളുടെ കുറ്റങ്ങൾക്ക് മാത്രമേ, ഓരോരുത്തരും ഉത്തരവാദിയാവുകയുള്ളൂ.  അപരന്റെ കുറ്റത്തെ കുറിച്ച് ആരും ചോദ്യം ചെയ്യപ്പെടുകയില്ല. ഈ വസ്തുത വിവരിച്ചു കൊടുക്കാൻ അല്ലാഹു തിരുദൂതരെ ചുമതലപ്പെടുത്തിയിട്ടുണ്ട്:

'പറയുക: 'ഞാൻ അല്ലാഹുവല്ലാത്ത മറ്റൊരു നാഥനെ അന്വേഷിക്കുകയോ, സകല വസ്തുക്കളുടെയും നാഥൻ അവൻ മാത്രമായിരിക്കെ?' ഓരോ മനുഷ്യനും എന്തു നേടുന്നുവോ, അതിന്റെ ഉത്തരവാദി അയാൾതന്നെയാകുന്നു. ഭാരം ചുമക്കുന്ന യാതൊരുവനും അപരന്റെ ഭാരം ചുമക്കുകയില്ല. നിങ്ങളെല്ലാവരും പിന്നീട് നിങ്ങളുടെ റബ്ബിങ്കലേക്ക് മടങ്ങേണ്ടവരാകുന്നു. അപ്പോൾ നിങ്ങളുടെ ഭിന്നിപ്പുകളുടെ യാഥാർഥ്യം അവൻ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരുന്നതാണ്.'(അൽ അൻആം: 164)

'ആരും അന്യന്റെ ഭാരം ചുമക്കുകയില്ലെ'[43]ന്ന പ്രവാചക വാക്യം, പ്രചാരത്തിലുണ്ടായിരുന്ന ഈ അന്ധവിശ്വാസത്തെ ഖണ്ഡിക്കുകയാണ്.

*മുൻഗാമികളുടെ അന്ത്യങ്ങളിൽ പാഠമുണ്ട്*

അല്ലാഹുവെയും അവന്റെ മതത്തെയും പ്രവാചകന്മാരെയും എതിർത്ത സമൂഹങ്ങളെ, വൻവിപത്തുകളാൽ നശിപ്പിച്ചതായി ചരിത്രത്തിലുടനീളം കാണാം. ഇത് എല്ലാ സമൂഹങ്ങൾക്കും ഒരു പാഠമായിരിക്കേണ്ടതാണ്. ഖുർആൻ പറയുന്നു;

'പറയുക: 'ഭൂമിയിലൊന്നു സഞ്ചരിച്ചുനോക്കുവിൻ; ധിക്കാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന്.'(അന്നംല്: 69)

'അവരോട് പറയുക: 'ഭൂമിയിൽ സഞ്ചരിക്കുവിൻ. എന്നിട്ട്, തള്ളിപ്പറയുന്നവരുടെ പരിണതി എന്തായിരുന്നുവെന്ന് നോക്കുവിൻ.'(അൽ അൻആം:  11)

'(പ്രവാചകൻ) അവരോട് പറയുക: ഭൂമിയിൽ സഞ്ചരിച്ച് നിരീക്ഷിക്കുവിൻ; മുമ്പ് കഴിഞ്ഞുപോയ സമു

ദായങ്ങളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന്. അവരിലധികമാളുകളും ബഹുദൈവാരാധകർ തന്നെയായിരുന്നു.'(അർറൂം: 42)

മുൻസൂക്തങ്ങളുടെ വെളിച്ചത്തിൽ, പ്രവാചകൻ(സ) പറഞ്ഞ ഒരു കാര്യം ഇതായിരുന്നു:

'നിങ്ങളെ സന്തോഷിപ്പിക്കുന്ന ഒരു കാര്യത്തിന്നു വേണ്ടി, സന്തോഷിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുക. അല്ലാഹുവാണ, ദാരിദ്ര്യം നിങ്ങൾക്ക് ഞാൻ ഭയപ്പെടുന്നില്ല. പ്രത്യുത, മുൻ ജനതതികൾ ചെയ്തത് പോലെ, ആഢംബര ജീവിതം നയിക്കുന്നതാണ് ഞാൻ നിങ്ങൾക്ക് ഭയപ്പെടുന്നത്. തദാവശ്യാർത്ഥം, അവരെപ്പോലെ നിങ്ങളും മത്സരിക്കും. അവരെപ്പോലെ, അത് നിങ്ങളെയും നശിപ്പിക്കും.'[44]

സ്വാർത്ഥത മറ്റുള്ളവരിൽ വരുത്തിയ വിപത്തുകളെ, അവിടുന്ന് ജനങ്ങളെ മുന്നറിയിക്കുകയായിരുന്നു.

*മരണത്തെ കുറിച്ച് അനുസ്മരണം*

പരലോക വിശ്വാസമില്ലാത്തവരെയും അതിന്റെ കാര്യത്തിൽ സംശയം വെച്ചു പുലർത്തുന്നവരുടെയും ഏറ്റവും വലിയ ഭീതി മരണമായിരുന്നു. മരണമെന്നാൽ, സകലത്തിന്റെയും അന്ത്യമായി വിശ്വസിച്ചിരുന്ന അവർ, തീവ്ര നൈരാശ്യം മൂലം ഭൗതിക ജീവിതത്തിൽ ഒട്ടിപ്പിടിച്ചു കൂടിയിരുന്നു. എന്നിട്ടും തങ്ങളുടെ നിയതിയായി അല്ലാഹു നിശ്ചയിച്ച നിമിഷത്തിൽ മരണം അവരെ പിടികൂടുകയായിരുന്നു. അതിൽ നിന്ന് ആർക്കും മോചനമുണ്ടായിരുന്നില്ല. മരണം ഒഴിവാക്കാനുള്ള സകല ശ്രമവും നിഷ്ഫലമാണെന്ന് അറിയിച്ച പ്രവാചകൻ(സ), അതിന്നു പകരമായി, വരാനിരിക്കുന്ന യഥാർത്ഥ ജീവിതത്തെ കുറിച്ച് ചിന്തിക്കാൻ അവരോട് ആഹ്വാനം നടത്തുകയായിരുന്നു:

'പ്രവാചകൻ അവരോട് പറയുക: നിങ്ങൾ മരണമോ കൊലയോ പേടിച്ചോടുകയാണെങ്കിൽ ആ ഓട്ടം ഒരു പ്രയോജനവും ചെയ്യുകയില്ല. അതിനുശേഷം ജീവിതമാസ്വദിക്കാൻ തുച്ഛമായ അവസരമേ നിങ്ങൾക്കു ലഭിക്കൂ.' (അൽ അഹ്സാബ്: 16)

'പറയുക: 'നിങ്ങളോടുള്ള വാഗ്ദത്തം പുലരാൻ ഒരു ദിനം നിർണയിച്ചുവെച്ചിട്ടുണ്ട്. ആ നിർണിത സമാഗമത്തെ ഒരു നിമിഷം പിന്തിക്കാനോ മുന്തിക്കാനോ നിങ്ങൾക്കാവില്ല.'' (സബഅ്: 30)

മരണചിന്തയുള്ളവരോട് അവിടുന്ന് പറഞ്ഞു:

'മരണത്തെ കുറിച്ച് ഏറ്റവും കൂടുതൽ ബോധമുള്ളവരും അതിന്നായി സ്വയം സന്നദ്ധരാകുന്നവരുമാണ് ഏറ്റവും ബുദ്ധിയുള്ളവർ.'[45]

*അന്ത്യനാളിനെ കുറിച്ച വിവരം അല്ലാഹുവിന്ന് മാത്രം*

അന്ത്യനാളിന്റെ സമയത്തെ കുറിച്ച ചിന്തയായിരുന്നു അധികമാളുകളെയും ഗ്രസിച്ചിരുന്നത്. എന്നാൽ, അതേ കുറിച്ച അറിവ് അല്ലാഹുവിൽ പരിമിതമാണെന്നാണ് ഖുർആൻ വെളിപ്പെടുത്തിയത്:

'ഉയിർത്തെഴുന്നേൽപ് നിമിഷം എപ്പോഴാണുണ്ടാവുകയെന്ന് ആളുകൾ നിന്നോട് ചോദിക്കുന്നുവല്ലോ. പറയുക: ആ അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു. നിനക്കെന്തറിയാം, ഒരുവേള അത് അടുത്തു തന്നെ സംഭവിച്ചേക്കാം.'(അൽ അഹ്സാബ്: 63)

ഈ സൂക്തത്തിൽ പറയുന്നത് പോലെ, അല്ലാഹു ഇച്ഛിച്ചവർക്കേ, അതേകുറിച്ച ജ്ഞാനം നൽകുകയുള്ളു. എന്നാൽ, ഖുർആനിൽ പറഞ്ഞ അടയാളങ്ങളും തിരുവചനങ്ങളും മുമ്പിൽ വെച്ച് അതിന്റെ ശതകം കണക്കാക്കാൻ കഴിഞ്ഞേക്കും: ഭൂമുഖത്ത് ഒരു വിശ്വാസിയും അവശേഷിക്കാതിരിക്കുകയും, അവിശ്വാസം വാണരുളുകയും ചെയ്യുമ്പോഴായിരിക്കും അതുണ്ടാവുക. ഇസ്ലാമിക വർഷം 1500 നപ്പുറം ഈ സമുദായം നിലനിൽക്കുകയില്ലെന്നാണ്, ഹദീസുകളെ അടിസ്ഥാനമാക്കി, അൽ ബർഞ്ചി, സുയൂത്വി തുടങ്ങിയ അഹ്ലുസ്സുന്ന പണ്ഡിതന്മാർ പറയുന്നത്. ഇസ്ലാമിക വർഷം 1600 ന്നു മുമ്പായി അന്ത്യദിനമുണ്ടാകുമെന്ന് ചുരുക്കം. ഹദീസുകൾ പ്രകാരം, ഏകദേശം 1506 (ഇസ്ലാമിക വർഷം) വരെ, മുസ്ലിംകൾ ദൈവിക മാർഗത്തിൽ ചരിക്കാനും, 1545 (ക്രി. വ. 2120)ൽ അന്ത്യദിനം സംഭവിക്കാനുമിടയു

ണ്ടെന്നാണ്, ബദീഉസ്സമാൻ സഈദ് നൂർസി അഭിപ്രായപ്പെടുന്നത്. (കൂടുതൽ അറിയാൻ www.awaitedmahdi.com കാണുക)

*ചിലർക്ക് നരകം ശാശ്വതം*

നരകജീവിതം താൽക്കാലികമാണെന്നും, പിന്നെ അതിൽനിന്ന് വിട്ടു പോരുമെന്നുമായിരുന്നു ജാഹിലിയ്യാ കാലത്തെ ഒരു വിശ്വാസം. എന്നാൽ ചിലർക്ക് നരകം ശാശ്വമായിരിക്കുമെന്നാണ് അല്ലാഹു അറിയിക്കുന്നത്. ഈ വസ്തുത അറിയിക്കാൻ നബി(സ)യോട് അല്ലാഹു നിർദ്ദേശം നൽകിയിട്ടുണ്ട്:

''ഞങ്ങളെ നരകാഗ്നി തൊടുകയേയില്ല; ഇനി തൊട്ടാൽതന്നെ ഏതാനും ദിവസത്തേക്കു മാത്രം' എന്ന് അവർ പറയുന്നുവല്ലോ. എന്നാൽ അവരോടു ചോദിക്കുക: 'നിങ്ങൾ അല്ലാഹുവുമായി വല്ല കരാറുമുണ്ടാക്കിയിട്ടുണ്ടോ? എങ്കിൽ അല്ലാഹു അത് ലംഘിക്കുകയില്ല. അതോ നിങ്ങൾക്ക് അറിവില്ലാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ പേരിൽ ആരോപിക്കുകയാണോ?' അല്ല, എന്തുകൊണ്ട് നിങ്ങളെ നരകത്തീ തൊടുകയില്ല? ആർ തിന്മ സമ്പാദിക്കുകയും സ്വന്തം പാപങ്ങളാൽ വലയിതനാവുകയും ചെയ്യുന്നുവോ, അത്തരമാളുകൾ നരകാവകാശികൾ തന്നെയാകുന്നു. അവരതിൽ നിത്യവാസികളുമാകുന്നു. വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരോ, അവരാകുന്നു സ്വർഗാവകാശികൾ. അതിൽ അവരും നിത്യവാസികളാകുന്നു.'(അൽ ബഖറ: 80-82)

സ്വർഗ-നരകങ്ങളിലെ ജീവിതത്തെ കുറിച്ച് നബി(സ) പറയുന്നു:

'സ്വർഗ വാസികൾ സ്വർഗത്തിലേക്കും, നരകവാസികൾ നരകത്തിലേക്കും പോകുമ്പോൾ, മരണത്തെ വിളിച്ചു സ്വർഗത്തിന്നും നരകത്തിന്നുമിടയിൽ നിറുത്തും. അനന്തരം അതിനെ കശാപ്പ് ചെയ്യും. അപ്പോൾ ഘോഷകൻ ഘോഷിക്കും: 'സ്വർഗവാസികളെ, മരണമില്ല! നരകവാസികളെ, മരണമില്ല!' അങ്ങനെ സ്വർഗവാസികൾക്ക് സന്തോഷവും നരകവാസികൾക്ക് ദുഖവും വർദ്ധിക്കും.'[46]

*സുന്ദരനാമങ്ങളോടെ ദൈവാനുസ്മരണം*

നാം മുമ്പ് പറഞ്ഞത് പോലെ, അല്ലാഹുവിന്റെ സുന്ദര നാമങ്ങളോടെയായിരുന്നു നബി(സ) പ്രാർത്ഥിച്ചിരുന്നതും വിശദീകരിച്ചിരുന്നതും. ജനങ്ങളെ ഈ രൂപത്തിൽ ക്ഷണിക്കാനാണ് അവിടുന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നത്:

'പ്രവാചകൻ, അവരോടു പറയുക: 'അല്ലാഹുവിനെ വിളിച്ചു പ്രാർഥിക്കുക; അല്ലെങ്കിൽ, റഹ്മാനേ(കരുണാമയനേ) എന്നു വിളിച്ചു പ്രാർഥിക്കുക. ഏതു പേരു വിളിച്ചും പ്രാർഥിച്ചുകൊള്ളുക. വിശിഷ്ട നാമങ്ങളൊക്കെയും അവന്നുള്ളതാകുന്നു.' നിന്റെ നമസ്കാരം ഏറെ ഉച്ചത്തിലാവരുത്. വളരെ പതിഞ്ഞ സ്വരത്തിലുമാവേണ്ട. രണ്ടിനുമിടയിൽ മധ്യനില സ്വീകരിക്കണം. പറയുക: 'സകല സ്തുതിയും അല്ലാഹുവിനാകുന്നു. അവൻ ആരെയും പുത്രനായി വരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന്ന് ഒരു പങ്കാളിയുമില്ല. രക്ഷിക്കാൻ ഒരു സഹായി ആവശ്യമാകത്തക്കവണ്ണം യാതൊരു ദൗർബല്യവും അവന്നില്ല. അവന്റെ അത്യുന്നതമായ മഹത്വത്തെ വാഴ്ത്തിക്കൊണ്ടിരിക്കുക.''(അൽ ഇസ്രാഅ്: 110-111)

*പ്രവാചകന്മാർക്കിടയിൽ വിവേചനമരുത്*

ദൈവനിയുക്തരായ പ്രവാചകന്മാർക്കിടയിൽ വിവേചനം കൽപിക്കരുതെന്ന് പ്രവാചകൻ കൽപിച്ചിട്ടുണ്ട്: 'ദൈവദൂതന്മാരിൽ ഒരാൾക്ക് മറ്റൊരാളേക്കാൾ മേന്മ കല്പിക്കരുത്.'[47] എല്ലാ പ്രവാചകന്മാരും അല്ലാഹുവാൽ സ്നേഹിക്കപ്പെടുന്നവരാണ്, അനുഗ്രഹീതരാണ്, സ്വർഗാർഹരാണ്, അവർ ദൈവിക മതം പഠിപ്പിക്കുന്നു. കഴിവനുസരിച്ച് ദൈവിക മതത്തിലേക്ക് ആളുകളെ ക്ഷണിക്കുന്നു. അതായിരുന്നുവല്ലൊ, പ്രവാചകന്റെ ഏറ്റവും സുപ്രധാനമായൊരു കർമവശം. ഖുർആൻ പറയുന്നു:

'പ്രവാചകൻ പറയുക: 'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നു. ഞങ്ങൾക്ക് അവതരിച്ച വേദത്തിലും വിശ്വസിക്കുന്നു. ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ്സന്തതികൾ എന്നിവർക്കവതരിപ്പിക്കപ്പെട്ടിരുന്ന ശാസനകളിലും; മൂസാ, ഈസാ എന്നിവർക്കും ഇതര പ്രവാചകന്മാർക്കും

അവരുടെ നാഥങ്കൽനിന്നു അവതരിച്ചിട്ടുള്ള മാർഗദർശനങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു. അവരിൽ ആരോടും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തി (മുസ്ലിം)കളല്ലോ. ഈ അനുസരണം (ഇസ്ലാം) അല്ലാത്ത ഏതൊരു മാർഗം ആര് കൈക്കൊണ്ടാലും അത് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല.' (ആലു ഇംറാൻ: 84)

'മുസ്ലിംകളേ, നിങ്ങൾ പ്രഖ്യാപിക്കുവിൻ: ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിച്ചുകിട്ടിയ സന്മാർഗത്തിലും ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്കവതരിച്ചതിലും മൂസാക്കും ഈസാക്കും നൽകപ്പെട്ട മാർഗദർശനങ്ങളിലും മറ്റെല്ലാ പ്രവാചകന്മാർക്കും അവരുടെ നാഥനിൽനിന്നു നൽകപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അവരിൽ ആരോടും വിവേചനം കാണിക്കുില്ല. അല്ലാഹുവിന്ന് സർവസ്വവും അർപ്പിച്ചവരാകുന്നു ഞങ്ങൾ.'(അൽ ബഖറ: 136)

*സദ്സ്വഭാവത്തിലേക്ക് ക്ഷണം*

ഈ പുസ്തകത്തിലുടനീളം വിസ്തരിച്ച് പറഞ്ഞത് പോലെ, മാനവരാശിക്കാകമാനം മാതൃകയായൊരു സ്വഭാവത്തിന്റെ ഉടമയായിരുന്നു മുഹമ്മദ് നബി(സ). ആ സ്വഭാവത്തിന്നരൂപമാകാൻ ജനങ്ങളെ അദ്ദേഹം ക്ഷണിക്കുകയായിരുന്നു. ദൈവപ്രീതിദായകമായ ഈ സ്വാവമെന്തെന്ന് അവിടുന്ന് വിവരിക്കുകയും ചെയ്തിട്ടുണ്ട്. ചില സൂക്തങ്ങൾ ഇങ്ങനെ:

'പ്രവാചകൻ, അവരോടു പറയുക: 'വരുവിൻ, റബ്ബ് നിങ്ങളുടെ മേൽ ചുമത്തിയ നിബന്ധനകളെന്തൊക്കെയാണെന്ന് ഞാൻ കേൾപ്പിക്കാം. ഒന്നിനെയും അവന്റെ പങ്കാളിയാക്കാതിരിക്കുക. മാതാപിതാക്കളോട് നന്നായി വർത്തിക്കുക. ദാരിദ്ര്യം ഭയന്ന് മക്കളെ കൊന്നുകളയാതിരിക്കുക. നാമാകുന്നു നിങ്ങൾക്കും അവർക്കും അന്നം നൽകുന്നത്. നീചവൃത്തികളോട് അടുക്കാതിരിക്കുക--അതു തെളിഞ്ഞതാകട്ടെ, ഒളിഞ്ഞതാകട്ടെ. അല്ലാഹു ആദരണീയമാക്കിയ ഒരു ജീവനെയും അന്യായമായി വധിക്കയുമരുത്. ഈ കാര്യങ്ങളാകുന്നു അവൻ നിങ്ങളോട് ഉപദേശിച്ചിട്ടുള്ളത്, നിങ്ങൾ ഗ്രഹിച്ചു പ്രവർത്തിച്ചെങ്കിലോ.'(അൽ അൻആം: 151-152)

'മനുഷ്യപുത്രന്മാരേ, എല്ലാ ആരാധനാസന്ദർഭങ്ങളിലും അലങ്കാരങ്ങളണിഞ്ഞുകൊള്ളുവിൻ. തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ. ധൂർത്തടിക്കാതിരിക്കുവിൻ. ധൂർത്തന്മാരെ അല്ലാഹു സ്നേഹിക്കുന്നില്ല.'(അൽ അഅ്റാഫ്: 33)

തദ്വിഷയകമായ ചില ഹദീസുകൾ:

'എന്റെ നാഥൻ ഒമ്പത് കാര്യങ്ങൾ എന്നോട് കൽപിച്ചിരിക്കുന്നു: പ്രത്യക്ഷത്തിലും പരോക്ഷത്തിലും അവനോട് ഭക്തി കാണിക്കുക, സത്യം പറയുക, ക്ഷേമത്തിലും ക്ഷാമത്തിലും, സമൃദ്ധിയിലും ദാരിദ്ര്യത്തിലും മിതത്വം പാലിക്കുക, എനിക്ക് നന്മ ചെയ്യാത്ത കുടുംബത്തിന്നും ബന്ധുക്കൾക്കും നന്മ ചെയ്യുക, എന്നെ തിരസ്കരിക്കുന്നവർക്ക് നന്മ ചെയ്യുക, ദ്രോഹിക്കുന്നവർക്ക് മാപ്പു ചെയ്യുക, എന്റെ നിശ്ശബ്ദത ജ്ഞാനമാർജ്ജിക്കുന്നതിലാവുക, സംസാരിക്കുമ്പോൾ അവനെ കുറിച്ച് പറയുക, ദൈവസൃഷ്ടികളെ കാണുമ്പോൾ തങ്ങളെ പോലുള്ളവരാണവരെന്ന് കരുതുക.'[48]

'നിങ്ങൾ പരസ്പരം അസൂയ വെക്കരുത്; മത്സരിച്ചു വില കൂട്ടി പറയരുത്; പരസ്പരം കോപിക്കരുത്; അന്യോന്യം ശത്രുത വെക്കരുത്; മറുവില പറയുകയുമരുത്. ദൈവ ദാസരെ, നിങ്ങൾ പരസ്പരം സഹോദരങ്ങളായി വർത്തിക്കുക.'[49]

'നീ എവിടെയാണെങ്കിലും അല്ലാഹുവെ ഭയപ്പെടുക, ഒരു ദുഷ്കൃത്യം ചെയ്തു പോയാൽ അതിനെ മായ്ച്ചു കളയുന്ന ഒരു സദ്കൃത്യം ചെയ്യുക, ജനങ്ങളോട് നല്ല നിലയിൽ വർത്തിക്കുക.'[50]

'സദ് സ്വഭാവത്തെക്കാൾ തുലാസ്സിന്ന് ഭാരം കൂട്ടുന്ന മറ്റൊന്നുമില്ല.'[51]

'മസാല തേനിനെ എന്ന പോലെ, ദുസ്വഭാവം ദൈവിക സേവനത്തെ നശിപ്പിച്ചു കളയും.'[52]

'വിശ്വാസിയെ വിശ്വാസത്തിന്റെ പേരിലും, സദ് സ്വഭാവിയെ ജ്ഞാനത്തിന്റെ പേരിലും ആദരിക്കുക.

അയാൾ ഏറ്റവും മികച്ചവനാണെന്ന് കരുതുക.'[53]

### *അഹങ്കാരത്തെ കുറിച്ച് മുന്നറിയിപ്പ്*

അഹംഭാവവും അഹങ്കാരവും മോശപ്പെട്ട സ്വഭാവത്തിന്റെ ഉദാഹരണങ്ങളാണെന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു. അഹങ്കാരികളുടെ പ്രതിഫലം നരകമായിരിക്കുമെന്നും അവിടുന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിരിക്കുന്നു. ഏതവസ്ഥയിലും എളിമയുടെയും ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയായിരുന്ന പ്രവാചകൻ(സ), അഹങ്കാരത്തെ കുറിച്ച് നൽകിയ മുന്നറിയിപ്പ് ഇങ്ങനെയായിരുന്നു:

'അല്ലാഹു സുന്ദരനാണ്, അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു. അഹങ്കാരം സത്യത്തെ നിന്ദിക്കുകയും ആളുകളെ വെറുക്കുകയും ചെയ്യുന്നു.'[54]

'സത്യത്തെ പരിഹസിക്കുകയും നിഷേധിക്കുകയും ആളുകളെ നിന്ദിക്കുകയും ചെയ്യുകയത്രെ അഹങ്കാരം.'[55]

കുടുംബത്തിന്റെയും പൂർവികരുടെയും പേരിൽ ആത്മപ്രശംസ നടത്തി അഹങ്കരിക്കുന്നവരെ പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നു:

'ജാഹിലിയ്യ അഹങ്കാരത്തെയും പൂർവികരെ കുറിച്ച പൊങ്ങച്ചത്തെയും, അത്യുന്നതനായ അല്ലാഹു നിങ്ങളിൽ നിന്ന് എടുത്തു കളഞ്ഞിരിക്കുന്നു. ഒരാൾ ഭക്തനായ വിശ്വാസിയോ, ദുരിതപൂർണനായ കുറ്റവാളിയോ മാത്രമായിരിക്കും. നിങ്ങളെല്ലാം ആദാമിന്റെ പുത്രന്മാർ! ആദാമാകട്ടെ മണ്ണിൽ നിന്നും! പൂർവികരെ കുറിച്ച പൊങ്ങച്ചത്തിൽ നിന്നും ആളുകൾ വിരമിച്ചു കൊള്ളട്ടെ. അവർ ഒന്നുകിൽ നരകത്തിന്റെ വിറകുകളായിരിക്കും. അല്ലെങ്കിൽ, മൂക്കു കൊണ്ട് ചാണകം ഉരുട്ടുന്ന വണ്ടിനേക്കാൾ, ദൈവ സന്നിധിയിൽ, അധമർ!'[56]

എപ്പോഴും നല്ല വസ്ത്രധാരണ നടത്താൻ ഉപദേശിച്ച പ്രവാചകൻ, അതോടൊപ്പം, വസ്ത്രത്തിന്റെയോ സൗന്ദര്യത്തിന്റെയോ പേരിൽ അഹങ്കരിക്കുന്നത്, ഇഹത്തിലും പരത്തിലും നിന്ദ്യതക്ക് ഹേതുവായി തീരുമെന്നും, അതിനാൽ, എപ്പോഴും വിനയാന്വിതരായിരിക്കണമെന്നും നിർദ്ദേശിക്കുകയായിരുന്നു. തദ്വിഷയകമായ ഒരു ഹദീസ് കാണുക:

'ഒരാൾ, തന്റെ മുടി ചീകി, വസ്ത്രമണിഞ്ഞ് അഹന്തയോടെ നടക്കവെ, അല്ലാഹു അയാളെ ഭൂമിയൽ ആഴ്ത്തിക്കളഞ്ഞു. അന്ത്യനാൾ വരെ, അതിന്റെ അഗാധതയിലേക്ക് അയാൾ ആഴ്ന്നുകൊണ്ടിരിക്കും.'[57]

### *അല്ലാഹുവിന്ന് വേണ്ടി*

ഒരാളുടെ ധനവും ആത്മാവും അല്ലാഹുവിന്ന് വേണ്ടി ഉപയോഗപ്പെടുത്തുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. സഹാബികൾ ഇവ്വിഷയകമായി നബി(സ)യോട് നിരവധി ചോദ്യങ്ങളുന്നയിക്കുകയും അവിടുത്തെ മറുപടി അവരിൽ ആവേശമുണ്ടാക്കുകയും ചെയ്തിരുന്നു. താഴെ സൂക്തങ്ങൾ ശ്രദ്ധിക്കുക:

' ജനം നിന്നോടു ചോദിക്കുന്നു, അവരെന്താണ് ചെലവഴിക്കേണ്ടതെന്ന്. പറഞ്ഞുകൊടുക്കുക: നിങ്ങൾ ചെലവഴിക്കുന്ന മുതൽ, മാതാപിതാക്കൾക്കും അടുത്തബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിപോക്കർക്കും വേണ്ടിയായിരിക്കട്ടെ. നിങ്ങൾ എന്തു ധർമം ചെയ്താലും അല്ലാഹു അത് സൂക്ഷ്മമായി അറിയുന്നുണ്ട്......തങ്ങൾ ദൈവമാർഗത്തിൽ ചെലവഴിക്കേണ്ടതെന്തെന്നും നിന്നോടവർ ചോദിക്കുന്നു. പറയുക: 'നിങ്ങളുടെ ആവശ്യം കഴിച്ച് മിച്ചമുള്ളത്.' ഇവ്വിധം അല്ലാഹു നിങ്ങൾക്കു വിധികൾ വ്യക്തമായി വിവരിച്ചുതരുന്നു; നിങ്ങൾ ഇഹത്തെക്കുറിച്ചും പരത്തെക്കുറിച്ചും വിചാരമുള്ളവരാകേണ്ടതിന്ന്.'(അൽ ബഖറ: 215, 219)

'പ്രവാചകൻ അവരോട് പറയുക: എന്റെ റബ്ബ് തന്റെ ദാസന്മാരിൽ താനിച്ഛിക്കുന്നവർക്ക് വിഭവങ്ങൾ വിപുലമാക്കിക്കൊടുക്കുന്നു. താനിച്ഛിക്കുന്നവർക്ക് അത് ചുരുക്കുകയും ചെയ്യുന്നു. നിങ്ങൾ എന്തൊന്നു ചെലവഴിച്ചാലും അവൻ അതിനു പകരം തരുന്നു. അന്നദാതാക്കളിൽ അത്യുത്തമനത്രെ

അവൻ.'(സബഅ്: 39)

അത്യാർത്തി വർജ്ജിക്കാനും, തങ്ങളുടെ വസ്തുവകകൾ ഒഴിവാക്കാനുള്ള സന്നദ്ധതക്കും ഇംഗിതത്തിന്നും പ്രോത്സാഹനം നൽകുന്ന ചില തിരുവചനങ്ങൾ കാണുക:

'അക്രമം സൂക്ഷിക്കുക. കാരണം, അക്രമം പുനരുത്ഥാന നാളിൽ ഇരുളായിരിക്കും. പിശുക്കിനെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചത് അതാണ്. രക്തമൊഴുക്കാനും നിഷിദ്ധമായത് അനുവദനീയമാക്കാനും അതവരെ പ്രേരിപ്പിച്ചു.'[58]

'ദരിദ്രനെ ആട്ടിയോടിക്കരുത്, നിങ്ങൾക്ക് കൊടുക്കാൻ കഴിയുന്നത് ഒരു കാരക്കയുടെ പകുതിയാണെങ്കിൽ പോലും. ദരിദ്രനെ സ്നേഹിക്കുകയും നിങ്ങളോട് അടുപ്പിക്കുകയുമാണെങ്കിൽ, പുനരുത്ഥാന നാളിൽ, അല്ലാഹു നിങ്ങളെയും അടുപ്പിക്കും.'[59]

*ജിന്നുകളുടെയും പ്രവാചകൻ*

ജിന്നുകൾ നബി(സ)യെയും ഖുർആനിനെയും ശ്രദ്ധിച്ചിരുന്നതായി 'സൂറത്തുൽ ജിന്ന്' എന്ന അദ്ധ്യായത്തിൽ പറയുന്നുണ്ട്. അവരിൽ ചിലർ നബി(സ)യുമായി ബന്ധപ്പെട്ട് ഇസ്ലാം സ്വീകരിച്ചതായും അതിൽ പറയുന്നു:

'പ്രവാചകൻ പറയുക: എനിക്ക് ദിവ്യസന്ദേശം ലഭിച്ചിരിക്കുന്നു. എന്തെന്നാൽ ഒരുപറ്റം ജിന്നുകൾ സശ്രദ്ധം കേൾക്കുകയും എന്നിട്ട് (സ്വസമൂഹത്തിൽ ചെന്ന്) പറയുകയും ചെയ്തു: ഞങ്ങൾ അത്യത്ഭുതകരമായ ഒരു ഖുർആൻ കേട്ടിരിക്കുന്നു. അത് സന്മാർഗത്തിലേക്ക് നയിക്കുന്നതാകുന്നു. അതിനാൽ ഞങ്ങളതിൽ വിശ്വസിച്ചു. ഇനി ഞങ്ങൾ നാഥനിൽ മറ്റാരെയും പങ്കുചേർക്കുകയില്ല.'(അൽ ജിന്ന്: 1-2)

ചില ജിന്നുകൾ യഥാർത്ഥ മുസ്ലിംകളായിരുന്നുവെന്ന് അല്ലാഹു പറയുന്നു:

'സന്മാർഗ സന്ദേശം കേട്ടപ്പോൾ ഞങ്ങളതിൽ വിശ്വസിച്ചു. ആർ തന്റെ നാഥനിൽ വിശ്വാസം കൊള്ളുന്നുവോ, അവന് അവകാശ നഷ്ടമോ അനീതിയോ അശേഷം ഭയപ്പെടേണ്ടതില്ല. നമ്മിൽ ചിലർ മുസ്‌ലിംകൾ (അല്ലാഹുവിനെ അനുസരിക്കുവർ) ആണ്. ചിലർ സത്യത്തിൽനിന്ന് വ്യതിചലിച്ചവരും. ഇസ്ലാം (അല്ലാഹുവിനോട് കീഴ്‌വണക്കം) സ്വീകരിച്ചവരാരോ, അവർ വിജയമാർഗമവലംബിച്ചു.
'(അൽ ജിന്ന്: 13-14)

നുണ പറഞ്ഞും അന്ധവിശ്വാസങ്ങൾ കണ്ടു പിടിച്ചും ചിലർ ദൈവധിക്കാരം നടത്തുന്നതായി ഈ ജിന്നുകൾ പറയുന്നുണ്ട്. ജിന്നുകളുടെ അന്ധവിശ്വാസത്തെ കുറിച്ചും പ്രസ്തുത സൂറയിൽ പറയുന്നുണ്ട്:

'നാഥന്റെ അവസ്ഥ അത്യുന്നതവും അതിമഹത്തരവുമാകുന്നു. അവൻ ആരെയും സഹധർമിണിയോ സന്താനമോ ആക്കിയിട്ടില്ല. നമ്മുടെ മൂഢജനം അല്ലാഹുവിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന വളരെ സംഗതികൾ സത്യവിരുദ്ധമാകുന്നു. ജിന്നുകൾക്കോ മനുഷ്യർക്കോ അല്ലാഹുവിന്റെ പേരിൽ കളവ് പറയാനാവില്ലൊണല്ലോ നാം കരുതിയത്. മനുഷ്യരിൽ ചിലർ ജിന്നുകളിൽച്ചിലരോട് ശരണം തേടാറുണ്ടായിരുന്നു. അങ്ങനെ അവർ ജിന്നുകളുടെ അഹങ്കാരം വർധിപ്പിച്ചു.'(അൽ ജിന്ന്: 3-5)

എന്നാൽ, നബി(സ) തന്റെ ബാധ്യത നിർവഹിച്ചപ്പോൾ, അവർ അദ്ദേഹത്തിന്നു ചുറ്റും കൂടുകയായിരുന്നു:

'അല്ലാഹുവിന്റെ ദാസൻ അവനോട് പ്രാർഥിക്കുന്നതിനായി എഴുന്നേറ്റുനിന്നപ്പോൾ ജനം അദ്ദേഹത്തിന്റെ മേൽ ചാടിവീഴാനൊരുമ്പെട്ടിരിക്കുന്നു.'(അൽ ജിന്ന്: 19)

പ്രവാചകൻ(സ) മനുഷ്യരിലേക്കും ജിന്നുകളിലേക്കും നിയുക്തനായിരുന്നുവെന്നും ഖുർആൻ ഇരുവിഭാഗത്തിന്റെയും വഴികാട്ടിയാണെന്നും ഇതിൽ നിന്ന് വ്യക്തം.

*നിഷേധികൾക്ക് മുന്നറിയിപ്പ്*

ഖുർആനിനെയും പ്രവാചകനെയും നിഷേധിച്ചിരുന്നവർ, അവിടുത്തെ മാർഗത്തിൽ നിരവധി വിഷമതകൾ സൃഷ്ടിക്കുകയും പ്രബോധനമാർഗത്തിൽ തടസ്സമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. നബി(സ)യെ വധിക്കാനും ബന്ധനസ്തനാക്കാനും നാടുകടത്താനും അവർ ശ്രമിച്ചിരുന്നു. എന്നാൽ, ഓരോ സംഭവത്തിലും, ദൈവാസ്തികൃവും ദൈവികശക്തിയും അവർക്ക് വിശദീകരിച്ചു കൊടുത്ത തിരുമേനി(സ), താനാണ് യഥാർത്ഥ ദൈവദൂതനെന്നും, ഖുർആൻ ദൈവത്തിൽ നിന്നവതരിച്ച സത്യമാണെന്നും അവർക്ക് വിശദീകരിച്ചു കൊടുക്കുകയും പരലോക ശിക്ഷയെ കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. അവിടുന്ന് വിജയം വരിച്ച ശേഷം പോലും, അവരെ പീഢിപ്പിച്ചില്ല, ഇസ്ലാം അടിച്ചേൽപിച്ചില്ല. പ്രത്യുത, ഇഷ്ടമുള്ള മതം സ്വീകരിക്കാൻ ഓരോരുത്തർക്കും സ്വാതന്ത്ര്യം നൽകുകയായിരുന്നു. തദ്വിഷയകമായ ചില സൂക്തങ്ങൾ കാണുക:

'അവർ നിന്നെ തള്ളിക്കളയുന്നുവെങ്കിൽ, പറഞ്ഞേക്കുക: 'എനിക്ക് എന്റെ കർമം. നിങ്ങൾക്കു നിങ്ങളുടെ കർമം. ഞാൻ പ്രവർത്തിക്കുതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കശേഷമില്ല. നിങ്ങൾ പ്രവർത്തിക്കുന്നതിന്റെ ഉത്തരവാദിത്വം എനിക്കുമില്ല.''(യൂനുസ്: 41)

'അവർ പിന്തിരിയുകയാണെങ്കിൽ പറഞ്ഞുകൊള്ളുക: 'ഞാൻ പരസ്യമായി നിങ്ങളെ അറിയിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങൾ വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സംഗതി ആസന്നമോ വിദൂരമോ എന്നു ഞാൻ അറിയുന്നില്ല. ഉച്ചത്തിൽ പറയുന്നതും രഹസ്യമായി പറയുന്നതുമായ വർത്തമാനങ്ങളൊക്കെയും അല്ലാഹു അറിയുന്നുണ്ട്. ഞാൻ മനസ്സിലാക്കുന്നതെന്തെന്നാൽ, ഒരുപക്ഷേ, (ഈ അവസരം) നിങ്ങൾക്ക് ഒരു പരീക്ഷണമായിരിക്കാം. ഒരു നിശ്ചിത അവധിവരെ ആനന്ദിക്കാൻ നിങ്ങൾക്ക് അവസരം നൽകിയതുമായിരിക്കാം.' ഒടുവിൽ പ്രവാചകൻ പറഞ്ഞു: 'എന്റെ നാഥാ! നീ സത്യപ്രകാരം വിധിച്ചുകൊള്ളുക. ജനങ്ങളേ! നിങ്ങളുടെ ജൽപനങ്ങൾക്കെതിരെ ഞങ്ങൾക്ക് സഹായത്തിനവലംബമായിട്ടുള്ളത് കരുണാവാരിധിയായ റബ്ബാകുന്നു.'(അൽ അമ്പിയാഅ്: 108-112)

'പ്രവാചകൻ, പറയുക: 'ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ സ്ഥാനത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുക. ഞാൻ എന്റെ സ്ഥാനത്തും പ്രവർത്തിച്ചുകൊണ്ടിരിക്കാം. ആരുടെ പര്യവസാനമാണ് ഉൽകൃഷ്ടമായിത്തീരുക എന്ന് അടുത്ത ഭാവിയിൽതന്നെ നിങ്ങൾ അറിയുന്നുണ്ട്. ധിക്കാരികൾ ഒരിക്കലും വിജയം പ്രാപിക്കുകയില്ല എന്നത് ഏതുനിലക്കും യാഥാർഥ്യമാകുന്നു.''(അൽ അൻആം: 135)

*വിവാദത്തിലേർപ്പെട്ടില്ല*

ദൈവാസ്തിക്യം, ഖുർആൻ, തന്റെ പ്രവാചകത്വം എന്നിവയെ നിഷേധിച്ചിരുന്നവരോട്, വളരെ സഹനത്തോടും രജ്ഞിപ്പോടുമായിരുന്നു പ്രവാചകൻ പെരുമാറിയിരുന്നത്. താനവരോട് തികച്ചും നീതിയോടെയാണ് പെരുമാറുകയെന്നും, അവരുമായി ഫലശൂന്യമായ വിവാദങ്ങളിലേർപ്പെടുകയില്ലെന്നും, അവിടുന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖുർആൻ പറയുന്നു:

'(ഈ സ്ഥിതിവിശേഷമുണ്ടായിക്കഴിഞ്ഞു) അതിനാൽ പ്രവാചകൻ ഈ ദീനിലേക്ക് പ്രബോധനം ചെയ്യുക. നീ അനുശാസിക്കപ്പെട്ടിട്ടുള്ളതുപോലെ, ഇതിൽ സ്ഥൈര്യത്തോടെ നിലകൊള്ളുക. ഈ ജനത്തിന്റെ ഇച്ഛകളെ പിന്തുടരാതിരിക്കുക. ഇവരോട് പ്രഖ്യാപിക്കുക: അല്ലാഹു അവതരിപ്പിച്ച ഏതു വേദത്തിലും ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപാലിക്കേണമെന്ന് ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ഞങ്ങളുടെയും നിങ്ങളുടെയും റബ്ബ് അല്ലാഹുവാകുന്നു. ഞങ്ങളുടെ കർമങ്ങൾ ഞങ്ങൾക്ക്; നിങ്ങളുടെ കർമങ്ങൾ നിങ്ങൾക്കും. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ഒരു വഴക്കുമില്ല. അല്ലാഹു നമ്മെയെല്ലാവരെയും ഒരുനാൾ ഒരുമിച്ചുകൂട്ടുന്നതാകുന്നു. എല്ലാവരും ചെന്നണയേണ്ടത് അവനിലേക്കല്ലോ.'(അശ്ശൂറാ: 15)

*പശ്ചാത്താപത്തിന്ന് ആഹ്വാനം*

അനന്തമായ കരുണയുടെയും അനുകമ്പയുടെയും മാപ്പിന്റെയും ഉടമയാണ് അല്ലാഹു. ഓരോ ദാസന്റെയും പാപം താൻ പൊറുത്തു കൊടുക്കുമെന്നും, വ്യക്തി തന്റെ കുറ്റം കൈയൊഴിക്കുകയാണെങ്കിൽ, അവനു മാപ്പു കൊടുക്കുമെന്നും ഖുർആൻ വ്യക്തമാക്കുന്നു:

'പ്രവാചകൻ, ഈ നിഷേധികളോടു പറയുക: 'ഇപ്പോഴെങ്കിലും വിരമിക്കുകയാണെങ്കിൽ, മുമ്പ് കഴിഞ്ഞതെല്ലാം അവർക്ക് പൊറുത്തുകൊടുക്കുന്നതാകുന്നു. പക്ഷേ, പൂർവ നിലപാടിലേക്കുതന്നെ മടങ്ങുകയാണെങ്കിലോ, പൂർവിക സമുദായങ്ങൾക്ക് എന്തു സംഭവിച്ചു എന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ.'(അൽ അൻഫാൽ: 38)

പശ്ചാത്താപത്തിന്ന് സമയപരിധിയില്ലെന്ന് നബി(സ) ജനങ്ങളോട് പറയുന്നുണ്ട്:

'പടിഞ്ഞാറ് നിന്നും സൂര്യോദയം നടക്കുന്നതിന്ന് (പുനരുത്ഥാന നാൾ) മുമ്പ്, ആര് പശ്ചാത്തപിച്ചാലും, കരുണയോടെ അല്ലാഹു അയാളെ കാണുന്നതാണ്.'[60]

നബി(സ)യുടെ ദൈവവിശ്വാസവും വഴക്കവും അർപ്പണവുമെല്ലാം അവിടുത്തെ സകല പ്രവർത്തനങ്ങളിലും ദൃശ്യമായിരുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ പോലും, ദൈവിക സഹായം തനിക്കുണ്ടാകുമെന്നും അവിശ്വാസികൾ നിരാശരാകുമെന്നും അദ്ദേഹം ഉറപ്പിച്ചിരുന്നു:

'പ്രവാചകാ, നിന്റെ സന്ദേശം കൈക്കൊള്ളാൻ കൂട്ടാക്കാത്തവരോടു പറയുക: 'നിങ്ങൾ ഉടനെ പരാജയപ്പെടും. നരകവായിലേക്കു തെളിക്കപ്പെടുകയും ചെയ്യും. നരകം എത്ര ദുഷിച്ച സങ്കേതം!''(ആലു ഇംറാൻ:12)

ഒരു ഹദീസിൽ അവിടുന്ന് പറഞ്ഞു:

'നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടത് നിങ്ങൾക്ക് വന്നു ഭവിക്കുക തന്നെ ചെയ്യും. നിങ്ങൾ രക്ഷപ്പെടുകയില്ല.'[61]

*പരലോകത്തെ കുറിച്ച് മന്നറിയിപ്പ്*

പരലോകത്തെ കുറിച്ച അവിശ്വാസമായിരുന്നു ദൈവനിഷേധികളുടെ ഏറ്റവും വലിയ പ്രത്യേകത. നബി(സ)യുടെ കാലത്തും, ഇത്തരമാളുകൾ പുനരുത്ഥാനത്തെ നിഷേധിച്ചിരുന്നു. എന്നാൽ, ഖുർആനിന്റെ നിർദ്ദേശ പ്രകാരം, ഏറ്റവും ബുദ്ധിപരവും സമഗ്രഹവുമായ മറുപടികളിലൂടെയായിരുന്നു അവിടുന്ന് അവരോട് പ്രതികരിച്ചത്:

'അവർ ചോദിക്കുന്നു: ഞങ്ങൾ കേവലം അസ്ഥികളും മണ്ണുമായിത്തീർന്നാൽ പിന്നെയും പുതിയ സൃഷ്ടിയായി എഴുന്നേൽപിക്കപ്പെടുമെന്നോ? അവരോടു പറയുക: നിങ്ങൾ കല്ലോ ഇരുമ്പോ ആയിക്കൊള്ളുക. അല്ലെങ്കിൽ, ജീവനുൾക്കൊള്ളുക തീരെ അസാധ്യമെന്നു നിങ്ങൾക്കു തോന്നുന്ന മറ്റെന്തെങ്കിലും കടുത്ത സൃഷ്ടിയായിക്കൊള്ളുക (എന്നാലും ഉയിർത്തെഴുന്നേൽപിക്കപ്പെടും). അവർ തീർച്ചയായും ചോദിക്കും: 'ആരാണ് ഞങ്ങളെ ജീവിതത്തിലേക്കു മടക്കുക?' അവർക്കു പറഞ്ഞുകൊടുക്കുക: 'ആദ്യവട്ടം സൃഷ്ടിച്ചവനാരോ അവൻ തന്നെ.' അവർ തലയിളക്കിക്കൊണ്ട് ചോദിക്കും: 'ഓഹോ, അതെപ്പോഴാണുണ്ടാവുക?' പറയുക: 'അടുത്തുതന്നെ അതു സംഭവിച്ചേക്കാം.'(അൽ ഇസ്രാഅ്: 49-51)

'കൊള്ളാം, നമ്മൾ മരിച്ചുപോയി, മണ്ണും അസ്ഥികൂടവുമായിക്കഴിഞ്ഞാൽ വീണ്ടും ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ? പൂർവപിതാക്കളും ഉയിർത്തെഴുന്നേൽപിക്കപ്പെടുമോ?' ഇവരോട് പറയുക: 'അതേ, (അല്ലാഹുവിന്റെ മുമ്പിൽ) നിങ്ങൾ തികച്ചും അശക്തരാകുന്നു.'(അസ്സ്വാഫാത്ത്: 16-18)

അവർ വിശ്വാസത്തിലേക്കും സത്യമാർഗത്തിലേക്കും തിരിയുമെന്ന പ്രതീക്ഷയോടെ, പരലോകം അത്ര വിദൂരമൊന്നുമല്ലെന്ന് അവിടുന്ന് അവരോട് പറയുകയുണ്ടായി:

'ചെരുപ്പിന്റെ വാറിനേക്കാൾ സ്വർഗം നിങ്ങളോടടുത്തതാണ്, നരകവും.'[62]

*നരകത്തെ കുറിച്ച് മുന്നറിയിപ്പ്*

നരകത്തെയും നരക ശിക്ഷയെയും കുറിച്ച് മുന്നറിയിപ്പ് നൽകുകയായിരുന്നു, പ്രവാചകന്മാരുടെ സു പ്രധാനമായൊരു ഉത്തരവാദിത്തം. ആളുകളുടെ ധാർമ്മിക ജീവിതത്തിന്നും സ്വർഗ പ്രവേശത്തിന്നുമു ള്ള മാധ്യമമായിരുന്നു അവർ. അതിനാൽ, നബി(സ) അവരെ നരക ദണ്ഡനങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുകയും ദുഷ്കൃത്യങ്ങൾ, അവിശ്വാസം, നിരീശ്വരത്വം എന്നിവയിൽ നിന്ന് അവരെ തടുക്കാൻ ശ്ര മിക്കുകയും ചെയ്തു. നരകത്തെ കുറിച്ച മുന്നറിയിപ്പിന്റെ ചില ഉദാഹരണങ്ങൾ:

'അവരെ നമ്മുടെ സുവ്യക്തമായ സൂക്തങ്ങൾ കേൾപ്പിക്കുമ്പോൾ സത്യത്തെ നിഷേധിക്കുന്നവരുടെ മുഖത്ത് വെറുപ്പു പ്രകടമാകുന്നതായി നിനക്കു കാണാം. അവർ നമ്മുടെ സൂക്തങ്ങൾ കേൾപ്പിക്കുന്ന വന്റെ നേരെ ഉടനെ ചാടിവീഴുമെന്നു തോന്നിപ്പോകും. അവരോടു പറയുക: 'ഇതിനെക്കാൾ ദുഷ്ടമായ കാര്യമെന്തെന്നു ഞാൻ പറഞ്ഞുതരട്ടെയോ? നരകം! സത്യനിഷേധികൾക്ക് ആ നരകമാണുള്ളതെന്ന് അല്ലാഹു വാഗ്ദാനം ചെയ്തുവെച്ചിരിക്കുന്നു. അതു വളരെ ദുഷിച്ച സങ്കേതം തന്നെ.'(അൽ ഹജ്ജ്: 72)

'അല്ലാഹുവിന്റെ വിധികളും സന്ദേശങ്ങളും എത്തിച്ചുതരിക എന്നതല്ലാതെ മറ്റൊരു ദൗത്യവും എനി ക്കില്ല. ഇനി അല്ലാഹുവിനെയും അവന്റെ ദൂതനെയും അംഗീകരിക്കാത്തവനാരാകട്ടെ, അവന്നുള്ളത് നരകാഗ്നിയാകുന്നു. അത്തരക്കാർ അതിൽ നിത്യവാസം ചെയ്യും.'(അൽ ജിന്ന്: 23)

ഇത്തരം കാര്യങ്ങൾ അതിശയോക്തിയാണെന്നു വിശ്വസിച്ചിരുന്നവരോട്, നരക ദണ്ഡനത്തെ കുറിച്ച് വിശദമായി തന്നെ അവിടുന്ന് വിവരിച്ചു. അതിന്റെ ദണ്ഡനങ്ങളിൽ നിന്നും ആളുകൾ മോചനം യാചി ക്കുന്ന വിവരവും അവിടുന്ന് അറിയിച്ചു കൊടുത്തു. അവരെ നരകമുക്തരാക്കുകയായിരുന്നു ലക്ഷ്യം.

വിധിനാളിനെ കുറിച്ച് അവിടുന്ന് പറയുകയാണ്:

'തീർച്ചയാണ്, ഈ ഭൗതിക ലോകം വിടവാങ്ങുകയാണ്, പരലോകം അടുത്തു കൊണ്ടുമിരിക്കുന്നു. ഒ രോന്നിന്നും അതിന്റേതായ സന്തതികളുണ്ടായിരിക്കും. അതിനാൽ, പരലോക സന്തതികളായിരിക്കുക, ഭൗതികലോക സന്തതികളാകരുത്. ഇന്ന് കർമ(വസരം)മുണ്ട്. കണക്ക് ചോദ്യമില്ല. പക്ഷെ, നാളെ, കണക്ക് ചോദ്യമുണ്ട്, കർമ(അവസരം)മില്ല.'[63]

*ഒരിക്കലും അവിശ്വാസികളിലേക്കില്ല*

അവിശ്വാസികൾ, എണ്ണത്തിലും വണ്ണത്തിലും ശക്തരായിരുന്നുവെങ്കിലും, നബി(സ) അവരുടെ ഭീഷ ണിക്കു യാതൊരു വിലയും കൽപിച്ചിരുന്നില്ല. പ്രത്യുത, ദൃഢനിശ്ചയത്തോടെ, ദൈവിക വചനം പ്ര ബോധനം ചെയ്യുകയും, സത്യമാർഗത്തിൽ നിന്നും താനൊരിക്കലും വ്യതിചലിക്കുകയില്ലെന്ന് അസ ന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയമാണ് അവിടുന്ന് ചെയ്തത്. വിശ്വാസികളുടെ സവിശേഷതയായി വർ ണ്ണിക്കപ്പെട്ടതാണല്ലോ ദൃഢനിശ്ചയവും സഹനവും. ചില സൂക്തങ്ങൾ ശ്രദ്ധിക്കുക:

'പ്രവാചകൻ, അവരോടു പറയുക: 'അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർക്ക് ഇബാദത്ത് ചെയ്യുന്നത് എനിക്കു വിരോധിക്കപ്പെട്ടിരിക്കുന്നു.' പറയുക: 'ഞാൻ നിങ്ങളുടെ തന്നിഷ്ട ങ്ങൾ പിന്തുടരുകയില്ല. അങ്ങനെ ചെയ്യുന്ന പക്ഷം ഞാൻ ദുർമാർഗിയാകും; സന്മാർഗം ലഭിച്ചവരിൽ ഉൾപ്പെടുകയില്ല.' പറയുക: 'ഞാൻ എന്റെ റബ്ബിങ്കൽനിന്നുള്ള തെളിഞ്ഞ ദൃഷ്ടാന്തത്തിൽ നിലകൊ ള്ളുന്നവനാകുന്നു. നിങ്ങളോ, അതിനെ നിഷേധിച്ചിരിക്കുന്നു. നിങ്ങൾ തിരക്കുകൂട്ടിക്കൊണ്ടിരിക്കുന്ന ആ സംഗതി ഇപ്പോൾ എന്റെ അധികാരത്തിലില്ല. വിധിത്തീർപ്പിന്റെ സമസ്താധികാരങ്ങളും അല്ലാഹു വിനു മാത്രമാകുന്നു. അവനാകുന്നു യഥാർഥ സംഗതി വിവരിക്കുന്നത്. തീരുമാനമെടുക്കുന്നവരിൽ അതിസമർഥനായവനും അവൻതന്നെ.''(അൽ അൻആം: 56, 57)

'നീ പ്രഖ്യാപിക്കുക: അല്ലയോ നിഷേധികളേ, നിങ്ങൾ ഇബാദത്ത് ചെയ്യുന്നതിന് ഞാൻ ഇബാദത്ത് ചെയ്യുന്നില്ല. ഞാൻ ഇബാദത്തു ചെയ്യുന്നതിന് ഇബാദത്ത് ചെയ്യുന്നവരല്ല നിങ്ങൾ. നിങ്ങൾ ഇബാദത്ത് ചെയ്തതിന് ഇബാദത്ത് ചെയ്യുന്നവനല്ല ഞാൻ. ഞാൻ ഇബാദത്ത് ചെയ്യുന്നതിന് നിങ്ങളും ഇബാ ദത്ത് ചെയ്യുന്നില്ലല്ലോ. നിങ്ങൾക്ക് നിങ്ങളുടെ ദീൻ. എനിക്ക് എന്റെ ദീൻ.'(അൽ കാഫിറൂൻ: 1-6)

*വേദക്കാരോട് അനുകമ്പയും കരുണയും*

വിഗ്രഹാരാധനയെ ആശ്രയിക്കാതെ, വിശ്വാസം കൈകൊള്ളണമെന്നും, ഖുർആനിക ധർമ്മമനുസരിച്ച് ജീവിതം നയിക്കണമെന്നും, വേദക്കാരോട് പ്രവാചകൻ(സ) ഉപദേശിച്ചു. എന്നാൽ, വിസമ്മതിച്ചവരോട്, വളരെ മാന്യമായും നീതിപരമായുമായിരുന്നു അവിടുന്ന് പെരുമാറിയിരുന്നത്. തങ്ങൾക്ക് ഇഷ്ടപ്പെട്ടതിനെ ആരാധിക്കാൻ അവിടുന്ന് സ്വതന്ത്രമായി വിടുകയും ആചാരങ്ങൾ വെച്ചുകൊണ്ടിരിക്കാൻ അനുവദിക്കുകയും ചെയ്ത പ്രവാചകൻ, അവരോട് നീതി പൂർവം പെരുമാറാൻ സ്വജനതയോട് ആഹ്വാനം നടത്തുകയും ചെയ്തു. 'ഒരു മുസ്ലിം സംരക്ഷണം വാഗ്ദാനം ചെയ്ത ഒരാളെ വധിക്കുന്നവൻ, സ്വർഗത്തിന്റെ നറുമണം പോലും ആസ്വദിക്കുകയില്ലെ'[64]ന്ന് അവിടുന്ന് പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

ജൂത-ക്രൈസ്തവരോടും മറ്റു മതാനുയായികളോടും, തിരുമേനി(സ)യും അനുയായികളുമുണ്ടാക്കിയ ഒരു കരാർ സുപ്രധാനമായൊരു രേഖയായി ഇന്നും സൂക്ഷിക്കപ്പെടുന്നു. അതിൽ, ക്രിസ്ത്യാനിയായ ഇബ്നു ഹാരിഥ് ബ്നു കഅബും സഹമനസ്കരുമായുണ്ടാക്കിയ ഒരു കരാറിൽ തിരുമേനി(സ) ഇങ്ങനെ പറയുന്നു: 'പൗരസ്ത്യദേശത്തെ ക്രൈസ്തവരുടെ വിശ്വാസം, ചർച്ചുകൾ, ജീവൻ, ചാരിത്ര്യം, വസ്തുവകകൾ എന്നിവയെല്ലാം, അല്ലാഹുവിന്റെയും സത്യവിശ്വാസികളുടെയും സംരക്ഷണയിലാണ്. ക്രിസ്തു മതവിശ്വാസികളാരെയും ഇസ്ലാം സ്വീകരിക്കാൻ നിർബന്ധിക്കുന്നതല്ല. ഏതെങ്കിലും ഒരു ക്രിസ്ത്യാനി, കൊലക്കോ അനീതിക്കോ ഇരയാകുന്ന പക്ഷം, മുസ്ലിംകൾ അയാളെ സഹായിക്കണം.'[65] പിന്നെ, താഴെ ഖുർആനിക വാക്യം എഴുതിയിരിക്കുന്നു:

'നിങ്ങൾ വേദക്കാരോട് സംവാദത്തിലേർപ്പെടരുത്, ഏറ്റം ശ്രേഷ്ഠമായ രീതിയിലല്ലാതെ'(അൽ അൻകബൂത്ത്: 46)

വേദക്കാരോടുള്ള പെരുമാറ്റ രീതി, ജനങ്ങളോട് ഉപദേശിക്കാൻ പ്രവാചകൻ(സ) നിർദ്ദേശിക്കപ്പെടുന്നതിങ്ങനെ:

'പ്രവാചകൻ, അവരോടു പറയുക: നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ ഞങ്ങളോടു തർക്കിക്കയോ; ഞങ്ങളുടെ നാഥനും നിങ്ങളുടെ നാഥനും അവൻ തന്നെയായിരിക്കെ? ഞങ്ങൾക്ക് ഞങ്ങളുടേതായ കർമങ്ങളുണ്ട്. നിങ്ങൾക്ക് നിങ്ങളുടേതായ കർമങ്ങളും. ഞങ്ങൾ അല്ലാഹുവിന്നു മാത്രം അടിമത്തമർപ്പിച്ചവരാകുന്നു.'(അൽ ബഖറ: 139)

*ശിർക്ക് രഹിത വിശ്വാസം കൈകൊള്ളാൻ വേദക്കാരെ ക്ഷണിക്കുന്നു*

അല്ലാഹുവിൽ പങ്കുകാരെ ആരോപിക്കരുതെന്നും, യോജിപ്പുള്ള വിഷയങ്ങളിൽ മുസ്ലിംകളുമായി ഐക്യപ്പെടണമെന്നും, നബി(സ) വേദക്കാരോട് ആവശ്യപ്പെടുകയുണ്ടായി:

'പ്രവാചകൻ പറയുക: 'അല്ലയോ വേദവിശ്വാസികളേ, ഞങ്ങളും നിങ്ങളും ഒരുപോലെ അംഗീകരിക്കേണ്ട പ്രമാണത്തിലേക്കു വരുവിൻ, അതായത്, അല്ലാഹു അല്ലാത്ത ആർക്കും നാം ഇബാദത്ത് ചെയ്യാതിരിക്കുക, ആരെയും അവന്റെ പങ്കാളികളാക്കാതിരിക്കുക. നമ്മളിൽ ചിലർ ചിലരെ അല്ലാഹു വെക്കൂടാതെ റബ്ബുകളായി വരിക്കാതിരിക്കുക.' ഈ സന്ദേശം സ്വീകരിക്കാതെ പിന്തിരിയുന്നുവെങ്കിൽ അവരോടു തുറന്നുപറയുവിൻ: 'ഞങ്ങൾ മുസ്ലിംകൾ (അല്ലാഹുവിന്റെ മാത്രം അടിമത്തവും അനുസരണവും സ്വീകരിക്കുന്നവർ) ആണെന്നതിന് നിങ്ങൾ സാക്ഷികളായിരിക്കുവിൻ.''(ആലു ഇംറാൻ: 64)

'പറയുക: അല്ലയോ വേദക്കാരേ, സ്വന്തം മതത്തിൽ അന്യായമായി തീവ്രത കൈക്കൊള്ളാതിരിക്കുക. നിങ്ങൾക്കുമുമ്പ് സ്വയം ദുർമാർഗികളാവുകയും അനേകരെ ദുർമാർഗത്തിലാക്കുകയും സൽപന്ഥാവിൽനിന്നു വ്യതിചലിക്കുകയും ചെയ്ത ജനത്തിന്റെ ഭാവനകളെ നിങ്ങൾ പിൻപറ്റാൻ പാടില്ലാത്തതാകുന്നു.''(അൽ മാഇദ: 77)

മുആദിനെ യമനിലേക്കയച്ച പ്രവാചകൻ(സ), വേദക്കാരെ, ഏകദൈവത്വത്തിലേക്ക് ക്ഷണിക്കാനാണ് നിർദ്ദേശിച്ചത്:

'ദൈവിക ഗ്രന്ഥം കൈവശമുള്ള ഒരു ജനതയിലേക്കാണ് താങ്കൾ പോകുന്നത്. ആദ്യമായി അവരെ ഏകദൈവത്വത്തിലേക്ക് ക്ഷണിക്കുക.'[66]

## 3. ബാഹ്യരൂപം

മാനവരാശിയുടെ മാതൃകയായ പ്രവാചക(സ)ന്റെ, ഖുർആൻ അറിയിച്ചു തന്ന സ്വഭാവ രൂപങ്ങൾ, കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചർച്ച ചെയ്തു. നീതി, അനുകമ്പ, കരുണ, സമാധാനം, മൃദുത്വം, സഹനം, ദൈവഭക്തി, ലാളിത്യം, നിശ്ചയദാർഢ്യത തുടങ്ങി, അദ്ദേഹത്തിന്റെ സഹജഗുണങ്ങളുടെ നിരവധി വശങ്ങൾ നാം പരിചിന്തനം നടത്തി.

ഖുർആനിക സൂക്തങ്ങളും തിരുവചനങ്ങളുമെന്ന പോലെ, തിരുമേനി(സ)യെ കുറിക്കുന്ന മറ്റു പല വിജ്ഞാനീയങ്ങൾ കൂടി ഉൾക്കൊള്ളുന്നവയാണവ. കുടുംബവും അനുയായികളുമായുള്ള അവിടുത്തെ ബന്ധം, നിത്യജീവിതം, ശാരീരിക രൂപം, ദൃക്സാക്ഷികളുടെ വിസ്മയങ്ങൾ, ആഹാരം, വസ്ത്രം, പുഞ്ചിരി എന്നിവയുടെ വിശദാംശങ്ങൾ 'ശമാഇൽ' (ബാഹ്യരൂപങ്ങൾ) എന്ന തലക്കെട്ടിൽ, പണ്ഡിതന്മാർ ചർച്ച ചെയ്യുന്നുണ്ട്. വളരെ വിശാലമായൊരർത്ഥമാണ് 'ശമാഇൽ' എന്ന പ്രയോഗത്തിന്നുള്ളതെങ്കിലും, കാലക്രമത്തിൽ, പ്രവാചകന്റെ ജീവിതരീതിയെ കുറിക്കാനാണത് പ്രയോഗിച്ചു കൊണ്ടിരിക്കുന്നത്.

ദൈവമിത്രത്തിന്റെ സ്വഭാവഗുണങ്ങളുടെ ഓരോ വിശദാംശവും, അദ്ദേഹത്തിന്റെ മികച്ച ധാർമ്മികതയുടെ പ്രതിഫലനമത്രെ. സ്രോതസ്സുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ പരിചിന്തനം നടത്തി, സ്വജീവിതത്തിൽ അവ പ്രോത്സാഹിപ്പിക്കുകയാണ്, പ്രവാചകന്റെ ബാഹ്യരൂപത്തെ സംബന്ധിക്കുന്ന ഈ അദ്ധ്യായത്തിന്റെ മുഖ്യോദ്ദേശ്യം.

*ശാരീരിക സൗന്ദര്യം*

ആ അനുഗ്രഹീത വ്യക്തിത്വത്തന്റെ ബാഹ്യ സൗന്ദര്യം മുതൽ ദൃക്സാക്ഷികളെ വിസ്മയിപ്പിച്ച തേജസ്സ്, സ്വഭാവം, ചിരി, മറ്റു അനുഗ്രഹീത സൗന്ദര്യ വശങ്ങൾ വരെയുള്ള, അവിടുത്തെ സംബന്ധിക്കുന്ന ധാരാളം വിശദാംശങ്ങൾ, സഹാബികൾ നൽകുന്നുണ്ട്. അത്തരത്തിലുള്ള ധാരാളം സഹാബിമാരുണ്ടായിരുന്നു. തിരു സൗന്ദര്യത്തെ കുറിച്ച വിശദാംശങ്ങൾ അവർ നൽകുകയും ചെയ്തിട്ടുണ്ട്. തിരുമേനി(സ)യുടെ സമകാലീനരായിരുന്ന അവരിൽ ചിലർ വളരെ വിശദമായും മറ്റു ചിലർ സുദീർഘമായും വിവരിച്ചിട്ടുണ്ട്. ചിലത് ഇവിടെ കുറിക്കാം:

*ബാഹ്യരൂപവും സൗന്ദര്യവും*

സഹാബികൾ പറയുന്നു:

സുന്ദരമായ ശരീരഘടനയായിരുന്നു അദ്ദേഹത്തിന്റേത്. പൂർണ ചന്ദ്രനോടാണ് അവിടുത്തെ ചിരിയെ ചിലർ താരതമ്യം ചെയ്തത്. ... മെലിഞ്ഞ മൂക്ക്, മാർദ്ദവമായ മുഖം .... തിങ്ങിയ താടി, ചന്തമുള്ള കഴുത്ത് .... സൂര്യരശ്മികളേൽക്കുമ്പോൾ, സ്വർണം കലർന്ന വെള്ളിക്കപ്പാണെന്ന് തോന്നിക്കുന്ന കഴുത്ത്. വിശാലമായ ചുമലുകൾ![67] ഇതായിരുന്നു നബി(സ).

അനസ് ബ്നു മാലിക് പറയുന്നു:

തിരുമേനി(സ) അധികം നീളമുള്ളവരോ കുറിയവരോ ആയിരുന്നില്ല. കൂടുതൽ വെളുത്തവനോ ഇരുണ്ടവനോ ആയിരുന്നില്ല. മുടി ചുരുളനോ ചടച്ചതോ ആയിരുന്നില്ല. നാൽപത് വയസ്സായപ്പോൾ പ്രവാചകത്വം ലഭിക്കുകയും പിന്നെ 10 വർഷം മക്കയിലും 10 വർഷം മദീനയിലും താമസിച്ചു. 60 വയസ്സായപ്പോൾ അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുകയായിരുന്നു. അവിടുത്തെ താടിമുടികളിൽ 20 വെള്ള മുടികളുണ്ടായിരുന്നില്ല.[68]

നല്ല വൃത്തിയും വെടിപ്പും സൗന്ദര്യവുമുണ്ടായിരുന്നു അദ്ദേഹത്തിന്ന്.[69]

അനസ് ബിൻ മാലിക് പറയുന്നു:

അവിടുന്ന് കൂടുതൽ നീളമുള്ളവരോ കുറിയവരോ ആയിരുന്നില്ല. വളരെ ഭംഗിയുള്ള ആളായിരുന്നു. മുടി ചുരുണ്ടതോ ലോലമോ ആയിരുന്നില്ല. നിറം അതിവെളുത്തതോ ഇരുണ്ടതോ ആയിരുന്നില്ല.[70]

ബറാഅ് ബിൻ ആസിബ് പറയുന്നു:

തിരുമേനി(സ)യേക്കാൾ സുന്ദരനെ ഞാൻ കണ്ടിട്ടില്ല. മുടി ചുമൽ വരെയെത്തിയിരുന്നു. ഇരു ചുമലുകൾക്കിടയിലെ സ്ഥലം വിശാലമായിരുന്നു. അധികം നീളം കൂടിയവരോ, നന്നെ കുറിയവരോ ആയിരുന്നില്ല. [71]

അലി(റ)യുടെ പൗത്രൻ ഇബ്രാഹിം ബിൻ മുഹമ്മദ് പറയുന്നു:

പ്രവാചകനെ കുറിച്ച് പറയവെ അലി(റ) പറയുന്നു:

അധികം നീളം കൂടിയവരോ, നന്നെ കുറിയവരോ ആയിരുന്നില്ല. പ്രത്യുത, ഒത്ത ഉയരമുള്ളവരായിരുന്നു. മുടി ചുരുളനോ ഒഴുക്കനോ ആയിരുന്നില്ല. അവയുടെ സമ്മിശ്രമായിരുന്നു. ... ചുവപ്പ് കലർന്ന വെളുപ്പ് നിറം .. വിശാലമായ കറുത്ത കണ്ണുകൾ .. നീണ്ട കൺപീലികൾ. ഉന്തി നിൽക്കുന്ന സന്ധികളും കൈപ്പലകകളും. .. ചുമലുകൾക്കിടയിൽ പ്രവാചകത്വ മുദ്ര ... മറ്റുള്ളവരേക്കാൾ വിശാലമായ നെഞ്ച്. എല്ലാവരേക്കാളും സത്യസന്ധൻ. സൗമ്യപ്രകൃതം. കുലീന ഗോത്രം. കാണുന്നവർ, വിസ്മയഭരിതരായി പെട്ടെന്ന് എഴുന്നേറ്റു നിന്നു പോകും. പരിചയപ്പെട്ടവർ സ്നേഹിക്കും. അദ്ദേഹത്തിന് സമാനരായ ആരെയും തങ്ങൾ കണ്ടിട്ടില്ലെന്നാണ്, വിവരിക്കുന്നവർ പറയുന്നത്.[72]

ഹസൻ പറയുന്നു:

നബി(സ)ക്ക് മഹത്തായ ഗുണവിശേഷങ്ങളുണ്ടായിരുന്നു. മറ്റുള്ളവർ വളരെ ആദരിച്ചിരുന്നു. അനുഗ്രഹീത മുഖം പൂർണ ചന്ദ്ര സമാനം പ്രശോഭിച്ചിരുന്നു. സാധാരണ മനുഷ്യരേക്കാൾ അൽപം ഉയരം. നീണ്ടവരേക്കാൾ അല്പം ഉയരക്കുറവ്. അനുഗ്രഹീത മുടി അൽപം മുടയപ്പെട്ടിരുന്നു. മധ്യത്തിൽ പ്രകൃതിപരമായി അൽപം പകുക്കപ്പെട്ടിരുന്നുവെങ്കിൽ, അങ്ങനെ തന്നെ വിടുമായിരുന്നു. സാധാരണയിൽ പകുക്കാൻ ശ്രമിക്കാറുണ്ടായിരുന്നില്ല. ... പ്രകാശം വമിക്കുന്ന വർണം. വിശാലമായ നെറ്റിത്തടം. ഇടതിങ്ങിയ, സുന്ദര രോമങ്ങളുള്ള പുരികം. മെലിഞ്ഞ സുന്ദരമായ കഴുത്ത്. വെള്ളി പോലെ, തെളിഞ്ഞതും പ്രകാശിക്കുന്നതുമായ നിറം. പരസ്പരം യോജിപ്പുള്ള അവയവ ഘടന. [73]

അബൂഹുറൈറ പറയുന്നു:

അൽപം ചുവപ്പ് കലർന്ന വെളുപ്പായിരുന്നു തിരുമേനി(സ)യുടെ നിറം. അനുഗ്രഹീത നേത്രങ്ങൾ തനി കറുപ്പും കൺപീലികൾ നീണ്ടതുമായിരുന്നു.[74]

നെറ്റിത്തടം വിശാലവും, പുരികങ്ങൾക്കിടയിലെ സ്ഥലം ശുദ്ധവെള്ളി പോലെ തിളങ്ങുന്നതും നേത്രഗോളം ചുകപ്പ് കലർന്ന കറുപ്പുമായിരുന്നു. സമൃദ്ധമായ കൺപീലികൾ. ...ചിരിക്കുമ്പോൾ മിന്നൽ പിണറുകൾ കണക്കെ പ്രകാശിച്ചിരുന്ന പല്ലുകൾ. മനോഹരമായ അധരങ്ങൾ. തിങ്ങിയ താടി. .. നീണ്ടതോ കുറിയതോ അല്ലാത്ത ഭംഗിയുള്ള കഴുത്ത്. സൂര്യരശ്മികൾ പതിച്ചാൽ, സ്വർണം കലർന്ന വെള്ളിക്കപ്പാണെന്നു തോന്നും. വിശാലവും എന്നാൽ, കണ്ണാടിയെയോ നിലാവിനെയോ പോലെ വെളുത്തതുമായ നെഞ്ച്. വിടർന്ന ചുമലുകൾ. രോമത്തേക്കാൾ മാർദ്ദവമേറിയ കൈപത്തികൾ. [75]

മദീനാ പലായന വേളയിൽ, തിരുമേനി(സ), ഉദാരതയിലും സത്യസന്ധതയിലും ധീരതയിലും വിശ്രുതയായിരുന്ന ഉമ്മു മഅ്ബദിനെ സന്ദർശിക്കുകയുണ്ടായി. എന്നാൽ, അവർക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. പക്ഷെ, ഭാർത്താവിനോടുള്ള അവരുടെ വിവരണത്തിൽ നിന്നും, അത് പ്രവാചകനാണെന്ന് അദ്ദേഹം മനസ്സിലാക്കുകയായിരുന്നു. വിവരണം ഇങ്ങനെ:

നിഷ്കളങ്ക തേജസ്സിയായിരുന്ന അദ്ദേഹത്തിന് വിശാലമായ മുഖരൂപമാണുണ്ടായിരുന്നത്. നല്ല സ്വഭാവം. ... ആകർഷകമായ കറുത്ത കണ്ണുകൾ. .. തിളക്കമുള്ള കറുത്ത മുടി. ആജ്ഞാ ശക്തിയുള്ള ശബ്ദം. ലോലമായ കഴുത്തിലെ മനോഹരമായ ശിരസ്സ്. ചിന്താഗ്രസ്തവും ധ്യാനനിരതവും ശോഭയാർ

ന്നതുമായ മുഖഭാവം. അപരിചിതൻ ദൂരെ നിന്നു തന്നെ ആകർഷിക്കപ്പെടും. താമസിയാതെ, അയാൾ ഉറ്റമിത്രമായിത്തീരും. ... മധുരവും സ്ഫുടവുമായ സംസാരം. തസ്ബീഹ് മാലമണി കണക്കെ, വ്യർത്ഥ പദങ്ങളിൽ നിന്നും മുക്തമായ, മനോഹരമായ ഭാഷണം. വളരെ വലുതും ചെറുതുമല്ലാത്ത ശരീരം. അ സാധാരണ ശോഭയും ആരോഗ്യവും. എപ്പോഴും, അനുയായികളാൽ വലയം ചെയ്യപ്പെട്ടവൻ. സംസാരി ക്കുമ്പോൾ, സശ്രദ്ധം ശ്രദ്ധിക്കപ്പെടുന്നവൻ. കൽപന പുറപ്പെടുവിക്കുമ്പോഴെക്കും, അത് നടപ്പിൽ വരു ത്താൻ മത്സരിക്കുന്ന അനുയായികൾ. നായകനും കമാന്ററുമായിരുന്നു അദ്ദേഹം.'[76]

അസാധാരണ സൗന്ദര്യവും കായിക ശരീരവും ഉള്ള ആളായിരുന്നു അദ്ദേഹമെന്ന് ദൃക്സാക്ഷി വിവര ണങ്ങളിൽ നിന്ന് മനസ്സിലാകുന്നു.

*ആകൃതി*

ഒട്ടോമൻ കാലത്തെ പ്രധാന പണ്ഡിതനായിരുന്ന അഹ്മദ് കെവ്ഡെറ്റ് പാഷ, തിരുമേനി(സ)യുടെ സ വിശേഷ ലക്ഷണങ്ങളുടെ ഒരു പഠനം നടത്തിയിട്ടുണ്ട്. 'മുഹമ്മദ് നബി(സ)യുടെ ചില ഗുണങ്ങൾ' എ ന്ന തലക്കെട്ടിൽ, 'ഖിസ്വസ്വുൽ അമ്പിയ'യുടെ നലാം ഭാഗത്തിൽ ഇത് കാണാവുന്നതാണ്:

'സുന്ദരമായ ആകൃതിയായിരുന്നു, അനുഗ്രഹീത പ്രവാചകന്റേത്. പരസ്പര യോജിപ്പുള്ള അവയവ ങ്ങൾ! നല്ല ആകൃതിയിലുള്ള ശരീരം! നെറ്റിത്തടം, നെഞ്ച്, ചുമലുകൾക്കിടയിലെ അകലം എന്നിവ പ്രവിശാലം! വെള്ളി പോലെ ശുദ്ധമായ ലോലമായ കഴുത്ത്! വലുതും വണ്ണമുള്ളതുമായ ചുമലുകളും കാൽവണ്ണയും! നീളമുള്ള വിരലുകളും മണികൺഠങ്ങളും! അധികം കൊഴുത്ത കൈകളും വിരലുക ളും! പട്ടിനേക്കാൾ മാർദ്ദവമുള്ള ചർമ്മം!

നല്ല അനുപാതമുള്ള ശിരസ്സ്! വളഞ്ഞ പുരികങ്ങൾ! നീണ്ട മൂക്ക്! മുട്ടയുടെ ആകൃതിയുള്ള മുഖം!

നീണ്ട കൺപീലികൾ! കറുത്ത സുന്ദര നേത്രങ്ങൾ! പുരികങ്ങൾക്കിടയിൽ തെളിഞ്ഞ വിടവ്!

പ്രവാചകൻ(സ), കാഴ്ചയിൽ തിളങ്ങുന്നവരായിരുന്നു. എന്നാൽ, തനി പ്രകാശമോ ഇരുളോ ആയിരു ന്നില്ല. പ്രത്യുത, രണ്ടിന്നും മധ്യേ ആയിരുന്നു. ചുകന്ന റോസ് പോലെ വെളുത്തവർ! പ്രകാശമാനവും തെളിഞ്ഞതും! മുഖത്തു നിന്നും പ്രകാശം വമിച്ചിരുന്നു. മുത്തുകൾ കണക്കെ ശോഭിച്ചിരുന്ന ദന്തങ്ങൾ! സംസാരിക്കുമ്പോൾ മുൻപല്ലിൽ നിന്നും സ്ഫുരിക്കുന്ന പ്രകാശം! സംസാരിക്കുമ്പോൾ, വായയിൽ നിന്നും മൃദുവായ മിന്നൽ പിണറുകൾ പുറപ്പെടുകയാണെന്നു തോന്നും.....

അതിശക്തമായ ഇന്ദ്രിയങ്ങൾ! വളരെ അകലെ നിന്നു തന്നെ കേൾക്കാൻ കഴിഞ്ഞിരുന്നു. എല്ലാവരേ ക്കാളും കാണാനും കഴിഞ്ഞിരുന്നു. പൂർണതയും അതുല്യതയും ഒത്തിണങ്ങിയ ശരീരമായിരുന്നു പ്ര വാചകന്റേത്! ... പെട്ടെന്നു കാണുന്നവർ സ്നേഹത്താൽ എരിഞ്ഞു പോകും. സംസാരിക്കുന്നവർക്ക് മ നസ്സിലും ആത്മാവിലും സ്നേഹം അനുഭവപ്പെടും. ബുദ്ധിമാന്മാർ, അർഹിക്കുന്ന വിധം അവിടുത്തെ ആദരിച്ചിരുന്നു. ബന്ധുക്കളെ വലിയ തോതിൽ ബഹുമാനിച്ചിരുന്നു. ....
സേവകരോട് വളരെ നല്ല നിലയിലായിരുന്നു പെരുമാറിയിരുന്നത്. അവിടുന്ന് തിന്നിരുന്നത് അവർക്കും തിന്നാൻ കൊടുത്തിരുന്നു. അവിടുന്ന് ഉടുത്തിരുന്നത് അവരെയും ഉടുപ്പിച്ചിരുന്നു.

ഉദാരമതിയും പ്രയോജനകാരിയും ആർദ്രചിത്തനും പൊറുക്കുന്നവനും നിർഭയനും സൗമ്യനുമായിരു ന്ന നബി(സ), സംസാരത്തിൽ സൂക്ഷ്മത പുലർത്തിയിരുന്നു. തത്വത്തിൽ, അവിടുത്തെ അത്യുൽകൃഷ്ട ധാർമ്മികതയും സൂക്ഷ്മമായ വിചിന്തന കഴിവുകളും, മറ്റുള്ളവരുടേതിനേക്കാൾ മഹത്തരവും പ്രശം സാർഹവുമത്രെ.

തുച്ഛമായ ആഹാരം കൊണ്ട് സംതൃപ്തനായ പ്രവാചകൻ(സ) അമിതാഹാരം വർജ്ജിച്ചിരുന്നു.'[77]

*പ്രവാചക മുദ്ര*

മറ്റെല്ലാ ചരാചരങ്ങളെക്കാളും നബി(സ)യെ സ്നേഹിച്ച അല്ലാഹു, 'പ്രവാചക മുദ്ര'യായി അവിടുത്തെ പ്രഖ്യാപിക്കുകയും ചെയ്തു.(അൽ അഹ്സാബ്: 40) അദ്ദേഹത്തിന്നു ശേഷം മറ്റൊരു പ്രവാചക

നെയും അല്ലാഹു നിയോഗിച്ചിട്ടില്ല. സത്യത്തിലേക്കുള്ള അവസാന വഴികാട്ടിയാണ് ഖുർആൻ. പ്രവാചകന്റെ ഈ അതുല്യ സവിശേഷതയെ, ശരീരത്തിൽ ഒരടയാളം കൊണ്ട് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു.

തിരുമേനി(സ)യുടെ ചുമലുകൾക്കിടയിലെ ഈ അടയാളം 'പ്രവാചക മുദ്ര' എന്നാണ് ഇസ്ലാമിക സ്രോതസ്സുകളിലും വായ്മൊഴി വിവരണങ്ങളിലും അറിയപ്പെടുന്നത്. ഇതര പ്രവാചകന്മാർക്കും സമാന മുദ്രകളുണ്ടായിരുന്നുവെന്നും, എന്നാൽ, മുഹമ്മദ് നബി(സ)യുടേത് വ്യത്യസ്തമായിരുന്നുവെന്നും വഹ്ബ് ബ്നു മുനബ്ബിഹിൽ നിന്ന് നിവേദനം ചെയ്യപ്പെടുന്നു:

'വലതു കയ്യിന്മേൽ പ്രവാചക മുദ്രയില്ലാതെ ഒരു പ്രവാചകനെയും അല്ലാഹു അയച്ചിട്ടില്ല. മുഹമ്മദ് നബി മാത്രമായിരുന്നു അതിന്ന് അപവാദം. അവിടുത്തെ അടയാളം ചുമലെല്ലുകൾക്കിടയിലായിരുന്നു. അതേ കുറിച്ച് അന്വേഷിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: എന്റെ ചുമലെല്ലുകൾക്കിടയിലെ ഈ അടയാളം എന്റെ മുൻഗാമികളായ പ്രവാചകന്മാരുടേതിന്നു സമാനമാണ്...'[78]

ജാബിറു ബ്നു സമുറ പറയുന്നു:

'പ്രവാചകന്റെ ചുമലെല്ലുകൾക്കിടയിൽ, അവിടുത്തെ പ്രവാചക മുദ്ര ഞാൻ കണ്ടു. മാടപ്രാവിന്റെ മുട്ടയോട് സദൃശമയിരുന്നു അത്.'[79]

അലിയുടെ പൗത്രൻ ഇബ്രാഹീം ബ്നു മുഹമ്മദ് പറയുന്നു:

'തിരുമേനി(സ)യുടെ മഹത്തായ ലക്ഷണങ്ങൾ വിവരിക്കുമ്പോൾ, അലി ഇങ്ങനെ പറയാറുണ്ടായിരുന്നു: ചുമലെല്ലുകൾക്കിടയിൽ പ്രവാചക മുദ്ര സ്ഥിതി ചെയ്തിരുന്നു. അവസാന പ്രവാചകനായിരുന്നു അവിടുന്ന്.'[80]

പ്രവാചക മുദ്രയെ കുറിച്ച് അബൂ സഈദിൽ ഖുദ്രിയോട് ചോദിച്ചപ്പോൾ, തിരുമേനി(സ)യുടെ പിൻഭാഗത്തു ഉയർന്നു നിന്നിരുന്ന ഒരു മാംസപിണ്ഡമായിരുന്നു അതെന്ന്[81] അദ്ദേഹം പറഞ്ഞതായി, അബൂ നദ്റ പറയുന്നു.

വിശാലമായ ചുമലെല്ലുകൾക്കിടയിൽ, അൽപം വലത്തോട്ടു ചാഞ്ഞായിരുന്നു അത് നില കൊണ്ടിരുന്നത്. [82]

തിരു ചുമലുകൾക്കിടയിൽ, ആ മുദ്ര താൻ കണ്ടിരുന്നതായി, അസീസ് ബ്നു യസീദിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെടുന്നു.[83]

*തിരുകേശം*

തിരുകേശത്തിന്റെ നീളത്തെ കുറിച്ച് വ്യത്യസ്ത വിവരണങ്ങളുണ്ട്. ഈ വ്യത്യസ്തത സ്വാഭാവികവുമാണ്. കാരണം, വ്യത്യസ്ത അവസരങ്ങളിലായി, അവിടുത്തെ കണ്ടവരിൽ നിന്ന് ലഭിച്ചതാണിവ. അതിനാൽ തന്നെ, അതിന്നു വ്യത്യസ്ത നീളം സ്വാഭാവികമായിരിക്കുമല്ലോ. എന്നാൽ, ഏറ്റവും ചുരുങ്ങിയത് ചെവി വരെയും, കൂടുതൽ നീളുമ്പോൾ ചുമൽ വരെയും നീണ്ടു നിന്നിരുന്നുവെന്നാണ്, ഈ വിവരണങ്ങളിൽ നിന്ന് മനസ്സിലാകുക.

തിരുകേശം, ചെവിയുടെ അർദ്ധഭാഗം വരെ നീണ്ടുകിടന്നിരുന്നുവെന്ന് അനസ് ബ്നു മാലിക് പറയുന്നു.[84]

ചെവികളുടെ അറ്റങ്ങൾക്കും ചുമലുകൾക്കും ഇടയിലായിരുന്നുവെന്നാണ്, ആയിശ(റ) പറയുന്നത്.[85]

തിരുമേനി(സ)ക്ക് ശരാശരി ഉയരമുണ്ടായിരുന്നുവെന്നും, ചുമലെല്ലുകൾക്കിടയിൽ വിശാലതയുണ്ടായിരുന്നുവെന്നും, തിരുകേശം കാതിന്റെ അറ്റം വരെ എത്തിയിരുന്നുവെന്നും, ബറാഅ് ബ്നു ആസിബ് വിവരിക്കുന്നു.[86]

ഹിജ്രക്ക് ശേഷം ഒരിക്കൽ, തിരുമേനി(സ) മക്കയിൽ വന്നിരുന്നുവെന്നും, അപ്പോൾ തിരുകേശത്തിൽ നാലു പിന്നലുണ്ടായിരുന്നുവെന്നും അബൂത്വാലിബിന്റെ മകൾ ഉമ്മുഹാനി വിവരിക്കുന്നു.[87]

*താടി-മുടികളുടെ പരിചരണം*

വൃത്തിക്ക് വലിയ പ്രാധാന്യം കൽപിച്ചിരുന്ന പ്രവാചകൻ(സ), അതിനാൽ തന്നെ, തന്റെ താടി-മുടികൾക്കും അത് കൽപിച്ചിരുന്നു. ചീർപ്പ്, കണ്ണാടി, ടൂത്ത് ബ്രഷ്, ടൂത്ത് പിക്ക്ൾ, കത്രിക, സുറുമക്കുപ്പി എന്നിവ, സാധാരണ അദ്ദേഹം കൊണ്ടു നടന്നിരുന്നു[88]വെന്നാണ് ചില സ്രോതസ്സുകളിൽ കാണുന്നത്. ഇങ്ങനെ ചെയ്യാൻ അനുയായികളോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 'മുടിയുള്ളവർ അതിനെ ആദരിക്കട്ടെ'[89] എന്നായിരുന്നു അവിടുത്തെ നിർദ്ദേശം.

നബി(സ)യുടെ താടി തിങ്ങിയതും നിബിഡവുമായിരുന്നുവെന്ന് ഹസൻ പറയുന്നു.[90]

അവിടുന്ന് പലപ്പോഴും മുടിയിൽ എണ്ണ പുരട്ടിയിരുന്നുവെന്ന് അനസ് ബ്നു മാലിക് പറയുന്നു.[91]

സിമാക് ബ്നു ഹർബ് പറയുന്നു: 'തിരുകേശത്തിലെ വെളുത്ത മുടിയെ കുറിച്ച് അന്വേഷിച്ചപ്പോൾ, ജാബിർ ബ്നു സമുറ പറഞ്ഞു: എണ്ണയിടുമ്പോൾ അപ്രത്യക്ഷമായിരുന്ന ആ മുടികൾ, അല്ലാത്ത സമയങ്ങളിൽ പ്രത്യക്ഷമായിരുന്നു.'[92]

ഇത്തരം കാര്യങ്ങളിലെ അവിടുത്തെ നിലപാട് വ്യക്തമാക്കുന്നതാണ് താഴെ വിവരണം:

'ഒരിക്കൽ, സഹാബികളുടെ അടുത്ത് പോകാനുദ്ദേശിച്ച നബി(സ), മുടി ഡ്രസ്സ് ചെയ്യുകയും തലപ്പാവ് അണിയുകയും ചെയ്തു ..... അവിടുന്ന് പറഞ്ഞു: സഹോദരങ്ങളെ കാണാൻ ശരീരം ശുദ്ധി ചെയ്യുന്ന ദാസന്റെ പ്രവർത്തി അല്ലാഹു ഇഷ്ടപ്പെടുന്നു.'[93]

*വസ്ത്രധാരണ രീതി*

പ്രവാചകന്റെ വസ്ത്രധാരണ രീതിയെ കുറിച്ച ധാരാളം വിവരങ്ങൾ സഹാബികൾ നൽകുന്നുണ്ട്. തദ്വിഷയകമായി, സഹാബികൾക്ക് അവിടുന്ന് നൽകിയ നിർദ്ദേശങ്ങൾ, ഈ കാര്യത്തിൽ, അവിടുന്ന് എത്ര മാത്രം പ്രാധാന്യം കൽപിച്ചിരുന്നുവെന്ന് കാണിക്കുന്നു. ഇവ്വിഷയകമായ ഒരു ഹദീസ് ഇങ്ങനെ വായിക്കാം:

'മനസ്സിൽ അണുമണിത്തൂക്കം അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.' തന്റെ വസ്ത്രവും ചെരിപ്പും മനോഹരമായിരിക്കണമെന്ന് ആഗ്രഹിക്കുന്നവരുടെ സ്ഥിതിയെന്താണ്? (അത് അഹങ്കാരമായി കണക്കാക്കുമോ? എന്നാണ് ഉദ്ദേശ്യം)എന്ന് ഒരാൾ പ്രവാചകനോട് ചോദിച്ചു. അവിടുന്ന് പറഞ്ഞു: അല്ലാഹു സുന്ദരനാണ്. സൗന്ദര്യത്തെ അവൻ ഇഷ്ടപ്പെടുന്നു. സത്യത്തെ തിരസ്കരിക്കുകയും മറ്റുള്ളരെ നിസ്സാരമായി കാണുകയും ചെയ്യുന്നതാണ് അഹങ്കാരം!'[94]

നന്നായി വസ്ത്രം ധരിക്കുന്നതും അലങ്കരിക്കുന്നതും, ദൈവാനുഗ്രഹ പ്രകടനമായാണ് അവിടുന്ന് പരിഗണിച്ചത്:

'സൃഷ്ടികളിലുള്ള തന്റെ അനുഗ്രഹ ഫലം കാണാൻ അല്ലാഹു ആഗ്രഹിക്കുന്നു.'[95]

ജുന്ദുബ് ബ്നു മാകിഥ് പറയുന്നു:

'ഒരു നിവേദക സംഘം, നബി(സ)യെ കാണാനെത്തിയപ്പോൾ, അവിടുന്ന് നല്ല വസ്ത്രമണിയുകയും പ്രമുഖ സഹാബികളോട് അങ്ങനെ ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. കിൻദാ പ്രതിനിധികളെത്തിയപ്പോൾ, തിരുമേനി(സ)യും അബൂബക്കറും ഉമറും യമനി വസ്ത്രങ്ങളാണ് അണിഞ്ഞിരുന്നത്.'[96]

മറ്റൊരു ഹദീസ് ഇങ്ങനെ:

‘ഇഷ്ടമുള്ളത് തിന്നുക, ഇഷ്ടമുള്ളത് ധരിക്കുക. രണ്ടു കാര്യങ്ങളിൽ നിന്ന് മുക്തമായിരിക്കണമെന്ന് മാത്രം: ധൂർത്തും പൊങ്ങച്ചവും.’[97]

മലിനവും അശ്രദ്ധവുമായ വേഷത്തിലെത്തുന്ന അനുയായികളെ, തിരുനബി(സ) അപ്പോൾ തന്നെ മുന്നറിയിപ്പ് നൽകിയിരുന്നു. അത്താഉ ബിൻ യാസിർ ഉദ്ദരിക്കുന്ന ഒരു സംഭവം ഉദാഹരണം:

‘ഒരിക്കൽ നബി(സ) പള്ളിയിലിരിക്കുകയായിരുന്നു. ഇതിനിടയിൽ, മലിനവേഷവും വൃത്തികെട്ട താടി-മുടികളുമായി ഒരാൾ വന്നു. (താടി-മുടികൾ വൃത്തിയിൽ ചിട്ടപ്പെടുത്താനെന്ന വണ്ണം) നബി(സ) അയാളോട് ആംഗ്യം കാണിച്ചു. അയാൾ പോയി, പറഞ്ഞത് പോലെ ചെയ്തു തിരിച്ചു വന്നു. അപ്പോൾ തിരുമേനി(സ) പറഞ്ഞു:‘നിങ്ങളിലൊരാൾ മലിനമായ മുടിയുമായി വരുന്നതിനേക്കാൾ നല്ലത് ഇതല്ലേ?’ [98]

സഹാബികൾ ചില സഹോദരങ്ങളെ സന്ദർശിക്കാൻ പോകുമ്പോൾ, അവിടുന്ന് ഇങ്ങനെ പറഞ്ഞതായി ഒരു സഹാബി ഉദ്ദരിക്കുന്നു:

‘നിങ്ങൾ നിങ്ങളുടെ സഹോദരങ്ങളെ സന്ദർശിക്കാൻ പോവുകയാണല്ലോ. അതിനാൽ ജീനി കേടുപാട് തീർക്കുക. നന്നായി വസ്ത്രം ധരിച്ചുവെന്ന് ഉറപ്പു വരുത്തുക. അങ്ങനെ, ആളുകൾക്കിടയിൽ അലങ്കൃതരായി നിലകൊള്ളുക. വൈരൂപ്യം അല്ലാഹു ഇഷ്ടപ്പെടുന്നില്ല.’[99]

തിരുമേനി(സ)യുടെ വസ്ത്രങ്ങളെ കുറിച്ച് ഏറ്റവും അടുത്ത വൃത്തങ്ങൾ നൽകുന്ന വിവരങ്ങൾ ഇതാണ്:

ഉമർ(റ) പറയുന്നു: ‘നബി(സ) പുതിയൊരു വസ്ത്രം കൊണ്ടുവരാനാവശ്യപ്പെടുകയും അത് ധരിക്കുകയും ചെയ്തു. വസ്ത്രം കണ്ഠാസ്ഥിക്കടുത്തെത്തിയപ്പോൾ അവിടുന്ന് ഇങ്ങനെ പറഞ്ഞു:‘നഗ്നത മറക്കാനും ജീവിതത്തിൽ അലങ്കൃതനാകാനും ഉപയുക്തമായത് എന്നെ ഉടുപ്പിച്ച അല്ലാഹുവിന്നാണ് സർവ സ്ത്രോത്രവും!’’ [100]

കുർത്ത(നീളൻ കുപ്പായം)യായിരുന്നു തിരുമേനി(സ)യുടെ ഇഷ്ട വസ്ത്രമെന്ന് ഉമ്മു സലമ(റ) പറയുന്നു.[101]

തിരുമേനി(സ)യുമായി ബൈഅത്ത് ചെയ്യാനായി മുസീന ഗോത്രത്തിലെ ഒരു സംഘവുമായി താൻ വന്നപ്പോൾ, അവിടുത്തെ കുപ്പായത്തിന്റ ബട്ടൻ പഴുത് തുറന്നു കിടക്കുകയായിരുന്നുവെന്ന് ഖുർറ ബിൻ ഇയാസ് പറയുന്നു.[102]

നീണ്ട മുടിയും ചുകപ്പ് വസ്ത്രവുമായി, തിരുമേനി(സ)യേക്കാൾ ചന്തമുള്ള ആരെയും താൻ കണ്ടിട്ടില്ലെന്ന് ബറാഅ് ബിൻ ആസിബ് പറയുന്നു. അവിടുത്തെ മുടി ചുമൽ വരെ എത്തിയിരുന്നുവെന്നും അദ്ദേഹം പറയുന്നു.[103]

‘വെള്ള വസ്ത്രം ധരിക്കുക. ഏറ്റവും നല്ല വസ്ത്രമാണത്’ എന്ന് തിരുമേനി(സ) പറഞ്ഞതായി ഫസ്ലു ബ്നു അബ്ബാസ് റിപ്പോർട്ട് ചെയ്യുന്നു.[104]

ഒരു രാവിലെ, കൂടാര ചിത്രമുള്ള ഒരു കറുത്ത രോമവസ്ത്രം ധരിച്ചു തിരുമേനി(സ) പുറത്തു പോയതായി ആയിശ(റ) പറയുന്നു.[105]

*പുറം വസ്ത്രം*

ഉബൈദ് ബ്നു ഖാലിദ് പറയുന്നു:

‘ഞാനൊരിക്കൽ മദീനയിലേക്ക് പോകവെ, പിന്നിൽ നിന്നൊരാൾ വിളിച്ചു പറയുന്നത് കേട്ടു:

‘ലുങ്കി ഉയർത്തിയുടുക്കുക. ശാരീരികവും മാനസികവുമായ മാലിന്യങ്ങൾ അത് ഇല്ലായ്മ ചെയ്യുന്നു.’ വക്താവ് ആരെന്നറിയാനായി തിരിഞ്ഞു നോക്കിയപ്പോൾ, അത് നബി(സ)യായിരുന്നു.’[106]

കണങ്കാലിന്റെ മധ്യം വരെ ലുങ്കി ധരിച്ച ഉഥ്മാൻ(റ) പറഞ്ഞതായി സലമത് ബ്നു അക്വഅ് പറയുന്നു:

'എന്റെ ഗുരു തിരുദൂതർ(സ) ഇങ്ങനെയായിരുന്നു ലുങ്കി ധരിച്ചിരുന്നത്.'[107]

*മോതിരവും മുദ്രയും*

അനസ് ബ്നു മാലിക് പറയുന്നു:

'തിരുദൂതർക്ക് ഒരു വെള്ളി മോതിരമുണ്ടായിരുന്നു. അതിന്റെ കല്ലും വെള്ളിയായിരുന്നു.'[108]

വൈദേശിക നേതാക്കൾക്ക് കത്തെഴുതാൻ ഉദ്ദേശിച്ചപ്പോൾ, ഒരു മുദ്രമോതിരം നിർമ്മിക്കാൻ അവിടുന്നു കൽപിക്കുകയുണ്ടായി. അങ്ങനെ ഒരു മുദ്രമോതിരം നിർമ്മിക്കപ്പെട്ടു. അതിന്റെ വെളുപ്പ് ഇപ്പോഴും എന്റെ കൺമുമ്പിലുണ്ട്.[109]

'മുഹമ്മദ് റസൂലുല്ലാഹ്' എന്നായിരുന്നു അതിന്മേൽ കൊത്തിയിരുന്നത്. ആദ്യവരിയിൽ 'മുഹമ്മദ്', രണ്ടാം വരിയിൽ 'റസൂൽ', മൂന്നാം വരിയിൽ 'അല്ലാഹ്' എന്നിങ്ങനെയായിരുന്നു അതിന്മേലുണ്ടായിരുന്നത്.[110]

*നടത്തം*

അബൂഹുറൈറ പറയുന്നു:

'തിരുനബി(സ)യെക്കാൾ സൗന്ദര്യമുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല. അനുഗ്രഹീതമായ ആ മുഖത്ത് സൂര്യപ്രകാശത്തിന്ന് സമാനമായ ശോഭയുണ്ടായിരുന്നു. അദ്ദേഹത്തേക്കാൾ വേഗത്തിൽ നടക്കുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിന്നു വേണ്ടി ഭൂമി ചുരുണ്ടുവോ എന്ന് തോന്നിപ്പോകും. അൽപം മുമ്പ് 'അവിടെ'യായിരുന്നുവെങ്കിൽ, ഉടനെ 'ഇവിടെ' കാണാം. കൂടെ നടക്കുമ്പോൾ പാദവിന്യാസം പ്രയാസകരമായി ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നു.'[111]

നടത്തം വേഗതയുള്ളതായിരുന്നുവെന്ന് അലിയുടെ പൗത്രൻ ഇബ്രാഹിം ബിൻ മുഹമ്മദ് പറയുന്നു:

'തിരുമേനി(സ)യെ വർണ്ണിക്കുമ്പോൾ അലി(റ) ഇങ്ങനെ പറയാറുണ്ടായിരുന്നു: 'കാലിന്റെ ശക്തിയും വേഗതയും കാരണം, അവിടുന്നു നടക്കുമ്പോൾ, ഉയരത്തിൽ നിന്നും ഇറങ്ങുകയാണെന്ന് തോന്നിയിരുന്നു.'[112]

ഹസൻ പറയുന്നു:

'നടക്കുമ്പോൾ, കാൽ അൽപം ശക്തിയോടെ ഉയർത്തി, മൃദുവായി നിലത്തു വെച്ചിരുന്നു. വേഗതയുള്ള നീണ്ട ചുവടുകളായിരുന്നു അദ്ദേഹത്തിന്റേത്. ചെറിയ ചുവടുകൾ വെച്ചിരുന്നില്ല. നടക്കുമ്പോൾ താഴോട്ട് ഇറങ്ങുകയാണെന്ന് തോന്നും. ഒരു വസ്തുവെ നോക്കുമ്പോൾ, ശരീരം മുഴുവൻ അതിന്റെ ഭാഗത്തേക്ക് തിരിച്ചിരുന്നു. മേൽപ്പോട്ട് എന്നതിനേക്കാൾ താഴോട്ടായിരുന്നു അവിടുത്തെ നോട്ടം ഊന്നിയിരുന്നത്. ഒരു വസ്തുവെ അൽപം മാത്രം നോക്കുകയായിരുന്നു സ്വഭാവം. ആരെ കണ്ടാലും ആദ്യമായി സലാം പറഞ്ഞിരുന്നു.'[113]

*ഇരുത്തം*

കൈല ബിന്ത് മക്റമ പറയുന്നു:

'വളരെ വിനയാന്വിതനായി തിരുമേനി(സ) പള്ളിയിൽ ഇരിക്കുന്നത് ഞാൻ കണ്ടു. അവിടുത്തെ വിസ്മ

യം ജനിപ്പിക്കുന്ന വ്യക്തിത്വം കാരണം ഞാൻ വിറക്കാൻ തുടങ്ങിയിരുന്നു.'[114]

ഇടതു വശത്തുള്ള ഒരു തലയണമേൽ നബി(സ) ചായുന്നത് താൻ കണ്ടിട്ടുണ്ടെന്ന് ജാബിർ ബ്നു സമുറ പറയുന്നു. [115]

*സംസാരം*

പ്രയോജനകരവും ബുദ്ധിപരവും സമഗ്രവുമായ സംസാരത്തിൽ അവിടുന്ന് പ്രശസ്തനായിരുന്നു. തിരുസന്ദേശങ്ങൾക്ക് ജനങ്ങളിൽ വലിയ സ്വാധീനമാണുണ്ടായിരുന്നത്. അവിടുത്തോട് സംസാരിക്കാൻ അവർക്ക് വലിയ താൽപര്യവുമായിരുന്നു. സഹാബികളിൽ നിന്ന് ലഭിച്ച നിരവധി വിവരങ്ങൾ ഇതിന്ന് തെളിവാണ്. ചില ഉദാഹരണങ്ങൾ:

പ്രഭാഷണത്തിലും സംസാരഭംഗിയിലും അറബികളിൽ ഏറ്റവും ഉത്തമനായിരുന്നു പ്രവാചകൻ. 'അറബികളിലെ ഏറ്റവും വലിയ വാഗ്മിയാണ് ഞാൻ' എന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ട്.[116]

'നിങ്ങളുടേത് പോലെ ശീഘ്രവും ഇടമുറിയാത്തതുമായിരുന്നില്ല തിരുമേനിയുടെ സംസാരമെന്നും, പ്രത്യുത, സുവ്യക്തവും വാക്ക് വാക്കായിട്ടുള്ളതുമായിരുന്നു' വെന്നുമാണ്, ആയിശ(റ) വിലയിരുത്തിയത്. [117]

അവർ പറയുകയാണ്:

'അൽപമാത്രം സംസാരിക്കുന്നവരായിരുന്നു നബി(സ). എല്ലാ കാര്യങ്ങളും ചുരുക്ക വാക്കുകളിലായിരുന്നു അവതരിപ്പിച്ചിരുന്നത്. എന്നാൽ, സംസാരാധിക്യത്തിന്റെയോ, ഹ്രസ്വതയുടേയോ കുഴപ്പമുണ്ടായിരുന്നുമില്ല. വാക്കുകൾ, മുത്തുമണികൾ കണക്കെ, ഒന്നിന്നു പിറകെ ഒന്നായി, വന്നു കൊണ്ടിരിക്കും. കേൾക്കുന്നവരെല്ലാം അത് ഹൃദിസ്തമാക്കിയിരുന്നു. അറബികളിൽ ഏറ്റവും മധുരഭാഷണമയിരുന്നു അദ്ദേഹത്തിന്റേത്. കൂടുതൽ മൗനമായിരുന്നു. അനാവശ്യ സംസാരമില്ല. ഹീനമായ പദപ്രയോഗങ്ങളില്ല. നീതിനിഷ്ട വാക്കുകളേ പ്രയോഗിച്ചിരുന്നുള്ളു...'[118]

വിദൂഷക പദപ്രയോഗങ്ങളുണ്ടായിരുന്നില്ല. [119]

സഹാബികൾ അദ്ദേഹത്തിന്റെ മുമ്പിൽ ഒരിക്കലും തർക്കിച്ചിരുന്നില്ല. [120]

അവർക്കു മുമ്പിൽ കൂടുതൽ പുഞ്ചിരിക്കാറുണ്ടായിരുന്നു. [121]

ആയിശ(റ) വീണ്ടും പറയുകയാണ്:

'കൂട്ടുകാർക്ക് ഓർമ്മിക്കാൻ കഴിയും വിധം, വാക്കുകൾ ഇടവിട്ടായിരുന്നു അവിടുന്ന് സംസാരിച്ചിരുന്നത്.' [122]

'തിരുമേനി(സ)യെപ്പോലെ, ചുറുചുറുക്കുള്ള ആരെയും ഞാൻ കണ്ടിട്ടില്ലെ'ന്നാണ്, അബ്ദുല്ലാഹ് ബ്നു ഹാരിഥ് പറയുന്നത്.[123]

അവിടുന്ന്, തങ്ങളൊന്നിച്ചിരുന്നു തമാശ പറയാറുണ്ടായിരുന്നുവെന്ന് അനസ് ബിൻ മാലിക് പറയുന്നു.[124]

*സുഗന്ധം*

വൃത്തിക്ക് വലിയ പ്രാധാന്യം കൽപിച്ചിരുന്ന നബി(സ), സദാ സുഗന്ധം ഉപയോഗിച്ചിരുന്നു. വിശ്വാസികളോടത് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തദ്വിഷയകമായി സഹാബികളുടെ ചില സാക്ഷ്യങ്ങൾ ഇങ്ങനെ:

തിരുമേനി(സ) നടന്ന വഴിയിലൂടെ പിന്നെ നടക്കുന്നയാൾക്ക്, അത് വഴി അവിടുന്ന് നടന്നു പോയതായി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുവെന്നാണ് ജാബിർ ബ്നു സമുറ പറയുന്നത്. അവിടുത്തെ ശരീരത്തിന്റെ പരിമളം അവർക്ക് അനുഭവപ്പെട്ടിരുന്നുവെന്നതാണ് കാരണം. [125]

പട്ടോ, ശുദ്ധ പട്ടോ, തിരുമേനി(സ)യുടെ കൈപടത്തേക്കാൾ മാർദ്ദവമുള്ളതായി തനിക്ക് തോന്നിയിട്ടെല്ലന്നാണ് അനസ് ബിൻ മാലിക് പറഞ്ഞത്. അവിടുത്തെ പരിമളത്തേക്കാൾ സുഗന്ധമുള്ള കസ്തൂരിയോ മറ്റോ താൻ വാസനിച്ചിട്ടില്ലെന്നും അദ്ദേഹം പറയുന്നു. [126] [127]

*'ഖസ്വസ്വുൽ അമ്പിയ'* യിൽ അവിടുന്ന് വിവരിക്കപ്പെടുന്നതിങ്ങനെ:

'വൃത്തിയുള്ള ശരീരം! ഹൃദ്യമായ പരിമളം! സുഗന്ധം ഉപയോഗിച്ചാലും ഇല്ലെങ്കിലും, ശരീരത്തിന്നു മനോഹരമായ സൗരഭ്യമുണ്ടായിരുന്നു. നബി(സ)യുമായി ഹസ്തദാനം നടത്തുകയോ സംഭാഷണം നടത്തുകയോ, സൗഹൃദം പ്രകടിപ്പിക്കുകയോ ചെയ്താൽ, അയാൾക്ക് എന്നെന്നും ഈ സൗരഭ്യം ലഭിക്കുമായിരുന്നു. ഏതെങ്കിലും കുട്ടിയുടെ ശിരസ്സ് അവിടുത്തെ കരസ്പർശമേറ്റാൽ, ഈ പരിമളം കാരണം ഇതര കുട്ടികളിൽ നിന്നും പ്രസ്തുത കുട്ടിയെ വേർതിരിച്ചു മനസ്സിലാക്കാമായിരുന്നു.'[128]

### *ഇഷ്ട ഭക്ഷണങ്ങൾ*

ചൂടുള്ള ആഹാരം കഴിക്കാറില്ല.[129] മാംസാഹാരമായിരുന്നു ഇഷ്ട കറി.[130] മത്തങ്ങ ഇഷ്ടമായിരുന്നു.[131] വേട്ട പക്ഷികളുടെ മാംസം തിന്നാറുണ്ടായിരുന്നു.[132] ഉണക്ക കാരക്ക തിന്നാറുണ്ടായിരുന്നു.[133] തേൻ മധുര പലഹാരങ്ങൾ എന്നിവയും,[134] ആട്ടിറച്ചി, സൂപ്പ്, മത്തങ്ങകൾ, മധുരപാനീയങ്ങൾ, കാരക്കകൾ, പാൽ, ക്രീം, തണ്ണിമത്തൻ, മുന്തിരി, വെള്ളരി എന്നിവയും ഇഷ്ടഭക്ഷണങ്ങളായിരുന്നുവെന്ന് ആയിശ(റ) പറയുന്നു.[135] പുത്തൻ കാരക്കയോടൊപ്പം തണ്ണിമത്തൻ തിന്നിരുന്നുവെന്നും അവർ പറയുന്നു. [136]

ഭക്ഷണത്തെ ഒരിക്കലും ആക്ഷേപിച്ചിരുന്നില്ല. ഇഷ്ടപ്പെട്ടാൽ തിന്നും. ഇല്ലെങ്കിൽ തിന്നുകയില്ല. [137]

കുറക് മാംസം ഇഷ്ടമായിരുന്നു. [138]

ചില ആഹാരങ്ങളെ കുറിച്ച് നബി(സ):

സുർക്ക എത്ര നല്ല ആഹാരം! [139]

കൂണുകൾ കണ്ണിന്ന് പ്രതിവിധിയാണ്. അത് പക്ഷവാതത്തെ തടയും. [140]

മൂന്നു കാര്യങ്ങളിലൂടെ അസുഖം ഭേദമാകും. അവയിലൊന്ന് തേനാണ്. [141]

സൈത്തെണ്ണ ആഹാരമായും ലേപനമായും ഉപയോഗിക്കാം. കാരണം, അനുഗ്രഹീത വൃക്ഷത്തിൽ നിന്നുള്ളതാണത്. [142]

### *ഇഷ്ട പാനീയങ്ങൾ*

മധുരവും തണുപ്പുമുള്ളതായിരുന്നു തിരുമേനി(സ)യുടെ ഇഷ്ട പാനീയമെന്ന് ആയിശ(റ) പറയുന്നു. [143]

'ഉണക്കക്കാരക്കയാൽ നിർമ്മിതവും കാരക്ക ഇട്ടതുമായ, അല്ലെങ്കിൽ, കാരക്കയാൽ നിർമ്മിതവും ഉണക്കക്കാരക്ക ഇട്ടതുമായ നബീദ് നബി(സ)ക്ക് വേണ്ടി തയ്യാറാക്കപ്പെട്ടിരുന്നു.'[144]

തണുത്ത മധുരപാനീയങ്ങളായിരുന്നു നബി(സ)യുടെ ഇഷ്ടപാനീയം. [145]

'പാലിന്റെയും വെള്ളത്തിന്റെയും ലക്ഷ്യം നിർവഹിക്കാൻ പാലിന്നു മാത്രമേ കഴിയുകയുള്ളു'വെന്ന് പ്രവാചകൻ(സ) പറഞ്ഞിരിക്കുന്നു.[146]

അവിടുന്ന് പറഞ്ഞു:

'നിങ്ങളിലൊരാൾ ഭക്ഷിക്കുമ്പോൾ ഇങ്ങനെ പറയണം: അല്ലാഹുവേ, ഇതിൽ ഞങ്ങൾക്ക് അനുഗ്രഹം നൽകേണമേ. ഇതിനേക്കാൾ ഉത്തമമായ ആഹാരം ഞങ്ങൾക്ക് നൽകേണമേ.' പാൽ കുടിക്കാൻ ലഭിച്ചാൽ ഇങ്ങനെ പറയണം:'അല്ലാഹുവേ, ഇതിൽ ഞങ്ങൾക്ക് അനുഗ്രഹം നൽകേണമേ. ഇത് കൂടുതൽ നൽകേണമേ. കാരണം, പാലിനേക്കാൾ തൃപ്തികരമായ ആഹാരമില്ല, പാനീയവുമില്ല.'[147]

വെള്ളത്തിന്റെ കാര്യത്തിൽ, പ്രത്യേകിച്ചും യാത്രയിൽ, വലിയ പ്രാധാന്യമായിരുന്നു പ്രവാചകൻ കൽപിച്ചിരുന്നത്. ഉദാഹരണമായി, ഒരു യാത്രയിൽ, അവിടുന്ന് ഒരിടത്ത് തങ്ങുകയും വെള്ളമന്വോഷിക്കുകയും ചെയ്തു. കൈയും മുഖവും കഴുകിയ ശേഷം, അൽപം വെള്ളം കുടിച്ച ശേഷം, സഹബികളോട് പറഞ്ഞു:

'ഈ വെള്ളം അൽപം നിങ്ങളുടെ മുഖങ്ങളിലും നെഞ്ചുകളിലും പകരുക.' [148]

വെള്ളം കുടിച്ച ശേഷം അവിടുന്നു പ്രാർത്ഥിക്കാറുണ്ടായിരുന്നു:'സർവ സ്തുതിയും അല്ലാഹുവിന്ന്! ഇതിനെ ഉപ്പു രസമുള്ളതോ, അരുചിയുള്ളതോ ആക്കാതെ, സ്വാദിഷ്ടവും മാധുര്യവുമാക്കി അനുഗ്രഹിച്ചവനാണവൻ!' [149]

മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു:'വെള്ളം ശുദ്ധമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നിറം, രുചി, വാസന എന്നിവ മാറാതെ അത് അശുദ്ധമാവുകയില്ല.' [150]

*ചില സദ്ഗുണങ്ങൾ*

തിർമദി, ത്വബ്റാനി, മുസ്ലിം, അഹ്മദ്, അബൂദാവുദ്, ഇബ്നുമാജ തുടങ്ങിയ ഇസ്ലാമിക പണ്ഡിതന്മാർ പറഞ്ഞ ചില പ്രവാചക ഗുണങ്ങൾ, ഹുജ്ജത്തുൽ ഇസ്ലാം ഗസ്സാലി സമാഹരിച്ചിട്ടുണ്ട്. അതിങ്ങനെയാണ്:

'മനുഷ്യർക്കിടയിൽ ഏറ്റവും ക്ഷമാലുവും, ധീരനും നീതിമാനും മാപ്പരുളുന്നവനുമായിരുന്നു പ്രവാചകൻ(സ).... ഏറ്റവും വലിയ ധർമ്മിഷ്ടനായിരുന്ന അവിടുന്ന് ഒരു ദീനാറോ ദിർഹമോ ശേഖരിച്ചു ഒറ്റ രാത്രി പോലും കഴിച്ചിട്ടില്ല. അധിക ധനം കൈയിൽ കിട്ടുകയും, ധർമ്മമായി സ്വീകരിക്കാൻ ആരെയും ലഭിക്കാതിരിക്കുകയും ചെയ്താൽ, മുഴുവൻ പാവങ്ങൾക്കും ആവശ്യക്കാർക്കും നൽകാതെ, അവിടുന്ന് വീട്ടിലേക്ക് തിരിച്ചു പോയിരുന്നില്ല. കുടുംബാംഗങ്ങൾക്കുള്ള ആഹാരം ഒരു വർഷത്തിലധികം സൂക്ഷിച്ചു വെച്ചിരുന്നില്ല. തനിക്ക് ലഭിച്ചിരുന്ന കാരക്ക, ഗോതമ്പ് എന്നിവയുടെ അഞ്ചിലൊരംശം അവിടുന്ന് ഉപയോഗിച്ചിരുന്നു. ബാക്കിയുള്ളത് ധർമ്മം ചെയ്യുകയായിരുന്നു. സൂക്ഷിച്ചു വെച്ച ആഹാരം പോലും യാചകർക്ക് കൊടുത്തിരുന്നു.

വ്യക്തിപരമായി, തന്നോട് കുറ്റം ചെയ്തവരോട് പ്രതികാരം ചോദിച്ചിരുന്നില്ല. എന്നാൽ അല്ലാഹുവിന്റെ യശസ്സ് പരിരക്ഷിക്കുന്നതിന്ന് വേണ്ടി അങ്ങനെ ചെയ്തിരുന്നു.

തനിക്കും അനുയായികൾക്കും ഹാനിയായേക്കാമെങ്കിലും അവിടുന്ന് സത്യം നടപ്പിൽ വരുത്തിയിരുന്നു.

അഹങ്കാരമേശാത്ത വിനയാന്വിതൻ! നല്ല വാഗ്മി! നീട്ടി പറഞ്ഞിരുന്നില്ല. സുന്ദര ശരീരം! ഭൗതികമായ തിരക്കുകൾ അവിടുത്തെ ബാധിച്ചിരുന്നില്ല.

രോഗസന്ദർശനാർത്ഥം ദൂരദേശത്ത് പോലും പോയിരുന്നു. സുഗന്ധം ഇഷ്ടപ്പെടുകയും ദുർഗന്ധം വെറുക്കുകയും ചെയ്തിരുന്നു. പാവങ്ങളോടും അഗതികളോടുമൊപ്പം ഇരിക്കുകയും ആഹരിക്കുകയും ചെയ്തിരുന്നു. ആദരണീയരെ ആദരിക്കുകയും അവരോട് സദുപദേശം നടത്തുകയും ചെയ്തിരുന്നു. ബന്ധുക്കളോട് കരുണ കാണിച്ചിരുന്നു. ആരോടും കർക്കശമായി പെരുമാറിയിരുന്നില്ല. ക്ഷമായാചനം നടത്തുന്നവരോട് ക്ഷമിച്ചിരുന്നു. അനുവദനീയമായ കളി-വിനോദങ്ങൾ കണ്ടാൽ ആക്ഷേപിച്ചിരുന്നില്ല. ഭാര്യമാരോടൊത്ത് കളിക്കുകയും അവരൊന്നിച്ച് ഓടുകയും ചെയ്തിരുന്നു. .... ദാരിദ്ര്യത്തിന്റെ

പേരിൽ ദരിദ്രരെ നിസ്സാരരായി കാണുകയോ, അധികാരത്തിന്റെ പേരിൽ രാജാക്കന്മാരെ ഭയപ്പെടുകയോ ചെയ്തിരുന്നില്ല. ഉന്നതരെയും താഴ്ന്നവരെയും ഒരേ പോലെ അവിടുന്ന് അല്ലാഹുവിലേക്ക് ക്ഷണിച്ചു. സദ്ഗുണങ്ങളും സദ്ഭരണവും വഴി അല്ലാഹു അദ്ദേഹത്തെ ആദരിച്ചു.

ഖുർആൻ അവതരണ കാലത്ത് അവിടുന്ന് കൂടുതൽ പുഞ്ചിരി തൂകിയിരുന്നു. വല്ലതും സംഭവിച്ചാൽ അല്ലാഹുവിൽ ഭരമേൽപിച്ചിരുന്നു. 'അല്ലാഹുവേ, ശരിയായ രീതിയിൽ എനിക്ക് സത്യം കാണിച്ചു തരികയും അത് അനുധാവനം ചെയ്യാൻ അനുഗ്രഹിക്കുകയും ചെയ്യേണമേ. അസത്യം അസത്യമായി കാണിച്ചു തന്ന് അത് വർജ്ജിക്കാനും അനുഗ്രഹിക്കേണമേ. നീ ഇച്ഛിച്ചവരെ നീ ഋജുപാതയിലേക്ക് നയിക്കുന്നു.'

അല്ലാഹു അദ്ദേഹത്തിന്നു ഖുർആൻ അവതരിപ്പിക്കുകയും അത് വഴി സദ്ഗുണങ്ങൾ പഠിപ്പിക്കുകയും ചെയ്തു.'[151]

# 4. മാതൃകാ ജീവിതം

വിശ്വാസികളോടുള്ള സംഭാഷണം, അവരെ അഭിമുഖീകരിച്ച രീതി, നർമ്മ ബോധം, കുട്ടികളോടും സ്ത്രീകളോടുമുള്ള സ്നേഹവും പരിഗണനയും, സ്ത്രീകളോടുള്ള പെരുമാറ്റ രീതി തുടങ്ങി, പ്രവാചക ജീവിതത്തിലെ ഓരോ നിമിഷവും, വിശ്വാസികളെ സംബന്ധിച്ചിടത്തോളം, അനുകരണീയ മാതൃകകളാണ്. കുടുംബത്തിന്നും വിശ്വാസികൾക്കുമെല്ലാം മാതൃകയായ സംരക്ഷകനായിരുന്നു അവിടുന്ന്. തന്റെ പുഞ്ചിരി തൂകുന്ന മുഖവും, മുഖപ്രസാദവും, സ്നേഹ-പരിഗണനകളും കൊണ്ട്, അഭിജാത നീതി ശാസ്ത്രത്തിന്റെ സുപ്രധാന മാതൃകയായിരുന്ന അദ്ദേഹം, മാനവരാശിയുടെ തന്നെ ഉൽകൃഷ്ട മാതൃകയായിരുന്നു. പ്രവാചക ജീവിതത്തിലെ, ചില ഏടുകളാണ് ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

*ചിരിക്കുകയും അതിന്ന് ഉപദേശിക്കുകയും ചെയ്തു*

ഭാരിച്ച ഉത്തരവാദിത്തം വഹിക്കുകയും, നിരവധി വിഷമതകളനുഭവിക്കുകയും ചെയ്തിരുന്നുവെങ്കിലും, അദ്ദേഹം എപ്പോഴും വിനീതനും ശാന്തനും ദൈവാർപ്പിതനുമായിരുന്നു. ജീവിതത്തിന്റെ ഓരോ നിമിഷവും സന്തോഷത്തോടും വിശ്വാസത്തോടുമായിരുന്നു അവിടുന്ന് കഴിഞ്ഞത്. വിശ്വാസവും ഉന്നത സ്വഭാവവും കാരണം എപ്പോഴും പുഞ്ചിരിയോടും ആർദ്രതയോടുമായിരുന്നു അദ്ദേഹത്തെ കണ്ടിരുന്നത്. അനുയായികൾ തിരുമേനി(സ)യെ വിവരിക്കുന്നതിങ്ങനെ:

തിരുദൂതരുടെ പുഞ്ചിരി തൂകുന്ന മുഖവും ദയാപൂർവകമായ പെരുമാറ്റവും, അദ്ദേഹത്തെ, അക്ഷരാർത്ഥത്തിൽ മനുഷ്യരുടെ പിതാവാക്കുകയായിരുന്നുവെന്നാണ് അലി(റ) പറയുന്നത്.[152] എല്ലാവരേയും തുല്യരായി കണ്ട പ്രവാചകൻ(സ), എപ്പോഴും ഉത്സാഹഭരിതനും സുശീലനും സൗമ്യനുമായിരുന്നു.[153] എല്ലാവരേക്കാളും സൗമ്യനും ദയാലുവും![154] ധനം കൊണ്ടല്ല, പ്രത്യുത, പുഞ്ചിരി തൂകുന്ന വദനത്തോടും സദ് സ്വഭാവത്തോടുമായിരിക്കണം ആളുകളെ സന്തോഷിപ്പിക്കേണ്ടതെന്നായിരുന്നു അനുയായികളോടുള്ള അവിടുത്തെ ഉപദേശം.[155] കാര്യങ്ങൾ സുതാര്യമാക്കുകയും പുഞ്ചിരി തൂകുകയും ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.[156]

*സംസാരവും സംഭാഷണവും*

കൂട്ടുകാരുടെ കാര്യങ്ങളിൽ അതീവ തൽപരനായിരുന്ന നബി(സ), അവരുടെ വിശ്വാസം, സ്വഭാവം, വൃത്തി, സന്തോഷം, ആരോഗ്യം എന്നീ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. അവർക്ക് ഇല്ലാത്തതും എന്നാൽ ആവശ്യമായതുമായ കാര്യങ്ങൾ തിരിച്ചറിഞ്ഞു, അവ ഉറപ്പു നൽകുകയും ചെയ്തിരുന്നു. സുഖകരമായ സംഭാഷണങ്ങളിലൂടെ അനുയായികളുടെ സ്നേഹം ആർജ്ജിച്ച നബി(സ)യുടെ സന്നിധിയിൽ നിന്നും അവർ വിട്ടു പോയിരുന്നത് സംതൃപ്തരും സന്തുഷ്ടരുമായായിരുന്നു.

അനുയായികളിൽ ഏറ്റവും പ്രയിങ്കരനായ അലി(റ), അനുയായികളുമായുള്ള ബന്ധവും സംഭാഷണാന്തരീക്ഷവും വിവരിക്കുന്നതിങ്ങനെ:

'നബി(സ)യുടെ ഉദാര കരം പരമാവധി നീണ്ടതും അധരം വളരെ സത്യസന്ധവും സ്വഭാവം വിനീതവുമായിരുന്നു. ആദ്യം കാണുന്നവർ വിസ്മയിച്ചു പോകും. കൂടെ കഴിഞ്ഞവർ സ്നേഹിക്കുകയും ചെയ്യും. 'മുമ്പും പിമ്പും, അദ്ദേഹത്തെ പോലെ ഒരാളെ ഞാൻ കണ്ടിട്ടില്ലെന്നാണ്', ഒരാൾ അവിടുത്തെ വാഴ്ത്തിയത്. ഒരിക്കൽ ഒരാൾ യാചിച്ചപ്പോൾ അയാൾക്കത് ലഭിച്ചു.'[157]

കൂടെയുള്ളവരുടെ കാര്യത്തിൽ താൽപര്യമെടുത്തിരുന്ന അവിടുത്തെ പെരുമാറ്റത്തിൽ ആർക്കും തന്നെ ഭിന്നമായ പെരുമാറ്റാഭിപ്രായമുണ്ടായിരുന്നില്ല. കൂടെയുള്ളവരോട് സഹനത്തോടെ പെരുമാറിയിരുന്ന നബി(സ), അപരൻ പിരിഞ്ഞു പോകുന്നത് വരെ, അവിടുന്ന് പിരിഞ്ഞു പോയിരുന്നില്ല.[158]

കാണാതാകുന്നവരെ കുറിച്ച് അന്വോഷിക്കും, ആളുകളുടെ സുഖവിവരങ്ങളും ബിസിനസ്സ് വിവരങ്ങളും അന്വോഷിക്കും. സുന്ദരവസ്തുക്കളെ സുന്ദരമെന്നും വൈരൂപ്യമുള്ളവയെ വിരൂപമെന്നും പറഞ്ഞിരുന്നു. [159]

സത്യസന്ധരെ മാത്രമേ അംഗീകരിച്ചിരുന്നുള്ളു. കൂടെയുള്ളവർ സംതൃപ്തരായട്ടായിരുന്നു പിരിഞ്ഞു പോയിരുന്നത്. [160]

അപരിചിതരിൽ നിന്നുള്ള തീവ്രവും ന്യായ വിരുദ്ധവുമായ പെരുമാറ്റങ്ങളിൽ സഹനം കൊണ്ടിരുന്നു. അവർ ചിലപ്പോൾ ക്ഷുഭിതരാകും. തിരുമേനി(സ) അവരെ ശാന്തരാക്കും. [161]

സംസാരമധ്യേ കയറിപ്പറയുക, അവിടുത്തെ സ്വഭാവമായിരുന്നില്ല. പ്രത്യുത, ആളുകളുടെ സംസാരം കഴിയുന്നത് വരെ കാത്തിരിക്കും. [162]

.... പരസ്പരസ്നേഹത്തിന്നും രഞ്ജിപ്പിന്നും ഉതകുന്ന വാക്കുകളേ പറഞ്ഞിരുന്നുള്ളു. ഒരിക്കലും തർക്കിക്കുകയോ, മറ്റുള്ളവരെ തുരത്തുകയോ ചെയ്തിരുന്നില്ല. എല്ലാ ഗോത്രനേതാക്കളോടും തുല്യനിലയിൽ വർത്തിക്കുകയം അവരോട് ഉദാര നയം കൈകൊള്ളുകയും ചെയ്തിരുന്നു. [163]

പൗത്രൻ ഹസൻ(റ) പറയുന്നു:

'അദ്ദേഹത്തിന്റെ വാക്കുകൾ അർത്ഥഗർഭമായിരുന്നു. ... സമഗ്രമായ സംസാരം! തള്ളാൻ ഒന്നും ഉണ്ടായിരുന്നില്ല. ചേർക്കാനുമുണ്ടായിരുന്നില്ല.'[164]

പ്രധാനികളോടും സാധാരണക്കാരോടും തുല്യരീതിയിലായിരുന്നു സംസാരിച്ചിരുന്നത്. അവരിൽ നിന്ന് ഒന്നും മറച്ചുവെച്ചിരുന്നില്ല. [165]

അബൂദർറ് പറയുന്നു:

'ഞാൻ വന്നപ്പോൾ നബി(സ) ഒരു കട്ടിലിൽ ഇരിക്കുകയായിരുന്നു. അതിന്മേൽ നിന്ന് എഴുനേറ്റു എന്നെ ആലിംഗനം ചെയ്തു. ആലിംഗനം നല്ലതാണെന്ന് ഇത് കാണിക്കുന്നു.'[166]

അബൂഹുറൈറ(റ) പറയുന്നു:

'അപരൻ കൈ വലിക്കുന്നത് വരെ നബി(സ) അയാളിൽ നിന്ന് കൈ വലിച്ചിരുന്നില്ല.'[167]

സഹാബികളുടെ ആരോഗ്യ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. മെലിഞ്ഞവനോട് തൂക്കം വർദ്ധിപ്പിക്കാനും, അമിതഭാരമുള്ളവരോട് പത്ഥ്യമാചരിക്കാനും ഭക്ഷണകാര്യം ശ്രദ്ധിക്കാനും ഉപദേശിച്ചിരുന്നു. [168]

ചില രോഗങ്ങൾക്ക്, തേൻ ചേർത്ത പാനീയം കഴിക്കാൻ സഹാബികളോട് അവിടുന്ന് നിർദ്ദേശിച്ചിരുന്നു. [169]

ഒരിക്കൽ അബൂഹുറൈറക്ക് ക്ഷീണം ബാധിച്ചതായി കണ്ടപ്പോൾ അദ്ദേഹത്തെ വീട്ടിൽ കൊണ്ടു പോവുകയും ദാഹമുണ്ടെന്ന് മനസ്സിലാക്കി കുടിക്കാൻ പാൽ കൊടുക്കുകയും ചെയ്തു. [170]

*ചിരിയും തമാശയും*

തിരുമേനി(സ), കുടുംബത്തോടും സഹാബിമാരോടും തമാശ പറയുകയും അവരുടെ തമാശ കേട്ട് ചിരിക്കുകയും അവർക്ക് ഓമനപ്പേരുകൾ നൽകുകയും ചെയ്തിരുന്നുവെന്നാണ്, സഹാബിമാരുടെ വിവരണങ്ങളിൽനിന്ന് മനസ്സിലാകുന്നത്. എല്ലാ കാര്യങ്ങളിലുമെന്ന പോലെ, ഇക്കാര്യത്തിലും പരവികാരം മാനിച്ചിരുന്നു.

തമാശയെ കുറിച്ച അവിടുത്തെ ഉപദേശങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

ഞാൻ തമാശ പറയും, പക്ഷെ, സത്യമേ പറയാറുള്ളൂ.

സഹോദരനെ പേടിപ്പിക്കാൻ വിശ്വാസിക്ക് അനുവാദമില്ല.

സഹോദരനോട് തർക്കിക്കരുത്, പരിഹസ രൂപത്തിൽ അയാളോട് തമാശ പറയുകയുമരുത്.

മറ്റുള്ളവരെ രസിപ്പിക്കാൻ നുണ പറയുന്നവന്ന് അപമാനമുണ്ടാകട്ടെ!

തമാശയായി പോലും നുണ പറയാതിരിക്കുകയും, സത്യത്തിലാണെങ്കിൽ പോലും തർക്കിക്കാതിരിക്കുകയും ചെയ്യുന്നത് വരെ, ഒരാൾക്ക് നല്ല വിശ്വാസിയാകാൻ കഴിയുകയില്ല.

തമാശയായി പോലും നുണ പറയരുത്.[171]

*സ്നേഹത്തെ കുറിച്ച ഉപദേശം*

സ്വാർത്ഥ താൽപര്യങ്ങളില്ലാതെ പരസ്പരം സ്നേഹിക്കുക, പരസ്പരം വെറുപ്പോ, കോപമോ, അസൂയയോ വെച്ചു പുലർത്താതിരിക്കുക എന്നിവയായിരുന്നു, അവിടുത്തെ സർവസാധാരണമായ ഒരു ഉപദേശം. അല്ലാഹു പറയുന്നു:

'പ്രവാചകൻ, ജനത്തോട് പറയുക: ഈ ദൗത്യത്തിന് യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോടാവശ്യപ്പെടുന്നില്ല. പക്ഷേ, ധർമസ്നേഹം തീർച്ചയായും കാംക്ഷിക്കുന്നു. വല്ലവനും നന്മയാർജിക്കുകയാണെങ്കിൽ, നാം അവന് ആ നന്മയിൽ വളരെ വർധനവുണ്ടാക്കിക്കൊടുക്കുന്നു. അല്ലാഹു വളരെ മാപ്പരുളുന്നവനും മൂല്യമംഗീകരിക്കുന്നവനുമല്ലോ.'(അശ്ശൂറാ: 23)

നബി(സ)യടെ സ്നേഹം, സൗഹാർദ്ദം, സാഹോദര്യം എന്നിവയെ കുറിച്ച ചില ഹദീസുകൾ കാണുക:

'വിശ്വാസി, തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന്നും ഇഷ്ടപ്പെടുന്നു.'[172]

'തിരുമേനി(സ) സമ്മാനം സ്വീകരിക്കുകയും കൊടുക്കുകയും ചെയ്തിരുന്നു.' [173]

റൈഹാൻ(സുഗന്ധം) സമ്മാനിക്കപ്പെട്ടവൻ അത് തിരസ്കരിക്കരുത്. അത് ഭാരം കുറഞ്ഞതും സൗരഭ്യമുള്ളതുമാണ്. [174]

'പരസ്പരം വെറുക്കരുത്, ശത്രുത വെക്കരുത്, ഒരാൾ വിലപറഞ്ഞത് കൂട്ടി പറയരുത്, തർക്കിക്കരുത്, പരദൂഷണം പറയരുത്. ദൈവദാസരെ, പരസ്പര സഹോദരങ്ങളായി തീരുക.'[175]

'മുൻ തലമുറകളുടെ രോഗങ്ങൾ നിങ്ങളിൽ ഇഴഞ്ഞു കയറിയിരിക്കുന്നു. ശത്രുതയും വെറുപ്പും! ...... എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണ, വിശ്വസിക്കുന്നത് വരെ നിങ്ങൾ സ്വർഗ പ്രവേശം നേടുകയില്ല. പരസ്പരം സ്നേഹിക്കിന്നത് വരെ നിങ്ങൾ വിശ്വസിക്കുകയുമില്ല. അത് നിങ്ങളിൽ സ്ഥാപിക്കുന്ന ഒരു കാര്യം ഞാൻ അറിയിച്ചു തരട്ടേ? നിങ്ങൾക്കിടയിൽ 'സലാം' പ്രചരിപ്പിക്കുക.' [176]

*കുട്ടികളോട് താൽപര്യവും സ്നേഹവും*

കുട്ടികളോടുള്ള സമീപനത്തിൽ, വിശ്വാസികളോടുള്ള അവിടുത്തെ അനുകമ്പയും കാരുണ്യവും പരിഗണനയും കാണാവുന്നതാണ്. തന്റെയും സഹാബിമാരുടെയും കുട്ടികളിൽ, അവിടുന്ന് അതിയായ താൽപര്യമെടുത്തിരുന്നു. ജനനം മുതൽ പേര് തെരഞ്ഞെടുക്കുന്നത് വരെ, ആരോഗ്യം മുതൽ വിദ്യാഭ്യാസം വരെ, വസ്ത്രങ്ങൾ മുതൽ കളി വരെ, എല്ലാ കാര്യങ്ങളിലും അവിടുന്ന് നിർദ്ദേശം നൽകിയിരുന്നു. എല്ലാ കാര്യങ്ങളിലും സജീവ പങ്കാളിത്തമായിരുന്നു അദ്ദേഹത്തിന്നുണ്ടായിരുന്നത്.

ഉദാഹരണമായി, തന്റെ രണ്ടു പൗത്രന്മാർക്ക് ഫാത്വിമ(റ) ജന്മം നൽകുന്നതിന്നു അൽപം മുമ്പ്, പ്രസ

വം നടന്നാൽ, തന്നെ അറിയിക്കാതെ ഒന്നും ചെയ്യരുതെ[177]ന്ന് അവിടുന്ന് നിർദ്ദേശിച്ചിരുന്നു. കുഞ്ഞുങ്ങൾക്ക് ഭക്ഷണം നൽകുക, അവരെ പരിപാലിക്കുക, സംരക്ഷിക്കുക എന്നീ കാര്യങ്ങളിൽ നബി(സ) നിർദ്ദേശങ്ങൾ നൽകിയിരുന്നു.

തന്റെ നവജാത ശിശുവിന്നും, കുട്ടികൾക്കും പേരക്കുട്ടികൾക്കും, സഹാബിമാരുടെ കുഞ്ഞുങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അവരെ തന്റെ മുട്ടുകാലിൽ ഇരുത്തുമ്പോഴും, അവരുടെ കളി ശ്രദ്ധിക്കുമ്പോഴും, അവർക്ക് ദീർഘായുസ്സും മംഗള ജീവിതവും ജ്ഞാനവും വിശ്വാസവും ലഭിക്കുന്നതിന്നു പ്രാർത്ഥിച്ചിരുന്നു. ഇബ്രാഹിം നബി, ഇസ്ഹാഖിന്നും ഇസ്മായിലിന്നും വേണ്ടി പ്രാർത്ഥിച്ച അതേ പ്രാർത്ഥനയാണ്, തന്റെ പേരക്കുട്ടികളായ ഹസന്നും ഹുസൈന്നും വേണ്ടി താൻ പ്രാർത്ഥിച്ചിരുന്നതെന്ന് അവിടുന്നു പറഞ്ഞിരുന്നു. [178]

താൻ കുട്ടിയായിരിക്കെ, ‘അല്ലാഹുവെ, ഇദ്ദേഹത്തിന്ന് ജ്ഞാനം നൽകേണമേ’ എന്ന് പ്രവാചകൻ(സ) പ്രാർത്ഥിച്ചതായി, ഇബ്നു അബ്ബാസ് പറയുന്നു. അനസ് ബ്നു മാലിക് കുട്ടിയായിരിക്കുമ്പോൾ, അദ്ദേഹത്തിന്നു കൂടുതൽ ധനവും കുട്ടികളും ദീർഘായുസ്സും ലഭിക്കാൻ അവിടുന്ന് പ്രാർത്ഥിച്ചിരുന്നു.[179]

കുട്ടികളുടെ കളിക്ക് വലിയ പ്രാധാന്യം കൽപിച്ചിരുന്ന പ്രവാചകൻ(സ), ചിലപ്പോൾ അവരൊന്നിച്ചു കളിച്ചിരുന്നു. ‘കുട്ടികളുള്ളവർ അവരോടൊപ്പം കുട്ടിയായിരിക്കട്ടെ’ എന്നു പറഞ്ഞു കൊണ്ട് അവരൊന്നിച്ചു കളിക്കാൻ രക്ഷിതാക്കളോട് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.[180] കുട്ടികൾ നീന്തൽ, ഓട്ടം, മൽപിടുത്തം പോലുള്ള കളികളും സ്പോർട്സുകളും നടത്തണമെന്നു നിർദ്ദേശിക്കുകയും, തന്റെ പേരക്കുട്ടികളെയും മറ്റു കുട്ടികളെയും അതിന്നു പ്രചോദനം നൽകുകയും ചെയ്തിരുന്നു.

തദ്സംബന്ധമായ പല സംഭവങ്ങളും സഹാബിമാർ വിവരിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ:

കുട്ടികളുമായി തമാശ പറയുകയും കളിക്കുകയും ചെയ്യുമ്പോൾ, ആളുകളിൽ വെച്ച് ഏറ്റവും അഗ്രഗണ്യനായിരുന്നു പ്രവാചകൻ(സ) എന്നു അനസ് ബിൻ മാലിക് പറയുന്നു. [181]

തിരുദൂതരുടെ ചുമലിൽ ഹസനെ കണ്ടിരുന്നതായി ബറാഅ് ബ്നു ആസിബ് പറയുന്നു.[182]

നബി(സ) തന്റെ പുത്രൻ ഇബ്രാഹീമിനെ ചുംബിച്ചിരുന്നതായി അനസ് (റ) പറയുന്നു.[183]

അബൂഹുറൈറ പറയുന്നു:

‘ഒരിക്കൽ ഞാൻ തിരുമേനി(സ)യൊന്നിച്ചു പോയി. അവിടുന്ന് എന്നോടോ, ഞാൻ അവിടുത്തോടോ സംസാരിച്ചില്ല. അങ്ങനെ, ബനൂഖൈനുഖാഅ് നഗരത്തിലെത്തിയപ്പോൾ, അവിടുന്ന് ഫാത്വിമ(റ)യുടെ വീട്ടിൽ പോയി ചോദിച്ചു:

‘ കുഞ്ഞുമോനില്ലേ?’

അവനെ, വസ്ത്രവും മാലയും അണിയിക്കാനായി മാതാവ് പിടിച്ചു നിറുത്തിയതാകുമെന്ന് തോന്നി. താമസിയാതെ, കുട്ടി ഓടി വരികയും ഇരുവരും ആലിംഗനം നടത്തുകയും ചെയ്തു. തദനന്തരം നബി(സ) പറഞ്ഞു:

‘അല്ലാഹുവേ, ഞാൻ ഇവനെ സ്നേഹിക്കുന്നു. ഇവനെയും ഇവനെ സ്നേഹിക്കുന്നവരെയും നീ സ്നേഹിക്കേണമേ!’ [184]

പേരക്കിടാങ്ങളായ ഹസനെയും ഹുസൈനെയും അവിടുന്ന് ആലിംഗനം ചെയ്തിരുന്നതായി, അനസ് ബിൻ മാലിക് പറയുന്നു. [185]

ഇബ്നു ഹാരിഥ് പറയുന്നു:

‘എന്നെയും അബ്ബാസിന്റെ പുത്രൻ ഫദ് ലിനെയും, പിതാവ് തിരുസന്നിധിയിലയച്ചു. ഞങ്ങളെത്തിയപ്പോൾ, ഇരുവരെയും വലത്തും ഇടത്തുമായി ഇരുത്തി, മുമ്പെന്നത്തേക്കാൾ ശക്തിയായി, അവിടുന്ന് ഞങ്ങളെ ആലിംഗനം ചെയ്തു.’[186]

നബി(സ) പലപ്പോഴും കുട്ടികളുടെ ശിരസ്സ് തലോടി, അവർക്ക് വേണ്ടി പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഉദാഹരണമായി, തന്റെ ശിരസ്സ് തലോടിയ സംഭവം യൂസുഫ് ബ്നു അബ്ദില്ലാഹ് ബ്നി സലാം പറയുന്നു. മാതാവ് തന്നെ പ്രവാചക സന്നിധിയിലെത്തിക്കുകയും, അവിടുന്ന് എന്റെ ശിരസ്സ് തലോടി നിത്യഹാരത്തിന്നു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തതായി, അംറു ബ്നു ഹുറൈസ് വിവരിക്കുന്നുണ്ട്. തനിക്ക് അഞ്ചോ ആറോ വയസ്സുള്ളപ്പോൾ, തിരുമേനി(സ) തന്റെ ശിരസ്സ് തലോടുകയും, ധാരാളം സന്താനങ്ങളും ദീർഘായുസ്സും ലഭിക്കാനായി പ്രാർത്ഥിക്കുകയും ചെയ്ത സംഭവം, അബ്ദുല്ലാഹ് ബ്നു ഉത്ബ റിപ്പോർട്ടു ചെയ്യുന്നു.[187]

ആളുകൾ, ആദ്യഫലം തിരുസന്നിധിയിൽ കൊണ്ടുവരികയും, അതു സ്വീകരിക്കുമ്പോൾ, 'അല്ലാഹുവെ, ഞങ്ങളുടെ പഴങ്ങളിൽ ഞങ്ങൾക്ക് അനുഗ്രഹം നൽകേണമേ, ഞങ്ങളുടെ നഗരങ്ങളിൽ ഞങ്ങൾക്ക് അനുഗ്രഹം നൽകേണമേ, ഞങ്ങളുടെ സാഉകളിൽ ഞങ്ങൾക്ക് അനുഗ്രഹം നൽകേണമേ, ഞങ്ങളുടെ മുദ്ദുകളിൽ ഞങ്ങൾക്ക് അനുഗ്രഹം നൽകേണമേ,' എന്നു പ്രാർത്ഥിക്കുകയും പിന്നെ, തന്റെ ഏറ്റവും ചെറിയ കുട്ടിയെ വിളിച്ച് അത് കൊടുക്കുകയും ചെയ്തിരുന്നതായി അബൂഹുറൈറ വിവരിക്കുന്നു. [188]

നബി(സ) യാത്ര കഴിഞ്ഞു തിരിച്ചെത്തുമ്പോൾ വീട്ടിലെ ചെറിയ കുട്ടികളെ കെട്ടിപ്പിടിച്ചിരുന്നുവെന്ന് ഹദീസുകളിൽ പറയുന്നു. അബ്ദുല്ലാഹ ബ്നു ജഅ്ഫറിന്റെ കാര്യം ഉദാഹരണം. ഒരു യാത്ര കഴിഞ്ഞു തിരിച്ചു വരവെ, തന്നെയും ഹസൻ - ഹുസൈൻ എന്നിവരെയും, കൊണ്ടു പോവുകയും, അങ്ങനെ, ഒരാൾ അവിടുത്തെ മുമ്പിലും, മറ്റെയാൾ പിന്നിലുമായി മദീനയിലെത്തുകയും ചെയതതായി അദ്ദേഹം വിവരിക്കുന്നു. [189]

ഒരിക്കൽ, ഫാത്വിമ(റ)യുടെ വീട്ടിലെത്തിയ പ്രവാചകൻ(സ), പൗത്രൻ ഹസനെ ആലിംഗനം നടത്തുകയും ചുംബിക്കുകയും ചെയ്തതായി ബുഖാരി നിവേദനം ചെയ്യുന്നു.[190]

ജാബിർ ബ്നു സമുറ പറയുന്നു:

'സുബ്ഹ് നമസ്കാരം കഴിഞ്ഞ് വീട്ടിലേക്ക് പോയ തിരുമേനി(സ)യോടൊന്നിച്ച് ഞാനും പോയി. വഴിയിൽ കുട്ടികളെ കണ്ടപ്പോൾ അവരോരോരുത്തരുടെയും എന്റെയും കവിൾത്തടങ്ങൾ അവിടുന്ന് തലോടി. സുഗന്ധവ്യാപാരിയുടെ സഞ്ചിയിൽ നിന്നെടുത്തവണ്ണം, അവിടുത്തെ കൈപത്തിയുടെ തണുപ്പ് എനിക്കനുഭവപ്പെട്ടു.'[191]

പെൺകുഞ്ഞുങ്ങൾ കൊന്നൊടുക്കപ്പെട്ടു കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലായിരുന്നു തിരുമേനി(സ) നിയുക്തനാകുന്നത്. എന്നാൽ, ആൺകുട്ടികളോടുള്ള താൽപര്യത്താൽ പെൺകുട്ടുകളോട് വിവേചനം കാണിക്കരുതെന്നും, അവരെ വധിക്കുന്നത് പാപമാണെന്നും അവിടുന്ന് ഊന്നി പറയുകയായിരുന്നു. ഇരു വിഭാഗങ്ങളോടും തുല്യമായ സ്നേഹം കാണിക്കുക വഴി, മഹിതമായൊരു മാതൃക കാഴ്ചവെക്കുകയായിരുന്നു അവിടുന്ന്.

വാക്കിലൂടെയും പ്രവൃത്തിയിലൂടെയും അവിടുന്ന് തന്റെ സേനേഹം പ്രകടിപ്പിച്ചിരുന്നു. കുട്ടികളെ താൻ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്ന് അവിടുന്ന് അവരോട് പറഞ്ഞിരുന്നു. [192]

സ്നേഹത്തിൽറെ കാര്യത്തിൽ വിവേചനം കൽപിക്കാത്ത പ്രവാചകൻ(സ), തന്റെ കുട്ടികളോട് കാണിച്ച അതേ സ്നേഹം തന്നെയാണ്, സഹാബിമാരുടെ കുട്ടികളോടും കാണിച്ചിരുന്നത്.

ഹാലിദ് ബിൻ സൈദ് നബി(സ)യെ സന്ദർശിക്കുമ്പോൾ, അദ്ദേഹത്തിന്നടുത്ത് ചെറിയൊരു പെൺകുട്ടിയുണ്ടായിരുന്നു. അബ്സീനിയയിൽ ജനിച്ചതാകയാൽ ആ കുട്ടിയോട് അദ്ദേഹത്തിന്ന് പ്രത്യേകം സ്നേഹമുണ്ടായിരുന്നു. തന്റെ കയ്യിലുണ്ടായിരുന്ന ചിത്രത്തുന്നലുള്ള ശീല ആ കുട്ടിക്ക് നൽകി, നബി(സ) അവളെ സന്തോഷിപ്പിച്ചു.

ജംറ എന്ന കൊച്ചുകുട്ടിയെ പിതാവ് തിരുസന്നിധിയിൽ കൊണ്ടു വന്നു ഐശ്വര്യത്തിന്നായി പ്രാർത്ഥിക്കാനാവശ്യപ്പെട്ടപ്പോൾ, നബി(സ) അവരെ മടിയിലിരുത്തി, ശിരസ്സ് തലോടി പ്രാർത്ഥിച്ചിരുന്നു. അവിടുത്തെ സഹായി സൈദിന്റെ മകൻ ഉസാമ ഓർക്കുന്നതിങ്ങനെ:

‘നബി(സ) ഒരു തുടയിൽ എന്നെയും മറ്റെ തുടയിൽ ഹസൻ ബിൻ അലിയെയും ഇരുത്തുകയും ഇരുവരെയും ആലിംഗനം നടത്തുകയും ചെയ്തു കൊണ്ട് പ്രാർത്ഥിച്ചു:

‘അല്ലാഹുവെ, ഞാൻ ഇവരോട് ചെയ്യുന്നത് പോലെ, നീയും ഇവരോട് കരുണ കാണിക്കേണമേ!’[193]

എന്നാൽ, തിരുദൂതർ കുട്ടികളോട് കാണിക്കുന്ന ഈ താൽപര്യവും അവരോടൊപ്പമുള്ള അദ്ദേഹത്തിന്റെ കളിയും ചിലർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഒരിക്കൽ, അവിടുന്ന് ഹസനെ ചുംബിക്കുന്നത് കണ്ട അഖ്റഅ് ബിൻ ഹാസിബ് പറഞ്ഞു:

‘എനിക്ക് പത്തു കുട്ടികളുണ്ട്. അവരിൽ ഒരാളെപ്പോലും ഞാൻ ചുംബിച്ചിട്ടില്ല.’

അദ്ദേഹത്തെ നോക്കി പ്രവാചകൻ പറഞ്ഞു:

‘കരുണ കാണിക്കാത്തവർക്ക് കരുണ ലഭിക്കുകയില്ല.’[194]

പ്രവാചകനേക്കാൾ കുട്ടികളോട് അനുകമ്പ കാണിക്കുന്ന മറ്റാരെയും ഞാൻ കണ്ടിട്ടില്ലെന്ന് നബി(സ)യുടെ സേവകൻ അനസ് പറയുന്നു. മദീനാ മലകളിൽ താമസിക്കുകയായിരുന്ന ഒരു സ്ത്രീയായിരുന്നു പ്രവാചക പുത്രൻ ഇബ്രാഹിമിനെ സംരക്ഷിച്ചിരുന്നത്. അവിടുന്ന് അവിടെയെത്തി കുട്ടിയെ എടുത്ത് ചുംബിച്ചിരുന്നു. [195]

കുട്ടികളോട് നീതിപൂർവം പെരുമാറാൻ അവിടുന്നു കല്പിച്ചിട്ടുണ്ട്:

‘അല്ലാഹുവെ ഭയപ്പെടുക, കുട്ടികളോട് തുല്യനീതിയോടെ പെരുമാറുക.’[196]

കുട്ടികളുടെ വിദ്യാഭ്യാസത്തിന്നും ധാർമ്മിക വളർച്ചക്കും അവിടുന്ന് വലിയ പ്രാധാന്യം കൽപിച്ചിരുന്നു. തദ്വിഷയകമായി ധാരാളം ഉപദേശങ്ങൾ അവിടുന്ന് നൽകിയിരുന്നു. ചില ഉദാഹരണങ്ങൾ:

മനുഷ്യന്റെ മരണാനന്തരം സകല കർമ്മങ്ങളും നിലച്ചു പോകും,  മൂന്നു കാര്യങ്ങളൊഴികെ: നൈതികതയുള്ള ദാനം, പ്രയോജനകരമായ ജ്ഞാനം, തനിക്ക് വേണ്ടി പ്രാർത്ഥിക്കുന്ന സച്ചരിതനായ പുത്രൻ.[197]

കുട്ടിയുടെ പേരും സ്വഭാവവും ഉചിതമാക്കുകയാണ് പിതാവിന്ന് കുട്ടിയോടുള്ള ഒരു ബാധ്യത.[198]

കുട്ടികളോട് ഉദാരമായി പെരുമാറുക, അവരെ സദ്സ്വഭാവികളാക്കി വളർത്തുക.[199]

ചുരുക്കത്തിൽ, എല്ലാ കാര്യങ്ങളിലുമെന്ന പോലെ, കുട്ടികളോട് താൽപര്യം കാണിക്കുന്നതിലും, അവർക്ക് സ്നേഹ വാത്സല്യം നൽകുന്നതിലും, പ്രവാചകൻ(സ) ഉത്തമ മാതൃകയായിരുന്നു. ‘കുട്ടികളോട് കരുണ കാണിക്കാത്തവൻ നമ്മിൽ പെട്ടവനല്ല’[200] എന്ന തിരുവചനം ഈ വസ്തുത വ്യക്തമാക്കുന്നു.

*പ്രവാചക പത്നിമാർ വിശ്വാസികളുടെ മാതാവ്*

എല്ലാ വിശ്വാസികളുടെയും മാതാക്കളാണ് പ്രവാചക പത്നിമാർ. എല്ലാ വിശ്വാസിനികളുടെയും മാതൃകാ വനിതകളും, യഥാർഥ ഭക്തിയുടെ ഉടമകളുമാണവർ.

അവരുടെ ജ്ഞാനം,  സ്വഭാവം, വിശ്വാസം, പ്രവാചകരെ പരിപാലിച്ച രീതി എന്നിവ സംബന്ധമായ ധാരാളം വിവരങ്ങൾ ഖുർആനിലും, ഹദീസുകളിലും, നബിചരിതങ്ങളിലും കാണാവുന്നതാണ്.

അവർ എല്ലാ വിശ്വാസികളുടേയും മാതാക്കളാണെന്ന് ഖുർആൻ പറയുന്നു:

‘നിസ്സംശയം, പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വന്തം ശരീരത്തെക്കാൾ പ്രധാനമാകുന്നു. പ്രവാചകപത്നിമാരോ, അവരുടെ മാതാക്കളുമാകുന്നു. എന്നാൽ അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് കുടുംബ

ബന്ധുക്കൾ സാധാരണ വിശ്വാസികളെയും മുഹാജിറുകളെയും അപേക്ഷിച്ച് പരസ്പരം കൂടുതൽ അവകാശമുള്ളവരത്രെ. നിങ്ങൾ സ്വന്തം മിത്രങ്ങളോട് വല്ല നന്മയും (ചെയ്യാനാഗ്രഹിക്കുവെങ്കിൽ) ചെയ്യാമെന്നു മാത്രം. ഈ വിധി വേദപ്രമാണത്തിൽ എഴുതപ്പെട്ടിട്ടുള്ളതത്രെ.'(അൽ അഹ്സാബ്: 6)

പ്രവാചകന്റെ മരണാനന്തരം അവിടുത്തെ പത്നിമാരെ വിവാഹം ചെയ്യാൻ വിശ്വാസികൾക്ക് അനുവാദമില്ലെന്ന് മറ്റൊരു സൂക്തത്തിൽ പറയുന്നു:

'അല്ലയോ വിശ്വാസികളേ, പ്രവാചകന്റെ ഭവനങ്ങളിൽ അനുവാദമില്ലാതെ പ്രവേശിക്കരുത്. അവിടെ ആഹാരം പാകമാകുന്നത് നോക്കിയിരിക്കുകയുമരുത്. എന്നാൽ ഭക്ഷണത്തിന് ക്ഷണിക്കപ്പെട്ടാൽ തീർച്ചയായും നിങ്ങൾ ചെന്നുകൊള്ളുക. ഭക്ഷണം കഴിഞ്ഞാൽ പിരിഞ്ഞുപോകണം. അവിടെ വെടിപറഞ്ഞിരിക്കരുത്. നിങ്ങളുടെ ഈ ഏർപ്പാട് തീർച്ചയായും പ്രവാചകന് ശല്യമാകുന്നുണ്ട്. അദ്ദേഹം ലജ്ജമൂലം  ഒന്നും പറയുന്നില്ല. അല്ലാഹുവോ, സത്യം പറയുന്നതിൽ ഒട്ടും ലജ്ജിക്കുന്നില്ല. പ്രവാചക പത്നിമാരോട് വല്ലതും ചോദിക്കേണ്ടിവരുമ്പോൾ, മറക്കു പിന്നിൽ നിന്നുകൊണ്ടുവേണം ചോദിക്കാൻ. ഈ പെരുമാറ്റ രീതിയാകുന്നു നിങ്ങളുടെയും അവരുടെയും മനസ്സുകൾ ശുദ്ധമായിരിക്കാൻ ഏറ്റവും ഉചിതം. നിങ്ങൾ അല്ലാഹുവിന്റെ ദൂതനെ ഒരിക്കലും ശല്യം ചെയ്തുകൂടാത്തതാകുന്നു. അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ ഭാര്യമാരെ വേൾക്കുന്നതും നിങ്ങൾക്ക് അനുവദനീയമല്ല. അത് അല്ലാഹുവിങ്കൽ ഗുരുതരമായ കുറ്റമാകുന്നു.'(അൽ അഹ്സാബ് 53)

പ്രവാചക പത്നിമാർ മറ്റു സ്ത്രീകളെ പോലെയല്ലെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. അവരോടെങ്ങനെ പെരുമാറണമെന്നും അതിൽ പറയുന്നുണ്ട്:

'അല്ലയോ പ്രവാചക പത്നിമാരേ, നിങ്ങൾ സാധാരണ വനിതകളെപ്പോലെയല്ല. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നവരാണെങ്കിൽ, മനസ്സിൽ വൃത്തികേടുള്ളവർ പ്രലോഭിതരാകുംവണ്ണം കൊഞ്ചിക്കുഴഞ്ഞു സംസാരിക്കരുത്. പ്രത്യുത, നേരെച്ചൊവ്വെ വർത്തമാനം പറയണം. സ്വവസതികളിലൊതുങ്ങിക്കഴിയുക. പഴയ ജാഹിലിയ്യാ കാലത്തെപ്പോലെ ചന്തംകാട്ടി വിലസി നടക്കാതിരിക്കുക. നമസ്കാരം നിലനിർത്തുക. സകാത്ത് നൽകുക. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക. പ്രവാചക കുടുംബമായ നിങ്ങളെ വൃത്തികേടുകളിൽനിന്ന് മോചിപ്പിക്കാനും സമ്പൂർണമായി ശുദ്ധീകരിക്കാനുമത്രെ അല്ലാഹു ഉദ്ദേശിക്കുന്നത്.'(അൽ അഹ്സാബ്: 32, 33)

അതെ, പ്രവാചക പത്നിമാരുടെ സ്വഭാവങ്ങൾ, സൗമനസ്യത, ബുദ്ധി ശക്തി, മനസാക്ഷി, മഹിത സ്വഭാവം, അടക്കം, അനുഷ്ഠാനങ്ങളിലെ ശ്രദ്ധ, പ്രവാചകന്നുള്ള വഴക്കം, ഖുർആനിനെയും ഹദീസിനെയും കുറിച്ച ജ്ഞാനം എന്നിവയെല്ലാം തന്നെ, മറ്റു വിശ്വാസിനികൾക്ക് മാതൃകയാണ്.

അവർക്ക് ലഭിക്കുന്നത് ഇരട്ട പ്രതിഫലമായിരിക്കുമെന്നും ഖുർആൻ പറയുന്നുണ്ട്:

'അല്ലയോ പ്രവാചകപത്നിമാരേ, നിങ്ങളിലാരെങ്കിലും വ്യക്തമായ ദുർവൃത്തിയിലേർപ്പെടുകയാണെങ്കിൽ, അവൾക്ക് രണ്ടിരട്ടി ശിക്ഷ ലഭിക്കുന്നതാകുന്നു. അതാകെട്ട അല്ലാഹുവിന് വളരെ അനായാസകരമാകുന്നു. നിങ്ങളിൽ, അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് നാം രണ്ടുവട്ടം പ്രതിഫലം നൽകുന്നതുമാകുന്നു. അവർക്കായി അതിശ്രേഷ്ഠമായ വിഭവങ്ങൾ ഒരുക്കിവെച്ചിരിക്കുന്നു.'(അൽ അഹ്സാബ്: 30, 31)

ഖദീജ(റ)യായിരുന്നു പ്രഥമ പ്രവാചക പത്നി. ആദ്യത്തെ മുസ്ലിമും അവർ തന്നെയായിരുന്നു. ആദ്യം വഹ്യ് ലഭിച്ചപ്പോൾ, തിരുദൂതർ ആദ്യമായി വിവരം പറഞ്ഞതും അവരോടായിരുന്നു. ബുദ്ധി, ഗ്രാഹ്യശക്തി, ദീർഘ ദൃഷ്ടി,  ജ്ഞാനം എന്നിവയിൽ അവർ പ്രശസ്തയായിരുന്നു. കേട്ട ഉടനെ, ഇസ്ലാം സ്വീകരിക്കുകയും തുടർന്ന ദിവസങ്ങളൽ അതി ബൃഹത്തായ പിന്തുണ നൽകുകയും ചെയ്ത ഖദീജ(റ), ഖുർആനിക പ്രചാരണത്തിൽ ശാരീരികമായും ആത്മീയമായും കഠിനാദ്ധ്വാനം നടത്തുകയും ചെയ്തിരുന്നു. സൗദ, ആയിശ, ഹഫ്സ, ഉമ്മുഹബീബ, ഉമ്മുസൽമ, സഫിയ്യ, മൈമൂന, സൈനബ് ബിന്ത് ജഹ്ശ്, ജുവൈരിയ്യ പോലുള്ള മറ്റു പത്നിമാരും, ത്യാഗത്തിന്റെയും സഹനത്തിന്റെയും പ്രവാചകനോടുള്ള കൂറിന്റെയും പേരിൽ പ്രശസ്തരാണ്. വിശ്വാസിനികളുടെ ഉത്തമ മാതൃകകളുമാണവർ.

കുട്ടികളിലെന്ന പോലെ, ഭാര്യമാരിലും അതിയായ താൽപര്യമാണ് പ്രവാചകനെടുത്തിരുന്നത്. അവരുടെ വിശ്വാസം, ആരോഗ്യം, സന്തോഷം എന്നിവ വർദ്ധിപ്പിക്കുന്നതിൽ മാധ്യമമാവുകയായിരുന്നു അവിടുന്ന്. അദ്ദേഹം ഭാര്യമാരൊന്നിച്ച് കളിക്കുകയും, ഓട്ടമത്സരം നടത്തുകയും ചെയ്തിരുന്നതായി ഹദീ

സുകൾ റിപ്പോർട്ടു ചെയ്യുന്നു.[201] ഭാര്യമാരിൽ അവിടുന്ന് എടുത്ത താൽപര്യം സഹാബിമാർ വിവരിക്കുന്നുണ്ട്.

തിരുദൂതരെപ്പോലെ, കുടുംബത്തോട് ഇത്രമാത്രം അനുകമ്പ കാണിച്ച ഒരാളെ താനൊരിക്കലും കണ്ടിട്ടില്ലെന്ന് ആയിശ(റ) പറയുന്നു. [202]

അവരോട് കാണിച്ച മഹത്തായ നീതിയാണ്, പ്രവാചകന്റെ മറ്റൊരു സവിശേഷ സ്വഭാവം. അവരുടെ അടുക്കലേക്കുള്ള സന്ദർശന സമയങ്ങൾ തുല്യമായി വിഭജിക്കപ്പെട്ടിരുന്നുവെന്നാണ് ഹദീസുകൾ പറയുന്നത്.

അനസ് ബിൻ മാലിക് പറയുന്നു:

'തിരുദൂതർക്ക് ഒമ്പത് ഭാര്യമാരുണ്ടായിരുന്നു. അതിനാൽ, ഓരോരുത്തരോടൊന്നിച്ച താമസ ദിവസം വീതിക്കുമ്പോൾ, ആദ്യഭാര്യയുടെ ഊഴം വന്നത് ഒമ്പതാം ദിവസമായിരുന്നു. തിരുമേനി(സ) താമാസിക്കാൻ നിശ്ചയിക്കുന്ന ഭാര്യമാരുടെ വീടുകളിൽ എല്ലാവരും സന്ധിച്ചിരുന്നു.' [203]

അവരുടെ ഭക്തിയെ കുറിക്കുന്ന ഹദീസുകൾ നിരവധിയാണ്. 'ഇഹലോകം വിഭവങ്ങളാണ്. സച്ചരിതയായ സ്ത്രീയാണ് ഇഹതോക വിഭവങ്ങളിൽ ഉത്തമം'[204]എന്ന ഹദീസ് ഉദാഹരണം.

ഭാര്യമാരോടെങ്ങനെ പെരുമാറണമെന്ന് സഹാബികളോട് അവിടുന്ന് ഉപദേശിച്ചു:

'ഭാര്യമാരോട് സദ് സ്വഭാവത്തോടെ പെരുമാറുന്നവനാണ് ഏറ്റവും പൂർണ വിശ്വാസി. നിങ്ങൾക്കിടയിൽ, ഭാര്യമാരോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ് ഏറ്റവും ഉത്തമൻ.'[205]

ഭാര്യമാർക്ക് ഏറ്റവും ഉത്തമനായിരിക്കും നിങ്ങളിൽ ഏറ്റവും ഉത്തമൻ. നിങ്ങളിൽ ഭാര്യമാർക്ക് ഏറ്റവും ഉത്തമൻ ഞാനാണ്.[206]

## 5. ഭാവിയെപ്പറ്റി

ഓരോ വ്യക്തിക്കും രാജ്യത്തിന്നും സമൂഹത്തിന്നും, അവരുടേതായ നിയതിയുണ്ട്. ആദിമ മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന്നു മുമ്പ് തന്നെ, ഓരോ മനുഷ്യനും നേരിടാനിരിക്കുന്ന അനുഭവങ്ങളും, ഓരോ ജനതയും സാക്ഷിയാകാനിരിക്കുന്ന സംഭവങ്ങളും, ഓരോ സമൂഹവും കടന്നു പോകേണ്ട ഘട്ടങ്ങളും വിശദമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പക്ഷെ, അതെല്ലാം അനുഭവസിദ്ധമാകുമ്പോൾ മാത്രമേ, നാം അറിയുകയുള്ളുവെന്ന് മാത്രം. നമ്മെ സംബന്ധിച്ചിടത്തോളം ഭാവി അജ്ഞാതമാണെന്ന് ചുരുക്കം.

എന്നാൽ, തന്റെ ചില അടിമകൾക്ക് ഭാവിയെ കുറിച്ച അറിവ് നൽകിയിട്ടുണ്ടെന്ന് അല്ലാഹു ഖുർആനിലൂടെ അറിയിച്ചിട്ടുണ്ട്. പ്രവാചകനായ യൂസുഫിന്റെ സംഭവം ഉദാഹരണം. തന്റെ രണ്ട് സഹതടവുകാരോട് അദ്ദേഹം ദൈവാസ്തിക്യത്തിന്റെ തെളിവുകൾ പറഞ്ഞിരുന്നു. തങ്ങൾ കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനമന്വോഷിച്ച അവരോട്, അദ്ദേഹം പറയുകയാണ്:

'യൂസുഫ് പറഞ്ഞു: 'നിങ്ങൾക്ക് ഭക്ഷണം എത്തുന്നതിനുമുമ്പായി ഞാൻ ഈ സ്വപ്നങ്ങൾ വ്യാഖ്യാനിച്ചുതരാം. അത് എന്റെ നാഥൻ എനിക്ക് പ്രദാനം ചെയ്ത ജ്ഞാനങ്ങളിൽ പെട്ടതാകുന്നു.'(യൂസുഫ്: 37)

അതെ, ഇത് വരെ സംഭവിച്ചിട്ടില്ലാത്ത ചില കാര്യങ്ങൾ, തനിക്കറിയാമായിരുന്നുവെന്ന് അദ്ദേഹം അവരെ അറിയിക്കുകയാണ്. അല്ലാഹു അദ്ദേഹത്തിന്നു നൽകിയ ജ്ഞാന - അമാനുഷികത്വം - മായിരുന്നു അത്. അല്ലാഹുവിന്റെ ഇച്ഛ പ്രകാരം ചില ഭാവികാര്യങ്ങൾ അദ്ദേഹത്തിന്ന് അറിയുമായിരുന്നു.

ഇത് പോലുള്ള ജ്ഞാനം മറ്റു പ്രവാചകന്മാർക്കും ലഭിച്ചിട്ടുണ്ടായിരുന്നു. പ്രവാചകന്മാരായി തെരഞ്ഞെടുക്കുന്നവർക്ക് ഭാവിയെ കുറിച്ച ചില വശം താൻ അറിയിച്ചു കൊടുക്കുമെന്ന് അല്ലാഹു ഖുർആനിലൂടെ അറിയിച്ചിരിക്കുന്നു:

'അതിഭൗതിക കാര്യങ്ങൾ അറിയുന്നവൻ അവനാകുന്നു. അവന്റെ രഹസ്യങ്ങൾ ആർക്കും വെളിപ്പെടുത്തുന്നില്ല -(അതിഭൗതികജ്ഞാനം നൽകുന്നതിന്) അവൻ ഇഷ്ടപ്പെട്ട ദൂതനൊഴിച്ച്.'(ജിന്ന്: 26-27)

മുഹമ്മദ് നബി(സ)ക്കും ധാരാളം അദൃശ്യജ്ഞാനം അല്ലാഹു നൽകിയിട്ടുണ്ട്. മുമ്പ് സംഭവിച്ചതും എന്നാൽ ആരും അറിഞ്ഞിട്ടില്ലാത്തതുമായ കാര്യങ്ങൾ, ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങൾ എന്നിവ ഇതിൽ പെടുന്നു. അല്ലാഹു പറയുന്നു:

'പ്രവാചകാ, ഈ കഥ അജ്ഞാതവൃത്താന്തങ്ങളിൽ പെട്ടതാകുന്നു. അതു നിനക്ക് നാം ബോധനം നൽകുന്നു. യൂസുഫിന്റെ സഹോദരന്മാർ ഒത്തുകൂടി ഗൂഢാലോചന നടത്തിയപ്പോൾ നീ അവിടെ ഉണ്ടായിരുന്നില്ലല്ലോ.'(യൂസുഫ്: 102)

അദൃശ്യജ്ഞാന സംബന്ധമായി ഖുർആനിലും ഹദീസുകളിലും വന്ന ചില വൃത്താന്തങ്ങളാണ്, ഈ അദ്ധ്യായത്തിലെ പ്രതിപാദ്യം. (കൂടുതൽ അറിയാൻ Harun yahya, Miracle of the Quran. Attique Publishers, 2001)

ഇവയിൽ ബഹുഭൂരിഭാഗവും കഴിഞ്ഞു പോയവയാണ്. നബി(സ) ദൈവിക പ്രവാചകനാണെന്നും, ഖുർആൻ ദൈവിക ഗ്രന്ഥമാണെന്നുമുള്ളതിന്റെ ഒരു തെളിവു കൂടിയാണിത്.

*അദൃശ്യജ്ഞാനം ഖുർആനിൽ*

അല്ലാഹു പറയുന്നു:

'അലിഫ്-ലാം-മീം. റോമക്കാർ അടുത്ത ഭൂപ്രദേശത്തു പരാജിതരായിരിക്കുന്നു. ഈ പരാജയത്തിനു ശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽ അവർ വിജയികളാവും. അല്ലാഹുവിന്റേത് മാത്രമാകുന്നു അധി

കാരം; മുമ്പും പിമ്പും. അല്ലാഹു അരുളിയ വിജയത്താൽ മുസ്‌ലിംകൾ സന്തോഷം കൊള്ളുന്നതാകുന്നു.'(അൽ റൂം: 1-4)

പ്രവാചകന്ന് ഖുർആനിലൂടെ ലഭിച്ച ഒരു അദൃശ്യവൃത്താന്തമാണ് ഈ സൂക്തങ്ങളിൽ കാണുന്നത്. ബൈസാന്ത്രിയൻ സാമ്രാജ്യം പരാജയപ്പെട്ടുവെന്നും, എന്നാൽ, അൽപ കാലത്തിന്നുള്ളിൽ അത് വിജയം വരിക്കുമെന്നുമാണ്, ഈ സൂക്തം വ്യക്തമാക്കുന്നത്.

എ. ഡി. 620- ലാണ് ഈ സൂക്തം അവതരിക്കുന്നത്. വിഗ്രഹാരാധകരായ പേർഷ്യക്കാരാൽ, ബൈസാന്ത്രിയ അതി ക്രൂരമായ പരാജയം ഏറ്റുവാങ്ങി, ഏകദേശം, ഏഴ് വർഷം കഴിഞ്ഞ ശേഷമായിരുന്നു അത്. ബൈസാന്ത്രിയ വേഗത്തിൽ വിജയം വരിക്കുമെന്നായിരുന്നു വാർത്തകളുണ്ടായിരുന്നത്. പക്ഷെ, അവർക്കേറ്റ ഗുരുതരമായ പരാജയം കാരണം, അവർ അവശേഷിക്കുമോ എന്നു പോലും സംശയിക്കപ്പെട്ടിരുന്ന കാലം. എന്നിട്ടല്ലെ, അവർ വിജയിക്കുക! പേർഷ്യക്കാർക്കു പുറമെ, അവാറുകൾ, സ്ലാവുകൾ, ലോംബാർഡുകൾ തുടങ്ങിയവരും, ബൈസാന്ത്രിയക്ക് ഭീഷണിയുണ്ടാക്കിയിരുന്നു. അവാറുകൾ, കോൺസ്റ്റാന്റിനോപ്പിൾ മതിൽ വരെ എത്തിയിരുന്നു. സൈനിക ചെലവ് പരിഹരിക്കുന്നതിന്നായി, ചർച്ചിലെ സ്വർണ്ണ-വെള്ളി ആഭരണങ്ങൾ ഉരുക്കാൻ, ബൈസാന്ത്രിയൻ ചക്രവർത്തി ഹിറാക്ലീസ് കൽപന പുറപ്പെടുവിച്ചിരുന്നു. അതും മതിയാവുകയില്ലെന്നു കണ്ടപ്പോൾ, വെങ്കൽ പ്രതിമകൾ തകർത്തു നാണയമുണ്ടാക്കാൻ പോലും അദ്ദേഹം സന്നദ്ധനായി. നിരവധി ഗവർണർമാർ അദ്ദേഹത്തെ എതിർത്തു. അങ്ങനെ, ചക്രവർത്തി, പതനത്തിന്റെ വക്കിലെത്തിയിരുന്നു. ഈയവസരത്തിൽ, ബഹുദൈവാരാധകരായ പേർഷ്യക്കാർ, മെസപ്പട്ടോമിയ, സിലിസിയ, സിറിയ, പലസ്തീൻ, ഈജിപ്ത്, അർമീനിയ അടക്കമുള്ള നിരവധി ബൈസാന്ത്രിയൻ പ്രദേശങ്ങൾ കൈയേറിക്കഴിഞ്ഞിരുന്നു.[207]

ചുരുക്കത്തിൽ, ബൈസാന്ത്രിയ തികച്ചും തിരോധാനം നടത്തുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. ഈ ഘട്ടത്തിലാണ് ഒമ്പത് വർഷങ്ങൾക്കുള്ളിൽ അവർ വിജികളാകു'മെന്ന സൂക്തം അവതരിക്കുന്നത്. അസാധ്യമായി കരുതപ്പെട്ടിരുന്ന ഈ വിജയം, ഒരിക്കലും നടക്കാൻ പോകുന്നില്ലെന്നായിരുന്നു അറബികളായ വിഗ്രഹാരാധകർ വിശ്വസിച്ചത്.

പക്ഷെ, ഖുർആനിലെ മറ്റെല്ലാ കാര്യങ്ങളും പോലെ, ഇതും സത്യമായിരുന്നു. സൂറത്ത് റൂമിലെ ആദ്യ സൂക്തങ്ങളവതരിച്ച്, ഏകദേശം ഏഴ് വർഷങ്ങൾക്ക് ശേഷം, എ. ഡി. 627 - ൽ, ബൈസാന്ത്രിയക്കും പേർഷ്യക്കുമിടയിൽ, ഒരു ഗോരയുദ്ധം പൊട്ടിപ്പുറപ്പെട്ടു. അതിൽ, ബൈസാന്ത്രിയ പേർഷ്യയെ പരാജയപ്പെടുത്തുകയായിരുന്നു. മാത്രമല്ല, മാസങ്ങൾക്ക് ശേഷം, തങ്ങൾ പിടിച്ചെടുത്തിരുന്ന പ്രദേശങ്ങൾ, ഒന്നടങ്കം, ബൈസാന്ത്രിയക്ക് തിരിച്ചു കൊടുക്കുമെന്ന ഒരു കരാറിൽ, പേർഷ്യ ഒപ്പുവെക്കുകയും ചെയ്തു.[208] അങ്ങനെ, മുഹമ്മദ് നബി(സ)ക്ക് ഖുർആനിലൂടെ അല്ലാഹു അറിയിച്ചു കൊടുത്ത റോമാ വിജയം, അത്ഭുതകരമായി സംഭവിക്കുകയായിരുന്നു.

അക്കാലത്ത്, ആർക്കും അറിയാത്ത, ലോകത്തിന്റെ ഒരു ഭാഗത്തെ കുറിച്ച വൃത്താന്തങ്ങൾ ഈ സൂക്തങ്ങളിലടങ്ങുന്നുവെന്നത് മറ്റൊരു അമാനുഷികതയാണ്.

സൂറത്ത് റൂം 3ാം സൂക്തത്തിൽ 'അടുത്ത ഭൂപ്രദേശത്തു പരാജിതരായിരിക്കുന്നു'വെന്നാണ് പറയുന്നത്. 'അദ്നൽ അർദ്' എന്നാണിതിന്റെ മൂലവാക്യം. 'ഒരു അടുത്ത രാജ്യം' എന്നാണ് ചില പരിഭാഷകളിൽ കാണുന്നത്. എന്നാൽ ഇതൊന്നും യഥാർത്ഥ ആശയത്തെ പ്രതിഫലിപ്പിക്കുന്നില്ല. 'അദ്ന' എന്ന അറബി പദത്തിന്ന് 'ഏറ്റവും താഴ്ന്ന' എന്നാണർത്ഥം. 'താഴ്ന്ന' എന്നർത്ഥത്തിലുള്ള 'ദനി' എന്ന പദത്തിൽ നിന്നാണത് നിഷ്പന്നമായത്. 'അർദ്' എന്നാൽ 'ഭൂമി' എന്നർത്ഥം. അപ്പോൾ 'അദ്നൽ അർദ്' എന്നാൽ 'ഏറ്റവും താഴ്ന്ന ഭൂമി' എന്നാണർത്ഥം.

ലൂത്ത് തടാക പ്രദേശത്താണ്, ബൈസാന്ത്രിയ - പേർഷ്യൻ യുദ്ധം നടന്നത്. ഇന്നത്തെ, സിറിയ, പലസ്തീൻ, ജോർദാൻ പ്രദേശങ്ങൾ കൂടിച്ചേരുന്ന ഈ തടാകത്തിന്റെ പരിസരം, സമുദ്രനിരപ്പിൽ നിന്നും 395 മീറ്റർ താഴെയാണ് നിലകൊള്ളുന്നത്. അങ്ങനെ, ഭൂമിയിലെ ഏറ്റവും താഴ്ന്ന പ്രദേശമായി തീരുകയാണത്. ഖുർആൻ സൂക്തം വെളിപ്പെടുത്തുന്നത് പോലെ, ഭൂമിയിലെ ഏറ്റവും താഴ്ന്ന ഈ പ്രദേശത്തു വെച്ചാണ് ഈ യുദ്ധം നടക്കുന്നത്.

ലൂത്ത് തടാകത്തിന്റെ സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം കണക്കാക്കിയത് അടുത്ത കാലത്ത് മാത്രമാണെന്നത്, സുപ്രധാനമായൊരു വസ്തുതയത്രെ. അതിന്നു മുമ്പ്, ഈ പ്രദേശം, ഭൂമിയിലെ ഏറ്റവും താഴ്ന്ന പ്രദേശമാണെന്ന വസ്തുത ആർക്കും അറിയുമായിരുന്നില്ല. പക്ഷെ, ഖുർആൻ വിവരിച്ചത് അങ്ങ

നെയാണ്. ഖുർആൻ ദൈവിക വചനവും, മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ പ്രവാചകനുമാണെന്ന തിന്റെ ഒരു തെളിവാണല്ലോ ഇത്.

****

തന്റെ ദാസനെ, ചില ദൃഷ്ടാന്തങ്ങൾ കാണിക്കുതിനുവേണ്ടി മസ്ജിദുൽ ഹറാമിൽനിന്ന് വിദൂരമസ്ജി ദിലേക്ക്-അതിന്റെ പരിസരങ്ങളെ നാം അനുഗൃഹീതമാക്കിയിട്ടുണ്ട്- ഒരു രാവിൽ സഞ്ചരിപ്പിച്ചവൻ പരിശുദ്ധനത്രെ. സത്യത്തിൽ അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനും തന്നെയാകു ന്നു.(അൽ ഇസ്രാഅ്: 1)

ഒറ്റ രാത്രി കൊണ്ട് നബി(സ)യെ മസ്ജിദുൽ അഖ്സയിലെത്തിച്ചുവെന്നാണല്ലോ ഈ സൂക്തം വെളി പ്പെടുത്തുന്നത്. ഇത് വലിയൊരു അമാനുഷികതയാണല്ലോ. മസ്ജിദുൽ ഹറാം മക്കയിലാണ് സ്ഥിതി ചെയ്യുന്നത്. മസ്ജിദുൽ അഖ്സ ജറൂസലേമിലും. സംഭവം നടക്കുമ്പോൾ, നബി(സ) മക്കയിലായി രുന്നു. അന്നത്തെ സ്ഥിതിയനുസരിച്ച്, ഒറ്റ രാത്രികൊണ്ട്, മക്കയിൽ നിന്നും മദീനയിലെത്തുക തി കച്ചും അസംഭവ്യം തന്നെയായിരുന്നു. തിരുമേനി(സ), ജറൂസലേമോ, മസ്ജിദുൽ അഖ്സയോ, ഒരി ക്കലും കണ്ടിരുന്നില്ലെന്നത് വളരെ ശ്രദ്ധേയവുമാണ്.

പിറ്റേ ദിവസം, അവിടുന്ന് സംഭവം വിവരിച്ചപ്പോൾ, മക്കയിലെ ബഹുദൈവ വിശ്വാസികൾ, വിശ്വസി ക്കാൻ വിസമ്മതിക്കുകയായിരുന്നു. അവർ തെളിവാവശ്യപ്പെടുകയാണുണ്ടായത്. മസ്ജിദുൽ അഖ്സ കണ്ട ഒരാൾ, അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. അതിനാൽ, പള്ളിയെ കുറിച്ച് വിവരിച്ചു കൊടുക്കാൻ നബി(സ)യോടാവശ്യപ്പെടുകയും, തദ്വിഷയകമായ ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തു.

എന്നാൽ, അവിടുന്ന് കൃത്യമായ വിവരണം നൽകിയപ്പോൾ, അവർ സമ്മതിക്കുകയായിരുന്നു. അവിടെ നിന്ന് വരികയായിരുന്ന ഒരു സാർത്ഥവാഹക സംഘത്തെ കുറിച്ച അവരുടെ ചോദ്യത്തിന് അദ്ദേഹം മ റുപടി പറഞ്ഞു: 'അതെ, അവർ റഹ്വയിലായിരിക്കെ, ഞാൻ അവർക്കെതിരെ വന്നു. അവരുടെ ബാഗേ ജിലുണ്ടായിരുന്ന ഒരു പാനപാത്രത്തിൽ നിന്നും, ദാഹിച്ച ഞാൻ വെള്ളം കുടിക്കുകയും പാത്രം തദ് സ്ഥാനത്തു തന്നെ വെക്കുകയും ചെയ്തു. അവർ തിരിച്ചെത്തുമ്പോൾ, 'പാത്രത്തിൽ വെള്ളം കണ്ടുവോ?' എന്നവരോട് ചോദിച്ചു നോക്കുക.' ഖുറൈശികൾ പറഞ്ഞു: 'ഇത് മറ്റൊരടയാളം!' അവർ ചോദ്യങ്ങൾ തുടർന്നു കൊണ്ടിരുന്നു. എല്ലാറ്റിന്നും നബി(സ) മറുപടിയും നൽകിക്കൊണ്ടിരുന്നു. 'പുറ ത്തു രോമവസ്ത്രങ്ങളുള്ള, ചാരനിറത്തിലുള്ള ഒരു ഒട്ടകത്തിന്മേൽ, ഇന്നിന്നയാളുടെ നേതൃത്വത്തിൽ, ഇന്നിന്ന ദിവസം, പ്രഭാതത്തിൽ, അവർ തിരിച്ചെത്തും.' പ്രവാചകൻ പറഞ്ഞു. ഇത് കേട്ടപ്പോൾ അവർ പറഞ്ഞു: 'ഇത് മറ്റൊരടയാളം!' അങ്ങനെ, പ്രവാചകൻ(സ) വിവരിച്ച അതേ രീതിയിൽ യാത്രാ സം ഘം തിരിച്ചെത്തുകയായിരുന്നു. [209]

'തീർച്ചയായും അല്ലാഹു അവന്റെ ദൂതന് ശരിയായ സ്വപ്നം കാണിച്ചിരുന്നു. അത് തികച്ചും സത്യവു മായിരുന്നു. ഇൻശാഅല്ലാഹ്! നിങ്ങൾ നിർഭയരായി മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുകതന്നെ ചെ യ്യും; ശിരസ്സ് മുണ്ഡനം ചെയ്തവരായും മുടിമുറിച്ചവരായും, നിർഭയരായും. നിങ്ങൾ അറിയാത്ത ചിലത് അവൻ അറിഞ്ഞിരുന്നു. അതിനാൽ ആ സ്വപ്നസാക്ഷാൽക്കാരത്തിനു മുമ്പ് അവൻ നിങ്ങൾക്ക് ഈ അടുത്ത വിജയം പ്രദാനംചെയ്തു.'(അൽ ഫത്ഹ്: 27)

മുസ്ലിംകൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുകയും ത്വവാഫ് ചെയ്യുകയും ചെയ്തതായി, തിരുമേ നി(സ), മദീനയിൽ വെച്ച് ഒരു സ്വപ്നം കാണുകയുണ്ടായി. ഈ വിവരം, മുസ്ലിംകൾക്ക് അവിടുന്ന് സു വിശേഷം അറിയിക്കുകയുണ്ടായി. മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം നടത്തിയ മുസ്ലിംകൾക്ക് തിരിച്ചു ചെല്ലാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, ഈ സ്വപ്നമനുസരിച്ച് മുസ്ലിംകൾ ഉംറക്കായി മക്കയി ലെത്തിയെങ്കിലും വിഗ്രഹാരാധകരായ മക്കക്കാർ അവരെ തടയുകയാണുണ്ടായത്. മുസ്ലിംകൾക്ക് ഹറ മിൽ പോകാനോ, മുടി മുറിക്കാനോ കഴിഞ്ഞില്ലെന്നു പറഞ്ഞു ആളുകൾക്കിടയിൽ അപസ്വരം സൃഷ്ടി ക്കാനും പ്രവാചകന്റെ സ്വപ്നത്തെ പേക്കിനാവായി തരം താഴ്ത്താനും, അവിശ്വാസികൾ ഇതൊരവസ രമായി ഉപയോഗപ്പെടുത്തുകയായിരുന്നു.

പ്രവാചകനെ സഹായിക്കാനും പിന്തുണക്കാനുമായി, അല്ലാഹു അൽ ഫത്ഹ് 27 ാം വാക്യം അവതരി പ്പിച്ചു. സ്വപ്നം സത്യമാണെന്നും അല്ലാഹു ഇച്ഛിക്കുന്ന പക്ഷം, മുസ്ലിംകൾക്ക് മക്കയിൽ പ്രവേശി ക്കാൻ കഴിയുമെന്നും, ഈ സൂക്തത്തിലൂടെ പ്രവാചകനെ അറിയിക്കുകയും ചെയ്തു. അല്പം ക

ഴിഞ്ഞു, ഹുദൈബിയ്യ സന്ധിയും മക്കാ വിജയത്തോടും കൂടി, സ്വപ്നത്തിൽ കണ്ടത് പോലെ, വിശ്വാസികൾക്ക്, സുരക്ഷിതരായി, മസ്ജിദുൽ ഹറാമിൽ പ്രവേശിക്കാൻ കഴിഞ്ഞു. [210]

ഇവിടെ സുപ്രധാനമായ മറ്റൊരു വശമുണ്ട്. പ്രവാചകൻ ഈ സുവിശേഷം നൽകുമ്പോൾ സൂചിതമായ അവസ്ഥ തികച്ചും, എതിർദിശയിലായിരുന്നു. മുസ്ലിംകളെ പ്രവേശിക്കാനനുവദിക്കുകയില്ലെന്ന ദൃഢ തീരുമാനത്തിലായിരുന്നു അവിശ്വാസികൾ. ഹൃദയത്തിൽ സംശയം കുടികൊണ്ടിരുന്നവരിൽ, ഇത് പ്രവാചകന്റെ വാക്കിനെ കുറിച്ച് സംശയം ജനിപ്പിച്ചു. എന്നാൽ, അല്ലാഹുവിൽ വിശ്വസിച്ച പ്രവാചകൻ(സ), ജനങ്ങളുടെ വാക്കുകൾ ശ്രദ്ധിച്ചില്ല. അല്ലാഹു തനിക്ക് അവതരിപ്പിച്ചു തന്നതിൽ പൂർണമായി വിശ്വാസമർപ്പിച്ചു, ആളുകളോട് അതേ കുറിച്ച് പറയുകയും ചെയ്തു. അദ്ദേഹത്തിന്റെ വാക്കുകൾ അല്ലാഹു ഉറപ്പിച്ചുവെന്നത്, സുപ്രധാനമായ മറ്റൊരു അത്ഭുതമായിരുന്നു. അൽപം കഴിഞ്ഞു അത് നിവൃത്തിയാവുകയും ചെയ്തു.

*****

'നാം വേദത്തിലൂടെ ഇസ്റായീൽ വംശത്തെ ഉണർത്തിയിട്ടുണ്ടായിരുന്നു; എന്തെന്നാൽ, നിങ്ങൾ രണ്ടു വട്ടം ഭൂമിയിൽ ഭയങ്കരമായ നാശമുണ്ടാക്കുകയും മഹാ ധിക്കാരം കാണിക്കുകയും ചെയ്യും. അങ്ങനെ അതിൽ ആദ്യധിക്കാരത്തിന്റെ അവസരമായപ്പോൾ, (ഇസ്റായീല്യരേ,) നിങ്ങൾക്കെതിരിൽ നമ്മുടെ മഹാ പരാക്രമശാലികളായ അടിമകളെ നിയോഗിച്ചു. അവർ നിങ്ങളുടെ ദേശത്തു നുഴഞ്ഞുകയറി, നാനാ ദിക്കുകളിലും വ്യാപിച്ചു.  അനിവാര്യമായി പുലരേണ്ടിയിരുന്ന വാഗ്ദത്തമായിരുന്നു അത്. അനന്തരം നാം അവരെ ജയിക്കുവാൻ നിങ്ങൾക്ക് അവസരം നൽകി. സന്തതികളാലും സമ്പത്തിനാലും നിങ്ങളെ സഹായിച്ചു. നിങ്ങളുടെ ജനസംഖ്യ മുമ്പത്തേതിലും വർധിപ്പിച്ചുതന്നു.'(അൽ ഇസ്രാഅ്: 4-6)

അതെ, ഇസ്രായേൽ സന്തതികൾ രണ്ടു വിജയങ്ങൾ അനുഭവിക്കേണ്ടതുണ്ടായിരുന്നു. അതിൽ ആദ്യത്തേതിനെ തുടർന്ന് അവർ അഹങ്കാരത്തിന്റെ കൊടുമുടിയിലെത്തി. അപ്പോൾ, അല്ലാഹു അവർക്കെതിരെ, ശക്തരായ ഒരു സേനയെ അയച്ചു. ജൂതന്മാർ യോഹന്നാൻ പ്രവാചകനെ വധിക്കുകയും , യേശുവിനെ വധിക്കാൻ പദ്ധതിയാവിഷ്കരിക്കുകയും ചെയ്തപ്പോൾ, വൈകാതെ, എ. ഡി. 70 ൽ, ജറുസലേമിൽ നിന്നും റോമക്കാർ അവരെ നാടു കടത്തുകയായിരുന്നു. നഗരത്തിലെ സോളമൻ മസ്ജിദ് നിശ്ശേഷം തകർക്കപ്പെടുകയും ചെയ്തു.

ഈ നാടുകടത്തലോടെ, അവർ ലോകമൊട്ടുക്കും അലഞ്ഞു തിരിയുകയായിരുന്നു. യൂറോപ്യൻ നാടുകളിൽ അവർ നിന്ദിതരായി കഴിഞ്ഞു. പീഢനത്തിൽ കഴിയേണ്ടി വന്നു. മിക്ക കാലങ്ങളിലും മതം സ്വകാര്യമായനുഷ്ഠിക്കേണ്ടി വന്നു. ഉപരിസൂചിത വാക്യം അവതരിക്കുമ്പോൾ, അവർ വളരെ പ്രയാസകരമായൊരവസ്ഥയിൽ കഴിയുകയായിരുന്നു. സ്വന്തമായൊരു രാജ്യം അവർക്കുണ്ടായിരുന്നില്ല. എന്നാൽ, ഒരു ദിവസം തങ്ങളുടെ ശക്തി അവർ അവർ വീണ്ടെടുക്കുമെന്ന് അല്ലാഹു അവരോട് പറയയുകയായിരുന്നു.

പ്രവാചകന്റെ ജീവിത കാലത്ത് അത് ഒരു വിദൂര സാധ്യതയായി തോന്നിയിരുന്നു. പക്ഷെ, അത് സംഭവിക്കുക തന്നെ ചെയ്തു. അവർ പലസ്തീനിലേക്ക് തിരിച്ചു വരികയും 1948 ൽ, ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കുകയും ചെയ്തു. ഇന്ന്, ഇസ്രായേലിന്റെ സൈനികവും രാഷ്ട്രീയവുമായ ശക്തി ആർക്കും ഒരു രഹസ്യമല്ല.

മറ്റു സൂക്തങ്ങളിലെന്ന പോലെ, ഈ സൂക്തത്തിലും, അക്കാലത്ത് അസംഭവ്യമായി കരുതിയിരുന്ന കാര്യങ്ങൾ സംഭവിക്കുക തന്നെ ചെയ്തുവെന്നതാണ്, സുപ്രധാനമായൊരു കാര്യം.

*****

'(ഇക്കാര്യവും ശ്രദ്ധേയമാകുന്നു. എന്തെന്നാൽ) പ്രവാചകൻ തന്റെ ഒരു ഭാര്യയോട് ഒരു രഹസ്യം പറഞ്ഞു. പിന്നെ ആ ഭാര്യ അത് (മറ്റൊരാളോട് ) വെളിപ്പെടുത്തുകയും(ആ രഹസ്യം വെളിപ്പെട്ടത്) അല്ലാഹു പ്രവാചകനെ തെര്യപ്പെടുത്തുകയും ചെയ്തപ്പോൾ അദ്ദേഹം അതിന്റെ ചില വശങ്ങളെക്കുറിച്ച് (ആ ഭാര്യയെ) താക്കീതു ചെയ്യുകയും ചില വശങ്ങൾ അവഗണിക്കുകയും ചെയ്തു. അങ്ങനെ പ്രവാചകൻ ഈ (രഹസ്യം വെളിപ്പെടുത്തിയ) സംഭവം അവരോട് പറഞ്ഞപ്പോൾ, ആരാണിത് താങ്കളോട് പറഞ്ഞതെന്ന് അവർ ചോദിച്ചു. 'എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാണ് ഇതെന്നോട് പറ

ഞ്ഞത്' എന്ന് അദ്ദേഹം മറുപടി കൊടുത്തു.'(അത്തഹ്‌രീം: 3)

തിരുമേനി(സ) തന്റെ ഭാര്യമാരിൽ ചിലരോട് ഒരു രഹസ്യം പറഞ്ഞു. രഹസ്യം സൂക്ഷിക്കാൻ കഴിയാത്തതിനാൽ, അവർ അത് പരസ്പരം അറിയിക്കുകയായിരുന്നു. ഈ സ്വഭാവത്തെ കുറിച്ച് അല്ലാഹു പ്രവാചകനോടും അദ്ദേഹം അത് ഭാര്യമാരോടും പറഞ്ഞു.

*അദൃശ്യവിവരം ഹദീസുകളിൽ*

'എന്റെ ജനതേ, നിങ്ങൾ ഈജിപ്ത് പിടിച്ചടക്കാൻ പോവുകയാണ്. പിടിച്ചെടുക്കപ്പെട്ട ആളുകളുടെ ക്ഷേമം സൂക്ഷിക്കുക, അവരുടെ ജീവനും സ്വത്തും അഭിമാനവും നിങ്ങളുടെ സംരക്ഷണത്തിൻ കീഴിലാണെന്ന ദൈവിക കരാർ പാലിക്കുക.'[211]

ഈജിപ്ത് കീഴടക്കാൻ പോവുകയാണെന്ന സുവാർത്ത അനുയായികൾക്ക് പ്രവാചകൻ നൽകുന്ന ഈ അവസരത്തിൽ, അത് ബൈസാന്റ്രിയൻ ആധിപത്യത്തിൻ കീഴിലായിരുന്നു. അങ്ങനെയൊന്ന് നടക്കുന്നതിന്ന്, മുസ്ലിംകൾക്ക് എത്രയോ ശക്തിയാർജ്ജിക്കേണ്ടതുണ്ടായിരുന്നു. എന്നിട്ടും പ്രവാചകന്റെ ഈ വാക്കുകൾ യാഥാർത്ഥ്യമായി തീരുകയായിരുന്നു. അവിടുത്തെ മരണത്തിന്ന് കൂടുതൽ കഴിയുന്നതിന്നു മുമ്പ് തന്നെ, അംറു ബ്നുൽ ആസിന്റെ നേതൃത്വത്തിൽ, വലിയൊരു മുസ്ലിം സേന ഈജിപ്ത് പിടിച്ചെടുക്കുകയായിരുന്നു.(എ. ഡി. 641)

ഖലീഫാ ഉമറി(റ)ന്റെ ഭരണകാലത്ത് നടന്ന ഈ സംഭവം പ്രവാചകന്ന് കൃത്യമായി അദൃശ്യജ്ഞാനം ലഭിച്ചിരുന്നുവെന്നതിന്റെ ഉദാഹരണമാണ്.

*****

'കിസ്റ' മരിക്കും; അയാൾക്ക് ശേഷം 'കിസ്റ'യുണ്ടായിരിക്കില്ല; 'സീസർ' മരിക്കും; അയാൾക്ക് ശേഷം 'സീസർ' ഉണ്ടായിരിക്കില്ല. എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവനാണ, അവരുടെ ഭണ്ഡാരങ്ങൾ നിങ്ങൾ ദൈവിക മാർഗത്തിൽ ചെലവൊഴിക്കും.' [212]

പേർഷ്യൻ രാജാക്കന്മാർക്ക് പ്രയോഗിച്ചു പോന്നിരുന്ന പേരാണ് 'കിസ്റ'. 'സീസർ' റോമാ ചക്രവർത്തിമാരുടെ പേരായിരുന്നു. ഈ രണ്ടു ഭരണാധികാരികളുടേയും ഖജനാവുകൾ, മുസ്ലിംകൾ കൈവശപ്പെടുത്തുമെന്ന സുവാർത്തയായിരുന്നു മുൻ ഹദീസിലടങ്ങിയിരിക്കുന്നത്.

ഇത്തരം വലിയൊരു പിടിച്ചടക്കലിന്ന് കെൽപു നൽകുന്നതിന്നാവശ്യമായ, സാമ്പത്തികമോ, സൈനികമോ, രാഷ്ട്രീയപരമോ ആയ ശക്തികളൊന്നും, ഈ സുവാർത്താ വേളയിൽ മുസ്ലിംകൾക്കുണ്ടായിരുന്നില്ലെന്നതാണ്, ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്ന ഒരു വസ്തുത. മാത്രമല്ല, ആയവസരത്തിൽ, മധ്യപൗരസ്ത്യ ദേശത്തെ, രണ്ടു വൻശക്തികളായിരുന്നു, പേർഷ്യൻ-ബൈസാന്റ്രിയൻ ചക്രവർത്തിമാർ. അതിനാൽ തന്നെ, ഈ സുവിശേഷമറിയിക്കുമ്പോൾ, അത്തരമൊരു കാര്യം ചിന്താവിഷയമായിരുന്നില്ല. എന്നാൽ, ഉമറിന്റെ കാലത്ത്, ഇറാൻ പിടിക്കുകയും അതിലെ എല്ലാ വസ്തുവകകളും പിടിച്ചടക്കുകയും, അങ്ങനെ, പേർഷ്യൻ കിസ്റയുടെ അന്ത്യം കുറിക്കപ്പെടുകയും ചെയ്തതോടെ, പ്രവാചകൻ പ്രവചിച്ചത് പോലെത്തന്നെ, സംഭവങ്ങൾ നടക്കുകയായിരുന്നു.

മുസ്ലിം ഭരണാധികാരികളുടെ കാലത്ത്, സുപ്രധാന റോമാ കേന്ദ്രങ്ങൾ പിടിച്ചടക്കുകയും സീസറിന്റെ മരണം നടക്കുകയും അയാളുടെ ഖജനാവുകൾ മുസ്ലിം അധീനത്തിലായി തീരുകയും ചെയ്തു. ഖലീഫാ അബൂബക്കറി(റ)ന്റെ കാലം മുതൽ ആരംഭിച്ച ഈ കീഴടക്കലിൽ, ജോർദാൻ, പലസ്തീൻ, ഡമാസ്കസ്, ജറൂസലേം, സിറിയ, ഈജിപ്ത് തുടങ്ങി സീസർ ആധിപത്യമുള്ള സുപ്രധാന കേന്ദ്രങ്ങൾ പിടിച്ചടക്കപ്പെട്ടിരുന്നു. 1453-ൽ, ഒട്ടോമൻ സുൽത്താൻ ഫാതിഹ് കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചതോടെ, റോമാ സാമ്രാജ്യത്തിന്റെ 'സീസർ' പദവിക്ക് അന്ത്യം കുറിക്കപ്പെടുകയായിരുന്നു.[213]

Vevture of Islam എന്ന കൃതിയിൽ, അമേരിക്കൻ ഗവേഷകൻ M G S Hodgson എഴുതുന്നു:

'മക്കയിലെ ഒരറബിയായ മുഹമ്മദ്, മതപരമായി രൂപം കൊടുത്ത ഒരു സമൂഹം മദീനയിൽ സ്ഥാപിത

മായി. അറേബ്യൻ ഉപഭൂഖണ്ഡത്തെ ബഹുഭൂരിഭാഗവും വ്യാപിച്ച അത്, സർവത്ര വ്യാപിച്ച് സസാനിക്- റോമൻ ശക്തികളുടെ സ്ഥാനത്ത് വരെ വരികയുണ്ടായി.'[214]

അങ്ങനെ രാഷ്ട്രീയവും സാമ്പത്തികവുമായി തികച്ചും അസംഭവ്യമായി കരുതപ്പെട്ടിരുന്ന ഈ കാര്യങ്ങൾ, പ്രവാചകന്ന് വെളിപ്പെടുത്തിക്കൊടുത്തത് പോലെ സംഭവിക്കുകയായിരുന്നു.

'മഹാനായ അല്ലാഹു, കിസ്രയുടെ പുത്രൻ ഷെറേവെയയിലൂടെ, ധാരാളം ശല്യങ്ങളയക്കുകയുണ്ടായി. ഈ മാസം, ഈ രാത്രി, ഈ മണിക്കൂറിൽ, അയാൾ പുത്രനാൽ വധിക്കപ്പെടുകയും ചെയ്തു.'[215]

